ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, 1997-ലാണ് ഇത് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി അപ്ഗ്രേഡ് ചെയ്തത്. കേശവപുരം സി.എച്ച്.സി.-യിൽ ആറ് ഡോക്ടർമാരും അനുബന്ധ സ്റ്റാഫും ജോലി ചെയ്യുകയാണ്. ഗൈനക്കോളജി, ഒഫ്താൽമോളജി, ഇ.എൻ.ടി. തുടങ്ങിയ ഡോക്ടർമാരുടെ സേവനം അവിടെ ലഭ്യമാണ്. 12 കിടക്കകളാണ് അവിടെ അനുവദിച്ചിട്ടുള്ളതെങ്കിലും ശരാശരി 20 രോഗികളെ കിടത്തി ചികിൽസിക്കുന്നുണ്ട്. ഇപ്പോൾ പ്രതിദിനം 350 ഒ.പി. ഉണ്ട്. ഇപ്പോൾത്തന്നെ ഇൻപേഷ്യന്റ് സർവ്വീസ് ലഭ്യമാക്കാൻ 24 മണിക്കൂറും കാൾ ഡ്യൂട്ടി അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാണ്. കാൾ ഡ്യൂട്ടി ഡോക്ടർമാർ കാഷ്വാലിറ്റി കേസും നോക്കി വരുന്നുണ്ട്. മെഡിക്കൽ ഓഫീസറുടെ ഒരു ക്വാർട്ടേഴ്സിൽ ഒരു ഡോക്ടർ താമസിക്കുന്നുണ്ട്. നിലവിലുള്ള മാനദണ്ഡമനുസരിച്ച് കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ കാഷ്വാലിറ്റി യൂണിറ്റ് ഏർപ്പെടുത്തണമെങ്കിൽ കുറഞ്ഞത് നാല് ഡോക്ടർമാരുടേയും അനുബന്ധ സ്റ്റാഫിന്റേയും പുതിയ തസ്തികകൾ സൃഷ്ടിക്കേണ്ടിവരും. കൂടുതൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലാണ്. പൊതുവേ ഡോക്ടർമാരുടെ കുറവുള്ളതുകൊണ്ടാണ്.

VII. ധനകാര്യം

2004-05 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിൻ മേലുള്ള ചർച്ചയും വോട്ടെടുപ്പും

ബഡ്ജറ്റ് എസ്റ്റിമേറ്റ് 2004-2005

ധനാഭ്യർത്ഥന നമ്പർ	ധനാഭ്യർത്ഥനയുടെ പേര്	4-2-2004-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക		സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക		ആകെ
		റവന്യൂ (₹)	മൂലധനം (₹)	റവന്യൂ (₹)	മൂലധനം (₹)	(₹)
(1)	(2)	(3)	(4)	(5)	(6)	(7)
V	കാർഷികാദായ നികുതിയും വിൽപ്പന നികുതിയും	20,11,84,000	. .	40,23,68,000	. .	40,23,68,000
XXIII	വാർത്താ വിതരണവും പ്രചരണവും	4,10,91,000	. .	8,21,81,000	. .	8,21,81,000
XXXIX	വൈദ്യുത പദ്ധതികൾ	21,26,42,000	20,64,08,000	42,52,83,000	41,28,17,000	83,81,00,000

LIBRARY ARCHIVES Kerala Legislative Assembly

ഇൻഫർമേഷനും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാമത് ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിലെ ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിന് അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, കാർഷികാദായ നികുതിയും വിൽപന നികുതിയും എന്ന 5-ാമത് നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിലെ ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാമത് ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിലെ ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയേയും വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിച്ച ചട്ടം 236 (3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വില്പന നികുതിയും

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതിയിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന ചോർച്ച ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാം കുഴി അലി: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതിവകുപ്പിലെ ഉദ്യോഗസ്ഥൻമാരുടെ ഇടയിൽ ഉള്ളതായി പറയപ്പെടുന്ന അഴിമതി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. കെ. ബാലൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (അടുത്ത വർഷം മുതൽ 'വാറ്റ്' നടപ്പിലാക്കുന്നതുമൂലം ഉണ്ടാകാനിടയുള്ളതായി പറയപ്പെടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. കെ. ചന്ദ്രൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി കുടിശ്ശികക്കുള്ള പലിശ നിരക്ക് കുറയ്ക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വ്യാജ പർച്ചേയ്സ് ബില്ലുകൾ ഉപയോഗിച്ച് സംസ്ഥാനത്ത് നടക്കുന്നതായി പറയപ്പെടുന്ന വില്പന സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (നികുതി വെട്ടിപ്പ് തടയുന്നതിൽ കാണിക്കുന്നതായി പറയപ്പെടുന്ന അലംഭാവം ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി വെട്ടിപ്പിനുള്ള പഴുതുകൾ ഇല്ലാതാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. ('വാറ്റ്' നിയമം സംബന്ധിച്ച് അവ്യക്തതകൾ പരിഹരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി കേസുകൾ തീർപ്പാക്കുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം മൂലം വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി നിയമത്തിന്റെ സങ്കീർണ്ണതകൾ മൂലം ചെറുകിട വ്യാപാരികൾക്കുണ്ടാകുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ദ്വിമുഖ നികുതി സമ്പ്രദായം വ്യാപകമാക്കിയതിലെ അവ്യക്തത ചർച്ച ചെയ്യുന്നതിന്)

ശ്രീ. മത്തായി ചാക്കോ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ദ്വിമുഖ നികുതിയുടെ കാര്യത്തിൽ സർക്കാരും വ്യാപാരികളും തമ്മിലുണ്ടാക്കിയതായി പറയപ്പെടുന്ന ധാരണ ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ചെക്കു പോസ്റ്റുകളിലെ അഴിമതിമൂലം സംസ്ഥാനത്തിനുണ്ടാകുന്നതായി പറയപ്പെടുന്ന വില്പ്പന നികുതി ചോർച്ച സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി ചെക്കു പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിലൂടെ നികുതി വെട്ടിപ്പ് തടയാൻ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി ഉദ്യോഗസ്ഥർ നടത്തുന്നതായി പറയപ്പെടുന്ന പീഡനംമൂലം ചെറുകിട വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വിൽപ്പന നികുതി വകുപ്പിലെ ഉദ്യോഗസ്ഥരുടെ അലംഭാവം മൂലം ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ പൂർത്തിയാക്കുന്നതിൽ ഉണ്ടാകുന്നതായി പറയപ്പെടുന്ന കാലതാമസം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക-യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക.-യിൽനിന്ന് ഒരു നൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 40,23,68,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

ശ്രീ. ടി. കെ. ബാലൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ പരസ്യങ്ങൾ നൽകുന്നതിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ: വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. ഒരു ഉറുപ്പിയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മാദ്ധ്യമ-പത്രപ്രവർത്തകർക്കുനേരെ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങൾ മൂലമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. -യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക. യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. നാരായണൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. ജയരാജൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി കെ. ചന്ദ്രൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ഐസക്: വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. ഷൺമുഖദാസ്: വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരു നൂറു ഉറുപ്പിക കുറവുചെയ്യേണ്ടതാണ്. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 8,21,81,000 ക.-യിൽനിന്ന് ഒരുനൂറ് ഉറുപ്പിക കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പൊതുവായി ചർച്ച ചെയ്യുന്നതിന്).

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് സ്ഥാപിച്ച ഇലക്ട്രോണിക് മീറ്ററുകൾ വൈദ്യുതി ഉപഭോക്താക്കൾക്ക് ഇരുട്ടടിയായിട്ടും, അവ മാറ്റുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

ശ്രീ. എൻ. രാജൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (എ.ഡി.ബി.യുടെ നിർദ്ദേശാനുസരണം വൈദ്യുതി ബോർഡിൽ അശാസ്ത്രീയമായ പരിഷ്കാരങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. പി. എസ്. സുപാൽ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വൈദ്യുതി കണക്ഷനുവേണ്ടി കെട്ടിക്കിടക്കുന്ന അപേക്ഷകളിൻമേൽ തീരുമാനമെടുത്ത് സമയബന്ധിതമായി കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. നാരായണൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ഡോ. തോമസ് ഐസക്: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പത്താം പദ്ധതി കാലത്ത് പൂർത്തിയാക്കുന്നതിന് ലക്ഷ്യമിട്ട ജലവൈദ്യുത പദ്ധതികളുടെ ലക്ഷ്യം കൈവരിക്കുന്നതിന് ഫലപ്രദമായ യാതൊരു നടപടിയും സ്വീകരിക്കാത്തതായി പറയപ്പെടുന്ന നടപടി സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സർവ്വേ റിപ്പോർട്ട് പ്രകാരമുള്ള ഡിമാന്റ് മീറ്റ് ചെയ്യാൻ പുഴിയും വിധം വൈദ്യുത പദ്ധതികളുടെ നിർമ്മാണം നടത്താതിരിക്കുന്നതായി പറയപ്പെടുന്ന സമീപനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. മഞ്ഞളാംകുഴി അലി: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഗുണനിലവാരം കുറഞ്ഞതെന്നു പറയപ്പെടുന്ന ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങി കൂട്ടുകയും ഉപഭോക്താക്കൾക്ക് വിതരണം ചെയ്യുകയും സ്ഥാപിക്കുകയും ചെയ്യുന്നതിനെതിരെ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്ന പ്രതിഷേധം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഗുണനിലവാരമില്ലാത്തതെന്ന് പറയപ്പെടുന്ന ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എ. സി. മൊയ്തീൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (സംസ്ഥാനത്ത് പുതുതായി സ്ഥാപിക്കാൻ ലക്ഷ്യമിട്ട 33 കെ. വി., 66 കെ. വി., 110 കെ. വി. സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം സ്തംഭനത്തിലായിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് ത്വരിതഗതിയിലുള്ള നടപടികൾ സ്വീകരിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഇലക്ട്രിസിറ്റി ബോർഡിന് സർക്കാർ വാഗ്ദാനം ചെയ്ത പണം പോലും നൽകാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. കെ. ദേവകുമാർ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (വൻകിട വൈദ്യുത ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ അലംഭാവം കാണിക്കുന്നതായി പറയപ്പെടുന്ന ബോർഡിന്റെ സമീപനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (അപ്രഖ്യാപിതമായി ഉണ്ടെന്ന് പറയപ്പെടുന്ന ലോഡ്ഷെഡ്ഡിംഗ് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ഗോവിന്ദൻമാസ്റ്റർ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഇലക്ട്രിസിറ്റി ബോർഡിലെ നിലവിലുള്ള ഒഴിവുകളിലേക്ക് പി. എസ്. സി. വഴി നിയമനം നടത്താതിരിക്കുന്നതുമൂലം ഉപഭോക്താക്കൾ നേരിടുന്നതായി പറയപ്പെടുന്ന പ്രയാസങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഗുണനിലവാരം കുറഞ്ഞതെന്നു പറയപ്പെടുന്ന ഇലക്ട്രോണിക് മീറ്ററുകൾ ഉപഭോക്താക്കളുടെ പ്രതിഷേധം വകവയ്ക്കാതെ വീണ്ടും സ്ഥാപിച്ചുകൊണ്ടിരിക്കുന്ന നടപടിയെക്കുറിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജയരാജൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഇലക്ട്രിസിറ്റി ബോർഡ് 2001-2002 മുതൽ പുതുതായി സ്ഥാപിക്കുമെന്ന് ഉറപ്പു നൽകിയ പ്രകാരമുള്ള 33 കെ. വി., 66 കെ.വി., 110 കെ. വി., 220 കെ. വി. സബ്സ്റ്റേഷനുകൾ സ്ഥാപിക്കാതിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. എം. വി. ജയരാജൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പുതുതായി സബ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് അക്വിസിഷൻ നടത്തി വർക്ക് ടെണ്ടർ ചെയ്തിട്ടും നിർമ്മാണം വർഷങ്ങളായി മുടങ്ങിയിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (അപ്രഖ്യാപിതമായി ഉണ്ടെന്ന് പറയപ്പെടുന്ന ലോഡ് ഷെഡ്ഡിംഗ് മൂലം വൈദ്യുത ഉപഭോക്താക്കൾ നേരിടുന്നതായി പറയപ്പെടുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഇലക്ട്രിസിറ്റി ബോർഡിന്റെ അനാസ്ഥമൂലം ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നീണ്ടുപോകുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. സാജു പോൾ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (കേന്ദ്ര അനുമതിക്ക് സമർപ്പിച്ചിരിക്കുന്ന ജലവൈദ്യുത പദ്ധതികളുടെ കാര്യത്തിൽ ഇലക്ട്രിസിറ്റി ബോർഡും സർക്കാരും കാണിക്കുന്നതായി പറയപ്പെടുന്ന അനാസ്ഥ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കെ. പി. സതീശ്ചന്ദ്രൻ: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഇലക്ട്രിസിറ്റി ബോർഡിനെ സഹകാര്യവൽക്കരിക്കാനുള്ളതായി പറയപ്പെടുന്ന നീക്കം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, വൈദ്യുതപദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (പറമ്പിക്കുളം-ആളിയാർ കരാർ വ്യവസ്ഥകൾ തമിഴ്നാട് പാലിക്കാത്തതിനാൽ കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ വൈദ്യുതി ബോർഡിന് 50 കോടി രൂപ നഷ്ടമുണ്ടായതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്)

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 83,81,00,000 ക. ഒരു ഉറുപ്പികയായി കുറവ് ചെയ്യേണ്ടതാണ് എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു. (ഇലക്ട്രോണിക് മീറ്റർ ഘടിപ്പിച്ച്, ഉപയോഗിക്കാത്ത വൈദ്യുതിയുടെ ചാർജ് ഉപഭോക്താക്കളിൽ നിന്നും ഈടാക്കുന്നതായി പറയപ്പെടുന്ന നടപടി പിൻവലിക്കണമെന്ന ആവശ്യം ചർച്ചചെയ്യുന്നതിന്)

ശ്രീ. ടി. കെ. ബാലൻ: സർ, ഞാൻ ഈ ഡിമാന്റിനെ എതിർക്കുകയാണ്. ധനകാര്യവകുപ്പിന് നികുതി സമാഹരണത്തെ സംബന്ധിച്ച് വലിയ പ്രതീക്ഷകളും അഭിമാനവും അവകാശവാദങ്ങളുമുണ്ടെന്ന് നമുക്കറിയാം. അതവർ പ്രകടിപ്പിച്ചത് അവർ അധികാരത്തിൽ വന്ന ഉടനെ പുറത്തിറക്കിയിട്ടുള്ള വൈറ്റ് പേപ്പറിൽ അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ എന്നുപറഞ്ഞു 3,979 കോടി രൂപ ഉടനെതന്നെ പ്രത്യേകമായി സമാഹരിക്കുമെന്ന് അവകാശപ്പെട്ടിട്ടുണ്ട്. എന്തെങ്കിലും അവർക്ക് കിട്ടിയോ എന്ന് ആ വൈറ്റ് പേപ്പറിനെ ഊന്നിക്കൊണ്ട് ഇന്നേവരെ അവർ ഒന്നും തന്നെ പുറത്ത് പറഞ്ഞിട്ടില്ല. മാത്രമല്ല വൈറ്റ് പേപ്പറിൽ സംഭരിക്കാമെന്ന് തീരുമാനിച്ചിട്ടുള്ള ചില സ്രോതസ്സുകളൊക്കെ അവർ തന്നെ ഇല്ലാതാക്കിയിട്ടുണ്ട്.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. പി. ജെ. ജോയി)

ഏതായാലും അപ്രോപ്രിയേഷൻ ബിൽ വരുന്നതുകൊണ്ട് അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇപ്പോൾ മൂന്ന് വർഷം കഴിഞ്ഞു. എന്താണ് ഈ സംസ്ഥാനത്തിന്റെ സ്ഥിതി? സി. ആന്റ് എ. ജി. എഴുതി, പത്രങ്ങളായ പത്രങ്ങളൊക്കെ എഴുതി, കടക്കെണിയിലേയ്ക്ക് മുതലക്കൂപ്പ് നടത്തുകയാണ് നമ്മുടെ ഈ കൊച്ചുസംസ്ഥാനമെന്ന്. ആ രൂപത്തിലുള്ള വലിയ തോതിലുള്ള സാമ്പത്തിക പ്രതിസന്ധിയെ ഈ സംസ്ഥാനം ഇപ്പോൾ നേരിടുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ഈ ഗവൺമെന്റിന്റെ പെർഫോർമൻസിനെപ്പറ്റി പറഞ്ഞാലോ? അവർ തന്നെ അഭിമാനിക്കുന്നില്ല. ഞങ്ങൾ നല്ല കാര്യം ചെയ്തുവെന്ന് ആ ഭാഗത്തുള്ള മന്ത്രിമാരോ മുഖ്യമന്ത്രിയോ അഭിമാനിക്കുന്നില്ല. ഇനി ചെയ്യും എന്നതിന് യായൊരു ഉറപ്പുമില്ല. ഈ സഭയിൽ തന്നെ ഇപ്പോൾ ഏതാനും നിമിഷം മുമ്പ് കണ്ടത്, ഇവിടെ ഒരു ഭരണമുണ്ടോ? ഇവിടെ ഒരു കൂട്ടായ്മയുണ്ടോ? ജനങ്ങളുടെ പ്രശ്നങ്ങൾ, പാവപ്പെട്ട കൃഷിക്കാരുടെ പ്രശ്നങ്ങൾ വന്നപ്പോൾ നമ്മുടെ കൃഷിമന്ത്രി എത്ര നിരുത്തരവാദപരമായിട്ടാണ് പെരുമാറിയത് എന്ന കാര്യം ഞങ്ങൾ ഇവിടെ പറഞ്ഞപ്പോൾ അതിനെ ബഹളം വച്ച് ഇല്ലാതാക്കാൻ മുഖ്യമന്ത്രി എന്തെങ്കിലും ന്യായം പറഞ്ഞാൽ അത് ഇല്ലാതാകുമോ? വളരെ വ്യക്തമായി കേന്ദ്രത്തിൽ നിന്ന് വിവരം വന്നതാണ്.

ആന്ധ്രാപ്രദേശിൽ അതുപോലെ കേരളത്തിൽ, കഴിഞ്ഞ ആറ് മാസക്കാലത്തിനിടയ്ക്ക് കൃഷിക്കാരുടെ ആത്മഹത്യ നടന്നിട്ടുണ്ടോ; അതിന്റെ കാരണമെന്താണ്; എന്തെങ്കിലും ഡൊമസ്റ്റിക് അഫയറാണോ, ക്രോപ്പ് നഷ്ടപ്പെട്ടതാണോ, കടബാദ്ധ്യതയുടെ പ്രശ്നമാണോ, ലോൺ കിട്ടാത്തതാണോ; എന്താണ് അതിനുള്ള കാരണങ്ങൾ ഇതായിരുന്നു ചോദ്യം. തീർന്നില്ല, റിലീഫ് മെഷേഴ്സിനെപ്പറ്റി പോലും ആ ചോദ്യത്തിലുണ്ടായിരുന്നു. ഇവർക്ക് ഹോർട്ടികൾച്ചറിന്റെയോ, വാട്ടർ മാനേജുമെന്റിന്റെയോ സഹായങ്ങളെന്തെങ്കിലും നൽകേണ്ടതായിട്ടുണ്ടോ; ഇവർക്ക് അടിയന്തിരമായിട്ട് മറ്റെന്തെങ്കിലും തരത്തിലുള്ള സഹായങ്ങൾ കൊടുക്കേണ്ടതായിട്ടുണ്ടോ; ക്രോപ്പ് ഇൻഷ്വറൻസ് അടിയന്തിരമായി കൊടുക്കേണ്ടതുണ്ടോ? നമ്മുടെ സംസ്ഥാനത്തിലെ പാവപ്പെട്ട കൃഷിക്കാരുടെ പ്രശ്നങ്ങളിൽ ഊന്നിക്കൊണ്ട് ലോക്സഭയിൽ ഒരു ചോദ്യം വന്നാൽ ആ ചോദ്യത്തിന് ഉത്തരവാദിത്വബോധത്തോടുകൂടി മറുപടി കൊടുക്കാനുള്ള പ്രാഥമികമായ ചുമതലയിൽ നിന്ന് ബന്ധപ്പെട്ട കൃഷിമന്ത്രി ഒഴിഞ്ഞുമാറി കഴിഞ്ഞാൽ, അത് ഇവിടെ ചോദ്യം ചെയ്യപ്പെട്ടാൽ എന്തിന് പരിഭവിക്കണം? എന്തിന് ദേഷ്യം പിടിക്കണം? എന്തിന് പ്രകോപിതരാകണം? അതിനെല്ലാം ഒരു മൂടൽമഞ്ഞ് വിരിക്കുന്നതിന് വേണ്ടി എന്തിന് നമ്മുടെ മുഖ്യമന്ത്രി ശ്രമിക്കണം? നമ്മുടെ സംസ്ഥാനത്തിന് ന്യായമായി കിട്ടേണ്ടതല്ലേ? അതിന്റെ remedial measures പറയേണ്ടതല്ലേ? അതിന്റെ cause of death പറയേണ്ടതല്ലേ? എത്ര suicide ഉണ്ട്; അതിൽ increase എത്ര എന്ന് ചോദിച്ചപ്പോൾ, അധിക ആത്മഹത്യയുടെ കാരണങ്ങൾ പരിശോധിച്ച് പിന്നീട് അറിയിക്കാമെന്നാണ് പറയുന്നത്. എത്ര നിരുത്തരവാദപരമായ സമീപനം. ബഹുമാനപ്പെട്ട കൃഷിമന്ത്രി ഗൗരിയമ്മയെ സംബന്ധിച്ച് ഞങ്ങൾ അഭിമാനിച്ചിരുന്ന, കേരളം അഭിമാനിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. അവർ അന്ന് നരിയോ പുലിയോ ആയിരുന്നു. പക്ഷേ ഇന്ന് ഈ വകുപ്പ് ഒരു big zero-യിലാണ് അവർ നടത്തുന്നത് എന്ന് പറയേണ്ടി വന്നതിൽ അങ്ങേയറ്റം ഞങ്ങൾക്ക് ദു:ഖമുണ്ട്. ഗവൺമെന്റിന്റെ സ്ഥിതിയെന്താണ്? മൂന്ന് വർഷം കൊണ്ട് നിരവധി വകുപ്പുകൾ വർദ്ധിച്ചിരിക്കുകയാണ്. ഞങ്ങളെല്ലാം തെറ്റാണ് ചെയ്യുന്നത്, മാപ്പാക്കി കളയണമെന്നാണ് മുഖ്യമന്ത്രി പറയുന്നത്. ശിവഗിരിയിൽ പോലീസ് നായാട്ട് വന്നു, തെറ്റായി പോയി, മാപ്പാക്കി കളയണം, മന്നം സമാധിയിൽ ഷൂ ഇട്ടുപോയി, തെറ്റായി പോയി, മാപ്പാക്കി കളയണം, വിദേശ മലയാളികളെ ചൊല്ലി ചിലത് പറഞ്ഞു, തെറ്റായി പോയി മാപ്പാക്കി കളയണം. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത് അങ്ങ് ഒരു വകുപ്പ് കൂടി ഉണ്ടാക്കണം, Minister for Apology. അതാണ് വാസ്തവത്തിൽ നിങ്ങൾക്ക് പറ്റിയത്. ഇനി നമ്മുടെ വ്യവസായവകുപ്പുമന്ത്രി, ഇക്കഴിഞ്ഞ മൂന്ന് വർഷക്കാലവും അദ്ദേഹം പറഞ്ഞുകൊണ്ടിരിക്കുന്ന ഒരേ ഒരു വാചകമുണ്ട്. ആര് എന്ത് ചോദിച്ചാലും പറയും, സമവായം വേണം. നമ്മുടെ traditional industries പൂട്ടി 45 ലക്ഷം തൊഴിലാളികൾ തെരുവാധാരമാണ്. അവർക്ക് റീഹാബിലിറ്റേഷൻ വേണം എന്നുപറഞ്ഞാൽ, സമവായമാകാം. 'ജിം'-ന്റെ പ്രശ്നം വന്നാൽ സമവായം. സമവായത്തിന് പ്രതിപക്ഷം തയ്യാറാകുന്നില്ലെന്നാണ്. പക്ഷേ ഇപ്പോൾ പാർലമെന്റ് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ ലീഗിൽ തന്നെ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സമവായമില്ല. ഇപ്പോൾ ഘടകകക്ഷികളിൽ തന്നെ സമവായമില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി പറഞ്ഞില്ലേ? എന്തായാലും തരക്കേടില്ല, ഈ മിനിസ്റ്റർക്കും കൊടുക്കണം ഒരു പോർട്ട്ഫോളിയോ, മിനിസ്റ്റർ ഫോർ സമവായം. എന്നാൽ മാത്രമേ ശരിയാകു. നാടിന് ഗുണ്ടി ഒരുകാര്യവും ചെയ്തിട്ടില്ല. കേരളത്തിലെ കോൺഗ്രസുകാരെപ്പറ്റി എനിക്ക് പറയാനുള്ളത് ഒരു അമേരിക്കൻ മോഡൽ കോൺഗ്രസ്സെന്നാണ്. എന്തുകൊണ്ടാണെന്ന് വച്ചാൽ നമ്മുടെ മുൻ പ്രതിരോധമന്ത്രി ജോർജ് ഫെർണാണ്ടസിന്റെ വസ്ത്രം രണ്ട് തവണ അമേരിക്കക്കാർ ഊരി. എന്നിട്ട് ഇന്ന് നമ്മുടെ മുൻ അംബാസിഡർ പറഞ്ഞത് അമേരിക്കക്കാർ എന്നുപറഞ്ഞാൽ "മരത്തലയൻമാരാണെന്നാണ്" ഞാൻ നിങ്ങളെപ്പറ്റി അങ്ങനെ പറയുന്നില്ല. ഞാൻ സാധാരണ മുണ്ട് കുത്തിപിടിച്ചാണ് നടക്കുന്നത്. നമ്മുടെ മുഖ്യമന്ത്രിയും അങ്ങനെയാണ് നടക്കുന്നത്. ഇപ്പോഴാണെങ്കിൽ എന്റെ മാന്യസ്നേഹിതൻ ശ്രീ. തിരുവഞ്ചൂരടക്കമുള്ള എല്ലാ കോൺഗ്രസുകാരും മുണ്ട് കുത്തിപിടിച്ചാണ് നടക്കുന്നത്. ചോദിച്ചപ്പോൾ പറഞ്ഞത്, സംഘട്ടനം വന്നുകഴിഞ്ഞാൽ മുണ്ടെങ്കിലും രക്ഷിക്കണമല്ലോ എന്ന് വിചാരിച്ചാണ് മുണ്ട് കുത്തിപ്പിടിച്ച് കോൺഗ്രസുകാർ നടക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, അമേരിക്കൻ മോഡൽ കോൺഗ്രസ് എന്ന്. ഞാൻ കാര്യത്തിലേയ്ക്ക് കടക്കാം. എന്താണ് ഇവിടെ നടന്നിട്ടുള്ളത്? നമ്മുടെ മുഖ്യമന്ത്രി തന്നെ എന്തെങ്കിലും ഒരു ചെറിയ പ്രകോപനം ഞങ്ങളുടെ ഭാഗത്ത് നിന്നുണ്ടായാൽ പറയാറുണ്ട്, ഇത് ജനാധിപത്യത്തിന്റെ ശ്രീകോവിലാണെന്ന്. എന്തൊരു വിശേഷണമാണ്. പക്ഷേ ഞാൻ ചോദിക്കട്ടെ, ശക്തൻ ആന്റ് കൗൾ ഇടത്തേ കയ്യിലും Better Parliamentary Practice എന്ന ഈ ലൈബ്രറിയിലെ ബുക്ക് മറ്റേ കയ്യിലുമായി എന്നും ഈ നിയമസഭയിൽ എഴുന്നേറ്റുകൊണ്ടിരുന്ന പരിണതപ്രജ്ഞനായ കോൺഗ്രസിന്റെ ഒരു പഴയ നേതാവല്ലേ മുഷ്ടി ചുരുട്ടി, വിരൽ ചൂണ്ടി ഒരു മന്ത്രിക്കെതിരെ അലറികൊണ്ട് ഈ നിയമസഭയിൽ വന്നിട്ടുള്ളത്. എവിടെപ്പോയി നിങ്ങളുടെ ശ്രീകോവിൽ? ആളിന്റെ പേരൊന്നും ഞാൻ പറയുന്നില്ല. ഞങ്ങളെ ചൂണ്ടി മുഖ്യമന്ത്രി തന്നെ പറയാറുണ്ട്, നിങ്ങൾക്ക് സഹിഷ്ണുത വേണം, നിങ്ങൾ പ്രകോപനപരമായി പെരുമാറരുത് എന്ന്. അപ്പോൾ, ഞങ്ങളെ ഉപദേശിക്കുന്ന മുഖ്യമന്ത്രി ഇവിടെ വെറുതെ കുത്തിയിരിക്കുകയായിരുന്നില്ലേ? വാസ്തവത്തിൽ എനിക്ക് അദ്ദേഹത്തോട് ദയനീയത തോന്നി. സഭാനേതാവാണ്. കോൺഗ്രസുകാരുടെയോ യു.ഡി.എഫ്-ന്റെയോ നേതാവ് മാത്രമല്ല, ഞങ്ങളുടെ കൂടി സഭാനേതാവാണ്. ഞാൻ ചെറുപ്പകാലത്ത്, 10 വയസ്സുള്ളപ്പോൾ ഗയയിൽ പോയിട്ടുണ്ട്. മഹാനായ ബുദ്ധന്റെ കണ്ണടച്ചിരിക്കുന്ന പ്രതിമ കണ്ടിട്ടുണ്ട്. ഈയിടെ അഞ്ച് കൊല്ലം മുൻപ് പോയപ്പോൾ ആ പ്രതിമ അവിടെ അതുപോലെ കണ്ണടച്ച് ഇരിപ്പാണ്. നമ്മുടെ മുഖ്യമന്ത്രിക്കും കഴിഞ്ഞ മൂന്ന് കൊല്ലമായി ഗയയിലുള്ള ബുദ്ധന്റെ പ്രതിമയിൽ നിന്ന് ഒരു വ്യത്യാസവും ഞാൻ കണ്ടിട്ടില്ല. ഏതായാലും ശരി, നികുതിയെ സംബന്ധിച്ച് ഞാൻ പറയാം. വലിയ തോതിൽ നികുതി വർദ്ധിച്ചുവെന്നാണ് പറഞ്ഞത്. ടാർജറ്റ് എത്തിയിട്ടില്ലെന്നാണ് പറഞ്ഞത്. അതിൽ ബഹുമാന്യനായ ധനമന്ത്രി പരിഭവിക്കരുത്. നിങ്ങൾ കൊടുത്ത ടാർജറ്റ് കിട്ടിയില്ലെങ്കിൽ അതൊന്ന് ബൂസ്റ്റ് ചെയ്യാൻ കൊടുക്കുന്നതാണ്. നിങ്ങളെ കുറ്റം പറയുന്നില്ല. ഉദ്യോഗസ്ഥൻമാർ

പ്രവർത്തിക്കാൻ വേണ്ടി സാധാരണ കൊടുക്കുന്നതാണ്. പക്ഷേ നിങ്ങൾക്ക് ഇപ്പോഴുണ്ടായിട്ടുള്ള നേട്ടങ്ങളെപ്പറ്റി നിങ്ങൾ ഇങ്ങനെ വല്ലാത്ത തോതിൽ ആവേശം കൊള്ളേണ്ടതുണ്ടോ? 2003-04-ൽ 1625 കോടി രൂപയാണ് എണ്ണകമ്പനിയിൽ നിന്നുള്ള വരുമാനം. ബിവറേജസിൽ നിന്നുള്ള വരുമാനം 1164 കോടി രൂപ. മറ്റ് വരുമാനം 3291 കോടി രൂപ. ആകെ 6081 കോടി രൂപ കഴിഞ്ഞു. കഴിഞ്ഞ വർഷവുമായിട്ടുണ്ടായിട്ടുള്ള വ്യത്യാസം 700 കോടി രൂപ. അഭിമാനിക്കാം നിങ്ങൾക്ക്. എന്നാൽ അതിന്റെ ഉള്ളുകള്ളി ഞാൻ പറയട്ടെ. എന്താണ് സംഗതി? കഴിഞ്ഞ ഒരു വർഷക്കാലമായി പെട്രോളിയം ഉൽപ്പന്നത്തിന്റെ വിലവിഹിതമായി 6625 കോടി രൂപ അധികം കിട്ടി. 12 തവണ കേന്ദ്ര ഗവൺമെന്റ് വില വർദ്ധിപ്പിച്ചു. ഇലക്ഷൻ കാലത്ത് മാത്രമാണ് ഫ്രീസ് ചെയ്തത്. ഇപ്പോൾ കേന്ദ്രത്തിൽ നിന്ന് വീണ്ടും വർദ്ധിപ്പിച്ചു. സിമന്റ് 120 രൂപയിൽ നിന്ന് 152 രൂപ. കമ്പി 16 രൂപയിൽ നിന്ന് 28.50 രൂപയായി. റബ്ബർ സർവ്വകാല റിക്കാർഡ് 68 രൂപ. സ്വർണ്ണം സർവ്വകാല റിക്കാർഡ്, ഗ്രാമിന് 530 രൂപയിൽ നിന്ന് 565 രൂപ. വേൾഡ് ഗോൾഡ് കൗൺസിൽ തന്നെ പറഞ്ഞത് ലോകത്തിലേറ്റവും കൂടുതൽ സ്വർണ്ണം ഉപയോഗിക്കുന്നത് ഇൻഡ്യയിലാണ്. അതിൽ ഏറ്റവും കൂടുതൽ സ്വർണ്ണം ഉപയോഗിക്കുന്നത് കേരളീയരാണ്. ഇതെല്ലാം വർദ്ധിച്ചിട്ട് 700 കോടിയുടെ നികുതി കൂടുതൽ കിട്ടിയത് നിങ്ങളുടെ മേൻമ കൊണ്ടല്ല. ഈ സാധനങ്ങൾക്കൊക്കെ വില വർദ്ധിച്ചതുകൊണ്ടാണ്. അല്ലാതെ ധനമന്ത്രിയും ആളുകളുമൊക്കെ ടാക്സിന് വേണ്ടി വല്ലാതെ അദ്ധ്വാനിച്ച് പിരിച്ചുവെന്ന് പറഞ്ഞ് അഭിമാനിക്കാനൊന്നുമില്ല. ഇനി പറയുന്നത്, ചെക്ക് പോസ്റ്റിൽ ഒരുപാട് നികുതി പഴയതിനേക്കാൾ പിരിച്ചെടുക്കാൻ കഴിഞ്ഞു. അത് കറക്റ്റാണ്. ചെക്ക് പോസ്റ്റിൽ നിന്ന് വരുമാനം കൂടി. എങ്ങനെയാണ് വന്നത്? 53 ഐറ്റത്തിന് പുതിയതായി എൻട്രി ടാക്സ് ചുമത്തി. അതുകൊണ്ട് ആഫീസിൽ ലഭിക്കുന്ന നികുതി ചെക്ക് പോസ്റ്റുകൾക്ക് കൺവർഷനായി. അതിൽ എന്താണ് അഭിമാനിക്കാൻ, ആഫീസിൽ നിന്ന് വാങ്ങിക്കുന്നതിന് പകരം ചെക്ക് പോസ്റ്റിൽ നിന്ന് വാങ്ങിക്കും. എന്നിട്ട് അവിടെ കുറച്ച് അധികം കിട്ടിക്കാണും. എന്ത് അഭിമാനിക്കാനുണ്ട്? നിങ്ങൾ ഈ കണക്കുകൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇനി ഞാൻ ഒരു കാര്യം നിങ്ങളോട് പറയട്ടെ. റബ്ബറിന്റെ കള്ളക്കടത്താണ്. ബഹുമാനപ്പെട്ട ധനമന്ത്രി നമുക്ക് രാഷ്ട്രീയമായിട്ടുള്ള അഭിപ്രായവ്യത്യാസങ്ങളൊക്കെ മാറ്റി വയ്ക്കാം. നിങ്ങൾ അധികാരത്തിൽ ആയാലും ശ്രീ. ശിവദാസമേനോൻ ധനമന്ത്രിയായാലും ശ്രീ. ശങ്കരനാരായണൻ ധനമന്ത്രിയായാലും ഈ സംസ്ഥാനം രക്ഷപ്പെടണം. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലാകെ വേണമെങ്കിൽ പാക്കിസ്ഥാനടക്കം നീണ്ടുനിൽക്കുന്ന അന്താരാഷ്ട്ര വേരുകളുള്ള ഒരു കള്ളക്കടത്തു സംഘം ഇതിന്റെ പിന്നിലുണ്ട്. നിങ്ങൾ അത് മനസ്സിലാക്കിയോ എന്നറിയില്ല. റബ്ബർ ബോർഡിൽ ഏറ്റവും അടുത്തുള്ള കണക്കുകൾ സൂചിപ്പിക്കുന്നത് 2002-03-ൽ 5,94,090 മെട്രിക് ടൺ റബ്ബർ കേരളത്തിൽ ഉല്പാദിപ്പിച്ചു. 2003-04-ൽ 6,50,000 മെട്രിക് ടൺ. അങ്ങനെ വന്നാൽ 3,640 കോടി രൂപയുടെ റബ്ബർ ഈ കഴിഞ്ഞ വർഷം നമ്മൾ ഉണ്ടാക്കിയിട്ടുണ്ട്. അതിൽ നിന്ന് നമുക്ക് കിട്ടേണ്ട സെയിൽസ് ടാക്സ് ചുരുങ്ങിയത് 400 കോടി രൂപയാണ്. നിങ്ങൾ നിങ്ങളുടെ ഉദ്യോഗസ്ഥന്മാരോട്

LIBRARY ARCHIVES Kerala Legislative Assembly

വിളിച്ച് ചോദിക്കണം. ഈ 2003-04-ൽ എന്ത് സെയിൽസ് ടാക്സ് റബ്ബറിലൂടെ കിട്ടിയെന്ന് 110 കോടി രൂപയിൽ കുറവേ കിട്ടിയിട്ടുള്ളൂ. 400 കോടി രൂപ കിട്ടേണ്ടിടത്താണ് ഇത്. എവിടെ പോയി ഇത്. ഈ ടാക്സ് വെട്ടിക്കുന്ന ഒരു വലിയ ഒരു സമാന്തര റാക്കറ്റ് സംഘം, മാഫിയാ സംഘം കേരളത്തിലുണ്ട്. കന്യാകുമാരിയിൽ ഉണ്ട്. തമിഴ്നാട്ടിലുണ്ട്. ബോംബെയിലുണ്ട്. പഞ്ചാബിലുണ്ട്. പാക്കിസ്ഥാനിലുണ്ട്. നിങ്ങൾ അന്വേഷിക്കണം. ഇപ്പോൾ കോൺഗ്രസ് അല്ലേ അവിടെ ഭരിക്കുന്നത്. ഒരു കേന്ദ്ര ഇന്റലിജൻസിനെക്കൊണ്ട് നിങ്ങൾ ഇക്കാര്യത്തിൽ അടിയന്തിരമായിട്ട് അന്വേഷിക്കണം. പഴയ എൻ.ഡി.എ. സർക്കാരിന്റെ വമ്പന്മാർ ഇതിൽ ഉണ്ടായിരുന്നു. അവർ ഇത് പഞ്ചാബിൽ എത്തിച്ച് അവിടെ ജലന്തറിലാണ് ഏറ്റവും കൂടുതൽ വിൽക്കുന്നത്. ഡൽഹിയിൽ വിൽക്കുന്നു ഈ കള്ളക്കടത്ത് റബ്ബർ പഞ്ചാബിന്റെ അതിർത്തികടന്ന് വിൽക്കുമ്പോൾ കള്ളപ്പണം ഒഴുകുന്നു. അവിടുന്നു വലിയ തോതിൽ മയക്കുമരുന്ന് കൊണ്ടുവരുന്നു. ആയുധങ്ങൾ കൊണ്ടുവരുന്നു. അത് ഇവിടെ കേരളത്തിൽ എവിടെ എത്തുന്നു എന്ന് നോക്കണം. കോടിക്കണക്കിന് രൂപയുടെ നികുതി വെട്ടിച്ച കാശ് ഈ രൂപത്തിൽ ഒരു സമാന്തര ലോബിയിൽ എത്തുകയാണ്. ഏറ്റവും ചുരുങ്ങിയത് 70 ടൺ എങ്കിലും ഈ കാട്ടാക്കട പോലീസ് സ്റ്റേഷന്റെ മുമ്പിലൂടെ ഓരോ ദിവസവും കടത്തിക്കൊണ്ടു പോകുന്നുണ്ട്. ഒരു ടണ്ണിന് 56,000 രൂപ വില, ടാക്സ് 8,400 രൂപ. അങ്ങനെ വന്നാൽ 70 ടണ്ണിന് 5,88,000 രൂപ ടാക്സ് മാത്രം വെട്ടിച്ചു കൊണ്ടു പോകുന്നു. നിങ്ങൾ ഇക്കാര്യത്തെപ്പറ്റി അടിയന്തിരമായി നോക്കണമെന്നാണ് പറയാനുള്ളത്. കൂടാതെ ഇവിടെയൊക്കെ തന്നെ വലിയ തോതിലുള്ള സ്പിരിറ്റും, കോഴിയും, റബ്ബറും എല്ലാം കള്ളക്കടത്തു നടക്കുന്നു. സ്റ്റാറ്റ്യൂട്ടറി ഫോംസ് വ്യാജമായി നിർമ്മിക്കുന്നു. ഡെലിവറി നോട്ടും സീ ഫാറവും. വ്യാജ ചെക്ക് പോസ്റ്റ് സീൽ പോലും കൊണ്ടുവന്ന ചില ഉദ്യോഗസ്ഥന്മാരും ഉണ്ട്. പാലക്കാട്ടും കോട്ടയത്തും തിരുവനന്തപുരത്തുമുള്ള ഉന്നത രാഷ്ട്രീയക്കാരും ഇതിന്റെ പിന്നിലുണ്ട്. അത് അന്വേഷിക്കണം. ലോട്ടറിയെക്കുറിച്ച് പറയാം. ആർ. മനോഹരൻ, പ്രൊപ്രൈറ്റർ, ക്ലാസ്സിക്ക് ഏജൻസി, ലോട്ടറി ഡിസ്ട്രിബ്യൂട്ടർ, ചുരി, കാസർഗോഡ് എന്നയാൾക്ക് 11-6-2004-ൽ കാസർഗോഡ് സെയിൽസ് ടാക്സ് ആഫീസർ 50,000 രൂപയുടെ ടാക്സ കൊടുക്കണമെന്നു പറഞ്ഞു. ഇത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഇതിൽ 50,000 രൂപ അടച്ചു അതിന്റെ നിയമം 8 ശതമാനം വിറ്റുവരവ് അല്ലെങ്കിൽ 50,000 രൂപ എന്നാണ്. അധികം ഏതാണോ അത് അധികം അടയ്ക്കണമെന്നാണ്. ഡെയിലി ലോട്ടറി നടത്താൻ പാടില്ല. വീക്കിലി ലോട്ടറി നടത്താം. പക്ഷേ സ്ഥിതി അറിയുമോ? അയാൾക്ക് കൊടുത്തിട്ടുള്ളത് 16/6 മുതൽ 10/7 വരെ 48 ദിവസത്തേയ്ക്കാണ്. നാഗാലാന്റ്, മേഘാലയ ഇതൊക്കെ. 41 നറുക്കെടുപ്പുവീതം വേണം, ദിവസം ഒമ്പതര മുതൽ 15 മിനിറ്റ്. എമറാൾഡ്, ജെംസ്, ഗോൾഡ്, സിൽവർ, പ്ലാറ്റിനം. ഡയമണ്ട് ഇതെല്ലാം ഓരോ ദിവസം കണക്കാക്കി അങ്ങനെ വന്നാൽ എത്രയാണ് തട്ടിപ്പ്? 41 നറുക്കെടുപ്പിന് വിറ്റുവരവിന്റെ 8 ശതമാനം 50,000 രൂപ എന്നാൽ ദിവസേന 41 നറുക്കെടുപ്പ് എന്നതിന് 25 ദിവസത്തേയ്ക്ക് 1025 നറുക്കെടുപ്പ്. ലോട്ടറി വിറ്റ് 50,75,000 രൂപയുടെ നികുതി വെട്ടിച്ച ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരുടെ പേരിൽ അടിയന്തിരമായി നടപടി സ്വീകരിക്കണം. കോടിക്കണക്കിന് രൂപയുടെ

LIBRARY ARCHIVES Kerala Legislative Assembly

നികുതി വെട്ടിപ്പ് നമ്മുടെ വൻകിട ആശുപത്രികളിൽ മരുന്നു വാങ്ങുന്നതു സംബന്ധിച്ചുണ്ട്. ആ കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം. ഇനിയും രണ്ടുമൂന്നു കാര്യങ്ങൾ പറയാനുണ്ട്. ഞാൻ അതെല്ലാം എഴുതി കൊടുക്കാമെന്നു വിചാരിക്കുന്നു. ഞാൻ ഈ ഡിമാന്റിനെ ശക്തിയായി എതിർത്തു കൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. കെ. നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നമ്മുടെ നാട്ടിൽ രണ്ടു തരത്തിലുള്ള ടാക്സ് കളക്ഷനാണ് നടക്കുന്നത്. സർക്കാരിന് കിട്ടാനുള്ളത് വാങ്ങുമ്പോൾ വാങ്ങുന്ന ആളിന്റെ പോക്കറ്റുകൂടി കുറേശ്ശെ വീർത്തുവരും. പോക്കറ്റിലേയ്ക്കുള്ള വർദ്ധനവ് അല്പം കുറഞ്ഞാൽ സർക്കാരിന് കിട്ടാനുള്ളത് കൂടുതൽ ലഭിക്കുകയും ചെയ്യും. അത്തരത്തിലുള്ള വർദ്ധനവ് ഉണ്ടാക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാണ് എനിക്ക് പറയാനുള്ളത്. രണ്ടാം പിരിവിന്റെ മഹത്വം മനസ്സിലാക്കുന്നതുകൊണ്ടാണ് ചെക്കു പോസ്റ്റുകളിൽ അപ്പോയ്മെന്റ് കിട്ടുന്നതിന് 50,000 രൂപയും ഒരു ലക്ഷം രൂപയും മുടക്കാൻ ഉദ്യോഗസ്ഥന്മാർ തയ്യാറാകുന്നത് എന്നാണ് എനിക്ക് തോന്നുന്നത്. നാട്ടിൽ ഇൻഫർമേഷൻ ആഫീസുകൾ, കമ്പ്യൂട്ടറും മറ്റ് വെബ്സൈറ്റുകളുമായി ബന്ധിപ്പിക്കുകയും ഒക്കെ ചെയ്യുമ്പോൾ ജനങ്ങൾക്ക് കാര്യങ്ങൾ അറിയാനുള്ള അവകാശം സുതാര്യമായി നിർവ്വഹിക്കാനുള്ള അവസരം ഉണ്ടാകും. അത്തരം അവസരം എത്രയും വേഗം ഉണ്ടാക്കുന്നതിനുവേണ്ടി ശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. വൈദ്യുതി രംഗത്ത് മുൻ ഗവൺമെന്റ് ഫീൽഡിൽ വർക്ക് ചെയ്തുകൊണ്ടിരുന്ന മുഴുവൻ ജീവനക്കാരെയും പ്രമോട്ട് ചെയ്തു ആഫീസുകൾക്ക് അകത്താക്കിയതുകൊണ്ട് പൊതുവേ ജനങ്ങൾക്ക് അതിന്റേതായ ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടി വരുന്നുണ്ട്. കാലതാമസം വരുന്നതോടൊപ്പം തന്നെ കണക്ഷൻ കിട്ടാനും വളരെയധികം ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. വരുമാനം കൂടുതൽ ഉണ്ടായതുകൊണ്ടായിരിക്കാം രാത്രി ഡ്യൂട്ടിക്കുള്ള ആളുകളൊക്കെ തന്നെ വൈകുന്നേരം ആറ് മണികഴിഞ്ഞാൽ മദ്യത്തിന് അടിമകളാകുന്നത്. രാത്രി ഫോൺ ചെയ്താൽ ഫോൺ എടുക്കാൻ തന്നെ മടിയാണ്. അഥവാ കറണ്ട് ഇല്ല അത് പരിഹരിക്കണമെന്നു പറഞ്ഞാൽ വരാനുള്ള മനസ്സ് കുറവല്ല, നടക്കാൻ കഴിയാത്തതുകൊണ്ട് രാവിലെ ആകട്ടെ എന്ന് പറയുന്ന ഏർപ്പാടുണ്ട്. ഈ രീതിക്ക് ഒരു മാറ്റം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. സർക്കാർ ആഫീസുകൾക്കും സർക്കാർ ആശുപത്രികൾക്കും മറ്റും സർക്കാർ അലോട്ട്മെന്റ് കിട്ടിക്കഴിഞ്ഞെങ്കിൽ മാത്രമേ കറണ്ട് ചാർജ് അടയ്ക്കാൻ ഒക്കു. അലോട്ടുമെന്റ് തക്കസമയത്ത് കിട്ടാത്തതുകൊണ്ട്. പലപ്പോഴും ഫ്യൂസ് ഊരിക്കൊണ്ട് പോകുന്നതുകൊണ്ട് ആഴ്ചകളോളം വെള്ളവും വെളിച്ചവും കിട്ടാതെ ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളും ബുദ്ധിമുട്ടിലാകുന്നുണ്ട്. അതുകൊണ്ട് എനിക്ക് പറയാനുള്ളത് സർക്കാർ ആഫീസുകളിലും ആശുപത്രികളിലും കറണ്ട് ചാർജ് ആവറേജ് കണക്കാക്കി ബഡ്ജറ്റ് തയ്യാറാക്കുമ്പോൾ തന്നെ ഒന്നിച്ച് അങ്ങ് അടച്ചാൽ സർക്കാരിന് കടലാസും കുറെ ലാഭമാകും, അതുപോലെതന്നെ ജോലിക്കുള്ള സമയം കുറെ സേവ് ചെയ്യാൻ കഴിയുമെന്നാണ് എനിക്ക് തോന്നുന്നത്. ഇതുവരെ പരിഗണിച്ചിട്ടില്ലാത്ത ഒരു വിഷയം സഭയുടെ മുമ്പാകെ അവതരിപ്പിക്കുകയാണ്. ഞാൻ പറയുന്ന കാര്യം എന്റെ സ്വന്തം അഭിപ്രായമാണ്. മറ്റ് ആർക്കും അതിൽ പങ്കില്ല. ഈ കെട്ടുപിണഞ്ഞ രാഷ്ട്രീയ-സാമുദായിക ചട്ടക്കൂട്ടിൽ നിന്ന്

LIBRARY ARCHIVES Kerala Legislative Assembly

മോചിതനായി ദൂരെ മാറി നിന്ന് നിഷ്പക്ഷമായി കേരള സാഹചര്യത്തെ വീക്ഷിച്ചാൽ എന്തെല്ലാം അത്ഭുതങ്ങളാണ് നമുക്ക് കാണാൻ കഴിയുക. ന്യൂനപക്ഷ അവകാശങ്ങളുടെ പെരുമ്പറമുഴങ്ങുന്ന കാലഘട്ടമാണ്. അതുപോലെ തന്നെ സാമുദായിക നേതാക്കന്മാരുടെ പ്രസ്താവനകൾ പലപ്പോഴും സംഘർഷം നിറഞ്ഞ സ്വരമാണ് നമുക്ക് കാണാൻ കഴിയുന്നത്. സ്വാശ്രയ വിദ്യാഭ്യാസ രംഗമാണ് ഇത്തരം ഒരു അവസ്ഥ സൃഷ്ടിച്ചത്. ബിഷപ്പുമാർ സംഘം ചേർന്നുകൊണ്ട് ഗവൺമെന്റിനെതിരെ യുദ്ധം പ്രഖ്യാപിച്ചിരിക്കുന്നു. ന്യൂനപക്ഷ അവകാശ ധ്വംസനത്തെ സൂചിപ്പിച്ചുകൊണ്ട് ലഘുലേഖകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരെണ്ണം എനിക്കും കിട്ടിയിട്ടുണ്ട്. ക്രിസ്തീയ വിഭാഗം കേരളത്തിലെ ഏറ്റവും സമ്പന്ന വിഭാഗമാണ്. നിയമസഭയിലും മന്ത്രിസഭയിലും ഒക്കെ അവർക്ക് പ്രാതിനിധ്യം ഉണ്ട്. എയ്ഡഡ് സ്ക്കൂളുകളും കോളേജുകളും ഏറ്റവും കൂടുതലുള്ള സമുദായമാണ് അത്. സർക്കാരിന്റെ ഖജനാവിൽ നിന്ന് ശമ്പളം ഇനത്തിലായാലും ഗ്രാന്റിനത്തിലായാലും ഏറ്റവും കൂടുതൽ തുക പറ്റുന്ന സമൂഹവുമാണ് അവർ. എന്നിരുന്നാലും ഭരണഘടന പ്രകാരം ന്യൂനപക്ഷ അവകാശം അനുഭവിക്കാനുള്ള അവകാശം അവർക്ക് നിഷേധിക്കാൻ സാധിക്കുകയില്ല. അതിൽ എനിക്ക് തർക്കവുമില്ല. അതുപോലെതന്നെയാണ് മുസ്ലീം സമുദായവും. മന്ത്രിസഭയിൽ 5 പേരുടെ പ്രാതിനിധ്യമുണ്ട്. നിയമസഭയിൽ ഏതാണ്ട് രണ്ട് ഡസനോളം എം.എൽ.എ.മാരുണ്ട്. ഖജനാവിലെ 75 ശതമാനവും കൈകാര്യം ചെയ്യുന്നത് ഇവരാണ്. ന്യൂനപക്ഷ അവകാശം ഭരണഘടന പ്രകാരം അനുഭവിക്കാനുള്ള അവകാശം ഇവർക്കുണ്ട്. ആ കാര്യം നിഷേധിക്കുന്നില്ല. അതേ സമയം നമ്മുടെ രാജ്യത്ത് ഒരു മുന്നോക്ക പ്രബല സമുദായമുണ്ട്. ബ്രാഹ്മണർ, അവർക്ക് നിയമസഭയിൽ പ്രാതിനിധ്യമില്ല. മന്ത്രിസഭയിലും ഇല്ല. യാതൊരു ആനുകൂല്യങ്ങളും അവർ അർഹിക്കുന്നില്ല. പണ്ട് രാജാക്കന്മാരുടെ കാലത്തൊക്കെ പൂർവ്വികർ ഏതാണ്ട് കൂടുതൽ ആനുകൂല്യങ്ങൾ അനുഭവിച്ചു എന്ന കുറ്റത്തിന് ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ ജനാധിപത്യ സംവിധാനത്തിലും അവർ പ്രതികാരത്തിന്റെ ഇരകളായി മാറിക്കൊണ്ടിരിക്കുകയാണ്.

ഇത് ആറു പതിറ്റാണ്ടു കാലമായി അവർ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അതിന് ഒരു അന്ത്യം വേണ്ടേ എന്നു ഞാൻ ചോദിക്കുകയാണ്. അതിന് പരിഹാരം നിർദ്ദേശിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്ത് സമഗ്രവും സത്യസന്ധവുമായ ഒരു സാമ്പത്തിക സർവ്വേ നടത്തണം. നടത്തിക്കഴിഞ്ഞ ശേഷം എല്ലാ കുടുംബങ്ങൾക്കും എക്കണോമിക് ഐഡന്റിറ്റി കാർഡ് നൽകണമെന്നാണ് എന്റെ അഭിപ്രായം. നാൽപ്പതിനായിരം രൂപയോ അതിനു താഴെയോ വാർഷിക വരുമാനമുള്ള ആളുകൾ ലോവർ ക്ളാസ് ആയും അതിനുമേൽ ഒന്നര ലക്ഷം വരെയുള്ള ആളുകൾ മിഡിൽ ക്ളാസ് ആയും അതിനു മുകളിൽ വരുമാനമുള്ളവർ അപ്പർ ക്ളാസ് ആയും ഇങ്ങനെ മൂന്നായി തരംതിരിച്ച് കിട്ടണമെന്നാണ് എനിക്ക് പറയാനുള്ളത്. റിസർവേഷൻ സമ്പ്രദായം ലോവർ ക്ളാസിനു മാത്രമായി മാറ്റി വയ്ക്കണമെന്ന് ഒരു അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. പതിനെട്ടു വർഷം കഴിയുമ്പോൾ സ്വാതന്ത്ര്യത്തിന്റെ പ്ളാറ്റിനം ജൂബിലി നമ്മൾ ആഘോഷിക്കുവാൻ പോകുകയാണ്. ഈ പതിനെട്ടു വർഷക്കാലം ലോവർ ക്ളാസ്സിനു മാറ്റിവച്ചിരിക്കുന്ന റിസർവേഷൻ സീറ്റിൽ അമ്പതു ശതമാനം എസ്.സി./എസ്.ടി-ക്കാർക്കു മാറ്റി വച്ചാലും തരക്കേടില്ലെന്നാണ് എനിക്ക് തോന്നുന്നത്. പ്ളാറ്റിനം ജൂബിലി ആഘോഷിച്ചു

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമ്പോൾ ഒരു പുതിയ ഭരണ സംവിധാനവും, നന്നായി പ്രവർത്തിക്കുന്ന ഒരു മതേതരത്വ ഗവൺമെന്റും ഈ രാജ്യത്ത് ഉണ്ടാകത്തക്ക അന്തരീക്ഷം ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷേ ഇന്നത്തെ സർക്കാരുകൾക്ക് മതേതരത്വത്തോട് അത്ര അനുഭാവമില്ല. അവർ അതിനെ അംഗീകരിക്കുന്നു എന്നുള്ള വിശ്വാസം എനിക്കില്ല. കാരണം നമ്മൾ ഒരു കുട്ടിയെ ആദ്യമായി സ്കൂളിൽ ചേർക്കാൻ പോകുമ്പോൾ അതിന്റെ മതവും ജാതിയും ഉപജാതിയുമൊക്കെ രേഖപ്പെടുത്തി കൊടുത്താൽ മാത്രമേ ഇന്ന് അവർ അത് അംഗീകരിക്കൂ. അതുപോലെ എസ്.സി/എസ്.ടി.-ക്കാർക്ക് ആണെങ്കിൽ ഒരു പ്രാദേശിക ഭരണഘടകത്തിന്റെ പ്രസിഡന്റോ എം.എൽ.എ.-യോ എം.പി.-യോ സർട്ടിഫൈ ചെയ്തുവെങ്കിൽ മാത്രമേ അവരെ സ്കൂളിൽ ചേർക്കാൻ പറ്റൂ. ആ രീതിയിലുള്ള ഈ സമ്പ്രദായം നിലനിന്നതു കൊണ്ടാണ് സ്വാതന്ത്ര്യം കിട്ടി അമ്പതു വർഷം കഴിഞ്ഞപ്പോൾ മതാധിഷ്ഠിതമായ ഒരു രാഷ്ട്രീയ കക്ഷി ഈ രാജ്യം ഭരിക്കാനിടയായത് എന്നുള്ള കാര്യം നമ്മൾ വിസ്മരിക്കേണ്ടതില്ല. അതുകൊണ്ട് ഇതുവരെ അനുഷ്ഠിച്ചുവന്ന ശൈലിക്ക് നമ്മൾ മാറ്റം ഉണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ചേരാൻ വരുന്ന കുട്ടികളോട് അവരുടെ ജാതിയും മതവും ചോദിക്കുവാൻ പാടില്ല. പേര്, രക്ഷകർത്താവിന്റെ പേര്, മേൽവിലാസം, ജനന തീയതി, നാഷണാലിറ്റി, സ്റ്റേറ്റ്, ആണോ പെണ്ണോ, എക്കണോമിക് ക്ളാസ് ഇത്രയും കാര്യങ്ങൾ മാത്രമേ അതിൽ രേഖപ്പെടുത്തിയിരിക്കാവൂ. ആ രീതിയിൽ ഇരുപത്തിയഞ്ചു വർഷം നമ്മൾ ഭരണം നടത്തിയാൽ മതേതരത്വത്തിന്റെ അർത്ഥവും ആഴവും മനസ്സിലാക്കുന്ന ഒരു സമൂഹം ഈ രാജ്യത്ത് ഉണ്ടാകും. ഇക്കാര്യത്തിൽ ഒരു പാർട്ടിമാത്രം വിചാരിച്ചാൽ ഒന്നും നടക്കില്ല. പുരോഗമന കക്ഷികൾ കൂട്ടായി വിചാരിച്ചാൽ മാത്രമേ അങ്ങനെയൊരു മാറ്റം ഉണ്ടാക്കുവാൻ നമുക്ക് കഴിയൂ എന്നുള്ള കാര്യം ഓർമ്മപ്പെടുത്തുകയാണ്. അപ്പോൾ മാത്രമേ പട്ടിണിക്കാരനില്ലാത്ത, അതുപോലെ തന്നെ തൊഴിൽ രഹിതനില്ലാത്ത ഒരു ഭാരതം കെട്ടിപ്പടുക്കാൻ നമുക്ക് കഴിയൂ. അങ്ങനെയുള്ള ഒരു ഗവൺമെന്റ് ഉണ്ടായാൽ മാത്രമേ പുരോഗതിയിലേക്കു നമുക്ക് കടക്കാൻ കഴിയൂ എന്നു ഞാൻ ഓർമ്മപ്പെടുത്തുകയാണ്. നമ്മുടെ രാജ്യത്ത് ഇത്തരത്തിലുള്ള ഒരു അന്തരീക്ഷം ഉണ്ടാകുവാനും ഈ രാജ്യത്ത് പട്ടിണിക്കാർ ഇല്ലാത്ത, തൊഴിൽ രഹിതരില്ലാത്ത നല്ല ഭാരതസൃഷ്ടി ആയിരിക്കട്ടെ നമ്മുടെ ലക്ഷ്യമെന്ന് ഞാൻ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി അനുകൂലിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. പി. എസ്. സുപാൽ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. മൂഷിക സ്ത്രീ വീണ്ടും മൂഷികസ്ത്രീയായി മാറിയതുപോലെയാണ് വൈദ്യുതി വകുപ്പിന്റെ സ്ഥിതി. വൈദ്യുതി വകുപ്പ് ശ്രീ. കടവൂർ ശിവദാസനിൽനിന്നും നിയമസഭ കാണാത്ത മുരളീധരനിലേക്കും പിന്നീട് സാക്ഷാൽ എ. കെ. ആന്റണിയിലേക്കും കൈമറിഞ്ഞ് വീണ്ടും ശ്രീ. കടവൂർ ശിവദാസനിലേക്ക് എത്തപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് മൂഷിക സ്ത്രീ വീണ്ടും മൂഷിക സ്ത്രീ ആയതുപോലെയാണ് ഇന്ന് വൈദ്യുതി വകുപ്പ് എന്ന്. ഒരു അഭ്യർത്ഥനയുള്ളത്, ജനകീയ അംഗീകാരമില്ലാതെ വൈദ്യുതി മന്ത്രിയായി വിരാജിച്ച്

LIBRARY ARCHIVES Kerala Legislative Assembly

പൊതു ഖജനാവിന്റെ തുക വാങ്ങിയ ശ്രീ. മുരളീധരൻ വാങ്ങിയ തുക തിരിച്ചു പിടിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. മുരളീധരൻ, അദ്ദേഹത്തിന്റെ ശമ്പളമാണെങ്കിൽ 43,953 രൂപയും യാത്രാബത്ത ഇനത്തിൽ 30,435 രൂപയും അതുപോലെ അദ്ദേഹത്തിന്റെ സ്റ്റാഫ് 3,33,457 രൂപയും ഈ സമയത്ത് നേടിയെടുത്തിട്ടുണ്ട്. അത് തിരിച്ചു പിടിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഇവിടെ വൈദ്യുതി വകുപ്പ് കെടുകാര്യസ്ഥതയുടെയും അഴിമതിയുടെയും ഏറ്റവും വലിയ ഒരു കേളീരംഗമായി മാറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ ഉയർന്നു വന്നിട്ടുള്ള മീറ്റർ വിവാദംതന്നെ അതു സൂചിപ്പിക്കുകയാണ്. നമ്മുടെ മാധ്യമങ്ങൾ, നമ്മുടെ സംഘടനകൾ, ജനങ്ങൾ, നമ്മുടെ സമൂഹം വ്യാപകമായി ഈ മീറ്റർ വിവാദത്തെ സംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അവധാനതയോടെ പ്രശ്നങ്ങളെ കാണുന്നതിനു പകരം എന്തായാലും ഇക്കാര്യത്തിൽ വീണ്ടും ഇത്തരം കാര്യങ്ങളെ അനുകൂലിക്കുവാനാണ് മന്ത്രിസഭ ശ്രമിക്കുന്നത്. എല്ലാ മാധ്യമങ്ങളിലും ഇതു സംബന്ധിച്ച് വാർത്തകൾ എഴുതുകയുണ്ടായി. കൊച്ചിയിൽ ഒരു ഉപഭോക്താവിന്റെ വീട്ടിൽ നിന്നും ഒരു ലക്ഷം യൂണിറ്റിന്റെ ഉപഭോഗം രേഖപ്പെടുത്തിയതായി മാതൃഭൂമിയിലെ വാർത്ത. മെയിൻ ഓഫ് ആയാലും ഇലക്ട്രോണിക് മീറ്റർ കുതിക്കുന്നു, മലയാള മനോരമയിലെ വാർത്ത. മീറ്റർ പൊട്ടിത്തെറിച്ചു. കരൂർ, അരീക്കൽ വർക്കിയുടെ വീട്ടിലെ ഇലക്ട്രോണിക് മീറ്റർ പൊട്ടിത്തെറിച്ച് തീപിടിച്ചു. വാർത്തയാണ്. നാല് ട്യൂബ്, രണ്ട് ഫാൻ, ഒരു ഫ്രിഡ്ജ്, യൂണിറ്റ് പത്തൊമ്പതിനായിരം കവിഞ്ഞു, മലയാള മനോരമയിലെ വാർത്ത. "മനോരമ" ബിൽ തുക ഇരുപതിനായിരം, എതിർത്തപ്പോൾ തൊണ്ണൂറ്റിനാല്. അതുപോലെ മലയാള മനോരമയാണെങ്കിൽ സർക്കാരിനെ സഹായിക്കുന്ന സർവ്വേ നടത്തി, ഇലക്ട്രോണിക് മീറ്ററുകൾ പരിശോധിച്ചു. അതിൽ ഭൂരിഭാഗവും ഗുണനിലവാരം ഇല്ലാത്തതാണ്. തെറ്റായ രീതിയിൽ കാണിച്ചതാണെന്ന് മലയാള മനോരമ നടത്തിയ സർവ്വേയിൽ പറയുന്നു. വീടുവിറ്റാലും രമണന് കറന്റ് ചാർജ്ജ് തികയുകയില്ല, "കേരള കൗമുദി". സ്വദേശാഭിമാനി, മാധ്യമം എന്നുവേണ്ട കേരളത്തിലെ എല്ലാ വാർത്താ മാധ്യമങ്ങളും ഈ മീറ്ററിനെ സംബന്ധിച്ചുള്ള വാർത്തകൾ രംഗത്ത് കൊണ്ടുവരികയുണ്ടായി. ഇടിമിന്നൽ ഉണ്ടായാൽ പോലും മീറ്റർ ഓടുന്ന സാഹചര്യമാണ്. ഇങ്ങനെ വ്യാപകമായ പരാതി നിലനില്ക്കെ എന്തിനാണ് ഗവൺമെന്റ് ഇക്കാര്യത്തിൽ ഒരു ആവേശം കാണിക്കുന്നത്. മീറ്റർ നിർത്തി വച്ചിരിക്കുന്നു, മീറ്റർ ഇനി വിതരണം ചെയ്യുകയില്ല, ഉള്ളതെല്ലാം മാറ്റും, പരാതികൾ ഉള്ളതുമുഴുവൻ മാറ്റും എന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞുവെങ്കിലും നമ്മുടെ സംസ്ഥാനത്ത് അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ യാതൊന്നും തന്നെ നടക്കുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഇപ്പോഴും നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇലക്ട്രോണിക് മീറ്ററിനെ ശക്തമായി ന്യായീകരിക്കുകയാണ്. ഈ ന്യായീകരണത്തിന്റെ പിന്നിൽ എന്താണ്? ഈ ന്യായീകരണം വൈദ്യുതി ബോർഡിനെ രക്ഷിക്കുന്നതിനുവേണ്ടിയാണോ? അവിടെയാണ് സി.&എ.ജി.-യുടെ റിപ്പോർട്ടിലേക്ക് നമ്മൾ പോകേണ്ടത്. 2003-ലെ സി. & എ.ജി.-യുടെ റിപ്പോർട്ട് എന്താണ് പറയുന്നത്? സി.& എ.ജി. പറയുന്നത് കയ്യിലുള്ള സ്റ്റോക്ക് പരിഗണിക്കാതെയും നേരത്തേ ക്ഷണിച്ച ദർഘാസിന്റെ ഫലത്തിനുവേണ്ടി കാത്തിരിക്കാതെയും ഉയർന്ന നിരക്കിൽ ഇരുപത്തയ്യായിരം മീറ്ററുകൾ

LIBRARY ARCHIVES Kerala Legislative Assembly

വാങ്ങുന്നതിനായി എടുത്ത ധൃതിപിടിച്ച തീരുമാനം (98.49 ലക്ഷം രൂപയുടെ) ഒഴിവാക്കാമായിരുന്ന അധിക ചെലവിന് ഇടയാക്കിയെന്ന് സി. & എ. ജി. പറഞ്ഞു. ആയതിനാൽ അതേ സ്ഥാപനത്തിൽ മുൻകാല ഓർഡർ വിതരണം നടത്തുവാൻ ഉണ്ടായിരിക്കുമ്പോഴും മതിയാവോളം സ്റ്റോക്ക് കയ്യിലുള്ളപ്പോഴും അധിക മീറ്ററുകൾക്കായി ഏറ്റവും ഉയർന്ന വിലയിൽ മാത്രം വാങ്ങിയത് യുക്തിസഹമല്ലെന്ന് സി. & എ.ജി. തന്നെ പറഞ്ഞിരിക്കുന്നു. ഇതിനകത്ത് ക്രമക്കേടുണ്ടെന്നുള്ളത് സി. & എ.ജി. തന്നെ പറഞ്ഞിട്ടുണ്ട്. ഇവിടെ ഗവൺമെന്റ് പറഞ്ഞത് എന്താണ്? ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എന്താണ്? പുതിയ സർവ്വീസ് കണക്ഷനുകൾ നൽകുന്നതിനും തകരാറുള്ള മീറ്ററുകൾ പുനഃസ്ഥാപിക്കുന്നതിനും ഇലക്ട്രോണിക് മീറ്ററുകൾ ആവശ്യമായിരുന്നുവെന്ന് സർക്കാർ 2003 ജൂലൈയിൽ പ്രസ്താവിക്കുകയുണ്ടായി. അതിനെ സംബന്ധിച്ച് എ.ജി. പറഞ്ഞത് പ്രതിമാസം ആവശ്യം 16700 മീറ്ററുകൾ മാത്രമായിരുന്നു. ബോർഡിന്റെ കൈവശം ആ സമയത്ത് 40104 മീറ്ററുകൾ ഉണ്ടായിരുന്നു. മുൻകാല ഓർഡർ വഴി ഏതാണ്ട് മുപ്പതിനായിരം മീറ്റർകൂടി കിട്ടുവാൻ ഉണ്ടായിരുന്നു. അതുവച്ച് നോക്കുമ്പോൾ 70134 മീറ്ററുകൾ നമ്മുടെ ബോർഡിന്റെ കൈവശം ഉണ്ടായിരുന്നു. 3,4 മാസക്കാലത്തെ ആവശ്യത്തിനുവേണ്ടി ഇത് മതിയാകുമായിരുന്നു. ബോർഡ് ധൃതിപിടിച്ച് ഇരുപത്തയ്യായിരം മീറ്ററുകൾ വാങ്ങാൻ "നോയിഡ എനർജി എക്യൂപ്മെന്റ്" കമ്പനിക്ക് കരാർ നല്കുകയുണ്ടായി. എന്തിനാണ് സർ. മീറ്റർ ഒന്നിന് 900.76 രൂപയ്ക്കാണ് കരാർ നല്കിയത്. 2002 ജൂലൈയിൽ ഓർഡർ നല്കുന്ന സമയത്ത് രണ്ടു ദർഘാസുകൾ വൈദ്യുതി ബോർഡിന്റെ മുമ്പിലുണ്ടായിരുന്നു. 2001 ഡിസംബറിൽ ഒന്നും, 2002 ജൂലൈയിൽ ഒന്നും. ഇത് ഓപ്പൺ ചെയ്തത് 2002 ഓഗസ്റ്റിലാണ്. ഈ ദർഘാസിൽ മീറ്ററിന് 506.80 രൂപ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഒരു മീറ്ററിന്റെ വ്യത്യാസം 393.96 രൂപയാണ്. ഈ ദർഘാസുകളെ കുറിച്ചും വില കുറയ്ക്കുവാനുള്ള സാഹചര്യത്തെ സംബന്ധിച്ചും ബോർഡിന് അറിയാമായിരുന്നു. എന്നിട്ടുകൂടിയാണ് ധൃതിപിടിച്ച് കമ്പനി കരാർ നല്കുവാനായിട്ട് തീരുമാനിച്ചത്. ഇവിടെ ഇത്രയും മീറ്ററുകളാണോ? 132 കോടി രൂപയുടെ മീറ്ററുകളാണ് ഈ ഗവൺമെന്റിന്റെ കാലത്ത് വാരിക്കൂട്ടിയത്. ഇരുപത്തിയെട്ട് ലക്ഷം രൂപയുടെ മീറ്ററാണ് വാങ്ങിയത്. നിലവാരമില്ലാത്ത മീറ്ററുകൾ, സ്വകാര്യ കമ്പനിക്കാരെയാണ് ഏൽപ്പിച്ചത്. വിശദമായിട്ടുള്ള മറുപടിയിൽ അങ്ങ് തന്നെ പറയുന്നുണ്ട്. Electronic Energy Equipment Company, Nodia, ഡൽഹിയടക്കം 9 സ്വകാര്യ കമ്പനികളെയാണ് ഏൽപ്പിച്ചത്. അങ്ങനെ 9 സ്വകാര്യ കമ്പനികളിൽനിന്ന് മീറ്റർ വാങ്ങുന്നതിനുവേണ്ടി ബോർഡ് തീരുമാനിച്ചപ്പോൾ യാതൊരു മാനദണ്ഡവും പാലിച്ചിട്ടില്ല. ഇലക്ട്രോണിക് മീറ്ററുകൾ വാങ്ങുമ്പോൾ രണ്ടു പ്രധാന ടെസ്റ്റുകൾ നടത്തണമെന്നാണ് വ്യവസ്ഥ. ഇതു പ്രകാരം കമ്പനി കേന്ദ്ര സർക്കാർ ഉടമസ്ഥതയിലുള്ള ഇലക്ട്രിക്കൽ റീജിയണൽ ടെസ്റ്റിംഗ് ലബോറട്ടറിയിൽ ടെസ്റ്റ് നടത്തിയ ശേഷമാണ് ബോർഡിന് മീറ്ററുകൾ നൽകുന്നത്. അതേസമയം സ്വകാര്യ കമ്പനികൾക്ക് ജി.ആർ.ടി.സി. പരിശോധന മാത്രമാണ് സർക്കാർ നിർബന്ധമാക്കിയിട്ടുള്ളത്. ഇത് അവരെ സഹായിക്കുന്നതിനുവേണ്ടിയല്ലേ? ഇതിന്റെ പിന്നിൽ എന്താണുണ്ടായിട്ടുള്ളത്? ഇതിന്റെ പിന്നിൽ കോടികളുടെ അഴിമതിയാണ് നടന്നിട്ടുള്ളത്. വൈദ്യുതി വകുപ്പിന്റെ ഓഫീസുമായി

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട് കോടികളുടെ അഴിമതിയാണ് മീറ്റർ വാങ്ങുന്ന കാര്യത്തിൽ നടന്നിട്ടുള്ളത്. അല്ലാതെ വൈദ്യുതി ബോർഡിനെ രക്ഷിക്കുന്നതിനു വേണ്ടിയല്ല. ആ തുക ഉപയോഗിച്ചുകൊണ്ട് കേരളത്തിലെ വൈദ്യുതി ഉപഭോക്താക്കളുടെ മേൽ ഇരുട്ടടി അടിക്കുകയായിരുന്നു, ഈ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ. ജുഡീഷ്യൽ എൻക്വയറിക്ക് ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

മി. ചെയർമാൻ: യെസ് കൺക്ലൂഡ്.....

ശ്രീ. പി. എസ്. സുപാൽ: കെ. കരുണാകരഭക്തനായിരുന്ന അദ്ദേഹം, ഒരുകാലത്ത് മുഖ്യമന്ത്രിയെ നോക്കി ശിഖണ്ഡിയെന്ന്പോലും വിളിച്ചിരുന്ന കടവൂർ ശിവദാസൻ ഇന്ന് കരുണാകരനെ തള്ളിപ്പറഞ്ഞുകൊണ്ട് .....മൈക്ക് ഓഫ്.....

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. എസ്. സുപാൽ: മന്ത്രിസ്ഥാനത്തിനുവേണ്ടി മാത്രമാണ്. ഇതാണ് ഞാൻ പറഞ്ഞത്.....മൈക്ക് ഓഫ്.....ഇതിനെ സംബന്ധിച്ചന്വേഷിക്കണം. 200 കോടി .....മൈക്ക് ഓഫ്.....അധികമായിട്ട് വാങ്ങിച്ച മീറ്ററുകൾ .....മൈക്ക് ഓഫ്..... വൈദ്യുതി ബോർഡ് അധികമായി വൈദ്യുതി ഉപഭോക്താക്കളിൽ നിന്ന് വാങ്ങിയിട്ടുള്ളത്. ആയിരം കോടിയായിരുന്നു ലക്ഷ്യം. ഇത് കേരളത്തിലെ ഉപഭോക്താക്കൾ .....മൈക്ക് ഓഫ്..... ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: കാർഷികാദായ നികുതിയും, വിൽപ്പന നികുതിയും, വാർത്താ വിതരണവും പ്രചരണവും, വൈദ്യുത പദ്ധതികളും എന്ന ഡിമാന്റുകളുടെ പേരിൽ മന്ത്രിമാർ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിൻതുണക്കുകയാണ്. ഇന്ന് ചർച്ച തുടങ്ങിയ ശ്രീ. ടി. കെ. ബാലൻ വിൽപ്പന നികുതിയുടെ പേരിൽ ഈ സർക്കാർ കൈവരിച്ച നേട്ടങ്ങളെ ചെറുതാക്കി കാണാനുള്ള ശ്രമങ്ങളാണ് നടത്തിയത്. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അവസാനത്തെ മൂന്നു വർഷക്കാലം—1998-99-ൽ 3366 കോടി രൂപയും, 1999-2000-ൽ 3853 കോടി രൂപയും 2000-2001-ൽ 4344 കോടി രൂപയും വിൽപ്പന നികുതിയിനത്തിൽ പിരിച്ചെടുത്തു. 2001-02-ൽ അത് 4440 കോടി രൂപയും, 2002-03-ൽ 5343 കോടി രൂപയും, 2003-04-ൽ 6050 കോടി രൂപയും ആയി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ഇടതുമുന്നണിയുടെ അവസാനത്തെ വർഷവും 2003-04 വർഷവും തമ്മിൽ നോക്കിയാൽ 1736 കോടി രൂപയുടെ വിൽപ്പന നികുതി അധികം പിരിച്ചെടുക്കാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ട്. അതുപോലെ തന്നെ കാർഷികാദായ നികുതി പിരിവ് 2001-02-ൽ 1.87 കോടി രൂപയാണെങ്കിൽ അത് 2003-04-ൽ 8.59 കോടി രൂപയായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെ ചെക്ക്പോസ്റ്റ് കളക്ഷൻ 2000-01-ൽ 17 കോടി രൂപയായിരുന്നത്. 2003-04-ൽ 90 കോടിയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ വർദ്ധനവുണ്ടാക്കാൻ സാധിച്ചത് അതിനാവശ്യമായ ഒരുപാട് നടപടിക്രമങ്ങൾ പുതിയ പരിപാടികൾ ആസൂത്രണം ചെയ്തതിന്റെ പേരിലാണ്. വിൽപ്പന നികുതി ഓഫീസുകളുടെ കംപ്യൂട്ടർവൽക്കരണം, അഴിമതിക്കുള്ള പഴുതുകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ മുതലായവ നികുതി പിരിവിൽ വർദ്ധനവുണ്ടാക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സഹായിച്ചിട്ടുണ്ട്. അതുപോലെ പുതിയതായി രൂപീകരിച്ച വിൽപ്പന നികുതി ഇൻവെസ്റ്റിഗേഷൻ വിംഗിന്റെ ശക്തമായ പ്രവർത്തനങ്ങൾ ഈ രംഗത്ത് വലിയ നേട്ടമാണുണ്ടാക്കിയിട്ടുള്ളത്. നികുതി വെട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ, സ്പെഷ്യൽ സ്കാഡുകൾ നടത്തുന്ന പരിശോധനകൾ ഇവയിലൂടെയൊക്കെ രാജ്യത്തെ നികുതി പിരിവ് ഊർജ്ജിതമാക്കാൻ കഴിഞ്ഞിട്ടുണ്ട്. റെയിൽവേസ്റ്റേഷൻ, വിമാനത്താവളങ്ങൾ എന്നിവ കേന്ദ്രീകരിച്ചുള്ള നികുതി വെട്ടിപ്പ് തടയാനുള്ള പ്രത്യേക പരിശോധനയും, വാഹനങ്ങൾ തടഞ്ഞു നിർത്തിയുള്ള പരിശോധനയും അതുപോലെതന്നെ പിഴ ചുമത്തൽ ഇതൊക്കെ വർദ്ധിച്ച നികുതി ലഭ്യമാക്കാൻ സഹായിച്ചിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിലെ അഴിമതി തടയുന്നതിനു സ്വീകരിച്ച നടപടികൾ സ്വാഗതാർഹമാണ്. ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്നതിന് കാലാവധി വച്ചിരുന്നു. റൊട്ടേഷൻ സമ്പ്രദായം നടപ്പിലാക്കിയത് ചെക്ക്പോസ്റ്റുകളിൽ അഴിമതി കുറയ്ക്കാൻ സഹായിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ അവിടുത്തെ വരുമാനവും ഗണ്യമായി വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. മൂല്യവർദ്ധിത നികുതി നടപ്പിലാക്കുന്നതിന് എല്ലാ സംസ്ഥാനങ്ങളിലും ഉണ്ടാകുന്ന വ്യവസ്ഥകളും, നിരക്കുകളും നടപടിക്രമങ്ങളും ഏകീകരിക്കണമെന്ന സർക്കാരിന്റെ പുതിയ നിർദ്ദേശം സ്വാഗതാർഹമാണ്. വ്യാപകമായി നടക്കുന്ന നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനുള്ള ഭരണ നടപടി എളുപ്പമാക്കുന്നതിനും ഇതുകൊണ്ട് സാധിക്കും. ഹരിയാന സംസ്ഥാനം 'വാറ്റ്' സമ്പ്രദായം നിർത്തലാക്കിയതുകൊണ്ട് 22%-ത്തോളം നികുതി വരുമാന വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. പ്രതിസന്ധിയിലായ നമ്മുടെ കർഷകർക്ക് ആദായ നികുതി മുഴുവൻ ഈ സർക്കാർ ഒഴിവാക്കിക്കൊടുത്തു. അതു കൂടാതെ കാർഷിക കടാശ്വാസ നിയമം വഴി കർഷകർക്ക് ആശ്വാസം നൽകാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കുവാൻ ഒരു പ്രത്യേക പാക്കേജ് പ്രഖ്യാപിച്ചു. 2003-04 വർഷത്തെ ബഡ്ജറ്റിൽ കാർഷിക വില സ്ഥിരത ഫണ്ടിന് രൂപം നൽകുകയും അതിനുവേണ്ടി 50 കോടി രൂപ മാറ്റിവയ്ക്കുകയും ചെയ്തിട്ടുണ്ട്. വൈദ്യുതി മേഖലയിൽ പ്രതിവർഷം നാലുലക്ഷത്തോളം വൈദ്യുതി ഉപഭോക്താക്കൾ വർദ്ധിച്ചുവരുന്ന സംസ്ഥാനമാണ് നമ്മുടേത്. പരമാവധി കുറഞ്ഞ ചെലവിൽ വൈദ്യുതി ലഭ്യമാക്കുക എന്ന നല്ല ഉദ്ദേശത്തോടുകൂടിയാണ് ഈ സർക്കാർ മുന്നോട്ട് പോകുന്നത്. ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ കാണിക്കുന്ന നിശ്ചയദാർഢ്യവും അഭിനന്ദിക്കേണ്ടതാണ്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാർ പുതിയ ജലവൈദ്യുത പദ്ധതികളെ പാടെ അവഗണിക്കുകയും നാഫ്തയും എൽ.എഫ്.എച്ച്.എസ്സും ഉപയോഗിച്ചു കൊണ്ടുള്ള താപവൈദ്യുത പദ്ധതികൾക്ക് പ്രാധാന്യം നൽകുകയുമാണ് ചെയ്തത്. അതുകൊണ്ടുതന്നെ വൈദ്യുതി ബോർഡ് കടക്കെണിയിലാകുകയും ചെയ്തു. യു.ഡി.എഫ്. സർക്കാർ കഴിഞ്ഞ മൂന്നു വർഷംകൊണ്ട് നിരവധി നടപടികളിലൂടെ പ്രതിസന്ധി തരണംചെയ്ത്

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തിന്റെ വൈദ്യുതി മേഖലയെ പ്രതീക്ഷയുടെ പാതയിൽ എത്തിച്ചു. താപ-ജല വൈദ്യുതിയുടെ യുക്തിസഹമായ ഉപയോഗംകൊണ്ടും സാമ്പത്തിക അച്ചടക്കത്തിലൂടെയും, ചെലവുകൾ കുറച്ചുകൊണ്ടും ഈ രംഗത്ത് ഉണ്ടാക്കിയിട്ടുള്ളത് ഗണ്യമായ നേട്ടമാണ്. മഴ കുറവായിരുന്നിട്ടും റവന്യൂകമ്മി കുറയ്ക്കാൻ വൈദ്യുതി ബോർഡിന് സാധിച്ചിട്ടുണ്ട്. ജലവൈദ്യുത പദ്ധതികൾക്ക് ഊന്നൽ നൽകുന്നതിന്റെ ഭാഗമായി മുടങ്ങിക്കിടക്കുന്ന പല പദ്ധതികളും പുനരാരംഭിക്കുകയും അവസാന ഘട്ടത്തിൽ എത്തിക്കാനും കഴിഞ്ഞിട്ടുണ്ട്. കൂടാതെ പുതിയ പദ്ധതികൾ തുടങ്ങാൻ സാധിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ വ്യവസായങ്ങൾക്കു മാത്രം ക്യാപ്റ്റീവ് പവർ പ്രോജക്ടിന്റെ ഭാഗമായി നൽകിയിരുന്ന സ്വകാര്യ മേഖലയിൽ വൈദ്യുതി ഉൽപ്പാദനത്തിനുള്ള അനുമതി ഇപ്പോൾ സ്വകാര്യ മേഖലയിൽ സ്വതന്ത്ര വൈദ്യുതി ഉൽപ്പാദനത്തിന് നൽകാൻ തീരുമാനിക്കുകയും 61 ചെറുകിട ജലവൈദ്യുത പദ്ധതികൾക്ക് നടപടികൾ ആരംഭിക്കുകയും ചെയ്തതിൽ 13 പദ്ധതികൾ ഇതിനകംതന്നെ തുടങ്ങി കഴിഞ്ഞു എന്നുള്ളത് സ്വാഗതാർഹമാണ്. എൽ.ഡി.എഫ്. സർക്കാർ 5 വർഷംകൊണ്ട് ആകെ 53 സബ്സ്റ്റേഷനുകളാണ് പുതിയതായി ആരംഭിച്ചിട്ടുള്ളത്. ഈ സർക്കാർ മൂന്നു വർഷംകൊണ്ട് 42 പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം പൂർത്തിയാക്കി. ഈ സാമ്പത്തിക വർഷം തന്നെ അൻപതോളം സബ് സ്റ്റേഷനുകളുടെ പണി പൂർത്തീകരിക്കാൻ വളരെ ശ്രമകരമായ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. പുതിയ തസ്തികകൾ സൃഷ്ടിക്കാതെ 35 പുതിയ ഇലക്ട്രിക് സെക്ഷനാഫീസുകൾ ആരംഭിക്കാൻ സാധിച്ചു. ജീവനക്കാർക്കും ഉപഭോക്താക്കൾക്കും ഇത് വളരെ സൗകര്യപ്രദമായിട്ടുണ്ട്. പതിനയ്യായിരം മുതൽ ഇരുപതിനായിരം വരെ ഉപഭോക്താക്കളുള്ള മേജർ സെക്ഷനാഫീസുകൾ ഇനിയും ഉണ്ട്. ഇവയെ വിഭജിച്ച് പുതിയ സെക്ഷനാഫീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ കോട്ടക്കൽ മേജർ സെക്ഷൻ ഇതുപോലുള്ള ഒരു ഓഫീസാണ്. ഇത് വിഭജിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം. റവന്യൂ ചോർച്ചക്ക് കാരണമായ വൈദ്യുതി മോഷണം തടയുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചത്. പോലീസും. ബോർഡിന്റെ വിജിലൻസും ചേർന്ന് നടത്തിയ ഓപ്പറേഷൻ വൻതോതിലുള്ള ക്രമക്കേടുകൾ വെളിച്ചത്ത് കൊണ്ടുവരാൻ സഹായകമായിട്ടുണ്ട്. പ്രസരണ നഷ്ടം കുറയ്ക്കുവാൻ ശക്തമായ നടപടികൾ സ്വീകരിച്ചു. പുതിയ ലൈനുകൾ നിർമ്മിച്ചു. സബ് സ്റ്റേഷനുകളുടെ ശേഷി വർദ്ധിപ്പിച്ചു. കപ്പാസിറ്ററുകൾ സ്ഥാപിച്ചു. ഇലക്ട്രോണിക് മീറ്ററുകൾ സ്ഥാപിച്ചു. ഇതു സംബന്ധമായി ഉയർന്നു വന്നിട്ടുള്ള ആക്ഷേപങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. കാർഷിക മേഖലയിലെ പ്രതിസന്ധി നമുക്കെല്ലാം അറിയാവുന്നതാണ്. അതു പരിഗണിച്ചുകൊണ്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുവേണ്ടിയും കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയും കാർഷികാവശ്യത്തിനുള്ള വൈദ്യുതി പൂർണ്ണമായും

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായി നൽകാനുള്ള തീരുമാനം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്. മെറ്റീരിയൽസ് നൽകുന്ന കാര്യത്തിൽ മലപ്പുറം ജില്ലയോട് കാണിക്കുന്ന അവഗണന അവസാനിപ്പിക്കണം. പല തവണ മലപ്പുറം ജില്ലാ വികസന സമിതി ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. എം.പി./ എം.എൽ.എ. ഫണ്ട് മുഖേനയും ത്രിതല പഞ്ചായത്തുകൾ മുഖേനയും നടപ്പിലാക്കുന്ന പദ്ധതികൾക്ക് മെറ്റീരിയൽസിന്റെ അഭാവം അക്ഷന്തവ്യമായ കാലതാമസം വരുത്തുന്നുണ്ട്. അതുപോലെ തന്നെ ഒ.വൈ.ഇ.സി. പദ്ധതിയിൽ പണമടക്കുന്നവർക്ക് പോസ്റ്റ് ആവശ്യമില്ലാത്ത പ്രവർത്തികളിൽ കണക്ഷൻ നൽകാൻ രണ്ടര മാസവും പോസ്റ്റ് ആവശ്യമുള്ളവ ആറു മാസവും എടുക്കുന്ന സ്ഥിതിവിശേഷം മാറ്റണം. വൈദ്യുതി ഓഫീസുകളിൽ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനാവശ്യമായ വാഹനങ്ങളും അതുപോലെ ജീവനക്കാരേയും നൽകാൻ നടപടിയുണ്ടാകണം. രണ്ടു വകുപ്പുകളിലേയും കാര്യക്ഷമമായ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിൻതാങ്ങുന്നു.

12 .00 Noon]

ശ്രീ. ജോസഫ് എം. പുതുശ്ശേരി: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഇന്ന് ഈ ധനാഭ്യർത്ഥന ചർച്ച തുടങ്ങി വച്ച പ്രിയപ്പെട്ട ബാലേട്ടൻ ഐക്യജനാധിപത്യ മുന്നണിയിലെ പ്രശ്നങ്ങളെക്കുറിച്ച് വളരെ വാചാലമായി സംസാരിക്കുകയുണ്ടായി. ഈ ഗവൺമെന്റ് വളരെ മോശമാണ് എന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അദ്ദേഹം ആ അഭിപ്രായത്തിൽ തന്നെ നിൽക്കട്ടെ എന്നാണ് ഞാൻ പറയുന്നത്. പക്ഷേ ഇടതുപക്ഷ മുന്നണിയുടെ സ്ഥിതി എന്താണ്? വളരെ നന്നായി പ്രവർത്തിച്ച, വളരെ നന്നായി പ്രവർത്തിച്ചു എന്ന് അവകാശപ്പെടുന്ന ഇടതുപക്ഷ മുന്നണി 1996 മുതൽ 2001 വരെ ആ നല്ല ഭരണം കാഴ്ചവച്ചിട്ട് കാലാവധി അവസാനിപ്പിച്ചപ്പോൾ എന്തുകൊണ്ടാണ് 40 ആയി ചുരുങ്ങിപ്പോയത് എന്നു കൂടി ബാലേട്ടൻ ഒന്ന് വിലയിരുത്തിയാൽ നന്നായിരിക്കും എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അത്ര നല്ല ഭരണം. പിന്നെ ഇവിടുത്തെ പ്രശ്നങ്ങളെക്കുറിച്ച് പറഞ്ഞു. ഇവിടെ യു.ഡി.എഫ്. ആണ്, ഒരു ജനാധിപത്യ സംവിധാനമാണ്. ഞങ്ങൾക്കുള്ള കാര്യങ്ങളൊക്കെ പുറത്തു വരുന്ന കാര്യങ്ങളാണ്. ഇരുമ്പുമറയ്ക്ക് അകത്ത് എന്നു പറയുന്ന മാർക്സിസ്റ്റ് പാർട്ടിയുടേയും ഇടതുപക്ഷ മുന്നണിയുടേയും സ്ഥിതിയോ? മൂന്ന് ആളുകൾ, ശ്രീ. പന്ന്യൻ രവീന്ദ്രനും, ശ്രീ. ചന്ദ്രചൂഡനും, ശ്രീ. കെ. കൃഷ്ണൻകുട്ടിയും മൂവാറ്റുപുഴ, പാലാ തുടങ്ങിയ സ്ഥലങ്ങളിൽ നടത്തിയിരിക്കുന്ന സിറ്റിംഗ് അവസാനിച്ചോ എന്ന് എനിക്ക് അറിയില്ല. ഏതായാലും തിങ്കളാഴ്ച ഉണ്ടായിരുന്നു, ചൊവ്വാഴ്ച ഉണ്ടായിരുന്നു, ഇന്ന് സിറ്റിംഗ് ഉണ്ടോ എന്ന് എനിക്ക് അറിയില്ല. മാർക്സിസ്റ്റ് പാർട്ടിയുടെ ആളുകൾ തന്നെ മൊഴി കൊടുക്കുന്നു. ബഹുമാനപ്പെട്ട തോമസ് ഐസക് അവിടെ ചെന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട പുതുശ്ശേരി മൂവാറ്റുപുഴ പാർലമെന്റ് സീറ്റിലെ ഇടതു മുന്നണിയുടെ പരിശോധനകൾ പൂർത്തിയാക്കി വരുമ്പോൾ ശ്രീ. പി.സി. ജോർജ്ജ് ഇടതു മുന്നണിക്ക് പുറത്താകും എന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അതേക്കുറിച്ചാണ് പരാമർശിക്കുന്നത്. മാർക്സിസ്റ്റ് പാർട്ടിയുടെ ആൾക്കാർ തന്നെ മാർക്സിസ്റ്റ് പാർട്ടി നേതാക്കൻമാരെക്കുറിച്ച് പരാതി പറയുന്നു. കക്ഷികളെക്കുറിച്ച് പരാതി പറയുന്നു. മാത്രമല്ല, സി.പി.ഐ.-യുടേയും ജനതാദളിന്റെയും അടുത്താണ് മാർക്സിസ്റ്റ് പാർട്ടിയുടെ നേതാക്കൻമാർ സ്വന്തം നേതാക്കൻമാരേക്കുറിച്ചുള്ള ആക്ഷേപങ്ങളും തെളിവുകളുമൊക്കെയായി ഹാജരായിക്കൊണ്ടിരിക്കുന്നത്. അത്ര ഐക്യമുള്ള, അത്ര ബലിഷ്ടമായ ഒരു പ്രസ്ഥാനമാണ് LDF. അവരാണ് ഐക്യജനാധിപത്യമുന്നണിയേക്കുറിച്ച് ആക്ഷേപം പറഞ്ഞിരിക്കുന്നത് എന്നുള്ളത് ബാലേട്ടൻ ഒന്ന് ഓർക്കുന്നത് നന്നായിരിക്കും. ഇക്കാര്യം ഓർമ്മിപ്പിക്കാൻ വേണ്ടി മാത്രം സാന്ദർഭികമായി ഞാൻ ഇത് സൂചിപ്പിക്കുകയായിരുന്നു.

ശ്രീ. ജോണി നെല്ലൂർ: പുതുശ്ശേരി, മൂവാറ്റുപുഴയിലെ അന്വേഷണമാണല്ലോ പറയുന്നത്. ആ അന്വേഷണ കമ്മീഷന്റെ മുമ്പാകെ മാർക്സിസ്റ്റ് പാർട്ടിയുടെ എറണാകുളം ജില്ലാ സെക്രട്ടറി മൊഴി നൽകിയത് പത്രത്തിലൂടെ വായിച്ച് അറിഞ്ഞു. സി.പി.ഐ. വോട്ട് മറിച്ചു എന്നാണ് അദ്ദേഹം പ്രധാനമായും ആക്ഷേപം ഉന്നയിച്ചിരിക്കുന്നത്. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അതു തന്നെയാണ് പറഞ്ഞത്. (ബഹളം) ശ്രീ. ജോണിയും ശ്രീ. കെ. ബാബുവും മറ്റും സംസാരിച്ച കാര്യത്തെക്കുറിച്ചാണെങ്കിൽ അവർ പറഞ്ഞത് ..... (ബഹളം) .....

മി. ചെയർമാൻ: പേഴ്സണൽ എക്സ്പ്ലനേഷന് എഴുതിതന്നാൽ സമയം തരാം.

ശ്രീ. ജോസഫ് എം. പുതുശ്ശേരി: അവർ പറഞ്ഞത് തെരഞ്ഞെടുപ്പിലെ കുഴപ്പങ്ങളെക്കുറിച്ചാണ്. (ബഹളം) അത് സംബന്ധിച്ച് അങ്ങേയ്ക്ക് എന്തെങ്കിലും പറയാനുണ്ടെങ്കിൽ അത് ശ്രീ. കൃഷ്ണൻകുട്ടിയും ശ്രീ. പന്ന്യൻ രവീന്ദ്രനും ശ്രീ. ചന്ദ്രചൂഡനും അടക്കമുള്ള കമ്മീഷന്റെ മുമ്പാകെ ബോധ്യപ്പെടുത്തുന്നതായിരിക്കും നല്ലത്. കാരണം എനിക്ക് അങ്ങയെ രക്ഷിക്കാൻ കഴിയില്ല. അവർക്കേ രക്ഷിക്കാൻ കഴിയൂ എന്നുള്ളതുകൊണ്ട് അവിടെ ബോധിപ്പിക്കുന്നതായിരിക്കും നല്ലത് എന്നു മാത്രം ശ്രീ. പി. സി. ജോർജിനോടു സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഞാൻ സാന്ദർഭികമായി ഇത്രയും കാര്യങ്ങൾ പറഞ്ഞതാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രിയുടെ

ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. പ്രിയപ്പെട്ട സുപാൽ ഇലക്ട്രിസിറ്റി ബോർഡ് മീറ്റർ വാങ്ങിയതിനേക്കുറിച്ചുള്ള അഴിമതി ആരോപണങ്ങളൊക്കെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. സുപാൽ പറഞ്ഞതുകേട്ടിടത്തോളം മീറ്ററിന്റെ തുകയേക്കാൾ വലിയ അഴിമതിയാണ് ഉന്നയിച്ചിരിക്കുന്നത് എന്നു തോന്നുന്നു. 200 കോടി രൂപയുടെ അഴിമതിയുണ്ടായി എന്നാണ് ശ്രീ. സുപാൽ പറഞ്ഞിരിക്കുന്നത്. എനിക്ക് തോന്നുന്നത് അദ്ദേഹം പഴയ കാലത്തെ ഓർമ്മയിൽ നിന്നാണ് സംസാരിച്ചത് എന്നാണ്. കഴിഞ്ഞ നിയമസഭയെ വളരെയേറെ കിടിലം കൊള്ളിച്ച അഴിമതിയാരോപണം ഉണ്ടായിരുന്നു. ബഹുമാന്യനായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണ് ഇവിടെ ഉന്നയിച്ചത്. ചെങ്കുളം, പന്നിയാർ, പള്ളിവാസൽ പദ്ധതിയുടെ rennovation-നെ സംബന്ധിച്ച് വളരെ ഗുരുതരമായ അഴിമതി ആരോപണം വന്നു. എസ്.എൻ.സി. ലാവ്‌ലിൻ കമ്പനിക്ക് കരാർ നൽകിയത് സംബന്ധിച്ച്. വളരെ ഗൗരവമായി ചർച്ച ചെയ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ഉത്തരവാകുകയും ചെയ്തതാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് സാന്ദർഭികമായി സൂചിപ്പിക്കട്ടെ, ആ അന്വേഷണം എന്തായി എന്നതിനെക്കുറിച്ച് അറിയില്ല എങ്കിൽപ്പോലും അങ്ങ് വളരെ ഗൗരവമായി ആ അന്വേഷണം നടത്തി നടപടി എടുക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എസ്.എൻ.സി. ലാവ്‌ലിൻ കമ്പനി നടത്തിയ കൊള്ളയെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. പന്നിയാർ, ചെങ്കുളം, പള്ളിവാസൽ rennovation work-നെക്കുറിച്ച് സൂചിപ്പിച്ചു. അതിനൊരു രണ്ടാം ഭാഗമുണ്ട്. അതിന്റെ രണ്ടാം ഭാഗം, ഈ കേരള സംസ്ഥാനത്ത് ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ഒന്നു മാത്രമേയുള്ളൂ. ആർ.സി.സി. വടക്കേ മലബാറിൽ കേരളത്തിന്റെ താൽപ്പര്യം സംരക്ഷിക്കുന്നതിനുവേണ്ടി 100 കോടി രൂപയുടെ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കുമെന്ന് പറഞ്ഞ് ആളുകളെ മോഹിപ്പിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് നമ്മൾ കാണുന്നതേയില്ല. അത് ഇവിടെ വരുത്തുന്നതിനുവേണ്ട എന്തെങ്കിലും നടപടി എടുക്കുമോ ഇല്ലെങ്കിൽ ഈ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിൽ കള്ളക്കളി കളിച്ച ആൾക്കാരെ പുറത്തു കൊണ്ടു വരുന്നതിനുവേണ്ട നടപടി എടുക്കുമോ?

ശ്രീ. ജോസഫ്. എം. പുതുശ്ശേരി: അതു തന്നെയാണ് സൂചിപ്പിച്ചത്. അത് സംബന്ധിച്ച് ഗുരുതരമായ ആക്ഷേപം ഉന്നയിക്കുകയുണ്ടായി. അന്വേഷണത്തിന് ഉത്തരവുണ്ടായി. സബ്ജക്ട് കമ്മിറ്റി III അന്വേഷണത്തിന് ശുപാർശ ചെയ്തതാണ്. വളരെ ഗൗരവമായി അന്വേഷണം നടത്തി കുറ്റക്കാരുടെ മേൽ നടപടി സ്വീകരിക്കണം എന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ വൈദ്യുതിയെ സംബന്ധിച്ച് ഒട്ടേറെ കാര്യങ്ങൾ നമുക്ക് അറിയാം. ഇവിടെ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട വൈദ്യുതി മന്ത്രി വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുകയില്ല എന്ന് പ്രഖ്യാപിക്കുകയുണ്ടായി. വളരെ സന്തോഷകരമായ, വളരെ സ്വാഗതാർഹമായ പ്രഖ്യാപനമാണ്. അത് നിലനിർത്തിക്കൊണ്ട് മുന്നോട്ടു പോകാൻ കഴിയണമെങ്കിൽ ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സങ്കേതങ്ങൾ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗപ്പെടുത്താൻ കഴിയണം . നമുക്കറിയാം, ജല വൈദ്യുത പദ്ധതിയിൽ നിന്നാണ് ചുരുങ്ങിയ ചെലവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുക. ഇപ്പോഴുള്ള നമ്മുടെ ജല വൈദ്യുത പദ്ധതികൾ ഞാൻ മനസ്സിലാക്കിയിടത്തോളം ഒരു യൂണിറ്റ് വൈദ്യുതി ലഭിക്കുന്നതിന് 30 പൈസയാണ് ചെലവ്. പുതിയ പദ്ധതികൾ വന്നാൽ അത് രണ്ടു മുതൽ മൂന്നു രൂപവരെ ആകാം എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. താപ വൈദ്യുത നിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഉപയോഗിച്ചാൽ നാലു രൂപ മുപ്പത് പൈസയാകും. കായംകുളം ഏഴ് രൂപ വരെയുള്ള നിരക്കിൽ വർദ്ധനവ് ഉണ്ടാകും എന്ന യാഥാർത്ഥ്യം നമുക്ക് അറിയാവുന്നതാണ്. മലമ്പുഴയിൽ കാറ്റിൽനിന്ന് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിന് അഞ്ചു രൂപ വരെ ചെലവാകും എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. കല്പാക്കം, കൈനി അടക്കമുള്ള അണു വൈദ്യുത നിലയങ്ങളിൽ നിന്നും നമുക്കു ലഭിക്കുന്ന വൈദ്യുതിയുടെ കാര്യത്തിലായാലും മൂന്നു രൂപ അറുപത് പൈസ വരെ ഇപ്പോൾ നമ്മൾ കൊടുക്കുന്നുണ്ട്. പുതിയവ വന്നാൽ അതിനേക്കാൾ കൂടുതൽ വില കൊടുക്കേണ്ടി വരും. ഏറ്റവും ചുരുങ്ങിയ ചെലവിൽ നമുക്ക് വൈദ്യുതി വിതരണം നടത്താൻ കഴിയുന്നത് ജല വൈദ്യുത പദ്ധതിവഴി മാത്രമാണ്. ആ കാര്യത്തിൽ കൂടുതൽ ശ്രദ്ധയോടുകൂടി ബഹുമാനപ്പെട്ട മന്ത്രി മുന്നോട്ടു പോകണം. പാത്രക്കടവ് അടക്കമുള്ള പദ്ധതികളെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത്തരം നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകണം. പരിസ്ഥിതി കാര്യങ്ങളെക്കുറിച്ച് പരാമർശിക്കുമ്പോൾ അതിൽ പരിഗണിക്കേണ്ടത്, ഗൗരവമുള്ളത് പരിഗണിക്കണം. അതിന്റെപേരിൽ നമ്മുടെ പദ്ധതികൾ ഉപേക്ഷിക്കപ്പെട്ടു പോകുന്ന സാഹചര്യം ഉണ്ടാകരുത്. സൈലന്റ് വാലി നമുക്ക് നഷ്ടപ്പെട്ടു. അത്തരം ആളുകൾ ഉന്നയിക്കുന്ന എല്ലാ ആക്ഷേപങ്ങളും സംബന്ധിച്ച് നമുക്ക് ഇത്തരം കാര്യങ്ങൾക്ക് ചെവി കൊടുക്കാൻ കഴിയുമോ? ഇവിടെ അണു വൈദ്യുത നിലയം സംബന്ധിച്ച ചർച്ച വന്നപ്പോൾ കേരളത്തിൽ പാടില്ല എന്നു പറഞ്ഞു. സ്ത്രീകൾ പ്രസവിക്കില്ല അതുകൊണ്ട് കേരളത്തിൽ ഈ പദ്ധതി പാടില്ല എന്നു ന്യായം പറഞ്ഞു. നമ്മുടെ തൊട്ട് അതിർത്തിയായ കൂടംകുളത്ത് ഈ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുന്നു. ഇത്തരം ബാലിശമായ ആക്ഷേപങ്ങൾക്ക് മുമ്പിൽ വഴങ്ങാതെ യാഥാർത്ഥ്യ ബോധത്തോടുകൂടി ഇത്തരം കാര്യങ്ങളിൽ മുന്നോട്ടു പോകണം. അതുപോലെ വൈദ്യുതി ലോസ് കുറയ്ക്കാനുള്ള ഫലപ്രദമായ നടപടികൾ ഉണ്ടാകണം. ഞാൻ അഭിമാനത്തോടെ സൂചിപ്പിക്കട്ടെ. ഈ ഗവൺമെന്റ് വരുമ്പോൾ 32% ആയിരുന്ന ലോസ് 2003-2004-ൽ 27% ആയി കുറയ്ക്കാൻ കഴിഞ്ഞു എന്ന് ഞാൻ മനസിലാക്കുന്നു. വളരെ നല്ല കാര്യം. ഈ രംഗത്ത് ഫലപ്രദമായി നടപടി നടത്താൻ കഴിഞ്ഞു എന്നുള്ളതുകൊണ്ടാണ് വലിയ മാറ്റം ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞത്. ഇനിയും അത് കുറച്ചു കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണം. ട്രാൻസ്മിഷൻ ലൈനിന്റെ കാര്യത്തിലും അതുപോലെ കപ്പാസിറ്ററിന്റെ കാര്യത്തിലും 11 കെ.വി. ലൈനിന്റെ കാര്യത്തിലും അതുപോലെയുള്ള കാര്യങ്ങളിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചുകൊണ്ട് മുന്നോട്ടു പോകണം.

LIBRARY ARCHIVES Kerala Legislative Assembly

എൽ.റ്റി., ട്രാൻസ്മിഷൻ ലൈനിന്റെ അനുപാതം 1:1 എന്നുള്ള നിലയിൽ വരണം. ട്രാൻസ്മിഷൻ ലോസ് കുറയ്ക്കാൻ ഇത് ആവശ്യമാണ്. നിലവിലുള്ളത് 1:6.5 ആണ്. അത് കുറച്ചു കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ധനകാര്യ വകുപ്പ് ഒട്ടേറെ നടപടികൾ സ്വീകരിച്ചു. സാമ്പത്തിക പ്രതിസന്ധിയുടെ നടുവിൽ നിന്നുകൊണ്ട് ഫലപ്രദമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ മുന്നോട്ടു പോകാൻ കഴിഞ്ഞ ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയെ അഭിനന്ദിക്കുന്നു. കാർഷികാദായ നികുതിയുടെ കാര്യത്തിൽ ഒരു കാര്യം സൂചിപ്പിക്കട്ടെ, കാർഷികാദായ നികുതി പിരിക്കുന്നതിനുവേണ്ടി ചെലവഴിക്കുന്ന തുകയുടെ അത്രയും കാർഷികാദായ നികുതി പിരിച്ചു കിട്ടാറില്ല. അത് കർഷകരെ പൊതുവെ ദ്രോഹിക്കുന്ന സമ്പ്രദായമാണ്. മറ്റ് പല സംസ്ഥാനങ്ങളിലും കാർഷികാദായ നികുതി പിരിക്കുന്നില്ല. അതുകൊണ്ട് കാർഷികാദായ നികുതിയുടെ പിരിവ് ഒഴിവാക്കണം. ഗവൺമെന്റിന് വരുമാന ഇനത്തിൽ യാതൊരു ഗുണവുമില്ല. അതിനേക്കാൾ കൂടുതൽ അത് പിരിക്കുന്നതിനുവേണ്ടി ആകുന്നുണ്ട്. അതുകൊണ്ട് ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ളതുപോലെ കാർഷികാദായ നികുതിയുടെ പിരിവ് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കണം. പബ്ളിക് റിലേഷൻസ് വകുപ്പിന്റെ ചുമതല വഹിക്കുന്ന ശ്രീ. എം. എം. ഹസൻ ഒട്ടേറെ കാര്യങ്ങൾ ഈ രംഗത്ത് ചെയ്തു. തുക വളരെ കുറവാണ്. 12 കോടി രൂപയാണ് ആകെ അനുവദിച്ചിരിക്കുന്നത്. അഞ്ചു കോടി രൂപയെങ്കിലും കൊടുക്കാൻ വേണം. ബാക്കി പണം കൊണ്ട് പ്രവർത്തിക്കാൻ കഴിയില്ല. ദൃശ്യ മാധ്യമങ്ങൾ വന്നതോടുകൂടി സർക്കാരിന്റെ നേട്ടങ്ങൾ ജനങ്ങളെ അറിയിക്കണമെങ്കിൽ അതനുസരിച്ച് പ്രവർത്തിക്കാൻ കഴിയണം. ദൃശ്യമാധ്യമങ്ങളിൽ പരസ്യം ഉൾപ്പെടെ ഉണ്ടാകണം. കൂടുതൽ തുക അനുവദിക്കണം. ഫലപ്രദമായി ഈ രംഗം മുന്നോട്ടുകൊണ്ടുപോകുന്ന ബഹുമാനപ്പെട്ട മന്ത്രിയെ അഭിനന്ദിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ പിന്താങ്ങുന്നു.

<u>ശ്രീ. എം. മുരളി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഈ ഗവണ്മെന്റ് കഴിഞ്ഞ മൂന്നു വർഷങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ ഏറ്റവും കൂടുതൽ ആശ്രയിച്ചത് നമ്മുടെ കൊമേഴ്സ്യൽ ടാക്സ് കളക്ഷൻ രംഗത്തെയാണ്. ഞാൻ എന്റെ പ്രസംഗം കാർഷികാദായ നികുതിയുടെ കാര്യത്തിലും വിൽപ്പന നികുതിയുടെ കാര്യത്തിലും മാത്രം പരിമിതപ്പെടുത്തുകയാണ്. ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരി പറഞ്ഞതുപോലെ നമ്മൾ Agricultural Income Tax-ൽ കളക്ട് ചെയ്യുന്നതിനേക്കാൾ കൂടുതൽ പണം എസ്റ്റാബ്ളിഷ്മെന്റിനുവേണ്ടി ചെലവഴിക്കേണ്ടിവരുന്നു. ഇവിടെ വൻകിട കർഷകരില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ഈ കാർഷികാദായ നികുതി മറ്റ് പല സംസ്ഥാനങ്ങളും ചെയ്തതുപോലെ കേരളത്തിൽ വേണ്ടെന്നു വയ്ക്കാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ആർജ്ജവം ഗവണ്മെന്റ് കാണിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കാനുള്ളത്. വിൽപ്പന നികുതി, Commercial Tax, കളക്ഷനിൽ ബാലേട്ടൻ എന്തു പറഞ്ഞാലും ഒരു സുവർണ്ണ കാലഘട്ടമാണ് ശ്രീ. ശങ്കര നാരായണൻ മന്ത്രിയായതിനു ശേഷമുള്ള ഈ മൂന്നു വർഷക്കാലം. ഞാൻ കണക്കുകളൊന്നും ഇവിടെ ഉദ്ധരിക്കുന്നില്ല. ഏറ്റവും ഒടുവിൽ 6,200 കൊടി രൂപയുടെ ടാർജറ്റിട്ടു. 6,080.80 കോടി രൂപ കളക്ട് ചെയ്തു. ടാർജറ്റ് പൂർണ്ണമായും അച്ചീവ് ചെയ്തത് വലിയ അമ്പിഷനായിരുന്നു. പക്ഷെ, തൊട്ടടുത്ത് എത്താൻ പറ്റി. 14 ശതമാനം കളക്ഷൻ വർദ്ധനവ് അവസാന സാമ്പത്തിക വർഷത്തിൽ കൊമേഴ്സ്യൽ ടാക്സസ് ഡിപ്പാർട്ടുമെന്റ് കൈവരിച്ചു. കമ്മീഷണർ സോമസുന്ദരത്തേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും അഭിനന്ദിക്കാതിരിക്കാൻ കഴിയുകയില്ല. പറയാതിരുന്നാൽ തെറ്റായിപ്പോകുമെന്ന് കരുതുന്നു. അതിൽ രണ്ടു കാര്യങ്ങളുണ്ട്. ആർജ്ജവത്തോടുകൂടി, ദിശാബോധത്തോടുകൂടി കൊമേഴ്സ്യൽ ടാക്സസ് കമ്മീഷണറും അദ്ദേഹത്തിന്റെ കൂട്ടാളികളും നടത്തിയ പ്രവർത്തനം, അതോടൊപ്പം റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള രംഗങ്ങളിൽ മുഖ്യമന്ത്രിയോ ധനകാര്യ വകുപ്പുമന്ത്രിയോ ഇടപെടാതിരുന്നുവെന്നതുമാണ് ടാർജറ്റ് അച്ചീവ് ചെയ്യുന്നതിനും ഈ ഗണ്യമായ നേട്ടം, Excellent performance, നടത്തുന്നതിനും ഗവണ്മെന്റിനു കഴിഞ്ഞത്. നമുക്ക് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ 7,200 കോടി രൂപയാണ് ഏറ്റവും വലിയ വരുമാന സ്രോതസ്സ്. തകർന്നുപോയ ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ അതിന്റെ പാരമ്യതയിലേയ്ക്ക് കൊണ്ടുവരാനുള്ള പരിശ്രമമാണ് ബഡ്ജറ്റ് പ്രസംഗത്തിൽ ധനകാര്യവകുപ്പുമന്ത്രി ലക്ഷ്യം വച്ചിരിക്കുന്നത്. ആ നേട്ടം പൂർണ്ണമായും കൈവരിക്കുന്നതിന് ഏതാനും നിർദ്ദേശങ്ങൾ ധനകാര്യവകുപ്പു മന്ത്രിയുടെ മുമ്പിൽ സമർപ്പിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. അങ്ങ് 21 ഇനം സാധനങ്ങൾക്ക് കൊണ്ടുവന്ന ദ്വിമുഖ നികുതിയെ, (Two tier tax) കച്ചവടക്കാരും ഏകോപനസമിതിയും നിശിതമായി എതിർക്കുന്നു എന്നതുകൊണ്ടു മാത്രമല്ല അത് വിലക്കയറ്റത്തിന് കാരണമായിരിക്കുന്നു. പലയിനങ്ങളിലും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ വിലക്കയറ്റം സാധാരണക്കാരനെ ബാധിക്കുന്നുവെന്ന് മാത്രമല്ല, അങ്ങ് ലക്ഷ്യം വയ്ക്കുന്നത് ടാക്സ് കളക്ഷൻ വർദ്ധിപ്പിക്കുകയാണെങ്കിൽ ഇത് ടാക്സ് കളക്ഷനെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഫസ്റ്റ് സെയിലിൽ ടാക്സ് കളക്ഷൻ നടക്കും. സംശയമില്ല പക്ഷെ, ലാസ്റ്റ് സെയിൽ പോയിന്റിൽ ടാക്സ് കളക്ഷൻ നടക്കുകയില്ല. കാരണം അങ്ങ് പറഞ്ഞിരിക്കുന്ന 21 ഐറ്റത്തിൽ പലതും മാസങ്ങളോ വർഷങ്ങളോ കഴിഞ്ഞുമാത്രമേ ലാസ്റ്റ് പോയിന്റ് സെയിലിന്റെ ടാക്സ് കളക്ഷൻ നടക്കുകയുള്ളൂ. ഈ സാധനങ്ങൾക്ക് ഡാമേജുണ്ടാകും. മുതൽ കുറച്ച് വിൽക്കാൻ പലപ്പോഴും ലാസ്റ്റ് പോയിന്റ് സെയിൽസ് നടത്തുന്ന കച്ചവടക്കാർ നിർബന്ധിതരാകും. അപ്പോൾ ഈ ലാസ്റ്റ് സെയിൽ പോയിന്റിൽ കളക്ഷൻ കുറഞ്ഞുപോകും. സർക്കാർ പൂർണ്ണ നികുതി കിട്ടാൻ കാത്തിരിക്കുന്ന സാഹചര്യം ഒഴിവാക്കുന്നതാണ് നല്ലത്. ഈ നികുതി കൊണ്ടുവരാൻ കാരണം അണ്ടർ വാല്യേഷനാണെന്നുള്ള കാര്യം ബഡ്ജറ്റ് പ്രസംഗത്തിൽ ചൂണ്ടിക്കാണിക്കുകയുണ്ടായി. അണ്ടർ വാല്യേഷൻ തടയേണ്ടതാണ്. അതിന് സിംഗിൾ പോയിന്റ് ടാക്സ് തന്നെ മതിയെന്നുള്ള അഭിപ്രായം ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

മുന്നോട്ടു വയ്ക്കുകയാണ്. അങ്ങ് അവതരിപ്പിച്ചിരിക്കുന്ന ഫിനാൻസ് ബില്ലിൽ ഫെയർ മാർക്കറ്റ് പ്രൈസ് പറയുന്നുണ്ട്. സ്റ്റേറ്റ് തലത്തിലോ ജില്ലാ തലത്തിലോ ഈ കമ്മോഡിറ്റീസിനെല്ലാം ഫെയർ മാർക്കറ്റ് പ്രൈസ് ഫിക്സ് ചെയ്ത് പ്രോപ്പർ അതോറിറ്റിക്ക് ടാക്സ് കളക്ഷന് അധികാരം നൽകുന്നുണ്ട്. ഫിനാൻസ് ബിൽ പാസ്സാക്കിക്കഴിഞ്ഞാൽ ഈ ഫെയർ പ്രൈസ് ഫിക്സ് ചെയ്തു കഴിഞ്ഞാൽ ഉപഭോക്താക്കളുടെ താൽപ്പര്യം സംരക്ഷിക്കുമെന്ന കാര്യത്തിൽ മാത്രമല്ല, അതിൽ കുറച്ച് വിൽപ്പന നടത്തിയാലും ടാക്സ് നൽകേണ്ടി വരുമെന്നതുകൊണ്ട് ടുടയർ ടാക്സിനെ ആശ്രയിക്കേണ്ട കാര്യമില്ല. സിംഗിൾ പോയിന്റ് ടാക്സിനെ ആശ്രയിച്ചുകൊണ്ട് ഒരു ഭാഗം ടാക്സ് കളക്ഷൻ നടത്തുന്നു. പിന്നീട് ഏതെങ്കിലും കാലത്ത് ലാസ്റ്റ് സെയിൽ പോയിന്റിൽ ടാക്സ് ഈടാക്കുന്നു. നികുതിക്കുവേണ്ടി കാത്തിരിക്കുന്ന സർക്കാരിന്റെ ദുരവസ്ഥയ്ക്കു പരിഹാരമുണ്ടാക്കണം. അതുകൊണ്ട് അണ്ടർ വാല്യേഷനിലെ ഫെയർ പ്രൈസ് ഓരോ കമ്മോഡിറ്റിയിലും ഫിക്സ് ചെയ്തുകൊണ്ട് നിശ്ചിതടാക്സ് കളക്ട് ചെയ്തുകൊണ്ട് സിംഗിൾ പോയിന്റിൽ തന്നെ കളക്ട് ചെയ്തുകൊണ്ട് ദ്വിമുഖ നികുതി ഒഴിവാക്കണം. രണ്ടാമത്തെ കാര്യം സ്വർണ്ണ വ്യാപാരികൾക്ക് 200 ശതമാനം കോംപൗണ്ട് ചെയ്യാനുള്ള അവസരം.....അങ്ങ് ബഡ്ജറ്റ് പ്രസംഗത്തിൽ 130 ശതമാനമാക്കി. അങ്ങനെ 130 ശതമാനമാക്കി പരിമിതപ്പെടുത്തിയപ്പോൾ ഇവരെല്ലാം മുന്നോട്ടു വരും, ഇവർ ഇത് കോംപൗണ്ട് ചെയ്യുമെന്നാണ് കരുതിയത്. എത്ര പേർ കോംപൗണ്ട് ചെയ്തു. ഈ രംഗത്ത് ഒരു വലിയ വരുമാനം പ്രതീക്ഷിച്ചുകൊണ്ടാണ് ഇൻസന്റീവ് കൊടുത്തതെങ്കിൽ 130 ശതമാനമാക്കി കോംപൗണ്ട് ചെയ്യാൻ അവസരം കൊടുത്തുവെങ്കിലും ആരും കോംപൗണ്ട് ചെയ്തില്ല. വളരെ കുറച്ചുപേർ മാത്രമേയുള്ളൂ. അങ്ങനെ വരികയാണെങ്കിൽ നമ്മുടെ ആക്ടിലെ പ്രൊവിഷൻ റിവോക്ക് ചെയ്തു. അത് കോംപൗണ്ട് ചെയ്യാത്ത വ്യാപാരികളുടെ കടകൾ പരിശോധിക്കാനുള്ള കർശന നടപടി സ്വർണ്ണ വ്യാപാര രംഗത്ത് സ്വീകരിച്ചുകൊണ്ട് സംസ്ഥാനത്തിന് കിട്ടാനുള്ള ടാക്സ് കളക്ഷൻ ഉറപ്പുവരുത്തണം. ഏതാണ്ട് രണ്ടായിരം കോടിയോളം രൂപ ലോംഗ് പെന്റിംഗ് അരിയേഴ്സ് വരും. റവന്യൂ റിക്കവറിയിൽ കുറെ പണം പിരിച്ചു. പക്ഷെ, ആറും, ഏഴും, എട്ടും, പത്തും വർഷമായി കിടക്കുന്ന അപ്പീൽ കേസുകളുണ്ട്. ഈ ലോങ് പെന്റിംഗ് അരിയേഴ്സ് കളക്ട് ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി അങ്ങ് കഴിഞ്ഞ വർഷം പ്രഖ്യാപിച്ച Amnesty Scheme, One time settlement-ലൂടെ ഫെബ്രുവരി മാസം 70 ശതമാനം ടാക്സ് ഇന്ററസ്റ്റ് കുറച്ചു കൊടുത്തു. Arrears-ന്റെ ഇന്ററസ്റ്റ് കുറച്ചുകൊടുത്തു. 2004 ഫെബ്രുവരിയിലും മാർച്ചിലും പക്ഷെ ടാർജറ്റ് അച്ചീവ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. 25 കോടി രൂപയ്ക്കു താഴെ മാത്രം അരിയേഴ്സാണ് ഈ ഇൻസന്റീവ് കൊടുത്തിട്ടും Amnesty Scheme നടപ്പിലാക്കിയിട്ടും സംസ്ഥാനത്തിന് ലഭിച്ചത്. ഇത്രയും ഭീമമായ തുക പെന്റിംഗിൽ കിടക്കുമ്പോൾ, ടാക്സ് അരിയറായിട്ട് കിടക്കുമ്പോൾ അത് ഈടാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണം. അതിന് എനിക്കുള്ള ഒരു നിർദ്ദേശം ഫെബ്രുവരി മാർച്ചിലേയ്ക്ക് മാറണ്ട. ഇന്ന് ഈ ഡിമാന്റ് പാസ്സാക്കിക്കഴിഞ്ഞാൽ നാളെ മുതൽ അരിയേഴ്സ് പിരിച്ചെടുക്കാനുള്ള Amnesty

LIBRARY ARCHIVES Kerala Legislative Assembly

Scheme വീണ്ടും ഈ സാമ്പത്തിക വർഷം നടപ്പിലാക്കുക. ഈ ബഡ്ജറ്റ് പ്രസംഗത്തിൽ അങ്ങ് പറയുന്നുണ്ട്. അതിനൊരു കാര്യം ചെയ്യണം. ശതമാനക്കണക്ക് പറയാതെ പ്രിൻസിപ്പൽ എമൗണ്ടിനു തുല്യമായ പലിശയ്ക്ക് സീലിംഗ് ഏർപ്പെടുത്തിക്കൊണ്ട് 10 ലക്ഷം രൂപയുടെ പ്രിൻസിപ്പൽ എമൗണ്ടിന്റെ കുടിശ്ശികയുണ്ടെങ്കിൽ പലിശ ഒരു കാരണവശാലും 10 ലക്ഷത്തിനു മുകളിൽ പ്രിൻസിപ്പൽ എമൗണ്ടിനേക്കാൾ അധികമാകാതെ Amnesty Scheme നടപ്പിലാക്കാൻ ശ്രമിച്ചാൽ 25 കോടി രൂപയല്ല നമുക്ക് ഒരു വലിയ തുക സംസ്ഥാനത്തിന് ടാക്സ് അരിയേഴ്സ് Long pending arrears കളക്ട് ചെയ്യാൻ കഴിയും. ആ നിർദ്ദേശത്തെക്കുറിച്ച് ആലോചിക്കണ്ടേ? റബ്ബറിന്റെ പ്രശ്നം ഇവിടെപറഞ്ഞു. ഒരു കിലോയ്ക്ക് ഇപ്പോൾ 67 രൂപയായിരിക്കുന്നു. പക്ഷേ ടാക്സ് കളക്ഷൻ കൂട്ടാൻ കഴിഞ്ഞിട്ടില്ല. ഈ കഴിഞ്ഞ രണ്ടുമാസക്കാലം പത്തനംതിട്ട ജില്ലയിൽ ടാക്സ് കളക്ഷൻ കൂടിയിട്ടില്ല. കൊല്ലം ജില്ലയിൽ കൂടിയിട്ടില്ല. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധനവ് ഉണ്ടാകുമ്പോൾ എറണാകുളത്താണ് ടാക്സ് കളക്ഷൻ കൂടേണ്ടത്. എറണാകുളത്ത് കേവലം 2.8 ശതമാനത്തിന്റെ വർദ്ധനവേ രണ്ടുമാസംകൊണ്ട് ഉണ്ടായിട്ടുള്ളൂ. ധനകാര്യ വകുപ്പുമന്ത്രി ശ്രദ്ധിക്കുവാൻവേണ്ടിയാണ് ഞാൻ പറയുന്നത്. എറണാകുളത്ത് പെട്രോളിയത്തിന്റെ വില വർദ്ധനവിന്റെ പ്രതിഫലനം ടാക്സ് കളക്ഷനിൽ ഉണ്ടാകണം. ഏപ്രിൽ-മേയ് മാസങ്ങളിൽ അതിന്റെ വർദ്ധനവ് ഉണ്ടായിട്ടില്ല. റബ്ബർ വിൽപ്പന നടക്കുന്ന ജില്ലകളിലൊക്കെ അതിന്റെ വർദ്ധനവ് ഉണ്ടായില്ല. റബ്ബറിന്റെ കാര്യത്തിൽ കള്ളക്കടത്ത് നടക്കുന്നുണ്ട്. പെട്രോളിയത്തിന്റെ കാര്യത്തിൽ കള്ളക്കടത്ത് നടക്കുന്നു. കളളിക്കാട്ട് ചെക്കുപോസ്റ്റിൽ ഇന്റലിജൻസുകാരെ ആക്രമിച്ചുകൊണ്ടാണ് അഞ്ച് ലോഡ് തമിഴ്നാട്ടിലേയ്ക്ക് കടത്തിയത്. റബ്ബറിന്റെ കാര്യത്തിൽ കള്ളക്കടത്ത് തടയാൻ നടപടി സ്വീകരിക്കണം. ഒരുകാര്യംകൂടി പറയുവാൻ ആഗ്രഹിക്കുന്നു. റബ്ബർ പ്ലാന്റേഷൻ കമ്പനികളെയും വൻകിട കമ്പനികളെയും ഗ്രോവേഴ്സായി കണ്ടുകൊണ്ട് ഒരു ശതമാനം മാത്രമേ സി.എസ്.ടി.-യുള്ളൂ. എന്നാൽ ചെറുകിട ഡീലർമാർക്ക് കെ.ജി.എസ്.ടി. അനുസരിച്ച് ടാക്സ് 11 ശതമാനവും അഡീഷണൽ സെയിൽസ് ടാക്സ് 15 ശതമാനവുമാണ്. ഇങ്ങനെ ചെറുകിട ഡീലേഴ്സിൽനിന്നും ഈടാക്കുമ്പോൾ വൻകിട കമ്പനികളുടെ സംസ്ഥാനാന്തര വിൽപ്പനയ്ക്ക് കേവലം ഒരുശതമാനം സി.എസ്.ടി. മാത്രം കൊടുക്കുന്നത് അവസാനിപ്പിക്കണം. ഗ്രോവേഴ്സ് എന്ന ഓമനപ്പേരിൽ വൻകിട കമ്പനിക്കാർക്ക് കൊടുക്കുന്ന കെ.ജി.എസ്.ടി.യുടെ അഡീഷണൽ സെയിൽസ് ടാക്സിന്റെ ആനുകൂല്യം അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. ഒരു കാര്യംകൂടി ഞാൻ ഇവിടെ നിർദ്ദേശിക്കുവാൻ ആഗ്രഹിക്കുന്നു. സിവിൽ കോൺട്രാക്ടേഴ്സിന്റെ അസോസിയേഷൻപോലും യോജിക്കുന്ന കാര്യമാണ്. കോടിക്കണക്കിന് രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കേരളത്തിൽ നടക്കുന്നു. അവരുടെ രജിസ്ട്രേഷൻ എന്തിനാണ്? അവരെ സെയിൽസ് ടാക്സ് ഓഫീസുകളിൽ കയറിയിറക്കി ബുദ്ധിമുട്ടിക്കാതിരിക്കുന്നതാണ് നല്ലതെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ടാക്സ് ഡിഡക്ടഡ് അറ്റ് സോഴ്സ്; സിവിൽ വർക്ക് കഴിഞ്ഞാൽ ബിൽപേമെന്റ് നടത്തുമ്പോൾ ഗ്രോസ് എമൗണ്ടിന്റെ ഒരു നിശ്ചിത ശതമാനം ടാക്സ് കളക്ട് ചെയ്യുക ആ

LIBRARY ARCHIVES Kerala Legislative Assembly

കളക്ഷൻ ഡിപ്പാർട്ടുമെന്റിന് കൊടുക്കുക. രജിസ്ട്രേഷൻ വേണ്ട. കോൺട്രാക്ടർമാർ എസ്.റ്റി. ഓഫീസുകളിൽ കയറിയിറങ്ങി അഴിമതിക്ക് കാരണമാക്കേണ്ട കാര്യമില്ല. അതുകൊണ്ട് സിവിൽ വർക്ക് കോൺട്രാക്ടുകൾക്ക് ഗ്രോസ് എമൗണ്ടിന്മേലുള്ള ഒരു നിശ്ചിത ശതമാനം ടാക്സ് ഏർപ്പെടുത്തിക്കൊണ്ട് സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യം അങ്ങ് ആലോചിക്കണം. കാഷ്വൽ ട്രേഡേഴ്സ് ഉൽസവകാലത്ത്, സീസൺ കാലത്ത് അന്യസംസ്ഥാനങ്ങളിൽ നിന്നും കളള അഡ്രസ്സിൽ ഇവിടെവന്ന് നമ്മുടെ സംസ്ഥാനത്ത് വിൽപ്പന നടത്തി പണം അടിച്ചുകൊണ്ടുപോവുകയാണ്. അത് കേരളത്തിന്റെ സാമ്പത്തിക താൽപ്പര്യത്തിന് എതിരാണ്. അവരുടെ കയ്യിൽനിന്ന് പൂർണ്ണമായിട്ടും അഡ്വാൻസായിട്ട് നികുതി വാങ്ങിയിട്ട് മാത്രമേ ഓണം, ക്രിസ്മസ്, ബക്രീഡ് തുടങ്ങിയ സമയങ്ങളിൽ അമ്പതോ അറുപതോ ദിവസമാണെങ്കിലും ഇവിടെ മേള നടത്താൻ അനുവദിക്കാവൂ. നമുക്ക് കിട്ടേണ്ട തുക വാങ്ങണം. ബ്രാന്റ് നെയിമിൽ വിൽപ്പന നടത്തുന്ന ഉൽപ്പന്നങ്ങളെ സംബന്ധിച്ച് ഉദ്യോഗസ്ഥന്മാർക്ക് കൺഫ്യൂഷനാണ്. അവർക്ക് കൈകാര്യം ചെയ്യാൻ പറ്റുന്നില്ല. ആ കൺഫ്യൂഷൻമാറ്റി ബ്രാന്റ് നെയിമുളള ഉൽപ്പന്നങ്ങളിന്മേൽ നമുക്ക് കിട്ടേണ്ട ടാക്സ് ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ? റവന്യൂ റിക്കവറിയുടെ കാര്യത്തിൽ ഫലപ്രദമായി നടപടി സ്വീകരിച്ച മുഖ്യമന്ത്രിയേയും എന്തൊക്കെ സമ്മർദ്ദം ഉണ്ടായിട്ടും ഇതിൽ ഇടപെടാതിരുന്ന ധനകാര്യ വകുപ്പുമന്ത്രിയേയും ഞാൻ ഈ സന്ദർഭത്തിൽ അഭിനന്ദിക്കുകയാണ്. ടാക്സ് കളക്ഷനിൽ നമ്മൾ മുന്നോട്ടുപോയി. ഇത്രയും ഫലപ്രദമായി ടാക്സ് കളക്ഷൻ രംഗത്ത് മുന്നോട്ടുപോകുന്ന ഈ സംസ്ഥാനത്ത് എട്ട് ഡെപ്യൂട്ടി കമ്മീഷണർമാരുടെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. നാൽപ്പത് ഇൻസ്പെക്ടിംഗ് അസിസ്റ്റന്റ് കമ്മീഷണേഴ്സിന്റെ പോസ്റ്റ് ഒഴിഞ്ഞു കിടക്കുകയാണ്. കോട്ടയത്തെ ഐ.സി.-യാണ് പത്തനംതിട്ടയുടേയും ആലപ്പുഴയുടേയും ഭരണപരമായ ചുമതല വഹിക്കുന്നത്. എഫക്ടീവായിട്ട് പ്രവർത്തിച്ചുകൊണ്ട് ടാക്സ് കളക്ഷൻ നടത്തുന്ന ഒരു ഡിപ്പാർട്ടുമെന്റിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ അടിയന്തിരമായി നികത്താനുളള നടപടി സ്വീകരിക്കണം. കൊമേഴ്സ്യൽ ടാക്സ് കളക്ഷനിൽ എക്സലന്റ് പെർഫോമൻസ് നടത്തിയ ഈ ഗവൺമെന്റിനെ അഭിനന്ദിക്കുന്നതോടൊപ്പം അത് അതിന്റെ പാരമ്യതയിൽ എത്താനുളള ഇച്ഛാശക്തിയോടെ, ദിശാബോധത്തോടെ മന്ത്രിക്കും ഡിപ്പാർട്ടുമെന്റിനും മുന്നോട്ടുപോകുവാൻ കഴിയട്ടെ. എന്നാശംസിക്കുന്നു. ഈ ഡിമാന്റുകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. ജോണി നെല്ലൂർ</u>: സർ, കാർഷികാദായ നികുതിയും വിൽപ്പന നികുതിയും വാർത്താവിതരണവും പ്രചരണവും വൈദ്യുത പദ്ധതികൾ എന്നീ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. കാർഷികാദായ നികുതിയുമായി ബന്ധപ്പെട്ട് എന്റെ സ്നേഹിതൻ ശ്രീ. എം. മുരളിയുടെ അഭിപ്രായത്തോട് പൂർണ്ണമായിട്ടും ഞാൻ യോജിക്കുകയാണ്. കാർഷികാദായ നികുതി പിരിക്കേണ്ടത് നമ്മുടെ സംസ്ഥാനത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ അത്യന്താപേക്ഷിതമാണെന്ന് അംഗീകരിക്കുന്നതോടൊപ്പം മനസ്സിലാക്കാനുള്ള ഒരു കാര്യം കാർഷികാദായ നികുതി പിരിക്കുവാൻ വേണ്ടിവരുന്ന ചെലവും പിരിഞ്ഞുകിട്ടുന്ന തുകയും തമ്മിൽ യാതൊരു പൊരുത്തവുമില്ല എന്ന

LIBRARY ARCHIVES Kerala Legislative Assembly

താണ്. ഇതിനുവേണ്ടി മുടക്കുന്ന വലിയ സാമ്പത്തിക ബാധ്യത, ഉദ്യോഗസ്ഥന്മാരെ തീറ്റിപ്പോറ്റുവാൻവേണ്ടി ചെലവഴിക്കുന്ന വലിയ തുക ഇങ്ങനെ ചെലവഴിക്കേണ്ടതുണ്ടോയെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഗൗരവമായിട്ട് ആലോചിക്കണം. കാർഷിക മേഖലയെ സംബന്ധിച്ച് അപ്പുറത്തും ഇപ്പുറത്തുമുള്ളവർ ആവർത്തിച്ചുപറഞ്ഞതുപോലെ ഇന്ന് വലിയ പ്രതിസന്ധിയിലൂടെ മുന്നോട്ടുപോകുന്ന സാഹചര്യമുള്ള ഈ സംസ്ഥാനത്ത് ഈ കാർഷികാദായ നികുതി പിരിഞ്ഞുകിട്ടാത്ത നികുതിയെന്ന നിലയിൽ അത് തുടർന്നുകൊണ്ടു പോകണമോയെന്നത് മന്ത്രി ഗൗരവമായിട്ട് ആലോചിക്കണം. അത് അവസാനിപ്പിക്കുകയാണ് നല്ലതെന്നാണ് എന്റെ അഭിപ്രായം. കേന്ദ്ര ഗവൺമെന്റ് ആദ്യമായി അവതരിപ്പിച്ച ബഡ്ജറ്റ് നമുക്കൊക്കെ പ്രതീക്ഷ നൽകുന്ന ബഡ്ജറ്റാണ്. ആ ബഡ്ജറ്റിൽ സംസ്ഥാനത്ത് ഉണ്ടായിരിക്കുന്ന ചില ബുദ്ധിമുട്ടുകൾ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടേയും ഗവൺമെന്റിന്റേയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ചുമതലയാണെന്നുള്ളതുകൊണ്ട് പറയട്ടെ, വിദേശ ഇൻഡ്യാക്കാരുടെ നിക്ഷേപമാണ് ഒരു പരിധിവരെ നമ്മുടെ സംസ്ഥാനത്തെ നിലനിർത്തുന്നത്. ആ നിക്ഷേപത്തിന് പലിശ നിരക്ക് കുറച്ചിരിക്കുന്നു. പുതിയ നികുതി ചുമത്തിയതിൽക്കൂടി ഏർപ്പെടുത്തിയിരിക്കുന്നത് വലിയ അനീതിയല്ലേ. നമുക്ക് നിയമസഭ ഒറ്റക്കെട്ടായി ആ നികുതി നിർദ്ദേശത്തെ എതിർക്കണം. വിദേശ നിക്ഷേപത്തിന് പലിശ കുറച്ചുകൊണ്ടുള്ള ആ നടപടിയെ ശക്തമായി എതിർത്തുകൊണ്ട് കേന്ദ്രഗവൺമെന്റിനെ നമ്മുടെ പ്രതിഷേധം അറിയിക്കണം. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് പറയുവാനുള്ള മറ്റൊരുകാര്യം കേന്ദ്ര ബഡ്ജറ്റിൽ പ്രാഥമിക വിദ്യാഭ്യാസത്തിന് മുൻഗണന നൽകി. അത് നല്ല കാര്യമാണ്. നമ്മുടെ സംസ്ഥാനം ആ രംഗത്ത് വളരെ മുന്നിലാണ്. നമുക്ക് അതിന്റെ ആനുകൂല്യമൊന്നും കിട്ടാൻ പോകുന്നില്ല. പൊതുജനാരോഗ്യത്തിന് വലിയ മുൻതൂക്കം കേന്ദ്ര ബഡ്ജറ്റിലുണ്ട്. നമ്മൾ പൊതുജനാരോഗ്യ രംഗത്ത് വളരെ മുന്നിലാണ്. മാനദണ്ഡങ്ങൾ കണക്കാക്കി നമുക്ക് യാതൊന്നും നേടാനില്ലാത്ത സാഹചര്യമാണ് വരുന്നത്. വൈദ്യുതി രംഗത്ത് കൃഷിക്കാരുമായി ബന്ധപ്പെട്ട ചില കാര്യങ്ങളെ കുറിച്ച് നാം ആലോചിക്കണം. കൃഷിക്കാർക്ക് വൈദ്യുതി ഡിപ്പാർട്ടുമെന്റ് ചില ആനുകൂല്യങ്ങൾ നൽകിയിരുന്നു. വൈദ്യുതി കണക്ഷനുകൾക്ക് ചാർജ് നൽകേണ്ടതില്ലെന്ന ഒരു വ്യവസ്ഥയുണ്ടായിരുന്നു. ഇന്ന് എന്താണ്? കാർഷിക ആവശ്യങ്ങൾക്കുവേണ്ടി കൊടുത്തിരുന്ന ആനുകൂല്യങ്ങൾ തെറ്റായ ധാരണയിലൂടെ വൈദ്യുതി വകുപ്പിലെ ഉദ്യോഗസ്ഥന്മാർ കണക്ഷൻ വിച്ഛേദിക്കുന്ന ഒരു നടപടിയുണ്ട്. കൃഷിക്കാരുടെ ഭവനങ്ങളിലേയ്ക്ക് ചെന്ന് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കും. തുക അടച്ചില്ലെങ്കിൽ മറ്റ് നടപടികളിലേയ്ക്ക് പോകുമെന്ന് ഭീഷണിപെടുത്തുന്നു. ആ രീതിയിൽ കാര്യങ്ങൾ വരുമ്പോൾ അതൊക്കെ ചെന്നു നിൽക്കുന്നത്, കാർഷികവൃത്തിയുമായി ഉപജീവനം നടത്തുന്ന കൃഷിക്കാർ ഒരു പക്ഷേ ചിന്തിക്കും, ഇവിടെ ജീവിക്കുവാൻ സാഹചര്യമില്ല, അതുകൊണ്ട് ജീവിതം അവസാനിപ്പിക്കാമെന്ന്. അങ്ങനെ ചിന്തിച്ചാൽ അവരെ നമുക്ക് തെറ്റുപറയാൻ പറ്റില്ല. ഇന്ന് രാവിലെ നിയമസഭയ്ക്കകത്തുനടന്ന വികാര പ്രകടനങ്ങൾ നാമെല്ലാപേരും കണ്ടു. ഇന്നത്തെ പ്രകടനം കണ്ടപ്പോൾ ഒരുകാര്യം ബോധ്യമായി. മിനിഞ്ഞാന്ന് പ്രതിപക്ഷ നേതാവിന്റെ അസാന്നിദ്ധ്യത്തിൽ അടിയന്തിരപ്രമേയം

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുവരുകയും അതിനുശേഷം ചില നാടകങ്ങൾ അരങ്ങേറുകയും ചെയ്തു. അത് ആവശ്യമില്ലായിരുന്നുവെന്ന തോന്നൽ വന്നു. ഇന്ന് ഒന്നുകൂടി പ്രതിപക്ഷ നേതാവിന്റെ സാന്നിദ്ധ്യത്തിൽ കൃഷിക്കാർക്കുവേണ്ടി നമ്മൾ കുറേക്കൂടി വാദിക്കുന്നുവെന്ന് പൊതുജനമധ്യത്തിൽ വരുത്താൻവേണ്ടിയുള്ള ചില അഭ്യാസപ്രകടനങ്ങൾ ഇവിടെ നടന്നു. അതിലൊന്നും കർഷകരോടുള്ള ആത്മാർത്ഥതയല്ല തെളിയുന്നത്. കഴിഞ്ഞ കാലങ്ങളിൽ അപ്പുറത്തിരുന്നുകൊണ്ട് ഫാക്സ് അയയ്ക്കുന്ന ഒരു സംസ്കാരമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ ഏതായാലും നേരെചെന്ന് വർത്തമാനം പറയുന്നുണ്ടല്ലോ? കേരളത്തിലെ കൃഷിക്കാരുടെ താൽപര്യങ്ങൾ സംരക്ഷിക്കണമെന്നുള്ള ആത്മാർത്ഥമായ ആഗ്രഹം ഇപ്പുറത്തുള്ളവർക്ക് ഉണ്ടെങ്കിൽ ഇവിടെ ബഹളം വയ്ക്കുകയല്ല വേണ്ടത്. നമുക്ക് പോകാം. നമുക്ക് എം.പി.-മാരുണ്ടല്ലോ? 29 എം.പി.-മാർ കേരളത്തിലുണ്ടല്ലോ?

ശ്രീ. ടി. കെ. ദേവകുമാർ: മുപ്പതുപേരുണ്ട്.

ശ്രീ. ജോണി നെല്ലൂർ : മുപ്പതിൽ ഒരാൾ പ്രതിപക്ഷത്താണ്. അദ്ദേഹത്തേയും കൂട്ടാം. കേരളത്തിന്റെ താൽപര്യത്തിനുവേണ്ടി അദ്ദേഹം നൂറ് ശതമാനം നമ്മോടൊപ്പം നിൽക്കും. വിഷമിക്കേണ്ട. വർത്തമാനത്തിലൂടെയല്ല പ്രവൃത്തിയിലൂടെവേണം തെളിയിക്കേണ്ടത്.

സർ, വൈദ്യുതി വകുപ്പിന്റെ കാര്യത്തെക്കുറിച്ച് പറഞ്ഞപ്പോൾ ശ്രീ. സുപാൽ ചില കണക്കുകൾ ഇവിടെ അവതരിപ്പിക്കുന്നതു കേട്ടു. സർ, ഇത് വെള്ളരിക്കാപ്പട്ടണമാണോ? കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഞാൻ സബ്ജക്ട് കമ്മിറ്റി III-ൽ അംഗമായിരുന്നു. ഇപ്പോഴും ആ കമ്മിറ്റിയിൽ അംഗമാണ്. ആ കമ്മിറ്റിയുടെ മുമ്പാകെ വന്ന ചില കാര്യങ്ങൾ പരിശോധിച്ചപ്പോൾ ബോധ്യപ്പെട്ട ഒരു കാര്യം, ഇവിടെ ഇടതുപക്ഷത്തിന്റെ കാലത്ത് മീറ്റർ വാങ്ങാൻ കമ്മീഷൻ കൊടുത്തു. എങ്ങനെയാണ്? ഒരു മീറ്ററിന് 1200 രൂപ മുതൽ ചുരുങ്ങിയത് 905 രൂപ വരെയാണ്. അന്ന് ആക്ഷേപമില്ലായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നു. ഇതെങ്ങനെ കുറയ്ക്കുമെന്ന് ആലോചിക്കാനായി പരിശോധിച്ചു. കമ്മീഷൻ വിളിച്ചു. 500 രൂപവരെ ആദ്യം കുറച്ചു. ഇപ്പോൾ 209 രൂപയ്ക്ക് മീറ്റർ കിട്ടുന്ന സംവിധാനമുണ്ടാക്കിയപ്പോൾ നല്ല വാക്കു പറഞ്ഞില്ലെങ്കിൽപ്പോലും, 1200-ൽ നിന്ന് 209-ലേയ്ക്ക് താഴ്ത്തിയപ്പോൾ നല്ല വാക്കു പറയേണ്ട, പക്ഷേ ആക്ഷേപിക്കാൻ പറ്റുമോ? അതാണ് ഞാൻ ചോദിച്ചത് ഇത് വെള്ളരിക്കാപ്പട്ടണമാണോ എന്ന്. യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണണ്ടേ? 21 ചെറുകിട പദ്ധതികൾ ഇപ്പോൾ തുടങ്ങാൻ ഉദ്ദേശിക്കുന്നു എന്നും സർവ്വേ കഴിഞ്ഞു എന്നും ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. സർവ്വേ കഴിഞ്ഞ പദ്ധതികൾ വേറേയുമുണ്ട്. തുടങ്ങിയ പദ്ധതികളാണ്. അതിരപ്പിള്ളി, മലങ്കര എന്നിവയടക്കം പൂർത്തീകരിക്കാത്ത പദ്ധതികൾ എത്രയാണ്? അനാവശ്യമായ തടസ്സവാദങ്ങളാണ്. നമുക്ക് ചെറുകിട ജലവൈദ്യുത പദ്ധതികൾ കഴിയുന്നത്ര പ്രോൽസാഹിപ്പിച്ച് ഇവിടെ വൈദ്യുതിയുടെ ദൗർലഭ്യം കുറയ്ക്കുന്നതിനുവേണ്ടിയുള്ള നടപടികളല്ലേ വേണ്ടത്? അതിന് എല്ലാവരുടേയും സഹകരണമാണ് ആവശ്യം. പാത്രക്കടവു പദ്ധതിയെക്കുറിച്ച് പറഞ്ഞപ്പോൾ ആ പദ്ധതി വേണ്ട എന്ന് ഇപ്പുറത്തുള്ള ചില സ്നേഹിതൻമാർ പറയുന്നത് കേട്ടു. ഈ

LIBRARY ARCHIVES Kerala Legislative Assembly

നാട്ടിൽ പരിസ്ഥിതി വാദമുണ്ട്. ശരിയാണ്. പക്ഷേ പാത്രക്കടവ് പദ്ധതി, പൂയംകുട്ടി പദ്ധതി, സൈലന്റ് വാലി പദ്ധതി എന്നിവ വന്നപ്പോൾ അന്നും എതിർപ്പ്. ഇവിടെ വൈദ്യുതി ഉൽപ്പാദനം കുറഞ്ഞുവെന്നു പറഞ്ഞ് ആക്ഷേപിക്കുന്നവർ തന്നെ ഒരു പദ്ധതി തുടങ്ങാൻ പോകുമ്പോൾ എന്താണ് പറയുന്നത്. വേറെ ആർക്കുമില്ലാത്ത പ്രകൃതിസ്നേഹമാണ്. ശ്രീ. രാജേന്ദ്രനും ശ്രീ. സുപാലുമൊക്കെ പാത്രക്കടവ് പദ്ധതിക്കെതിരായിട്ട് കഴിഞ്ഞ ദിവസം പറയുന്നതു കേട്ടപ്പോൾ സംസ്ഥാനത്തെ ജനങ്ങളുടെ താൽപ്പര്യമല്ല ഇവർക്ക് വലുത് എന്നു മനസ്സിലായി. ഇവിടെ ഒന്നും നടക്കരുതെന്നുള്ള രീതിയിൽ രാഷ്ട്രീയക്കണ്ണുകൊണ്ട് മാത്രം കേരളത്തെ കാണുന്ന ഇതുപോലുള്ള തരംതാഴ്ന്ന രാഷ്ട്രീയപ്രവർത്തനത്തോട് യോജിക്കാൻ കഴിയില്ല. ഇവിടെ കൃഷിക്കാരുടെ കാര്യം പറഞ്ഞു. കുടിവെള്ള പദ്ധതികളിലും ജലസേചന പദ്ധതികളിലുമൊക്കെ കുടിശ്ശികകൾ ഉണ്ട്. ആ കുടിശ്ശിക ഈടാക്കണം. ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം ഓർമ്മിക്കണം. കുടിവെള്ള പദ്ധതികളും ജലസേചന പദ്ധതികളുമൊക്കെ മുടങ്ങിയാലുള്ള ബുദ്ധിമുട്ടിനെക്കുറിച്ച് അങ്ങേയ്ക്കറിയാം. ഏറ്റവും കൂടുതൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ അങ്ങയുടെ മണ്ഡലത്തിലാണ്. അതിന്റെയൊക്കെ വൈദ്യുതി കണക്ഷൻ വിച്ഛേദിച്ചാൽ ഉണ്ടാകുന്ന ബുദ്ധിമുട്ട്, അങ്ങനെയുള്ള കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി കുറേക്കൂടി കാരുണ്യം കാണിക്കണം. ആ പദ്ധതി മുടങ്ങാതിരിക്കാൻ അവിടെ തീർച്ചയായും കുടിശ്ശിക പിരിക്കേണ്ടത് ആവശ്യമാണെങ്കിൽപ്പോലും ബന്ധപ്പെട്ട വകുപ്പുകൾ തമ്മിൽ ഏതെങ്കിലും വിധത്തിൽ കാര്യങ്ങൾ ചെയ്തുകൊണ്ട് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത വിധത്തിൽ കുടിവെള്ള പദ്ധതികളിലും ജലസേചന പദ്ധതികളിലും വൈദ്യുതി വിച്ഛേദിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കണം. സ്ലാബ് സിസ്റ്റത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. സർ, ഇലക്ട്രോണിക് മീറ്റർ ഇന്ന് ഏറ്റവും വലിയ വിഷയമാണ്. ഇതിൽ അപാകതകളുണ്ടെങ്കിൽ പരിഹരിക്കാം, മാറ്റി സ്ഥാപിക്കാം എന്ന് ബഹുമാനപ്പെട്ട മന്ത്രി നിയമസഭയിൽ പറഞ്ഞു. എങ്കിൽപ്പോലും ഒരു കാര്യം പറയുകയാണ്, ഇത് വലിയ ഗൗരവമുള്ള ഒരു വിഷയമാണ്. മലയാളമനോരമ പോലുള്ള പത്രങ്ങൾ ഈ കാര്യത്തെ സംബന്ധിച്ച് നിരവധി ലേഖനങ്ങൾ എഴുതി. പത്രത്തിൽ വരുന്നതു കൊണ്ടുമാത്രം ഇതിനെ നിസ്സാരമായി കാണരുത്. അതിന്റെ ഗൗരവം ഉൾക്കൊണ്ടുകൊണ്ട് ഒരു പഠനം വേണം. എന്താണ് ഈ രംഗത്ത് ഉണ്ടായിരിക്കുന്നത് എന്നതിനെക്കുറിച്ച് ഗൗരവമായിട്ട് ഒരു പഠനം നടത്തി, ജനപ്രതിനിധികളും ജനങ്ങളും അടക്കമുള്ള ആളുകളുടെ ആശങ്ക അകറ്റാൻ വേണ്ടിയുള്ള വലിയൊരു പരിപാടി വൈദ്യുതി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തണം. ശ്രീ. തോമസ് ഉണ്ണിയാടന്റെ മണ്ഡലത്തിൽ ജനങ്ങളേയും ജനപ്രതിനിധികളേയും ഉദ്യോഗസ്ഥൻമാരേയും വിളിച്ചിരുത്തി ഈ കാര്യത്തെ സംബന്ധിച്ച് വലിയ പ്രചാരണ പരിപാടി സംഘടിപ്പിച്ചുകൊണ്ട് ജനങ്ങൾക്കുണ്ടായിരുന്ന ആശങ്കയകറ്റാൻ ചില ശ്രമങ്ങൾ നടത്തി. ആ കാര്യത്തിൽ എന്തു ചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണം. വൈദ്യുതി മോഷണം തടയാൻ ഫലപ്രദമായ ചില കാര്യങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. അതു പോരാ. പ്രസരണ നഷ്ടം തടയാനും ഫലപ്രദമായ നടപടികൾ സ്വീകരിച്ച ഒരു ഗവൺമെന്റാണെന്നുള്ള കാര്യം ഞാൻ അംഗീകരിക്കുന്നു. സബ്സ്റ്റേഷനുകളുടെ പ്രവർത്തനം കുറേക്കൂടി ഊർജ്ജിതമാക്കാൻ അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. സ്ലാബ് നിശ്ചയിക്കുമ്പോൾ ആരോ

LIBRARY ARCHIVES Kerala Legislative Assembly

ഏഴോ അംഗങ്ങളുള്ള ഒരു കുടുംബത്തിന് എത്ര യൂണിറ്റ് കറന്റ് ഉപയോഗിക്കേണ്ടി വരുമെന്ന് ശരാശരി കണക്കെടുക്കണം. അതിനൊരു തുക നിശ്ചയിക്കണം. അതെല്ലാവർക്കും ബാധകമാണ്. അതിനേക്കാൾ കൂടുതൽ ഉപയോഗിക്കുന്ന ഉപഭോക്താക്കളിൽ നിന്നും ചാർജ്ജ് കൂടുതൽ വാങ്ങണം. ശരാശരി ഒരു കുടുംബത്തിന് എത്ര കറന്റ് വേണ്ടിവരും, എന്തെല്ലാം ഇലക്ട്രിക് ഉപകരണങ്ങളുണ്ട് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. അതിനുള്ള ചെലവ് എന്തുവരും, എത്ര വൈദ്യുതി വേണ്ടിവരുമെന്നുള്ള കാര്യം തിട്ടപ്പെടുത്തിക്കൊണ്ട് സ്ലാബ് സിസ്റ്റം നിശ്ചയിക്കണം. കൂടുതൽ ഉപയോഗിക്കുന്നവർ ഉപയോഗിച്ചുകൊള്ളട്ടെ. അതിന് കൂടുതൽ തുക ഈടാക്കണം. ബഹുമാനപ്പെട്ട മന്ത്രി ആ കാര്യത്തെക്കുറിച്ച് ആലോചിക്കണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നമ്മുടെ സംസ്ഥാനത്ത് വൈദ്യുതി ക്ഷാമത്തിന്റെ ഒരു പ്രധാനപ്പെട്ട കാരണം പാലക്കാടുള്ള കറന്റ് തീനി കമ്പനികൾ ചിലതുണ്ട്. അവരെടുക്കുന്ന വൈദ്യുതിക്ക് കയ്യും കണക്കുമില്ല. അവർക്ക് കൺസെഷൻ കിട്ടുന്നുണ്ട്. ആ വൈദ്യുതി ക്രമീകരിച്ച് കേരളത്തിലെ ഉപഭോക്താക്കൾക്ക് കൊടുക്കുന്ന വിധത്തിലുള്ള ഒരു സിസ്റ്റം കൊണ്ടുവന്നുകഴിഞ്ഞശേഷം മാത്രമേ ഇതുപോലുള്ള കറന്റ് തീനി കമ്പനികൾക്ക് വൈദ്യുതി കൊടുക്കാവൂ എന്നൊരു നിബന്ധന ഉണ്ടാക്കാൻ തയ്യാറാകുമോ?

ശ്രീ. ജോണി നെല്ലൂർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ അഭിപ്രായത്തോട് ഞാൻ 100 ശതമാനം യോജിക്കുകയാണ്.

സർ, നമ്മുടെ വാർത്താ വിതരണ വകുപ്പിന് കുറേക്കൂടി തുക കൊടുത്തേ പറ്റൂ. വളരെ പ്രധാനപ്പെട്ട ഒരു വകുപ്പാണത്. ആ വകുപ്പിന് കുറേക്കൂടി തുക വയ്ക്കണം. പക്ഷേ അതോടൊപ്പം പത്രസ്വാതന്ത്ര്യം എന്നു പറഞ്ഞാൽ എല്ലാവരും അതിനുവേണ്ടി വാദിക്കുന്നവരാണ്. നല്ലതാണ്. പക്ഷേ പത്രസ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തുമാകാമെന്ന ധാരണ ശരിയാണോ? ഇതിനൊരു നിയന്ത്രണം വേണ്ടേ? അച്ചടിക്ക് ചില നിയന്ത്രണങ്ങൾ ഉണ്ട്. അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുകയാണ്. ആരെപ്പറ്റിയും എന്തും എഴുതിപ്പിടിപ്പിക്കാനുള്ള സ്വാതന്ത്ര്യമാണോ പത്രസ്വാതന്ത്ര്യം? അതു നാം ആലോചിക്കണം. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ ഗൗരവമായി ആലോചിക്കണം. ദൃശ്യമാധ്യമങ്ങൾ ഉൽക്കണ്ഠാജനകങ്ങളായ വാർത്തകൾ, പലപ്പോഴും നമ്മുടെ സമൂഹത്തെ വലിയ ആശങ്കയിലേയ്ക്കു നയിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്നു. ഇതിനൊരു നിയന്ത്രണം വേണമെന്നല്ല ഞാൻ പറയുന്നത്, ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കാൻ കഴിയുമോ? അത് ഏതു പരിധി വരെ പോകാം, അവാസ്തവ വാർത്തകൾ പ്രസിദ്ധീകരിച്ച് ജനങ്ങളുടെ മനസ്സിനെ വലിയ ആശങ്കയിലേയ്ക്ക് തള്ളിവിട്ട് ആത്മഹത്യയിലേയ്ക്കുപോലും ആളുകളെ നയിക്കുന്ന വാർത്തകൾ പ്രസിദ്ധീകരിക്കുന്ന രീതി ശരിയാണോ എന്ന് ആലോചിക്കണം. പത്രസ്വാതന്ത്ര്യം നിഷേധിക്കണമെന്നല്ല ഞാൻ പറയുന്നത്. അതു നിലനിർത്തിക്കൊണ്ടുതന്നെ എങ്ങനെ കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ആലോചിക്കണമെന്നു പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പരിപൂർണ്ണമായി ഒരിക്കൽക്കൂടി പിൻതാങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ടി. തോമസ്: സർ, ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. ഇടതുപക്ഷഗവൺമെന്റ് തകർത്തെറിഞ്ഞുപോയ കേരളത്തിന്റെ സമ്പദ്ഘടനയെ നേരെ കൊണ്ടുവരാൻ ശക്തമായ നിലപാട് സ്വീകരിച്ച ഒരു ധനകാര്യവകുപ്പും ആ ധനകാര്യവകുപ്പിന് നേതൃത്വം നൽകുന്ന മന്ത്രിയേയും അഭിനന്ദിക്കുന്നു. വിൽപ്പന നികുതി കാര്യങ്ങളിൽ കേരളത്തിന്റെ ചരിത്രത്തിലില്ലാത്ത കളക്ഷൻ നേടിയെടുക്കാൻ കഴിഞ്ഞത് എല്ലാവരുടേയും പ്രശംസ അർഹിക്കുന്ന ഒന്നാണ്. ഇടതുപക്ഷമുന്നണിയുടെ കാലഘട്ടത്തിൽ കളക്ഷന്റെ റേറ്റും ഇപ്പോഴത്തെ കളക്ഷന്റെ തോതും വിലയിരുത്തുന്ന ഏതു സാധാരണക്കാരനുപോലും മനസ്സിലാക്കാൻ കഴിയുന്ന ഒരു യാഥാർത്ഥ്യമാണിത്. ഈ ഗവൺമെന്റിന്റെ നികുതി പിരിച്ചെടുക്കാനുള്ള നിശ്ചയദാർഢ്യം വളരെ പ്രസക്തമാണ്. അതിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. ഒന്നു-രണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഖാദി ഗ്രാമവ്യവസായരംഗത്ത് ഏർപ്പെടുത്തിയിരിക്കുന്ന നികുതി ദയവായി പിൻവലിക്കണം. ആഗോളവൽക്കരണം, ഉദാരവൽക്കരണം തുടങ്ങിയവ പ്രക്ഷുബ്ധമായ വ്യവസായമേഖലയിലുമൊക്കെയുണ്ടായിട്ടുള്ള വമ്പിച്ച ചില മാറ്റങ്ങളെ നേരിടാൻ നമ്മുടെ പരമ്പരാഗത വ്യവസായങ്ങൾക്ക് കഴിയാത്ത സാഹചര്യത്തിൽ ഖാദി ഗ്രമോദ്യോഗ് ഭവന്റെയും ഖാദി ഗ്രാമോദ്യോഗ് വകുപ്പിന്റേയും കീഴിലുള്ള എല്ലാ വ്യവസായങ്ങളേയും നികുതിയിനത്തിൽ നിന്ന് പരിപൂർണ്ണമായി ഒഴിവാക്കി അതുമായി കേന്ദ്രീകരിച്ചു നിൽക്കുന്ന പാവപ്പെട്ട ജനവിഭാഗത്തെ സഹായിക്കാനുള്ള ഉത്തരവാദിത്വം ഈ ഗവൺമെന്റിനുണ്ട്. വളരെ ശക്തമായൊരു നിലപാട് അതിൽ സ്വീകരിക്കണം. ദേശീയ സ്വതന്ത്ര്യ സമരവുമായി ബന്ധപ്പെട്ട്, ഖാദി പ്രചാരണവുമായി ബന്ധപ്പെട്ടു വന്നിട്ടുള്ള ഒരു പുണ്യപ്രവൃത്തിയാണത്. അതുകൊണ്ട് ആ കാര്യത്തിൽ ദയവായി ഗവൺമെന്റ് ശക്തമായൊരു നിലപാട് എടുക്കണം.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: സർ, ഖാദി തുണിത്തരങ്ങൾ കൊട്ടേഷൻ അടിസ്ഥാനത്തിൽ എടുക്കണമെന്നുള്ള ഒരു ഗവൺമെന്റ് ഉത്തരവ് പുതുതായി ഇറക്കിയത് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. പി. ടി. തോമസ്: ബഹുമാനപ്പെട്ട ശ്രീമതി ടീച്ചറടക്കമുള്ള എം.എൽ.എ.-മാർ കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെക്കണ്ട് ഇതുസംബന്ധിച്ച് നിവേദനം നടത്തിയതും അതിനോട് ഗവൺമെന്റ് എടുത്ത അനുഭാവപൂർവ്വമായ നിലപാടു സംബന്ധിച്ചുമൊക്കെ എനിക്ക് വ്യക്തമായ ഒരു ധാരണയുണ്ട്, ഞാൻ അതിനെ അഭിനന്ദിക്കുകയാണ്. അതുകൊണ്ട് ഖാദി ഗ്രാമവ്യവസായ യൂണിറ്റുകൾക്ക് അർഹമായ പ്രാതിനിധ്യം നൽകാൻ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നല്ല ധനകാര്യ കളക്ഷൻ നടത്തിയ മന്ത്രിയെ അഭിനന്ദിച്ചുകൊണ്ടുതന്നെ ഞാൻ പറയുകയാണ്, ഈ online lottery-യുടെ കാര്യത്തിൽ കർക്കശമായ ഒരു നിലപാട് നമുക്ക് വേണം. കേരള ഗവൺമെന്റ് online lottery-യുടെ കാര്യത്തിൽ കർക്കശമായ നിലപാട് ഹൈക്കോടതിയിലും സുപ്രീംകോടതിയിലുമൊക്കെ എടുത്തതിനെ ഞാൻ

അഭിനന്ദിക്കുന്നു. പക്ഷേ എവിടെയോ എന്തോ ഒരു തകരാറുണ്ട്, online lottery-ക്കാരെ ഒരു കാരണവശാലും വിടാൻ പാടില്ല. കോടിക്കണക്കിന് രൂപയുടെ പണം നാട്ടിൽ നിന്നും മോഷ്ടിച്ചുകൊണ്ട്, അല്ലെങ്കിൽ തട്ടിപ്പുനടത്തി പാവപ്പെട്ട തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ തൊഴിലില്ലായ്മയെ ചൂഷണം ചെയ്തുകൊണ്ട് കോടിക്കണക്കിന് രൂപയുടെ തട്ടിപ്പുനടത്തി വലിയൊരു വ്യവസായമായി കേരളത്തിൽ online lottery മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ശക്തമായ നിർദ്ദേശങ്ങൾ കൊടുക്കുകയും ഹൈക്കോടതിയിലും അതുപോലെതന്നെ സുപ്രീംകോടതിയിലുമൊക്കെ ധീരമായ നിലപാട് സ്വീകരിക്കുകയും ചെയ്തതിനെ ഞാൻ അഭിനന്ദിക്കുകയാണ്. പക്ഷേ ആ കാര്യത്തിൽ ലോട്ടറി കേന്ദ്രങ്ങൾ അടച്ചുപൂട്ടിയാൽ മാത്രമേ online lottery-യെ സംബന്ധിച്ചുള്ള ഈ ഗവൺമെന്റിന്റെ നിലപാട് സുശക്തമാകൂ എന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. Online lottery-ക്ക് എതിരെ യാതൊരു വിട്ടുവീഴ്ചയും ചെയ്യാൻ പാടില്ല. ഏതെങ്കിലും ഉദ്യോഗസ്ഥൻ അതിനുവേണ്ടി ഒത്താശ ചെയ്യുന്നുണ്ടെങ്കിൽ ശക്തമായ നടപടിയെടുക്കണം. ആ കാര്യത്തിൽ ധീരമായ നിലപാട് എടുത്തുകൊണ്ടിരിക്കുന്ന ഡയറക്ടറെ ഞാൻ പരസ്യമായി അഭിനന്ദിക്കാൻ തയ്യാറാകുകയാണ്. കേരളത്തിൽ online lottery ഒരു ശൃംഖലപോലെ ഇന്ന് വളർന്നുവന്നിരിക്കുന്നു. Online lottery-യുടെ കാര്യത്തിൽ അടിയന്തിരമായ നിലപാട് സ്വീകരിച്ചുകൊണ്ട് ആ ലോട്ടറി തട്ടിപ്പിൽ നിന്നും ജനങ്ങളെ രക്ഷിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്. ഇന്ന് ബാർ ഹോട്ടലുകളിൽ seconds എന്നപേരിൽ വ്യാപകമായ കച്ചവടം നടക്കുന്നതായി ധാരാളം പരാതിയുണ്ട്, അത് കണ്ടുപിടിക്കാൻ നമ്മുടെ ഉദ്യോഗസ്ഥന്മാർക്ക് കഴിയണം, അതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കണം. അതുപോലെ കർഷകരുടെ ആത്മഹത്യ അടക്കമുള്ള കാര്യങ്ങൾ നിലനിൽക്കുമ്പോൾ തന്നെ കുടിശ്ശിക പിരിക്കുന്ന കാര്യത്തിൽ ശുഷ്ക്കാന്തി പ്രകടിപ്പിക്കുന്നതോടൊപ്പം കെ.എഫ്.സി.-യുടെ കാര്യത്തിൽ കുറച്ചുകൂടി അനുഭാവപൂർവ്വമായ നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പണം പിരിച്ചെടുക്കണ്ട എന്നല്ല, കെ.എഫ്.സി.-യെ ആളുകളെ ആത്മഹത്യയിലേയ്ക്കു നയിക്കുന്ന സ്ഥാപനമായിട്ടല്ല കാണേണ്ടത്, കെ.എഫ്.സി. ആളുകളെ മുന്നോട്ടു നയിക്കാൻ കഴിയുന്ന ഒരു സ്ഥാപനമായി മാറണം. അതുസംബന്ധിച്ച് ഗൗരവകരമായ ഒരു ചർച്ച നടത്തി ആളുകൾക്ക് എങ്ങനെ ആശ്വാസം പകരാൻ കഴിയുമെന്നത് ആലോചിക്കണം. കെ.എഫ്.സി.-യുടെ അരിയേഴ്സ് പിരിച്ചെടുക്കണ്ട എന്നല്ല ഇതിനർത്ഥം, ആ കാര്യത്തിൽ എന്തുചെയ്യാൻ കഴിയുമെന്നുള്ളത് ഗൗരവമായി ആലോചിക്കണം. ബഹുമാനപ്പെട്ട മന്ത്രിതന്നെ ഇതിൽ ചില നിലപാടുകളെടുത്താൽപ്പോലും ആശ്വാസം കിട്ടാത്ത നടപടികളുണ്ട്, ആ കാര്യം പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വില്പനനികുതി തട്ടിപ്പു നടത്തുന്ന ചെക്ക്പോസ്റ്റുകളിലുള്ള ചോർച്ച തടയാൻ ശക്തമായ നടപടി സ്വീകരിക്കണം, പ്രത്യേകിച്ചും ഇടുക്കി ജില്ലയിലെ തമിഴ്നാട് അതിർത്തിയായ ചെക്ക്പോസ്റ്റുകളുടെ പരിശോധന കൂടുതൽ കാര്യക്ഷമമാക്കണം. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

തന്നെ കാസർഗോഡ്, കണ്ണൂർ, പാലക്കാട് ജില്ലകളിലെ ചെക്ക്പോസ്റ്റുകളുടെയൊക്കെ പരിശോധന കുറച്ചുകൂടി കർക്കശമാക്കിയാൽ നമുക്ക് കൂടുതൽ നേട്ടമുണ്ടാക്കാൻ കഴിയും. അതുകൊണ്ട് വില്പന നികുതിയും കാർഷികാദായ നികുതിയും സംബന്ധിച്ച് ഗവൺമെന്റിന്റേയും ബഹുമാനപ്പെട്ട മന്ത്രിയുടേയും നല്ല പ്രവർത്തനങ്ങളെ ഞാൻ ശ്ലാഘിക്കുകയാണ്. ഇലക്ട്രിസിറ്റിയെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാനുണ്ട്, Electricity Supply Act-ൽ 3% ലാഭമുണ്ടാക്കണമെന്ന് നിയമവ്യവസ്ഥയുള്ളതുകൊണ്ട് അത് സർക്കാർ തരാനുണ്ടെന്ന കണക്കിൽ അഡ്ജസ്റ്റുചെയ്തുകൊണ്ടിരിക്കുന്ന സിസ്റ്റം മാറ്റിയിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കേണ്ടതുണ്ട്. കാരണം 2002-2003-ലെ (ബഡ്ജറ്റിലും റവന്യൂ വരുമാനത്തിൽ റവന്യൂ സബ്സിഡി) receivable എന്നുകാണിച്ചിരിക്കുന്നതിൽ 1015 കോടി രൂപ കാണിച്ചിട്ടുണ്ട്. അത് ഈ 3%-ന്റെ അടിസ്ഥാനത്തിലാണോ വരുന്നതെന്നുള്ള ഒരു വിശദീകരണം ആവശ്യമുണ്ട്. 2001-2003-ൽ 35%-വും 2003-2004-ൽ 40%-വും മഴക്കുറവുണ്ടായി, അത് തീർച്ചയായും നമ്മുടെ വൈദ്യുതി ഉല്പാദനത്തെ ബാധിച്ചു. അതോടൊപ്പംതന്നെ 6,700 മില്യൻ യൂണിറ്റ് ഉല്പാദിപ്പിക്കാൻ കഴിയുന്ന ഒരവസ്ഥയുണ്ടായിരിക്കെ നമ്മുടെ ഉല്പാദനം വളരെ കുറഞ്ഞുപോയി. അതോടൊപ്പംതന്നെ 1998-99-ൽ ജലതാപ ഊർജ്ജമിശ്രിതം എന്നുപറയുന്ന ജലവൈദ്യുതിയിൽനിന്നും താപവൈദ്യുതിയിൽനിന്നും നാം എടുത്തുകൊണ്ടിരിക്കുന്ന ഊർജ്ജത്തിന്റെ അനുപാതം 67:33 എന്നായിരുന്നു വെങ്കിൽ 2002-2003 ആയപ്പോൾ 36:64 എന്ന് തിരിച്ചുവന്നു. കേരളത്തിലെ വൈദ്യുതി ബോർഡ് നേരിട്ട എറ്റവും വലിയ പ്രതിസന്ധിയുടെ കാരണം വിലവർദ്ധിച്ച താപവൈദ്യുതി എടുത്ത് നമ്മൾ ഉപയോഗപ്പെടുത്തി എന്നുള്ളതാണ്. അതിനെയൊക്കെ അനുകൂലിച്ചുകൊണ്ട് ഫലപ്രദമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വൈദ്യുതി ബോർഡിനെ ശരിയായ ദിശയിലേയ്ക്ക് നയിക്കാനുള്ള ധീരമായ നിലപാട് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തു നിന്നുമുണ്ടായതിൽ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ഒന്നുരണ്ട് നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്, ഇലക്ട്രിസിറ്റി പർച്ചേസിംഗിന് ഒരു ഏകോപനം വേണം. Materials management computerisation ചെയ്യേണ്ടതുണ്ട്. പല സ്ഥലത്തും തോന്നുന്നപോലുള്ള വാങ്ങലും കൈകാര്യം ചെയ്യലും അവസാനിപ്പിക്കേണ്ടതുണ്ട്. അതുപോലെ മെറ്റീരിയൽസ് വാങ്ങുന്നതിനുള്ള കാലതാമസം ഒഴിവാക്കേണ്ടതുണ്ട്, നേരിട്ട് അത് അന്വേഷിക്കേണ്ടതുണ്ട്. മറ്റൊന്ന് 11 കെ.വി. ലൈൻ ഒരു കിലോമീറ്റർ ദൂരമുണ്ടെങ്കിൽ ഒരു കിലോമീറ്റർ എൽ.ടി. ലൈൻ വേണമെന്നുള്ളതാണ്, 1:1 എന്നുള്ളതാണ് അതിന്റെ നിബന്ധന. അത് പല സ്ഥലത്തും കൃത്യമായി പാലിക്കപ്പെടുന്നില്ല, ധാരാളം transmission loss ഉണ്ടാകുന്നു. അത് പരിഹരിക്കാനുള്ള നടപടിയുണ്ടാകണം. മീറ്റർ വാങ്ങുന്നത് കൺസ്യൂമറുടെ അവകാശമായി കൊടുക്കുന്നതിനെക്കുറിച്ച് ആലോചിച്ചാൽ എന്താണ്? വാട്ടർ അതോറിറ്റിയിൽ അങ്ങനെയല്ലേ? അപ്പോൾ ഈ മീറ്ററിനെക്കുറിച്ചുള്ള പരാതികൾ ഒഴിവാക്കാൻ കഴിയും, അതിന്റെ പരിശോധന ഫലപ്രദമാക്കിയാൽ മതിയെന്നാണ് എനിക്ക്

LIBRARY ARCHIVES Kerala Legislative Assembly

പറയാനുള്ളത്. അതുപോലെതന്നെ ലോകംമുഴുവൻ മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ പോസ്റ്റുകളെല്ലാം നമുക്ക് ആവശ്യമുണ്ടോ? Underground cabling-നെ സംബന്ധിച്ച് നാം ഗൗരവമായി ആലോചിക്കണം. എറണാകുളത്ത് ഇതിന് തുടക്കം കുറിച്ചിട്ടുണ്ടെങ്കിലും കേരളം മുഴുവൻ underground cabling സമ്പ്രദായം നടപ്പാക്കിയാൽ ഭീമമായ transmission loss നമുക്ക് ഒഴിവാക്കാൻ കഴിയും. അതുപോലെതന്നെ ഇലക്ട്രിസിറ്റി ബോർഡിൽ ഒരു നല്ല പബ്ലിക് റിലേഷൻസ് സംവിധാനം ശക്തിപ്പെടുത്തി ജനങ്ങളുമായി കുറച്ചുകൂടി അടുത്തിടപഴകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. മറ്റൊന്ന് കോൺട്രാക്ട് ബില്ലുകളാണ്, ലക്ഷക്കണക്കിന് കോൺട്രാക്ട് ബില്ലുകൾ ഓരോ ഡിവിഷനിലും വരികയാണ്. ഇലക്ട്രിസിറ്റി ബോർഡിനെ കടത്തിലേയ്ക്ക് നയിക്കുന്നതിൽ ഇതിന് പ്രധാന പങ്കുണ്ട്, അത് പരിശോധിക്കുകയും അതിന് നിയന്ത്രണം ഏർപ്പെടുത്തുകയും ചെയ്യാനുള്ള നടപടിവേണം. ഒരുദാഹരണം പറയട്ടെ, post renumbering-ൽ ഒരു ഡിവിഷനിൽ ഒരുമാസം 40,000 രൂപയാണ് സചെലവഴിക്കുന്നത്. അത് ഇലക്ട്രിസിറ്റി വർക്കേഴ്സ് അടക്കമുള്ള ആളുകളെയൊക്കെ ഉപയോഗപ്പെടുത്തി എങ്ങനെ ക്രമീകരിക്കാമെന്ന് ആലോചിക്കണം. പ്രസരണ നഷ്ടം post renumbering മൂലം കമ്പികളുടെ ജോയിന്റ് ശരിയല്ലാത്തതുകൊണ്ട് ഒരു കിലോമീറ്റർ എൽ.ടി. ലൈനിന് 4 സ്ഥലത്ത് earth എടുക്കണമെന്നാണ് നിയമം. ഇത് ലംഘിക്കുന്നതുമൂലം രണ്ട് ശതമാനത്തോളം നഷ്ടമുണ്ടാകുന്നു എന്നാണ് കണക്ക്. അതുപോലെതന്നെ peak load നിയന്ത്രണം പരിപാലിക്കാത്തതുമൂലം വൈകിട്ട് 6 മണി മുതൽ രാത്രി 10 മണിവരെ 2% വൈദ്യുതി നഷ്ടപ്പെടുന്നതായിട്ടാണ് കണക്ക്. അതുപോലെ മോഷണം കാരണം 2% നഷ്ടപ്പെടുന്നു. മീറ്ററിലെ അപാകതകളും മീറ്റർ ഘടിപ്പിക്കാത്തതും മോഷണവുമുൾപ്പെടെ 4% വൈദ്യുതി നഷ്ടപ്പെടുന്നുണ്ട്. അങ്ങനെ 10% വൈദ്യുതി ലാഭിക്കാനുള്ള നടപടിയെടുത്താൽ ഏകദേശം ഒരുശതമാനത്തിന് 20 കോടി രൂപ മുതൽ 40 കോടി രൂപവരെ ലാഭിക്കാൻ കഴിയും. അതുപോലെതന്നെ 30,000 കിലോമീറ്റർ 11 കെ.വി. ലൈനുണ്ട്, അതിന്റെ touching വെട്ടുന്നതിന് 400 രൂപവീതം കണക്കാക്കിയാൽ, വർഷം രണ്ടുപ്രാവശ്യം വെട്ടണം, അതിന് 2.4 കോടിരൂപ ചെലവുവരും. അതുപോലെതന്നെ 1,96,000 എൽ.ടി. ലൈനുണ്ട്, touching മുറിക്കുന്നതിന് 300 രൂപവച്ച് രണ്ടുപ്രാവശ്യം നിശ്ചയിച്ചാൽ ഏകദേശം 11.4 കോടി രൂപവരും. അതുപോലെതന്നെ 32,000 ട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണിക്ക് 1000 രൂപവച്ച് കണക്കാക്കിയാൽ 3.2 കോടി രൂപവരും. അതുപോലെതന്നെ 67 ലക്ഷത്തോളം വരുന്ന ഉപഭോക്താക്കളുടെ മീറ്റർ പരിശോധിക്കാൻ 20 രൂപവച്ച് കണക്കാക്കിയാൽ, ഇതെല്ലാംകൂടി വരുമ്പോൾ വരുന്ന തുക ഇത് മെച്ചപ്പെടുത്തുന്നതിനുവേണ്ടി ചെലവഴിച്ചാൽ നമുക്ക് വളരെയേറെ ലാഭമുണ്ടാക്കാൻ കഴിയും. ഇവിടെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനടക്കം പറഞ്ഞതുപോലെ ഇലക്ട്രിസിറ്റി ബോർഡ് അഴിമതിയിൽ നിന്നും സാധാരണക്കാരുടെയിടയിൽ കടന്നുവരികയും ഇലക്ട്രിസിറ്റി ബോർഡ് വെള്ളാനയാണെന്ന സങ്കല്പം മാറ്റിമറിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

ചെയ്ത ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ പ്രത്യേകം അഭിനന്ദിക്കുന്നു. വർഷങ്ങൾ തുടർന്നുവരുന്ന പദ്ധതിച്ചെലവ് കുറയ്ക്കാൻ പദ്ധതികൾ അടിയന്തിരമായി പൂർത്തിയാക്കാൻ, ഉദാഹരണത്തിന് കുറ്റിയാടി augmentation, എന്റെ മണ്ഡലത്തിലെ മലങ്കര അടക്കമുള്ള പദ്ധതികൾ അനന്തമായി നീണ്ടുപോകുന്ന അവസ്ഥ ഒഴിവാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ഞാനിവിടെ ഇൻഫർമേഷൻ വകുപ്പുമന്ത്രി ശ്രീ. എം. എം. ഹസ്സനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. അദ്ദേഹം വളരെ ദിശാബോധത്തോടുകൂടി പി.ആർ.ഡി.-യെ മുന്നോട്ടു നയിച്ചുകൊണ്ടിരിക്കുകയാണ്. Freedom of Information Bill-ന് രൂപം കൊടുക്കാനുള്ള നടപടിയെ ഞാൻ ശ്ലാഘിക്കുകയാണ്. അതുപോലെതന്നെ ഇൻഫർമേഷൻ വകുപ്പിനെ സജീവമാക്കി സർക്കാരിന്റെ ഔദ്യോഗിക Web Portal 5 വർഷംകൊണ്ട് Information Gateway ആക്കി വളർത്തിയെടുക്കാനുള്ള സംരംഭത്തെ ഞാൻ പ്രത്യേകം അഭിനനന്ദിക്കുന്നു. ഇൻഫർമേഷൻ ഓഫീസുകൾ കേരളത്തിലും ഡൽഹിയിലും കമ്പ്യൂട്ടറൈസ് ചെയ്തുകൊണ്ട് പി.ആർ.ഡി.-ക്കു പ്രത്യേകമായ ഒരു മുഖം അദ്ദേഹം സമ്മാനിച്ചിരിക്കുകയാണ്. അതുപോലെ നെറ്റ് വർക്ക് കണക്ഷൻ എല്ലായിടത്തും വന്നിരിക്കുകയാണ്. കുട്ടികൾക്ക് പരീക്ഷാഫലം അറിയുവാൻ യാതൊരു ബുദ്ധിമുട്ടുമില്ല. യഥാർത്ഥത്തിൽ പി.ആർ.ഡി. ഇപ്പോൾ ജനങ്ങളോടൊപ്പം നിൽക്കുന്ന ഒരു ഡിവിഷനായി മാറിയിരിക്കുകയാണ്. അതുപോലെ മഹാന്മാരുടെ ഡോക്യുമെന്ററികൾ ഉണ്ടാക്കാൻ, ഫിലിംഫെസ്റ്റിവൽ നടത്താനുള്ള, സ്വന്തമായി റിക്കോർഡിംഗ് സ്റ്റുഡിയോ ഉണ്ടാക്കാനുള്ള തീരുമാനം, ഇവയെയെല്ലാം ഞാൻ അഭിനന്ദിക്കുകയാണ്. പത്രപ്രവർത്തകർക്ക് ധാരാളം ആനുകൂല്യങ്ങൾ കൊടുത്തു, ഫീൽഡ് പബ്ലിസിറ്റിയെ പുനഃസംഘടിപ്പിച്ചുകൊണ്ട് മന്ത്രി ചെയ്ത പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. അതുപോലെ കൂടുതൽ പണം കൊടുത്തുകൊണ്ട് ഈ വകുപ്പിനെ ശക്തിപ്പെടുത്താനുള്ള നടപടികൾ ഉണ്ടാകണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ പ്രസംഗിച്ചപ്പോൾ പ്രതിപക്ഷത്തു നിന്നും ശ്രീ. ടി. കെ. ബാലൻ ചില കാര്യങ്ങൾ പറയുകയുണ്ടായി. അദ്ദേഹം അമേരിക്കൻ മോഡൽ കോൺഗ്രസ്സാണെന്നു പറഞ്ഞു. അമേരിക്കൻ മോഡൽ കോൺഗ്രസ്സാണെങ്കിൽ ആ കോൺഗ്രസ്സിന്റെ കേരളപ്പതിപ്പാണ് ഞങ്ങൾ. നിങ്ങൾ ദുഷ്യന്തന്റെയും ശകുന്തളയുടെയും കഥയിൽ ദുഷ്യന്തൻ ചോദിച്ചതുപോലെ ഇവൾ ആര് എന്നു ചോദിക്കുകയാണ്. എ.ഡി.ബി.-യെ കാണുമ്പോൾ ചോദിക്കും ഇവൾ ആര് എന്ന്. കൊക്കകോളയെ കണ്ടാലും പെപ്സിയെ കണ്ടാലും ഈ ചോദ്യം ആവർത്തിക്കും. ഉദാരവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും തുടക്കം കുറിച്ച ഇവർ ഇപ്പോൾ ചോദിക്കുന്ന ചോദ്യം ഇവൾ ആര് എന്നാണ്. ഇവിടെ അല്പം മുമ്പ് ഒരു പരാമർശമുണ്ടായി. പി. സി. ജോർജ്ജിനെ ക്രൂശിക്കണമെന്നു പറഞ്ഞു. ശ്രീ. പി. സി. ജോർജ്ജിനെ മാത്രം ക്രൂശിച്ചാൽ മതിയോ? ശ്രീ. പി. ജെ. ജോസഫിനെ ക്രൂശിക്കണ്ടേ? ഞാൻ ഇടതുപക്ഷമുന്നണിയോടു പറയുകയാണ്, ചരിത്രം നിങ്ങൾക്കു മാപ്പു തരില്ല. കേരളത്തിന്റെ മണ്ണിൽ

LIBRARY ARCHIVES Kerala Legislative Assembly

ബി.ജെ.പി.-ക്കു അക്കൗണ്ട് തുറന്നത് കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റു പാർട്ടിയും സി.പി.ഐ.-യും പി. ജെ. ജോസഫിന്റെ പാർട്ടിയും ഒന്നിച്ചു നടത്തിയ ഒരു ഗൂഢാലോചനയുടെ ഫലമാണ്. നാട്ടിൻ പുറത്തൊരു ചൊല്ലുണ്ട്. "അമ്മാവനെ കുത്തിയ കാള മരുമകനെ വച്ചേയ്ക്കുമോ എന്ന്". ഇവർ ആദ്യം വെട്ടി നിരത്തിയത് മുഖ്യമന്ത്രി ആകേണ്ടിയിരുന്ന ഇവരുടെ പ്രതിപക്ഷ നേതാവിനെത്തന്നെയാണ്. ശ്രീ. വി. എസ്. അച്ചുതാനന്ദനെ വെട്ടി നിരത്തിയവർ ഇന്നു മൂവാറ്റുപുഴയിൽ ശ്രീ. ഇസ്മായിലിനെ വെട്ടി നിരത്തുന്നതിൽ എന്തിനാണ് വിലപിക്കുന്നത്. ഇവർ അമ്മാവനെ കുത്തിയാണ് തുടങ്ങിയത്. അതിനുള്ള പാപപരിഹാരമാണ് ഇന്നു നടന്നുകൊണ്ടിരിക്കുന്നത്. വളരെ നല്ല ദിശാബോധത്തോടുകൂടി മുന്നോട്ടുപോകുന്ന ഐക്യമുന്നണിയുടെ നല്ല പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണിത്. ധനകാര്യ വകുപ്പിനേയും വൈദ്യുതി വകുപ്പിനേയും ഇൻഫർമേഷൻ വകുപ്പിനേയും സംബന്ധിച്ചുള്ള ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി പിന്താങ്ങുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, ഈ ഡിമാന്റുകളെ മുഴുവൻ ഞാൻ എതിർക്കുകയാണ്. ശ്രീ. പി. ടി. തോമസിന്റെ പ്രസംഗം കേട്ടപ്പോൾ എനിക്കു ചിരിയാണ് വന്നത്. കാരണം 20 സീറ്റിൽ 19 സീറ്റിലും പരാജയപ്പെട്ട ഒരു രാഷ്ട്രീയ പ്രസ്ഥാനം എന്നുള്ള നിലയിൽ, ഒരു മുന്നണി എന്നുള്ള നിലയിൽ പുറത്തിറങ്ങി നടക്കാൻ കഴിയാതെ യു.ഡി.എഫ്.ഉം കോൺഗസ്സ് പാർട്ടിയും അതിനെപ്പറ്റി ഒരക്ഷരം മിണ്ടാൻ കഴിയാതെ 20-ൽ 18 സീറ്റ് കയ്യടക്കിയ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ പ്രവർത്തകരെ നോക്കി കൊഞ്ഞനം കുത്തുമ്പോൾ നിങ്ങളെ പുച്ഛിക്കാനേ എനിക്കു കഴിയൂ. ഇനി നിങ്ങളുടെ ഗതി എന്തായിരിക്കും? അതാണ് എനിക്കു മനസ്സിലാകാത്തത്. കോൺഗ്രസ്സിന്റെ പ്രശ്നങ്ങൾ തീർക്കാൻ എ.ഐ.സി.സി.-യുടെ പ്രതിനിധികൾ ഇങ്ങോട്ടു വരുമ്പോൾ ആദ്യം വിമാനത്തിൽ കയറ്റുന്നത് ഒരു കെട്ട് ബർമുഡയാണ്. രണ്ടാമത്തെ വിമാനത്തിലാണ് എ.ഐ.സി.സി.-യുടെ നിരീക്ഷകർ വരുന്നത്. ഇടതുപക്ഷജനാധിപത്യ മുന്നണി എന്താണെന്ന് അറിയാതെ അങ്ങും ശ്രീ. ജോസഫ് എം. പുതുശ്ശേരിയും ഇടതുപക്ഷജനാധിപത്യ മുന്നണിയെ കുറ്റപ്പെടുത്തിയിട്ടു കാര്യമില്ല.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. ജോണി നെല്ലൂർ)

മി. ചെയർമാൻ: അങ്ങേയ്ക്കു തെറ്റുപറ്റി. അങ്ങ് അറിയുന്നതിനുമുമ്പ് ഇടതുപക്ഷജനാധിപത്യ മുന്നണിയെ അറിഞ്ഞ ആളാണ് ഞാൻ.

ശ്രീ. പി. സി. ജോർജ്ജ്: അതുകൊണ്ടായിരിക്കും അങ്ങ് ഇട്ടേച്ചു പോയത്.

ശ്രീ. എ. കെ. ബാലൻ: നിരീക്ഷക സംഘത്തിന്റെ കൂടെ ഒരു വനിതാ മെമ്പർ കൂടി വന്നിട്ട് അവർ പറഞ്ഞത് ഇതു പോലൊരു കാഴ്ച ഞാൻ ഇതുവരെ കണ്ടിട്ടില്ല എന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ്ജ്: അതു സത്യമാണ്. ഞാൻ പറഞ്ഞത് 18 സീറ്റിൽ വിജയം നേടിയ ഇടതുപക്ഷജനാധിപത്യമുന്നണി ഒരു സ്ഥലത്തു 529 വോട്ടിനു തോറ്റപ്പോൾ, അതിന്റെ പരാജയ കാരണമെന്താണെന്ന് അറിയണമെന്നു തീരുമാനമെടുത്തുകൊണ്ട്, എന്തെങ്കിലും പിഴവുകൾ ഉണ്ടായി എങ്കിൽ ആ പിഴവുകൾ നികത്തിക്കൊണ്ട് മേലിൽ അങ്ങനെയൊരു പിഴവുണ്ടാകാൻ പാടില്ല എന്നുള്ള തീരുമാനമെടുത്തുകൊണ്ട് അന്വേഷണം നടത്തുന്ന ഇടതുപക്ഷജനാധിപത്യമുന്നണി രാഷ്ട്രീയ മാന്യതയാണ് കാണിക്കുന്നതെന്നു നിങ്ങൾ മനസ്സിലാക്കണം എന്നാണ്. അല്ലാതെ നിങ്ങളുടെ കൂട്ട് അടിയുണ്ടാക്കുകയല്ല ചെയ്യുന്നത്. ആരെയെങ്കിലും അകത്താക്കാനോ പുറത്താക്കാനോ ഉള്ള ചർച്ചയല്ല നടത്തുന്നത് എന്നു നിങ്ങൾ അറിയണം. അതുകൊണ്ട് മേലിൽ ഇങ്ങനെ സംസാരിക്കരുത്. ശ്രീ. ജോസഫ് എം. പുതുശ്ശേരി ഒരു കാര്യം മനസ്സിലാക്കണം ഞാൻ പുറത്താകുമോ അകത്താകുമോ എന്നുള്ളതല്ല പ്രശ്നം, എന്റെ രാഷ്ട്രീയമായ കാഴ്ചപ്പാട് അനുസരിച്ച് ഇടതുപക്ഷജനാധിപത്യമുന്നണിയിൽ നിൽക്കാൻ ആഗ്രഹിക്കുന്നവനാണ് ഞാൻ. ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ നേതാവ് 1980 മുതൽ 1981 വരെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയിൽ നിന്നു. രാത്രി ഉറങ്ങുന്നതുവരെ ഇ. കെ. നായനാരുടെ ഒപ്പമുണ്ടായിരുന്നു. നേരം വെളുത്തപ്പോൾ കണ്ടില്ല. പിറ്റേ ദിവസം ഇ. കെ. നായനാർ ഏറ്റുമാനൂരിൽ പ്രസംഗിച്ചപ്പോൾ പറഞ്ഞതാണ് ഇക്കാര്യം. രാത്രി മുഴുവൻ മാണി എന്നോടൊപ്പം ഉണ്ടായിരുന്നു. രാവിലെ നോക്കിയപ്പോൾ മാണിയേയും കണ്ടില്ല, എന്റെ അരഞ്ഞാണവും കണ്ടില്ല. ആ മാണിയുടെ പാർട്ടിയല്ല പി. സി. ജോർജ്ജിന്റെ സെക്കുലർ പാർട്ടി എന്ന് മാണിയുടെ ആളുകൾ മനസ്സിലാക്കുന്നത് നന്നായിരിക്കും. ഇതൊരു പേഴ്സണൽ എക്സ്പ്ലനേഷനായി കൂട്ടിയാൽ മതി. ഞാൻ ഇനി വിഷയത്തിലേയ്ക്കു കടക്കട്ടെ. ബഹുമാനപ്പെട്ട എം.എം. ഹസ്സനോട് ഒരു കാര്യം പറയാനുണ്ട്. 27,000 കോടി രൂപയാണ് എൻ.ആർ.ഐ. വഴി ഒരു വർഷം ഈ സംസ്ഥാനത്തു വന്നുകൊണ്ടിരിക്കുന്നത്. ആ 27,000 കോടി രൂപയ്ക്കു ടാക്സ് ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ട് മന്ത്രി ഇവിടെ "പൊട്ടൻ പുട്ടു വിഴുങ്ങിയതുപോലെ" ഇരിക്കുകയാണ്. അങ്ങു മിണ്ടിയോ? അങ്ങു മിണ്ടണ്ടേ? ഈ സഭയിൽ അക്കാര്യം അവതരിപ്പിച്ച്, ഇവിടത്തെ അംഗങ്ങളുടെ വികാരം മുഴുവൻ കേന്ദ്രഗവൺമെന്റിനെ അറിയിക്കാനുള്ള നടപടികൾ സ്വീകരിക്കണ്ടേ? ദുബായിലും മസ്ക്കറ്റിലും മാത്രം പോയാൽ മതിയോ? ഡൽഹിയിൽ ഇരിക്കുന്ന രാജാക്കന്മാരെക്കൂടി പോയിഒന്നു കാണണം. എന്നിട്ടു പറയണം, ഈ പരിപാടി ശരിയല്ല, ഈ കൊച്ചു കേരളത്തോടു കാണിക്കുന്നത് മര്യാദകേടാണ്. ഞങ്ങൾ അതു സമ്മതിക്കില്ല. ഇതു പറയാനുള്ള മര്യാദ കാണിക്കണം എന്നു മാത്രമാണ് എനിക്ക് പറയാനുള്ളത്. എനിക്ക് ഇലക്ട്രിസിറ്റി മന്ത്രിയെക്കുറിച്ചു പരാതിയില്ല. ഞാൻ ചോദിക്കട്ടെ, എന്തിനാണ് തൊട്ടാൽ പൊള്ളുന്ന ഈ മീറ്റർ? ഈ പരിപാടി നിർത്തുന്നുണ്ടോ? കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇലക്ട്രിസിറ്റി ബോർഡ് ഈ വിധത്തിൽ ജനങ്ങളെ കൊള്ളയടിക്കാൻ ശ്രമിക്കുന്നത്. ഇലക്ട്രിസിറ്റി ബോർഡ് അറിയാതെയാണോ ഇലക്ട്രോണിക് മീറ്റർ ഓടുന്നത്? ഉദ്യോഗസ്ഥന്മാർ മുഴുവൻ

അറിഞ്ഞുകൊണ്ട്, മന:പൂർവ്വം ജനങ്ങളുടെ പോക്കറ്റടിക്കുന്ന ഇലക്ട്രോണിക് മീറ്റർ കൊണ്ടുവച്ചിരിക്കുകയാണ്. 230 രൂപയാണ് ഇതിനു വില. ബഹുമാനപ്പെട്ട മന്ത്രിയോടു ഞാൻ പറയുകയാണ് ഇപ്പോൾ നിങ്ങൾ കൊണ്ടുവച്ചിരിക്കുന്ന മീറ്റർ 150 രൂപയ്ക്കു ഞാൻ തരാം. ബോംബെ-കൽക്കട്ട തെരുവുകളിൽ വിൽക്കുന്ന നാണം കെട്ട മീററാണ് ഇത്. എത്ര വീടുകളാണ് ഇതുകൊണ്ട് കത്തിപ്പോയത്. വീടുകൾ മാത്രമാണോ കടകൾ കത്തി നശിച്ചില്ലേ? കൊല്ലത്ത് മീറ്റർ കമ്പനിയില്ലേ? ആ പൊതുമേഖലാ സ്ഥാപനത്തിലെ തൊഴിലാളികളെ പിരിച്ചുവിട്ടുകൊണ്ട്, ആ പൊതുമേഖലാ സ്ഥാപനം നശിപ്പിക്കാൻ ആർക്കാണ് അവകാശം? യാതൊരു കാരണവശാലും ഇതംഗീകരിക്കാൻ പറ്റില്ല. 27 ലക്ഷം മീറ്ററുകൾ വാങ്ങുമ്പോൾ അധിക വരുമാനം 230 കോടി രൂപ. കറന്റ് മോഷ്ടിക്കുന്ന കക്ഷികളെ അതിന് അനുവദിക്കാൻ പാടില്ല. ശക്തമായ നടപടി സ്വീകരിക്കണം. അതിനു ബഹുമാനപ്പെട്ട മന്ത്രിക്ക് പരിപൂർണ്ണ പിന്തുണ നൽകുകയാണ്. പക്ഷേ ഉപയോഗിക്കാത്ത കറന്റിന് ചാർജ്ജ് അടയ്ക്കണമെന്നു പറഞ്ഞാൽ എങ്ങനെയാണ്? ഇതു പോക്കറ്റടിക്കു തുല്യമല്ലേ? 27 ലക്ഷം മീററുകൾക്ക് 230 കോടി രൂപയാകുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിന് നഷ്ടം നികത്താൻ ആയിരം കോടി രൂപ. കേരളത്തിലെ ജനങ്ങളുടെ പോക്കറ്റടിക്കാനുള്ള ശ്രമമാണ് ഇതിലൂടെ ഇലക്ട്രിസിറ്റി ബോർഡ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതു അംഗീകരിക്കാൻ പറ്റില്ല. ആർക്കും വേണ്ടാത്ത ഈ മീറ്റർ കച്ചവടം നിർത്തിയിരിക്കുന്നു എന്നു മന്ത്രി ഇന്നു പ്രഖ്യാപിക്കണം. പൊതുമേഖലാ സ്ഥാപനങ്ങൾ, നല്ല മീറ്റർ ഉണ്ടാക്കി ഉപഭോക്താക്കൾക്ക് കൊടുക്കും. നല്ല മീററുകൾക്കു മാത്രമേ ഇനി പണം വാങ്ങുകയുള്ളൂ എന്ന ഒരു തീരുമാനമെടുക്കാനുള്ള മര്യാദ ഇലക്ട്രിസിറ്റി ബോർഡ് പ്രകടിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രി അതിനു നിർദ്ദേശം നൽകണം എന്നു മാത്രം പറഞ്ഞുകൊണ്ട് ഈ ഡിമാന്റുകളെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു.

ശ്രീ. വി. സി. കബീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എന്റെ സ്നേഹിതൻ ശ്രീ. എം. മുരളിയും ശ്രീ. പി. ടി. തോമസും ധനകാര്യ വകുപ്പിലെ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിന് ഫുൾ സർവ്വീസ് എൻട്രി കൊടുക്കുന്നത് കാണാൻ കഴിഞ്ഞു. ഞാൻ സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിനെ നോക്കുന്നത് വാളയാർ ചെക്ക്പോസ്റ്റിലൂടെയാണ്. വാളയാർ ചെക്ക് പോസ്റ്റിൽ നടക്കുന്ന അഴിമതിയെക്കുറിച്ച്, കൊള്ളയെക്കുറിച്ച് ഞാൻ ഈ സഭയിൽ പലപ്രാവശ്യം പറഞ്ഞിട്ടുള്ളതാണ്. ശ്രീ. തച്ചടി പ്രഭാകരൻ ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുമ്പോൾ എന്റെ ആരോപണത്തെത്തുടർന്ന് അദ്ദേഹം വേഷംമാറി വാളയാർ ചെക്കുപോസ്റ്റിൽ പരിശോധന നടത്തിയിട്ട് കബീർ മാഷ് പറഞ്ഞത് നൂറുശതമാനവും ശരിയാണെന്ന് തിരിച്ചു വന്നു പറഞ്ഞു. ശ്രീ. ഉമ്മൻചാണ്ടി ധനകാര്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴും അതേയനുഭവമുണ്ടായി. അതിൽ നിന്നും ഒരു മാറ്റവും ശ്രീ. കെ. ശങ്കരനാരായണൻ ധനകാര്യ മന്ത്രിയായപ്പോഴുമുണ്ടായിട്ടില്ല. ഇപ്പോഴും അവിടെ കൊള്ളയാണ് നടക്കുന്നത്. പെൺകുട്ടികളെ കെട്ടിക്കാനുള്ള സെയിൽസ് ടാക്സിലെ ഉദ്യോഗസ്ഥൻമാർ, പുതുതായി വീടു വയ്ക്കാൻ

1 p.m.]

LIBRARY ARCHIVES Kerala Legislative Assembly

ഉദ്ദേശിക്കുന്ന സെയിൽസ് ടാക്സിലെ ഉദ്യോഗസ്ഥൻമാർ ഒരു മൂന്നു മാസത്തെ നിയമനം വാങ്ങിയാണ് അവിടെ പോകുന്നത്. തിരിച്ചു വരുമ്പോൾ ചാക്കിലാണ് കറൻസി കൊണ്ടുവരുന്നത്. ഇത് ഇപ്പോഴും മാറിയിട്ടില്ല. ഇത് മാറ്റാൻ കഴിയുമെന്നും തോന്നുന്നില്ല. അങ്ങനെയാണ് അവിടത്തെ കാര്യങ്ങളുടെ കിടപ്പ്. പച്ചക്കറി കൊണ്ടുവരുന്ന വണ്ടികളെയും പഴം കൊണ്ടു വരുന്ന വണ്ടികളേയും മാസപ്പടി കൊടുത്തില്ലെങ്കിൽ ചെക്കുപോസ്റ്റുകളിൽ പിടിച്ചിടുകയാണ്. പച്ചക്കറി കച്ചവടം ചെയ്യുന്നവരും, പഴക്കച്ചവടം ചെയ്യുന്നവരുമൊക്കെ കഷ്ടമനുഭവിക്കുകയാണ്. ഇതിനൊക്കെ പരാതികൾ ഞാൻ തന്നെ നൽകിയിട്ടുണ്ട്. അവിടെ നിയമനം കിട്ടാൻ മന്ത്രിക്ക് കാശ് കൊടുക്കേണ്ടിവരുമെന്ന് തോന്നുന്നില്ല. അല്ലാതെ കാശുവാങ്ങുന്നവരുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇതൊരു വൃത്തികെട്ട ഏർപ്പാടാണ്. നിങ്ങൾ കച്ചവടക്കാരുമായി ഏറ്റുമുട്ടാതെ ദിനംപ്രതി നികുതിയുടെ കാര്യത്തിൽ ഒരു സമവായമുണ്ടാക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. വൈദ്യുതിയുടെ കാര്യത്തിലാണെങ്കിൽ വൈദ്യുതി വകുപ്പ് നേരെയാവില്ല. അങ്ങനെയാണ് അതിന്റെ കിടപ്പ്. എത്രനാൾ ഞങ്ങൾ പരാതിയും ആക്ഷേപവും കൊടുത്തിട്ടുണ്ട്. ഇപ്പോൾ കാറ്റടിച്ചാൽ ഓടുന്ന ഇലക്ട്രോണിക്സ് മീറ്ററിനെക്കുറിച്ചാണ് പരാതി. വൈദ്യുതിയുടെ കുറവിനെക്കുറിച്ച് നമുക്കറിയാം. പുതിയ താപനിലയങ്ങൾ ഉണ്ടാക്കാൻ കഴിയില്ല. ആണവ നിലയമുണ്ടാക്കാനെ നമുക്ക് കഴിയില്ല. പരിസ്ഥിതി വാദികൾ അതനുവദിക്കുകയുമില്ല. നമുക്ക് കൊച്ചു കൊച്ചു ജലവൈദ്യുത പദ്ധതികളെക്കുറിച്ച് ആലോചിച്ചുകൂടെ. ഇങ്ങനെ എന്തിനാണ് പിശുക്ക് കാണിക്കുന്നത്. പാലക്കാട് ജില്ലയ്ക്കും മലപ്പുറം ജില്ലയ്ക്കും പ്രയോജനപ്പെടുന്ന പാത്രക്കടവ് പദ്ധതിയ്ക്ക് ഞാൻ അനുകൂലമാണ്. ആരൊക്കെ എതിർത്താലും ആ പദ്ധതി കേരളത്തിനാവശ്യമാണ്. വൈദ്യുതി വേണമെന്ന് പറയുകയും പിന്നെ സമരം നടത്തുകയും കൂടി ചെയ്താൽ പറ്റില്ലല്ലോ. നമുക്ക് വൈദ്യുതി വേണം, ചെറുകിട പദ്ധതികൾ വേണം. പാത്രക്കടവ് പദ്ധതി വരുമ്പോൾ ആകെ നാല് ഹെക്ടർ വനഭൂമിയാണ് അവിടെ നഷ്ടപ്പെടുന്നത്. പാത്രക്കടവ് പദ്ധതിക്കെതിരെ പെരുമ്പറ മുഴക്കുകയാണ്. അവർ കണ്ടിട്ട് അഭിപ്രായം പറയട്ടെ. പ്രായോഗികമായ അഭിപ്രായമാണെങ്കിൽ നമുക്ക് അനുകൂലിക്കാം. അതുകൊണ്ട് പാത്രക്കടവ് പദ്ധതി ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ഈ പദ്ധതിയാരംഭിച്ചാൽ 70 മെഗാവാട്ട് വൈദ്യുതി അവിടെ നിന്നും കിട്ടുമെന്നാണ് എന്റെ പ്രതീക്ഷ. അവിടെ ആനകൾക്ക് സഞ്ചരിക്കാൻ തടസ്സമാകുമെന്നാണ് ചിലർ പറയുന്നത്. അവിടത്തെ ജനങ്ങൾ ഈ പദ്ധതിയാഗ്രഹിക്കുന്നുണ്ട്. പാലക്കാട് ജില്ലാ പഞ്ചായത്ത് വളരെ പ്രതീക്ഷയോടുകൂടിയാണ് മീൻവല്ലം പദ്ധതിക്കു വേണ്ടി മൂന്നു കോടി രൂപ ചെലവാക്കിയത്. അവിടത്തെ എല്ലാ എം.എൽ.എ-മാരും അന്നത്തെ മന്ത്രിയും ആ പദ്ധതി ആഗ്രഹിക്കുകയും ജില്ലാ പഞ്ചായത്തിന് നേതൃത്വം കൊടുക്കുകയും ചെയ്തു. ഞങ്ങളൊക്കെ ആ പദ്ധതിയുടെ തറക്കല്ലിടാൻ പോയതാണ്. പക്ഷെ നിങ്ങൾ ചിറ്റമ്മ നയമാണ് ആ പദ്ധതിയോട് കാണിച്ചിരിക്കുന്നത്. ജില്ലാ പഞ്ചായത്ത് മൂന്നു കോടി രൂപ ചെലവാക്കിക്കഴിഞ്ഞു ഏഴ് കോടി രൂപ നിങ്ങളുടെ കൈയിൽ നിന്നും കൊടുക്കണമെന്നല്ല പറയുന്നത്,

LIBRARY ARCHIVES Kerala Legislative Assembly

ഗ്യാരന്റി വേണമെന്നാണ് പറയുന്നത്. ഈ ഗവൺമെന്റ് കോടിക്കണക്കിന് രൂപയുടെ ഗ്യാരന്റി കൊടുത്തത് നമുക്കറിയില്ലേ. പിന്നെയെന്താണ് ഏഴ് കോടി രൂപയുടെ ഗ്യാരന്റി കൊടുക്കാൻ പിശുക്ക് കാണിക്കുന്നത്? ഇതാരുടേയും തറവാട്ട് മുതലല്ലല്ലോ. അതുകൊണ്ട് പാലക്കാട് ജില്ലയിൽ ആരംഭിച്ചിട്ടുള്ള മീൻവല്ലം പദ്ധതിക്ക് ഗ്യാരന്റി കൊടുക്കാൻ ഗവൺമെന്റ് താൽപര്യം കാണിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കുരിയാർകുറ്റി കാരപ്പാറ പദ്ധതി മലബാറിന്റെ മുഴുവൻ പ്രതീക്ഷയാണ്. ഏറ്റവും പൊക്കത്തിൽ നിന്നും വെള്ളം ഒഴുക്കി രണ്ടോ മൂന്നോ പ്രാവശ്യം വൈദ്യുതിയെടുക്കാൻ സൗകര്യമുള്ള ആ പദ്ധതിയെ സംബന്ധിച്ചും 'കമാ' എന്നൊരക്ഷരം നിങ്ങൾ മിണ്ടുന്നില്ല. കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്കുവേണ്ടിയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. കറന്റ് തീനി കമ്പനികളെക്കുറിച്ച് എത്രയോ പ്രാവശ്യം ഇവിടെ പറഞ്ഞതാണ്. കറന്റ് തീനി കമ്പനികൾക്ക് പരവതാനി വിരിക്കുന്നത്, ഗൂഡ് സർവ്വീസ് എൻട്രി കൊടുക്കുന്നതു പോലെ, അവർക്ക് എത്ര വേഗത്തിലാണ് നിങ്ങൾ ലൈസൻസ് കൊടുക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഇടതുപക്ഷ മുന്നണി ഗവൺമെന്റ് ഭരിക്കുമ്പോൾ ഒരു യൂണിറ്റ് കറന്റ് ഒരു രൂപ നാൽപ്പത് പൈസയ്ക്ക് കൊടുത്തതാണ്. ഇപ്പോൾ അത് മൂന്നു രൂപ നാൽപ്പത് പൈസയാണ്. ഇതിന്റെ ഭാഗമായിട്ടാണ് പാലക്കാട് പുതുശ്ശേരി മേഖലയിലെ 44 വൻകിട ഇടത്തരം വ്യവസായങ്ങളും 150 എസ്.എസ്.എ. യൂണിറ്റുകളും അടച്ചുപൂട്ടിയത്. ഇതുമൂലം പതിനൊന്നായിരത്തോളം തൊഴിലാളികൾ പട്ടിണി കിടക്കേണ്ടി വന്നു. അതുകൊണ്ട് ഈ ഗവൺമെന്റ് എടുത്തിട്ടുള്ള നയസമീപനം തിരുത്താൻ അങ്ങ് മന്ത്രിയോട് നിർദ്ദേശിക്കുമോ?

ശ്രീ. വി. സി. കബീർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ പറഞ്ഞത് അക്ഷരാർത്ഥത്തിൽ ശരിയാണ്. കറന്റ് തീനി കമ്പനികൾക്ക് പരവതാനി വിരിച്ചുകൊടുക്കുന്ന നയം സ്വീകരിക്കുന്നതുകൊണ്ടാണ് ചെറുകിട കമ്പനികൾ പൂട്ടാനുള്ള സാഹചര്യമുണ്ടാകുകയും പതിനായിരത്തിലധികം തൊഴിലാളികൾ പട്ടിണി കിടക്കേണ്ട സാഹചര്യവും ഉണ്ടാകുന്നത്. ഇത് ഗവൺമെന്റിന് ഭൂഷണമാണോ, അത് നിങ്ങൾ ആലോചിക്കണം. നിങ്ങൾ നയമുണ്ടാക്കുകയും നടപ്പിലാക്കുകയും വേണം. അത് നിങ്ങളുടെ കടമയാണ്. കറന്റ് തീനി കമ്പനികൾക്ക് ലൈസൻസ് കൊടുക്കാൻ പാടില്ല. കൊടുത്തവയിൽ നിന്നൊക്കെ ആവശ്യമായ ചാർജ്ജ് ഈടാക്കണം. ജനോപകാരപ്രദമല്ലാത്ത, ജനങ്ങളെ ദ്രോഹിക്കുന്ന ഇലക്ട്രോണിക്സ് മീറ്ററുകളെല്ലാം മാറ്റണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. എം. എ. വാഹീദ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. നികുതി പിരിച്ചെടുക്കുന്ന കാര്യത്തിൽ റിക്കാർഡ് സ്ഥാപിച്ചുകൊണ്ടാണ് ഈ സർക്കാർ നിൽക്കുന്നത്. ഇത്രയേറെ നികുതി പിരിക്കാൻ കഴിഞ്ഞിട്ടുള്ള ഒരു കാലഘട്ടം കേരള ചരിത്രത്തിലുണ്ടായിട്ടില്ല. നികുതി വരുമാനം വർദ്ധിച്ചതുകൊണ്ട് സർക്കാരിന്റെ വരുമാനവും വർദ്ധിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ പ്രധാന കാരണം മെച്ചപ്പെട്ട ധനകാര്യ മാനേജുമെന്റാണ്. ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്ന വകുപ്പുമന്ത്രിയെ അഭിനന്ദിക്കുന്നതോടൊപ്പം ഞാൻ ഒരുകാര്യം കൂടി പറയുകയാണ്. കേരളത്തിലെ പാവപ്പെട്ട രോഗികൾക്ക് ചികിൽസാ സഹായം കൊടുക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടുണ്ട്. ആ ഫണ്ടിൽ നിന്നും കുറച്ചുനാളായി പാവപ്പെട്ട രോഗികൾക്ക് സഹായം കിട്ടാത്ത ഒരു സ്ഥിതിവിശേഷമുണ്ട്. അതുകൊണ്ട് മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും എനിക്ക് പറയുവാനുള്ളത് ഒന്നുകിൽ പിരിച്ചെടുത്ത നികുതിയിൽ നിന്ന് ഒരു വിഹിതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ കൊടുക്കുകയോ അല്ലെങ്കിൽ ഇതിനുമുൻപ് ചെയ്തതുപോലെ ഒരു ലോട്ടറി ഇതിനുവേണ്ടി മാറ്റിവച്ചാൽ ജനപ്രതിനിധികൾ ഇറങ്ങി ആ ലോട്ടറിക്ക് ഏറ്റവും കൂടുതൽ കളക്ഷനുണ്ടാക്കാനുള്ള ശ്രമം നടത്താം. ഒരുപാട് ഒരുപാട് കാൻസർ രോഗികളും തീരാവ്യാധികൾ പിടിപെട്ട കർഷകത്തൊഴിലാളികൾ, കർഷകത്തൊഴിലാളികളുടെ മക്കൾ അങ്ങനെ നിർദ്ധനരായ കുടുംബത്തിൽപ്പെട്ട നിരവധിയാളുകൾ ഈ ചികിൽസാ സഹായം കിട്ടി രക്ഷപ്പെടുമെന്ന പ്രതീക്ഷയിലിരിക്കുകയാണ്. അതുകൊണ്ട് കഴിയുമെങ്കിൽ അടുത്തു വരുന്ന ലോട്ടറി തരുകയാണെങ്കിൽ ആ ലോട്ടറി വിറ്റ് കൂടുതൽ പണം അടിയന്തിരമായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലെത്തിച്ച് ഈ രോഗികളെ രക്ഷിക്കാൻ കഴിയുമെന്നാണ് എനിക്ക് അറിയിക്കാനുള്ളത്. വാർത്താ വിതരണ വകുപ്പ് നല്ലതുപോലെ പ്രവർത്തിക്കുന്ന ഒരു വകുപ്പാണ്. പക്ഷെ അതിന് ഫണ്ടില്ല. സർക്കാരിന്റെ നല്ല കാര്യങ്ങൾ ജനങ്ങൾക്ക് മുന്നിൽ എത്തിക്കേണ്ട ജോലി ചെയ്യുന്ന ഒരു വകുപ്പാണ് വാർത്താ വിതരണ വകുപ്പ്. സർക്കാരിന്റെ വിവിധ പദ്ധതികൾ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനാവശ്യമായ പ്രചരണം വേണം. ആ പ്രചരണമെത്തിക്കാൻ ഈ വകുപ്പിന് പണം വേണം. അതുകൊണ്ട് എത്രയും വേഗം കൂടുതൽ പണമനുവദിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. ഇവിടെ ശ്രീ.പി.സി. ജോർജ്ജ് വൈദ്യുതി വകുപ്പിനെക്കുറിച്ച് ആക്ഷേപങ്ങൾ നടത്തി. അദ്ദേഹം ക്ളീയറായിട്ട് ഒന്നും പറയാതെയാണ് കടന്നുപോയത്. വൈദ്യുതി വകുപ്പ് കൂടുതൽ തുകയ്ക്ക് കറണ്ട് വാങ്ങി കുറച്ചു തുകയ്ക്ക് വിൽക്കുന്ന വകുപ്പാണ്.

ശ്രീ. വർക്കല കഹാർ: എൽ.ഡി.എഫ്-ന്റെ മഹത്വത്തെക്കുറിച്ച് പ്രസംഗിക്കുന്നവർ അഞ്ചണയ്ക്ക് ഗതിയില്ലാത്തവൻ ആനയ്ക്ക് വിലപറയുന്നതുപോലെയാണെന്ന് അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. എം. എ. വാഹീദ്: അദ്ദേഹത്തിനെ ഇടതുമുന്നണിയിൽ എടുത്തിട്ടുമില്ല, അദ്ദേഹം ഇടതുമുന്നണിയിലുമില്ല. ത്രിശങ്കു സ്വർക്ഷത്തിൽ നിൽക്കുന്ന ഒരു മനുഷ്യനാണ്. അദ്ദേഹത്തെക്കുറിച്ച് ഇത് പറഞ്ഞിട്ട് ഒരു കാര്യവുമില്ല. ഇപ്പോൾ അപ്രന്റീസാണ്. അപ്രന്റീസുമല്ല, പ്രൊബേഷണറിയാണ്.

ശ്രീ. ബി. വിജയകുമാർ: അദ്ദേഹത്തിനെ വിടുന്നതാണ് നല്ലത്. ഇടതുമുന്നണിയുടെ സമുന്നതരായ നേതാക്കൾ മൂവാറ്റുപുഴ തെരഞ്ഞെടുപ്പിൽ വോട്ട് കുറഞ്ഞതിനെക്കുറിച്ച് ഇന്നലെ നടത്തിയ തെളിവെടുപ്പ് എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

ദൃശ്യമാധ്യമങ്ങളിലുമുണ്ടായിരുന്നു. ജോസഫ് ഗ്രൂപ്പ് അടക്കം സി.പി.ഐ., സി.പി.ഐ.(എം) എല്ലാപേരും ഏക സ്വരത്തിൽ ശ്രീ.പി.സി. ജോർജ്ജിനെ പ്രതിയാക്കിയതിനെപ്പറ്റി അങ്ങയ്ക്ക് അറിയാമോ?

ശ്രീ. എം. എ. വാഹീദ്: ഇപ്പോൾ അദ്ദേഹം പ്രതിക്കൂട്ടിലാണ്. എന്നാണ് ജയിലിലാകുന്നതെന്ന് അറിയില്ല. വൈദ്യുതി വകുപ്പിനെക്കുറിച്ച് പറയുകയാണെങ്കിൽ പ്രധാനമായും കറണ്ടടിച്ചാണ് ആളുകൾ മരിക്കുന്നത്. വൈദ്യുതി ബോർഡിന്റെ പോസ്റ്റുകളിൽക്കൂടി ചാനലുകളുടെ കേബിളുകൾ പോകുന്നുണ്ട്. ഈ കേബിളുകളെല്ലാം പൊട്ടി മാല പോലെ കിടക്കും. വഴിയേപോകുന്ന ടൂവീലറുകാർ ഈ കേബിളിൽ കുടുങ്ങി മരിച്ച ഒരുപാട് സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. കേബിൾ സ്ഥാപിക്കുന്നതിന് ചാനലുകൾ വല്ല പണവും തരുന്നുണ്ടോ; തരുന്നുണ്ടെങ്കിൽ എന്തുകൊണ്ട് അതിന്റെ മെയിന്റനൻസ് കാലാകാലങ്ങളിൽ നടത്തുന്നില്ല? കേബിളുകൾ പോസ്റ്റുകളിൽക്കൂടി വലപോലെ കിടക്കുകയാണ്. കൊച്ചു കുട്ടികൾ സ്കൂളിൽ പോകുമ്പോൾ ഈ കേബിൾ മാലകളിൽ തൂങ്ങിക്കളിക്കുന്ന സ്ഥിതിയുണ്ട്. അത് ഇലക്ട്രിക് കേബിളാണോ ടി.വി. കേബിളാണോയെന്ന് തിരിച്ചറിയാൻ വയ്യാത്ത സ്ഥിതിയുണ്ട്. വലിയ അപകടമാണ് മാലപോലെ കിടക്കുന്ന കേബിളുകൾകൊണ്ട് ഉണ്ടാകുന്നത്. ഇതിൽനിന്ന് റവന്യൂ കിട്ടുന്നില്ലെങ്കിൽ ഇത് അടിയന്തിരമായി അവസാനിപ്പിക്കുകയും ചെയ്യണം. ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താങ്ക് യു സാർ. 5, 23, 39 എന്നീ നമ്പർ ഡിമാന്റുകളിലായി ചോദിക്കുന്ന 1,32,26,49,000 രൂപയുടെ ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. പിന്താങ്ങാനായിട്ട് എന്റേതായ നീതീകരണമുണ്ട്. പോയ സർക്കാരിന്റെ കാലത്തും ഞാൻ ഈ ആഗസ്റ്റ് അസംബ്ളിയിൽ മെമ്പറായിരുന്നു. പിൻതാങ്ങുന്നത് എന്തിനാണെന്ന് ഓരോന്നോരോന്നായി പറയാം. മുൻ സർക്കാർ കോൺട്രാക്ടർമാർക്ക് കൊടുക്കാൻ കുടിശ്ശികയായിരുന്ന 820 കോടി രൂപയുണ്ട്. കർഷകരെപോലെതന്നെ കോൺട്രാക്ടർമാരും ആത്മഹത്യ ചെയ്തിരുന്ന പഴയ കാലഘട്ടത്തെക്കുറിച്ച് മറക്കണ്ട. ഇത് ഉൾപ്പെടെ 2004 കോടി രൂപയുടെ ലെറ്റർ ഓഫ് ക്രെഡിറ്റ് ഈ സർക്കാർ ഇഷ്യൂ ചെയ്തതിന് ഈ സർക്കാരിനെ പിന്താങ്ങേണ്ടതായിട്ടുണ്ട്. മുൻ സർക്കാർ ത്രിശങ്കു സ്വർഗ്ഗത്തിലാക്കിയിരുന്ന ഒൻപതിനായിരം പ്ളസ്ടു അധ്യാപകരുടെ തസ്തികകൾ സൃഷ്ടിച്ച് അവർക്ക് ശമ്പളമായിട്ട് 240 കോടി രൂപ കൊടുത്തതിന്, കഴിഞ്ഞ സർക്കാർ കുടിശ്ശികയായി പി.എഫിൽ ലയിപ്പിച്ചിരുന്ന 800 കോടി ഉറുപ്പിക, ഇന്നത്തെ പ്രതിപക്ഷക്കാർ ആർക്കുവേണ്ടിയാണോ മുതലക്കണ്ണീർ ഒഴുക്കുന്നത് ആ ജീവനക്കാർക്ക് 2002 ഒക്ടോബർ തൊട്ട് നൽകിത്തുടങ്ങുന്നതിന്, ഇതിനൊക്കെയാണ് തുക വകയിരുത്തിയിട്ടുള്ളത്. ടി.പി./പി.ഡി. അക്കൗണ്ടുകളിൽ 1500 കോടി ഉറുപ്പിക—താഴെത്തട്ടിൽ അധികാരം അങ്ങനെ ഒഴുക്കി ഒഴുക്കി കൊടുക്കുകയായിരുന്നല്ലോ അധികാര വികേന്ദ്രീകരണത്തിലൂടെ ആ സർക്കാർ. കൂടാതെ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 1500 കോടി ഉറുപ്പിക കൊടുത്തുതീർത്തതിന്. ദേശീയ അന്തർദേശീയ മത്സരങ്ങളിൽ 1500-ഓളം കായിക താരങ്ങൾക്ക് 1997 തൊട്ട്

LIBRARY ARCHIVES Kerala Legislative Assembly

പ്രഖ്യാപിച്ച സമ്മാനതുക 240 കോടി ഉറുപ്പിക അവർ പ്രപിതാമഹൻമാർ ആകുന്നതിനുമുമ്പ് കൊടുത്തുതീർത്തതിന്. ലോട്ടറി കിട്ടിയ ഭാഗ്യവാൻമാർക്കു പോലും കൊടുക്കേണ്ടതായ 104.98 കോടി ഉറുപ്പിക വിഴുങ്ങിത്തീർത്ത മുൻ സർക്കാരിന്റെ കെടുകാര്യസ്ഥത അവസാനിപ്പിച്ച് ആ കുടിശ്ശിക ഉൾപ്പെടെ 179.79 കോടി ഉറുപ്പികയുടെ ഭാഗ്യക്കുറി സമ്മാനം കൊടുത്തുതീർത്തതിന്. ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ 1000 കോടി ഉറുപ്പിക കൊടുത്തു തീർത്തതിന്, ഞാൻ ഉൾപ്പെടെയുള്ള കോളേജ് അധ്യാപകർക്ക് യു.ജി.സി. ശമ്പള കുടിശ്ശിക കൊടുത്തുതീർത്തതിന്—കഴിഞ്ഞ മാസം ഞാനും കുടിശ്ശിക വാങ്ങിച്ചു. മൂന്നു കൊല്ലങ്ങൾക്കുമുമ്പ് ഞാൻ റിട്ടയർ ചെയ്തതാണ്—ഇങ്ങനെ കുടിശ്ശിക തീർത്തതുൾപ്പെടെ 5651 കോടിയിലധികം രൂപ ഈ സർക്കാരിന് ചെലവാക്കേണ്ടിവന്നുവെന്നുള്ള യാഥാർത്ഥ്യം മുൻനിർത്തിക്കൊണ്ട്, എന്നിട്ടും ഈ സർക്കാർ പിടിച്ചു നിൽക്കുന്നു എന്നുള്ളതുകൊണ്ട് സർവ്വത്ര സന്തോഷത്തോടു കൂടി ഇവിടെ അവതരിപ്പിക്കപ്പെട്ട ഡിമാന്റുകളെ പിന്താങ്ങുകയാണ്. നിങ്ങൾ എന്തിനാണ് എതിർക്കുന്നതെന്ന് അറിയാം. സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽനിന്ന് 531.11 കോടി രൂപ പ്രാദേശിക സർക്കാരുകളെ ശക്തിപ്പെടുത്താൻ ഉപയോഗിക്കുന്നത് തെറ്റാണോ? ട്രഷറി നിയന്ത്രണത്തിൽ കഴിയുന്നത്ര ഇളവ് കൊടുത്തത് തെറ്റാണോ? 12-ാം ധനകാര്യ കമ്മിഷനെ കാര്യങ്ങൾ ധരിപ്പിച്ചത് പാടില്ലായെന്നാണോ പ്രതിപക്ഷത്തിന്റെ അഭിപ്രായം? ട്രഷറി കമ്പ്യൂട്ടർവത്കരണം, ട്രഷറി ഓൺ ലൈൻ ബാങ്കിംഗ്, ഇതൊക്കെ കൊള്ളരുതായ്മയാണോ? ദേശീയ സമ്പാദ്യ പദ്ധതിയിൽ റിക്കോർഡ് നിക്ഷേപം വേണ്ടായെന്നാണോ പ്രതിപക്ഷം അഭിപ്രായപ്പെടുന്നത്? കാർഷികാദായ നികുതി കൊടുക്കുന്നതിൽനിന്ന് കർഷകർക്ക് എക്സംഷൻ വേണ്ടേ? ഇറങ്ങിപ്പോക്ക് മാത്രം മതിയോ? 250 കോടി രൂപയുടെ ധനസഹായം കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ കൊടുത്തു എന്നുള്ളത് കർഷകരുടെ മേൽ കണ്ണീർ ഒഴുക്കി ഇറങ്ങി പോകുന്നവർ പ്രത്യേകം ശ്രദ്ധിക്കണം. ഇഞ്ചിയുടെ പർച്ചേസ് ടാക്സ് എടുത്തുകളഞ്ഞു. കാപ്പിയുടെ വില്പന നികുതി 8%-ൽനിന്ന് 4% ആയി കുറച്ചു. തേയിലയെ കാർഷികാദായ നികുതിയിൽനിന്ന് വീണ്ടും ഒരു വർഷത്തേയ്ക്കുകൂടി ഒഴിവാക്കി. മത്സ്യബന്ധനത്തിന് വെള്ള മണ്ണെണ്ണയെ നികുതി വർദ്ധനവിൽനിന്ന് ഒഴിവാക്കി. 5 ഹെക്ടർവരെയുള്ള കൃഷിഭൂമി നികുതിയിൽനിന്ന് ഒഴിവാക്കി. ഇതിനൊക്കെ നിങ്ങൾ എതിരാണോ? പച്ചക്കള്ളങ്ങൾ സഭയിൽ ആവർത്തിച്ച് ഇല്ലാത്ത സമയം ഉണ്ടാക്കി ഇറങ്ങിപ്പോയാൽ മതിയെങ്കിൽ ആയിക്കൊള്ളൂ. ചിട്ടി നടത്തുന്നതിൽ വരുന്ന അസംതൃപ്തി പരിഹരിക്കുന്നതിനുള്ള നടപടി കൂടി ഉണ്ടായാൽ പഴയ മലയാള ബ്രാഹ്മണന്റെ ശൈലിയിൽ 'ക്ഷ' ആയിയെന്നു പറയേണ്ട അവസ്ഥ ഇന്നുണ്ട്. ബഹുമാനപ്പെട്ട കെ.കെ. നായർ ഇക്കണോമിക് ഐഡന്റിറ്റി കാർഡ് ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് സൂചന നൽകി. അത് കൊള്ളാമെന്നാണ് എന്റെ അഭിപ്രായം. സർക്കാർ ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ, പുതിയ ഭവന നിർമ്മാണ വായ്പ, പുതിയ പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ്, മെഡിക്കൽ റിഇമ്പേഴ്സ്മെന്റ്, ജീവനക്കാർക്കുള്ള മറ്റ് പല ആനുകൂല്യങ്ങളും ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly

പലതും പറയാനുണ്ട്. വികസന പദ്ധതികൾക്കായി മൂന്നു വർഷംകൊണ്ട് 9500 കോടി ഉറുപ്പിക പദ്ധതി ചെലവു നടത്തിക്കഴിഞ്ഞു. എം.എൽ.എ.-മാർക്ക് സ്വന്തം പ്രദേശത്ത് വികസനത്തിന് പ്രാദേശിക വികസന ഫണ്ടിലൂടെ 50 ലക്ഷം രൂപാ വീതം നൽകി. സാമൂഹിക ക്ഷേമപദ്ധതികൾ, വികലാംഗ ക്ഷേമപദ്ധതി വർദ്ധിപ്പിച്ചു, മറ്റ് അനവധി പെൻഷനുകൾ, അലക്ക് ബാർബർ തൊഴിലാളികൾക്ക് ക്ഷേമപദ്ധതികൾ മറ്റ് കാര്യങ്ങൾ ഞാൻ സമയക്കുറവുകൊണ്ട് പറയുന്നില്ല. ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസിലേയ്ക്ക് കടക്കുകയാണ്. ശ്രീ.പി. ടി. തോമസ് ഇവിടെ അവതരിപ്പിച്ച് ശക്തമായി വാദിച്ച എല്ലാ കാര്യങ്ങൾക്കും എനിക്കുള്ള സർവ്വത്ര പിന്തുണയും പ്രഖ്യാപിക്കുന്നു. എട്ടു കോടി രൂപ പോര, 80 കോടി രൂപയിലധികം കൊടുക്കേണ്ട ഒരു വകുപ്പാണ് ഇത്. ഫ്രീഡം ഓഫ് ഇൻഫർമേഷൻ ബിൽ തയ്യാറാക്കി കഴിഞ്ഞതായിട്ടാണ് എന്റെ അറിവ്. പഞ്ചായത്ത് തലത്തിൽ ഇന്റർനെറ്റ് കിയോസ്ക്കുകൾ സ്ഥാപിച്ചു കഴിഞ്ഞിട്ടുണ്ട്. ഈ സെന്ററുകൾ പബ്ളിക് ഇൻഫർമേഷൻ സെന്ററുകളായി പ്രവർത്തിക്കുന്നു എന്നുള്ളത് അതിന്റെ പ്രയോജനം അനുഭവിച്ചവർ തീർച്ചയായും പറയും. ഗവൺമെന്റിന്റെ ഈ ഔദ്യോഗിക റിപ്പോർട്ടിലൂടെ അഞ്ചു വർഷം കൊണ്ട് ഇവിടെ ഒരു ഇന്റർ നാഷണൽ ഗേറ്റ്വേ തുറക്കാൻതന്നെ കഴിയും, അല്ലെങ്കിൽ ആ രീതിയിലുള്ള ഏർപ്പാട് വളർന്നുവരുമെന്നുതന്നെ ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുകയാണ്. ഇപ്പോൾ തന്നെ ജനങ്ങൾക്ക് ഇ-മെയിൽ അയയ്ക്കാനുള്ള മെയിൽ സെർവറിന്റെ ഗുണങ്ങളൊക്കെത്തന്നെ അറിയാൻ സാധിച്ചു കഴിഞ്ഞിട്ടുണ്ട്. അറിയിപ്പുകളും പരീക്ഷാ ഫലങ്ങളുമൊക്കെ ഉടൻ ഉടൻ അറിയുന്നു. ഡോക്യുമെന്ററിയെക്കുറിച്ച് കാര്യമായിട്ടുള്ള പ്രവർത്തനങ്ങൾ നടക്കുന്നു. മഹാൻമാരുടെ ജീവിതം ഡോക്യുമെന്ററിയിലൂടെ ജനങ്ങളെ അറിയിക്കുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ നടക്കുന്നുണ്ട്. പല പദ്ധതികളും ഗവൺമെന്റിന്റെ ആഭിമുഖ്യത്തിൽ നടക്കുന്നുണ്ട്. കൂട്ടത്തിൽ ഒന്ന് പറയട്ടെ, ചാലക്കുടിയിലെ പ്രസിദ്ധനായ ഭിഷഗ്വരൻ ആയുർവേദ ആചാര്യൻ ബ്രഹ്മശ്രീ രാഘവൻ തിരുമുൽപ്പാടിനെ ഈ മഹത് വ്യക്തികളുടെ കൂട്ടത്തിൽപ്പെടുത്തി ഡോക്യുമെന്ററി എടുത്താൽ കൊള്ളാം എന്ന എന്റെ ഒരു അഭിപ്രായം കൂടി ഈ സഭയിൽ ഞാൻ വയ്ക്കുന്നു. വീഡിയോ സ്റ്റുഡിയോകളെക്കുറിച്ചും ഡോക്യുമെന്ററി ചെയ്യുന്ന സമ്പ്രദായത്തെക്കുറിച്ചും ചലച്ചിത്ര പ്രദർശനങ്ങളെക്കുറിച്ചും സാംസ്ക്കാരിക വിനിമയ പരിപാടികളെക്കുറിച്ചും പത്രപ്രവർത്തകർക്കുള്ള ആനുകൂല്യങ്ങളെക്കുറിച്ചും ഒക്കെ ഇഷ്ടം പോലെ ഈ വകുപ്പുമായി ബന്ധപ്പെട്ട് പറയാനുണ്ട്. ഫീൽഡ് പബ്ലിസിറ്റി വിഭാഗം സംഘടിപ്പിച്ചതും സാംസ്കാരിക പരിപാടികൾ ഇവിടെ അവതരിപ്പിക്കപ്പെടുന്നതും അന്താരാഷ്ട്ര വ്യാപാരമേളയിലെ പങ്കാളിത്തത്തെക്കുറിച്ചും ഒക്കെ പറയാനുണ്ട്.

അടുത്ത വകുപ്പിലേയ്ക്ക് കടക്കുന്നതിനുമുൻപ് ഒരു കാര്യംകൂടി പറയാനുണ്ട്. കൊച്ചിയിൽ പ്രസ് അക്കാഡമി, പബ്ലിക് റിലേഷൻസ് ആന്റ് അഡ്വെർടൈസിംഗിൽ ബിരുദാനന്തര ഡിപ്ലോമാ കോഴ്സുകൾ നടത്തുന്നു എന്നുള്ള വിവരം ഇതുപോലെ ചർച്ചകൾ നടക്കുമ്പോഴാണ് ബഹുജനങ്ങൾക്ക് അറിയാൻ കൂടുതൽ അവസരം കിട്ടുന്നത്. അങ്ങനെ എത്ര നേട്ടങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മീഡിയാ കോൺഫറൻസ് ഹാളിനെക്കുറിച്ചോ ഇ-ഡിറ്റ് സ്യൂട്ടിനെക്കുറിച്ചോ എത്ര പറയാനുണ്ട്! പ്രതിപക്ഷത്തു തന്നെ അതിനെക്കുറിച്ച് എത്ര പേർക്ക് അറിയാം എന്നതിനെ സംബന്ധിച്ച് എനിക്ക് ന്യായമായ സംശയം ഉണ്ട്. പത്രപ്രവർത്തകർക്കും പത്ര സ്ഥാപനങ്ങളിലെ ഇതര ജീവനക്കാർക്കും ഒക്കെ പെൻഷൻ കൊടുക്കുന്നതിനെപ്പറ്റി പറഞ്ഞാൽ പലർക്കും അത് ഇഷ്ടപ്പെടില്ല എന്ന് എനിക്ക് അറിയാം. ഇലക്ട്രിസിറ്റിയിലേയ്ക്ക് കടക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ടു മാത്രം ഞാൻ ആ ഭാഗം നിർത്തുകയാണ്. പവർ ഡിപ്പാർട്ടുമെന്റിലേയ്ക്ക് കടക്കുമ്പോൾ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അത്യുന്നതിയുടെ ഒരു കുതിപ്പ് തുടക്കത്തിൽ കാണിച്ച് വിദ്യുച്ഛക്തി തലകുത്തി താഴെ വീണു എന്നാണ് എന്റെ അഭിപ്രായം. ചർച്ച തുടങ്ങി വച്ച ശ്രീ. ടി. കെ. ബാലനും ശ്രീ. സുപാലും ഒക്കെ സി.എ.ജി.-യെപ്പറ്റി ഇവിടെ പറയുകയുണ്ടായി. എം.എൽ.എ.-മാർക്ക് മാന്യത കൽപ്പിക്കുന്ന, എം.എൽ.എ.-മാരുടെ അഭിപ്രായങ്ങൾക്ക് വില കൽപ്പിക്കുന്ന പല മന്ത്രിമാരുടേയും കൂട്ടത്തിൽ മുൻപന്തിയിൽ നിൽക്കുന്ന ഒരു മന്ത്രിയാണ് ഇപ്പോൾ ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത് എന്നുള്ളതുകൊണ്ട് എന്റെ സന്തോഷം ഞാൻ മറച്ചു വയ്ക്കുന്നില്ല. സി.എ.ജി.യെപ്പറ്റി പറഞ്ഞതുകൊണ്ട് ഞാൻ സി.എ.ജി.-യുടെ റിപ്പോർട്ട് എടുത്തിട്ടുണ്ട്. സി.എ.ജി.-യുടെ 2000-ലെ പ്രവർത്തനത്തിന്റെ റിപ്പോർട്ടിന്റെ ഭാഗം ഞാൻ വായിച്ചു കേൾപ്പിക്കാം. Procurement of defective fuse boards, wrong designing of special type steel posts and deterioration of mobile cable fault location equipment, resulted in infructuous expenditure of ₹ 16.28 crores. Failure to assess the suitability of the new site before relocating the plant resulted in avoidable extra expenditure of ₹ 5.70 crores. Failure to avail of concessional rate of customs duty by proper registration of contract resulted in avoidable loss of ₹ 19.73 crores. Failure to conduct proper negotiations or invite open tenders for sale of scrap resulted in loss of ₹ 3.01 crores. Loss due to purchase of power at higher rate—₹ 10.78 crores, excessive T&D loss ₹ 178.84 crores, non-realisation of revenue ₹ 14.67 crores, non-application of tariff revision-₹ 3.14 crores, loss on sale at lower rate ₹ 4.59 crores എന്നിങ്ങനെ കോടികളുടെ കണക്ക് ബാക്കിയുണ്ട്. സമയക്കുറവ് കൊണ്ട് ഞാൻ വായിക്കുന്നില്ല. സി. & എ. ജി. റിപ്പോർട്ട് ഇങ്ങനെയുള്ളപ്പോൾ ബഹുമാനപ്പെട്ട ബാലേട്ടനെ പോലുള്ള ഒരാൾ കൃഷിയെപ്പറ്റിയും മുഖ്യമന്ത്രിയുടെ മാപ്പിനെപ്പറ്റിയും കോൺഗ്രസ്സിന്റെ ഗതികേടിനെക്കുറിച്ചും ഒക്കെ ഈ സബ്ജക്ടുമായി വിട്ടുനിന്നുകൊണ്ട് സംസാരിച്ചതിൽ എനിക്ക് ദു:ഖമുണ്ട്. ശ്രീ. സുപാൽ ആകട്ടെ, വിചിത്രമായ ഒരു വിഷയം ഈ സഭയുടെ മുൻപിൽ അവതരിപ്പിച്ചു കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഉപതെരഞ്ഞെടുപ്പിലൂടെ ഈ സഭയിലെ അംഗമായി സത്യപ്രതിജ്ഞ ചെയ്ത ശ്രീ. സുപാൽ അദ്ദേഹത്തിന്റെ അച്ഛൻ സത്യപ്രതിജ്ഞ ചെയ്യാൻ കഴിയുമായിരുന്ന കാലം തൊട്ട് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യുന്ന കാലഘട്ടം വരെയുള്ള സമയത്തുള്ള പണം കൂടി അവകാശപ്പെടുന്നതാണെന്ന് പറയാതിരുന്നത് വളരെ ഭേദമായി എന്നേ ഞാൻ പറയുന്നുള്ളൂ. അത്രയും വിവരക്കേട് അദ്ദേഹം കാണിച്ചില്ല. അത്രയ്ക്കും ഒതുങ്ങി നിന്നല്ലോ അദ്ദേഹത്തിന്റെ പ്രഭാഷണം.

LIBRARY ARCHIVES Kerala Legislative Assembly

മി. ചെയർമാൻ: പ്ലീസ് കൺക്ലൂഡ്.....

ശ്രീ. പി. എസ്. സുപാൽ: പോയിന്റ് ഓഫ് ഓർഡർ.. സർ, വളരെ വ്യക്തമായി എഴുതിക്കൊടുത്ത ആരോപണമാണ് ഉന്നയിച്ചത്. അത് സംബന്ധിച്ച് രേഖകൾ ഉണ്ട്. അത് വളരെ വ്യക്തമാണ്. സഭയ്ക്ക് മുമ്പാകെ ഞാൻ അത് അവതരിപ്പിക്കുകയും ചെയ്തു. അതിന് എന്റെ അച്ഛന് പറയുന്ന ഒരു സമീപനം ബഹുമാനപ്പെട്ട അദ്ധ്യാപികയായിരുന്ന ഒരു അംഗം ഇങ്ങനെ ഒരു നിലപാട് സ്വീകരിച്ചത് തീർച്ചയായും അത് ഓർഡറിലാണോ? അച്ഛൻ എന്ന പദം രേഖയിൽ നിന്നും നീക്കം ചെയ്യണം.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : സമയക്കുറവുകൊണ്ട് ഞാൻ വിശദീകരണം നടത്തുന്നില്ല. കാര്യം പറഞ്ഞാൽ മനസ്സിലാക്കാനുള്ള അദ്ദേഹത്തിന്റെ ബുദ്ധിമുട്ട് ഈ സഭയ്ക്ക് ഒന്നുകൂടി ബോദ്ധ്യമായി എന്ന് മാത്രമേ അത് സംബന്ധിച്ച് എനിക്ക് പറയാനുള്ളൂ. ഇവിടെ ചെറുകിട വൈദ്യുത പദ്ധതികളിൽ ചെമ്പുകുടവും ഉറുമി ഒന്നും രണ്ടും ഉൽപ്പാദനം തുടങ്ങിക്കഴിഞ്ഞു. പണി നടക്കുന്നതും പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നതും ഭാഗീകമായി കമ്മീഷൻ ചെയ്തതുമായ മലങ്കര കുറ്റിയാടി പദ്ധതി, അഴുത ഡൈവേർഷൻ പദ്ധതി, വടക്കേപ്പുഴ വഴിക്കടവ്, ലോവർഹിൽ ശബരിമല നവീകരണം എക്സ്റ്റൻഷൻ തുടങ്ങി അങ്ങോട്ട് ഇഷ്ടം പോല പദ്ധതികൾ ഉണ്ട്. നേര്യമംഗലം നവീകരണ പുനരുദ്ധാരണവും കുറ്റിയാടി അഡീഷണൽ എക്സ്റ്റൻഷനും തുടങ്ങിക്കഴിഞ്ഞു. പള്ളിവാസൽ എക്സ്റ്റൻഷൻ ടെന്റർ വിളിച്ചു കഴിഞ്ഞു. 18 പദ്ധതി വേറെയും ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സമയക്കുറവ് കൊണ്ട് ഞാൻ പറയുന്നില്ല. പാരിസ്ഥിതിക പ്രശ്നങ്ങൾ പഠിക്കേണ്ടത് പഠിച്ചുകൊണ്ടുതന്നെയാണ് ഈ സർക്കാർ മുന്നോട്ടു പോകുന്നത്. അതിരപ്പിള്ളിയുമായി ബന്ധപ്പെട്ട കാര്യങ്ങൾ എനിക്ക് മനഃപാഠം ആണെന്നുള്ളതു കൊണ്ട് അവകാശവാദത്തോടുകൂടി തന്നെ എനിക്ക് പറയാൻ സാധിക്കും. ആറ് ജലവൈദ്യുത പദ്ധതികൾ സ്പെഷ്യൽ ടീമിനെ ഉപയോഗിച്ച് ഈ സർക്കാർ നടപ്പിലാക്കുന്നുണ്ട്. സ്വകാര്യ പങ്കാളിത്തത്തോടെ 61 പദ്ധതികൾ വേറെ ഈ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഇതൊക്കെ മനസ്സിൽ കണ്ടുകൊണ്ട് വേണം ശിഖണ്ഡി, ശകുനി, മന്ഥര, താടക, ഘടോത്കജൻമാരെയൊക്കെ പുറത്തെടുക്കാൻ. അവരൊക്കെ പുരാണത്തിൽ തന്നെ ആകട്ടെ. ഈ സർക്കാർ എന്തു ചെയ്യുന്നു എന്നുള്ളതിനാണ് വില കൽപ്പിക്കേണ്ടത്. ഇതൊക്കെ പറയുന്നത് പ്രതിപക്ഷത്തിന് ഇഷ്ടമല്ല എന്ന് എനിക്ക് അറിയാം. 110 കെ. വി, 33 കെ. വി, 66 കെ. വി.-യുമായിട്ട് 42 സബ്സ്റ്റേഷനുകളാണ് ഈ സർക്കാരിന്റെ കാലത്ത് പ്രവർത്തനക്ഷമമായത്. 50-ഓളം പുതിയ സബ്സ്റ്റേഷനുകൾ പണിയുന്നുമുണ്ട്. 5 വർഷം കൊണ്ട്, പോയ സർക്കാർ 53 സബ്സ്റ്റേഷൻ ഉണ്ടാക്കിയപ്പോഴാണ് ഈ സർക്കാരിന്റെ ഇത്രയും വലിയ നേട്ടം. ഇവിടെ 5% പ്രസരണ നഷ്ടം കുറച്ചു എന്നുള്ള കണക്കുകൾ പറഞ്ഞു. 5% പ്രസരണ നഷ്ടം കുറയ്ക്കുമ്പോൾ 65 മില്യൻ യൂണിറ്റ് താപവൈദ്യുതി വലിയ വില കൊടുത്ത് വാങ്ങണ്ട എന്നുംകൂടി അറിയണം. 200 കോടി രൂപയുടെ നഷ്ടമാണ് ഇല്ലാതാവുന്നത്. അങ്ങനെ

LIBRARY ARCHIVES Kerala Legislative Assembly

കള്ളൻമാർ കാവൽ നിൽക്കേണ്ട കാര്യമില്ല. 'വെറുമൊരു മോഷ്ടാവായി നടന്നോരെന്നെ നിങ്ങൾ കള്ളനെന്ന് വിളിച്ചു' എന്ന് പറഞ്ഞുകൊണ്ട് കള്ളൻമാർ ആരുടേയെങ്കിലും മുന്നിൽ കള്ളക്കണ്ണീർ പൊഴിച്ചിട്ടുണ്ടാകും. അറിയില്ല. പുതിയ കാൽവയ്പുകൾ ഉണ്ട്. പവർ ഹൈവേ മധുര, ട്രിവാൻഡ്രം, മൈസൂർ, കോഴിക്കോട് ഇതൊക്കെ 400 കെ.വി. ലൈനുകളാണ്. പൊതുജനസെൽ ഉണ്ടാക്കിയതിനെക്കുറിച്ച് പറയാനുണ്ട്. റിപ്പയർ സ്കോഡുകൾ ഉണ്ട്. വൈദ്യുതി അദാലത്തുകൾ ഉണ്ട്. കടബാദ്ധ്യതകൾ കുറച്ച് ഭരണച്ചെലവുകൾ പരമാവധി കുറച്ച് ജലവൈദ്യുതോൽപ്പാദനം വർദ്ധിപ്പിച്ച്, താരതമ്യേന വിലകുറഞ്ഞ താപവൈദ്യുതി ലഭ്യമാക്കുന്നതിനുവേണ്ടി കേന്ദ്രവിഹിതം വർദ്ധിപ്പിച്ച്, കേന്ദ്രപൂളിൽ നിന്നും വൈദ്യുതി കൊണ്ടുവരുന്നതിനുവേണ്ടി ഹൈ വോൾട്ടേജ് ലൈനുകൾ നിർമ്മിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി, നിലവിലുള്ള വൈദ്യുതി നിലയങ്ങളുടെ സ്ഥാപിതശേഷി ഉയർത്തി, ശമ്പളം, പെൻഷൻ എന്നിവ കഴിയുമെങ്കിൽ ബാങ്കുകളിലൂടെ വിതരണം നടത്തി, പ്രസരണ വിതരണ നഷ്ടം ഘട്ടംഘട്ടമായി കുറച്ച് കൂടിയ പലിശയ്ക്കുള്ള വായ്പയ്ക്കു പകരം കുറഞ്ഞ പലിശയ്ക്കുള്ള വായ്പയെടുത്ത് ആവശ്യമില്ലാത്ത തസ്തികകൾ, അത് ചീഫ് എഞ്ചിനിയറുടേതായാലും, കുറച്ച്, കമ്മിയുടെ 50% തുക ഇൻസെന്റീവായി ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ച, വൈദ്യുത വകുപ്പിനെ അഭിനന്ദിച്ചുകൊണ്ട് ഈ മൂന്ന് മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ഡിമാന്റുകൾ മൂന്നും പിൻതാങ്ങിക്കൊണ്ട് നന്ദിപൂർവ്വം ഞാൻ നിർത്തുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട മന്ത്രിമാർ ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുകയാണ്. ഈ സംസ്ഥാനത്തിന് ഏറ്റവും കൂടുതൽ നേട്ടം നേടിക്കൊടുത്ത മൂന്ന് പ്രഗൽഭരായ മന്ത്രിമാരുടെ വകുപ്പുകളിലേയ്ക്കുള്ള ധനാഭ്യർത്ഥനകൾ വളരെയേറെ ശ്രദ്ധേയമാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരെ അഭിനന്ദിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. സർ, ഐക്യജനാധിപത്യ മുന്നണി അധികാരത്തിൽ വന്നിട്ട് മൂന്നു വർഷം പിന്നിടുകയും 4-ാം വർഷത്തിലേക്ക് കടക്കുകയും ചെയ്യുകയാണ്. കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ഒരു പ്രകടന പത്രികയിൽ കൂടെ കേരളത്തിന്റെ സർവതോൻമുഖമായ പുരോഗതിക്കും നൻമയ്ക്കും വേണ്ടി കേരളത്തിലെ ജനങ്ങളോട് വോട്ട് ചോദിക്കുകയും അധികാരത്തിലെത്തുകയും ചെയ്തു. പ്രകടന പത്രികയിലെ ഒരു പ്രധാന ഇനമായിരുന്നു നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുക എന്നത്. നമുക്കറിയാം, പിന്നോക്കവിഭാഗങ്ങൾക്ക്, മുസ്ലീം സമുദായമടക്കമുള്ള പിന്നോക്ക വിഭാഗങ്ങൾക്ക്, 12 ശതമാനം റിസർവേഷൻ ഉണ്ടായിട്ടുപോലും സർവീസിൽ മുസ്ലീം സമുദായത്തിന്റെ പ്രാതിനിധ്യം 6 ശതമാനത്തിന് താഴെ മാത്രമാണ്. ഇതിന്റെ ശരാശരി സ്ഥിതി വിവരകണക്കുകൾ ജനങ്ങളെ അറിയിക്കാൻ മാറി മാറി വന്ന സർക്കാരുകൾ ഒന്നും തയ്യാറായിട്ടില്ല. ഇത് ഖേദകരമാണ്. നേരെമറിച്ച് ഏതാണ്ട് ജനസംഖ്യാനുപാതികമായി ഇന്ന് നിലവിലുള്ള വിവിധ തസ്തികകളിൽ അറ്റൻഡർ മുതൽ ഐ.എ.എസ്., ഐ.പി.എസ്, വരെയുള്ള തലങ്ങളിൽ ഓരോ സമുദായത്തിന്റേയും പ്രാതിനിധ്യവും ആനുപാതിക അടിസ്ഥാനത്തിൽ നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

വ്യക്തമായി കണക്കുകൾ ശേഖരിച്ച് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ, മുസ്ലീം സമുദായത്തിന്റേയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടേയും പിന്നോക്കാവസ്ഥ ദയനീയമാണ് എന്ന ശരിയായ ചിത്രം ജനങ്ങളുടെ മുമ്പിൽ നമുക്ക് അവതരിപ്പിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഇവിടെ ഒരു വിഭാഗം നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിൽ തടസ്സം നിൽക്കുമായിരുന്നില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടുതന്നെ ഞാൻ പറയാൻ ആഗ്രഹിക്കുന്നത് ഇവിടെ മുസ്ലീം സമുദായത്തിന്റേയും മറ്റ് പിന്നോക്ക വിഭാഗങ്ങളുടെയും പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കാൻ ഗവൺമെന്റ് മുന്നോട്ടുവരണമെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. അതുപോലെ തന്നെ മുന്നോക്ക വിഭാഗങ്ങളിൽ ഒരുപാട് അവശത അനുഭവിക്കുന്ന വിഭാഗങ്ങൾ ഉണ്ട്. നേരത്തെ ഈ സഭയിലെ ഒരു അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ബ്രാഹ്മണ സമുദായമടക്കം അതുപോലെ നായർ സമുദായമടക്കം അതുപോലെ മറ്റ് അവശത അനുഭവിക്കുന്ന എല്ലാ വിഭാഗങ്ങൾക്കും ഏത് സഹായവും അതുപോലെ പദ്ധതികളും നടപ്പിലാക്കുന്നതിൽ ഞങ്ങളാരും എതിരല്ല സർ. ഒരിക്കലും എതിർത്തിട്ടില്ല. അതുകൊണ്ടുതന്നെ ഈ നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതോടൊപ്പം പിന്നോക്ക വിഭാഗങ്ങളോട് നീതി പുലർത്തുന്നതോടൊപ്പം തന്നെ അവശത അനുഭവിക്കുന്ന വളരെയേറെ യാതന അനുഭവിക്കുന്ന മറ്റ് ഇതരസമുദായത്തിലെ ആളുകൾക്കും അർഹമായ പരിഗണന നൽകാൻ ഗവൺമെന്റ് മുന്നോട്ടുവരണം. ഇക്കാര്യം ഒരിക്കൽക്കൂടി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഇവിടെ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം 4-ാം വർഷത്തിലേക്ക് കടക്കുമ്പോൾ വളരെയേറെ സംതൃപ്തിയും അഭിമാനവുമുണ്ട്. നേട്ടങ്ങളുടെ പട്ടിക ഇവിടെ വിവരിക്കാൻ സമയമില്ലാത്തതു കൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയും അതുപോലെ വികസന രംഗവും വളരെയേറെ പ്രതിസന്ധി നിറഞ്ഞ ഒരു ഘട്ടത്തിലായിരുന്നു ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തത്. ആ സാമ്പത്തിക നില മാറി ഇന്ന് വികസന രംഗത്തും സാമ്പത്തിക രംഗത്തും വമ്പിച്ച കുതിച്ചുച്ചാട്ടം മൂന്നു വർഷം കൊണ്ട് നേടിയെടുക്കുകയുണ്ടായി. അധിക നികുതിഭാരം ജനങ്ങളിൽ അടിച്ചേൽപ്പിച്ചില്ല. അതോടൊപ്പം വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ല എന്ന് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മന്ത്രിതന്നെ ഈ സഭയിൽ നൽകിയ ഉത്തരം കേരളത്തിലെ ജനങ്ങൾ സന്തോഷത്തോടുകൂടി സ്വാഗതം ചെയ്യുകയാണ്. അതോടൊപ്പം കേരളത്തിലെ ജനങ്ങൾക്ക് ഇതുപോലുള്ള ആശ്വാസ നടപടികൾ നൽകി അനുഗ്രഹിച്ച ഒരു ഗവൺമെന്റാണ് ഈ ഗവൺമെന്റ്. ജലസംഭരണികൾ ഏറ്റവും നല്ല പ്രതീക്ഷ നൽകുന്നുണ്ട്. ജലസംഭരണികളിലെല്ലാം തന്നെ കഴിഞ്ഞ കാലത്ത് ലഭിച്ച മഴയുടെ ഇരട്ടി മഴവെള്ളം ലഭിച്ചതുമൂലം കവിഞ്ഞ് ഒഴുകുകയാണ്. സർ, അതുകൊണ്ട് തന്നെ നമുക്ക് വലിയ നേട്ടം ഈ വർഷം കൈവരിക്കാൻ പോകുകയാണ്. പവർക്കട്ട് ഒഴിവാക്കാൻ കഴിഞ്ഞ ബഹുമാന്യനായ വൈദ്യുതി വകുപ്പുമന്ത്രിയേയും സർക്കാരിനേയും ഞാൻ അഭിനന്ദിക്കുകയാണ്. വളരെ വർഷങ്ങളായി നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പവർക്കട്ട്

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവാക്കാൻ മുന്നോട്ടുവന്ന ഗവൺമെന്റിനെ അഭിനന്ദിക്കുകയാണ്. അതുപോലെ വൈദ്യുതി വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നത് ഈ ഇലക്ട്രിക്കൽ മീറ്ററിനെക്കുറിച്ചുള്ള ഒരുപാട് പരാതികൾ നമുക്ക് അനുഭവത്തിൽക്കൂടി കാണാൻ കഴിഞ്ഞു. തീർച്ചയായും ഗവൺമെന്റ് ഇക്കാര്യത്തിൽ പുനഃപരിശോധന നടത്തി ആ പരാതിയുള്ള ഇലക്ട്രോണിക് മീറ്ററുകൾ തീർച്ചയായും മാറ്റാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. സംസ്ഥാനത്ത് ഒ.വൈ.ഇ.സി. അടച്ച് അപേക്ഷ നൽകിയ മുഴുവൻ പേർക്കും സമയബന്ധിതമായി കണക്ഷൻ നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെതന്നെ സബ്സ്റ്റേഷനുകൾക്ക് സ്ഥലമെടുക്കുമ്പോൾ നഗര പ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും സ്ഥലത്തിന്റെ വില ഒരുപോലെയാണ് ഇലക്ട്രിസിറ്റി ബോർഡ് കാണുന്നത്. അത് ശരിയല്ല. എന്റെ നിയോജക മണ്ഡലത്തിൽ തന്നെ കാസർകോഡ് മുനിസിപ്പാലിറ്റിയിലെ അണംഗൂരിൽ 33 കെ. വി. സ്റ്റേഷന്റെ പ്രൊപ്പോസൽ വളരെ വർഷങ്ങളായി സ്ഥലം കിട്ടാത്തതുകാരണം അത് പണിയാരംഭിക്കാൻ കഴിഞ്ഞില്ല. അവിടെ ഇപ്പോഴും വളരെ ചെറിയ വിലയാണ് ഇലക്ട്രിസിറ്റി ബോർഡ് നൽകാൻ തയ്യാറായിട്ടുള്ളത്. നഗരത്തിലെ വില എല്ലാപേർക്കും അറിയാം. അതുകൊണ്ട് നഗരത്തിലും ഗ്രാമപ്രദേശങ്ങളിലും ഒരുപോലെ ലാന്റ് വില കണക്കാക്കിയാൽ പോരാ, നമ്മുടെ നഗര പ്രദേശങ്ങളിൽ മാർക്കറ്റ് വാല്യു നൽകി ആ സ്ഥലമെടുപ്പ് പൂർത്തിയാക്കി എത്രയും വേഗത്തിൽ 33 കെ. വി. സ്റ്റേഷന്റെ പണി ആരംഭിക്കാൻ ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കണം. കാസർകോഡ് പോലുള്ള ജില്ലകൾ മാറി മാറി വന്ന ഗവൺമെന്റുകൾ അവഗണിക്കുകയായിരുന്നു. ജീവനക്കാരില്ല, ആ ജില്ല പിന്നോക്കം നിൽക്കാൻ കാരണംതന്നെ ജീവനക്കാരുടെ അഭാവമാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ നിരന്തരമായി നിയമസഭയുടെ, അതുപോലെ മന്ത്രിമാരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ടായിരുന്നു. ഇലക്ട്രിസിറ്റി ബോർഡിന്റെ വിവിധ ഓഫീസുകളിൽ ഇന്നും നിരവധി ഒഴിവുകൾ കിടക്കുകയാണ്. അടിയന്തിരമായും ഈ ജീവനക്കാരുടെ ഒഴിവുകൾ നികത്താൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. അതുപോലെ തന്നെ സെക്ഷനാഫീസുകളും മേജർ സെക്ഷനാഫീസുകളും വിഭജിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. മെറ്റീരിയൽസിന്റെ കുറവ് കാരണം, weather proof wire ഇല്ലാത്തതുകാരണം നിരവധി ഒ.വൈ.ഇ.സി. അടച്ച കേസുകൾ പോലും കണക്ഷൻ കൊടുക്കാൻ കഴിയാത്ത അവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. പലപ്പോഴും ഉദ്യോഗസ്ഥൻമാരുടെ ശ്രദ്ധയിൽപ്പെടുത്താറുണ്ട്. അടിയന്തിരമായി കാസർകോഡ് ജില്ലയ്ക്കും അതുപോലെ സംസ്ഥാനത്തിലെ വിവിധ ഭാഗങ്ങളിലേക്കും ആവശ്യമായ മെറ്റീരിയൽസ് എത്തിക്കാനുള്ള അടിയന്തിരമായ നടപടികൾ സർക്കാരും ഇലക്ട്രിസിറ്റി ബോർഡും നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ നിർമ്മാണത്തിലിരിക്കുന്ന വിവിധ ജല വൈദ്യുത പദ്ധതികളുടെ പൂർത്തീകരണത്തിനും പുതിയ പദ്ധതികൾ തുടങ്ങുന്നതിനും പ്രാധാന്യം നൽകാനും ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരികയാണ്. ഒരു വർഷം ഏറ്റെടുക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിവിധ പദ്ധതികളിലൂടെ 391.5 മെഗാവാട്ട്

LIBRARY ARCHIVES Kerala Legislative Assembly

അധിക വൈദ്യുതി ഉൽപ്പാദിപ്പിക്കാനാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചുവരുന്നത്. 33 കെ. വി. സബ്സ്റ്റേഷൻ 35 എണ്ണം, അതുപോലെ തന്നെ 66 കെ. വി. സബ്സ്റ്റേഷൻ 5 എണ്ണം, 220 കെ. വി. സബ്സ്റ്റേഷൻ 3 എണ്ണം, അതുപോലെതന്നെ 110 കെ. വി. സബ്സ്റ്റേഷൻ 10 എണ്ണം എന്നിവ പുതിയതായി അനുവദിച്ചുകൊണ്ട് പ്രസരണ വിതരണ ശൃംഖലയിൽ ശ്രദ്ധേയമായ വർദ്ധനവ് കൈവരിക്കാനുള്ള ഗവൺമെന്റിന്റെ ഉദ്ദേശം ശ്ലാഘനീയമാണ്. 2004-2005-ൽ പ്രസരണ മേഖലയ്ക്കായി 256 കോടി രൂപ ചെലവഴിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അത് വികസന രംഗത്ത് വളരെയേറെ വമ്പിച്ച നേട്ടങ്ങൾ കൈവരിക്കാൻ കഴിയും. വിതരണ മേഖലയ്ക്കായി 350.35 കോടി രൂപ ഗവൺമെന്റ് വകയിരുത്തുകയുണ്ടായി. 5500 കിലോമീറ്റർ ലോ ടെൻഷൻ ലൈനും, 2000 കിലോമീറ്റർ 13 കെ. വി. ലൈനും അതുപോലെ തന്നെ 4 ലക്ഷം സർവീസ് കണക്ഷനുകളും പുതിയതായി ചേർക്കാൻ ഗവൺമെന്റ് നടപടികൾ സ്വീകരിച്ചുവരുന്നത് ഈ രംഗത്ത് ഏറെ മാറ്റങ്ങൾ കൈവരിക്കാൻ സാധിക്കും. മധുര, തിരുവനന്തപുരം, 400 കെ. വി. ലൈൻ ഈ വർഷം തന്നെ കമ്മിഷൻ ചെയ്യാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നതായി മനസ്സിലാക്കുന്നു. അതുപോലെ തന്നെ മൈസൂർ, കോഴിക്കോട്, 400 കെ.വി. ലൈനിന്റെ പണി ആരംഭിച്ചുകഴിഞ്ഞു, സാമ്പത്തിക സ്വയംപര്യാപ്തത കൈവരിക്കാനുള്ള ഉദ്യമത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെ പ്രസരണ വിതരണ നഷ്ടം വർഷന്തോറും 3 ശതമാനം കുറച്ചു കൊണ്ടുവരാനുള്ള ലക്ഷ്യം കെ. എസ്. ഇ. ബി.-യുടെ പ്രവർത്തനം ശക്തിപ്പെടുത്താൻ സഹായിക്കും. 12 ജലവൈദ്യുത പദ്ധതികളുടെ സർവേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി നടപടികൾ സ്വീകരിച്ച് എത്രയും വേഗത്തിൽ ടെൻഡർ ചെയ്ത് ഈ പദ്ധതികൾ നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കണം. വിൽപ്പന നികുതി വരുമാനം ഏറ്റവും കൂടിയ കാലഘട്ടം ആണ് ഇത്. ബഹുമാനപ്പെട്ട മന്ത്രിയെ എത്രതന്നെ അഭിനന്ദിച്ചാലും മതിയാകുകയില്ല. ഈ കടക്കെണിയിൽ ക്കഴിഞ്ഞ കേരളത്തെ എങ്ങനെ ബഹുമാനപ്പെട്ട മന്ത്രി ഇത്രയേറെ, അധിക നികുതി സാധാരണക്കാരിൽ അടിച്ചേൽപ്പിക്കാതെ, സാമ്പത്തിക രംഗത്ത് ഇത്രയേറെ മെച്ചമുണ്ടാക്കാൻ കഴിഞ്ഞു എന്നുള്ളതാണ്. 2001-2002-ലെ ശരാശരി പ്രതിമാസ നികുതിവരുമാനം 360 കോടി രൂപയായിരുന്നു. കഴിഞ്ഞ വർഷം 448 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. സർ, നടപ്പുവർഷം 510 കോടി രൂപ ആയി വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്, സർ, തോട്ടം വിളകൾക്ക് കാർഷികാദായനികുതി സർക്കാർ ഒരു വർഷത്തേക്ക് വരൾച്ച കാരണം ഒഴിവാക്കിയതിൽ ഏലം കൃഷിയെ ഒഴിവാക്കിയിട്ടുണ്ട്. അതുകൊണ്ട് പ്രസ്തുത കൃഷിയെ ഒഴിവാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം.

സർ, ചെക്ക്പോസ്റ്റുകളിലും വിൽപന നികുതി ഓഫീസുകളിലും എത്രയും വേഗം കംപ്യൂട്ടർ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. വിൽപന നികുതി ട്രൈബ്യൂണലിൽ നികുതി അസെസ്മെന്റ് യഥാസമയം പൂർത്തീകരിക്കണം. 31-12-2003 വരെ 11,71,876 കേസുകളിലാണ് അസെസ്മെന്റ് പൂർത്തീകരിക്കാൻ ബാക്കിയുള്ളത്. പ്രസ്തുത കേസുകൾ സമയ ബന്ധിതമായി

LIBRARY ARCHIVES Kerala Legislative Assembly

തീർക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും അതിനാവശ്യമായ ജീവനക്കാരെ നിശ്ചയിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ചെക്ക് പോസ്റ്റുകളിൽ വാഹനങ്ങൾ പരിശോധിക്കാൻ സ്കാനിംഗ് സിസ്റ്റം ഏർപ്പെടുത്തണം. അതുപോലെതന്നെ വയർലെസ് സെറ്റുകളും മറ്റ് ആധുനിക ഉപകരണങ്ങളും ഉദ്യോഗസ്ഥൻമാർക്ക് നൽകാൻ ആവശ്യമായ നടപടി സ്വീകരിക്കണം. സംസ്ഥാനത്തെ കർഷകർ ഏറ്റവും വലിയ പ്രതീക്ഷയിലാണ്. കാർഷികാദായ നികുതി ചെറിയ ഒരംശം മാത്രമാണ് ഖജനാവിലേയ്ക്ക് ലഭിക്കുന്നത്. അത് വാസ്തവത്തിൽ ജീവനക്കാരുടെ ഭരണച്ചെലവിനുപോലും മതിയാകില്ല. അതാണ് പാവപ്പെട്ട കർഷകരുടെ ഏറ്റവും വലിയ പ്രതീക്ഷ, അതുകൊണ്ട് ഈ കാലഘട്ടത്തിൽ കാർഷികാദായ നികുതി പൂർണ്ണമായും ഒഴിവാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്, ഈ ധനാഭർത്ഥനകളെ ഒന്നുകൂടി പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ബാബു: സർ, ബഹുമാനപ്പെട്ട മൂന്ന് മന്ത്രിമാർ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്താങ്ങുകയാണ്. കഴിഞ്ഞ മൂന്ന് വർഷക്കാലംകൊണ്ട് ഫലപ്രദമായി പ്രവർത്തിച്ച മൂന്ന് വകുപ്പുകളിലേയ്ക്കുമുള്ള ധനാഭ്യർത്ഥനകളാണ് ഇവിടെ അവതരിപ്പിച്ചത്. 2001-ൽ ഞങ്ങൾ വരുമ്പോൾ ഇലക്ട്രിസിറ്റി ബോർഡിലും അതുപോലെതന്നെ സാമ്പത്തിക രംഗത്തും എല്ലാം വലിയ പ്രതിസന്ധിയായിരുന്നു. എന്നാൽ ഈ ഗവൺമെന്റിന്റെ ഫലപ്രദമായ പ്രവർത്തനംകൊണ്ട് ഇന്നിപ്പോൾ ട്രഷറി കൂടുതൽ ദിവസം തുറന്ന് പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിനെ ഫലപ്രദമായി പ്രവർത്തിപ്പിക്കാൻ സാധിക്കുന്നുണ്ട്. ഇതെല്ലാം ഈ ഗവൺമെന്റിലെ മന്ത്രിമാർ കാര്യക്ഷമമായി നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ്. വിൽപന നികുതിയെപ്പറ്റി അപ്പുറത്തുനിന്നും തുടങ്ങിയതുതന്നെ വലിയ പാളിച്ചകൾ പറ്റി എന്ന നിലയിലാണ്. വിൽപന നികുതി 6,200 കോടി രൂപയായിരുന്നു ബഡ്ജറ്റ് എസ്റ്റിമേറ്റ്. 6081.13 കോടി രൂപയോളം പിരിച്ചെടുക്കാൻ സാധിച്ചു. 13 ശതമാനം വർദ്ധനവുണ്ടാക്കാൻ സാധിച്ചിരിക്കുകയാണ്. ഇതിന് ബഹുമാനപ്പെട്ട മന്ത്രിയെ ശ്ലാഘിക്കേണ്ടേ? ഇതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അനുമോദിക്കേണ്ടേ? അതു ചെയ്യാതെ നിസ്സാരമായ കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് വിമർശിക്കാനാണ് അപ്പുറത്തുനിന്നും നടത്തുന്ന ശ്രമങ്ങൾ. ഇവിടെ നികുതി പിരിവ് വളരെയേറെ വർദ്ധിപ്പിക്കാനും നേട്ടങ്ങൾ കൊയ്യാനും സാധിച്ചു. ഈ സന്ദർഭത്തിൽ ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വാറ്റ് വരുന്നതിനെക്കുറിച്ചുള്ള ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്. വാറ്റ് വരുമ്പോൾ കേരളത്തിന് സാമ്പത്തിക നഷ്ടം വരാതിരിക്കാൻ എല്ലാ ശ്രമങ്ങളും നടത്തണമെന്നാണ് എനിക്ക് ആദ്യമായി സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ പ്രാവശ്യം വാറ്റ് നടപ്പിലാക്കാൻ തയ്യാറെടുപ്പ് നടത്തിയതിന്റെ പേരിൽ നമുക്ക് 200 കോടി രൂപ നഷ്ടം വന്നതായിട്ടാണ് കണക്കാക്കപ്പെട്ടത്. ഒരു ചെറിയ കാലയളവിൽ നഷ്ടം വന്നു. അതുകൊണ്ട് ഇത്തവണ 'വാറ്റ്' നടപ്പിലാക്കാനുള്ള കേന്ദ്ര ഗവണ്മെന്റ് തീരുമാനം നടപ്പിലാക്കുമ്പോൾ കേരളത്തിന് നഷ്ടം വരാതിരിക്കാനും കേരളത്തിന്റെ വ്യവസായം, പാരമ്പര്യവ്യവസായം സംരക്ഷിക്കാനും നമുക്ക്

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കണമെന്ന് ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. വാറ്റ് വരുമ്പോൾ ഒരു ചെറിയ കാര്യം ചൂണ്ടിക്കാണിക്കാനുള്ളത്, നിലവിലുള്ള അസെസ്മെന്റുകളെല്ലാം 31-3-2004-ന് മുമ്പായി യുദ്ധകാലാടിസ്ഥാനത്തിൽ തീർപ്പാക്കാൻ നമുക്ക് സാധിക്കണം. അതിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റ് പ്രസംഗത്തിൽ ബഹുമാനപ്പെട്ട മന്ത്രി വൺ ടൈം സെറ്റിൽമെന്റ് കൊണ്ടുവരികയുണ്ടായി. ഈ സ്കീമിന് കുറേ പ്രയോജനമുണ്ടെങ്കിലും വിചാരിച്ചപോലെ പ്രയോജനമുണ്ടായില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. തമിഴ്നാട്ടിലും വെസ്റ്റ് ബംഗാളിലും ആന്ധ്രാപ്രദേശിലും മഹാരാഷ്ട്രയിലും കുടിശ്ശിക തീർക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അവർ പലിശയിൽ മാത്രമല്ല കുടിശ്ശികയിലും ഇളവ് നൽകാനുള്ള തീർപ്പ് കല്പിക്കൽ പരിപാടിയാണ് ആവിഷ്ക്കരിച്ചത്. വാറ്റ് വരുമ്പോൾ പുതിയ ഒരു നികുതി സമ്പ്രദായത്തിലേയ്ക്കാണ് കടക്കുന്നത്. അത്തരം സമ്പ്രദായം പരീക്ഷിച്ചുകൊണ്ട് കേരളത്തിൽക്കൂടി അത് നടപ്പിലാക്കാനും, വൺ ടൈം സെറ്റിൽമെന്റ് കൊണ്ടുവന്ന് വളരെ പെട്ടെന്നുതന്നെ നിലവിലുള്ള അസെസ്മെന്റെല്ലാം പൂർത്തിയാക്കി പുതിയ അദ്ധ്യായം ആരംഭിക്കാനും നമുക്ക് സാധിക്കണം. ദ്വിമുഖ നികുതി നമ്മൾ ഏർപ്പെടുത്തുകയുണ്ടായി. ഇതുകൊണ്ട് ഇരുപത്തിയഞ്ച് കോടി രൂപയാണ് അധിക വരുമാനം പ്രതീക്ഷിക്കുന്നത്. ഇതുമൂലം വളരെയേറെ എതിർപ്പ് വ്യാപാരി സമൂഹത്തിൽ നിന്നും ഉണ്ടായിട്ടുണ്ട്. എണ്ണായിരത്തോളം മെഡിക്കൽ സ്റ്റോറുകളുണ്ട്. ഇതെല്ലാംകൂടി കൊടുക്കുന്നത് ഇരുപത്തിയഞ്ച് കോടി രൂപ. വ്യാപകമായ അസംതൃപ്തി ഇതുമൂലം ഉണ്ടാക്കിയിട്ടുണ്ട്. അതുകൊണ്ട് ദ്വിമുഖ നികുതിക്ക് ഒരു പുനഃപരിശോധന വേണം. മാനുഫാക്ചറിംഗ് യൂണിറ്റുകൾക്ക് അവർ കൊണ്ടുവരുന്ന റാ മെറ്റീരിയൽസിന് എൻട്രി ടാക്സ് വച്ചതിന്റെ ഫലമായി നമ്മുടെ സംസ്ഥാനത്തെ ഉല്പാദന മേഖലയിലുള്ള യൂണിറ്റുകളെയെല്ലാം പ്രതികൂലമായി ബാധിക്കുന്നുണ്ട്. അത് പ്രതികൂലമായി ബാധിക്കാതിരിക്കാൻ എൻട്രി ടാക്സിനെ സംബന്ധിച്ച് പുനഃപരിശോധന നടത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇപ്പോൾ കംപ്യൂട്ടർ യുഗമാണ്. ഒരു പ്രത്യേകത, കംപ്യൂട്ടറുകൾക്കുവേണ്ടി ഉപയോഗിക്കുന്ന സ്പെയർ പാർട്ട്സുകൾക്കെല്ലാം നികുതി ഏർപ്പെടുത്തിയിട്ടുണ്ട്. അത് അസംബിൾ ചെയ്ത് പുറത്തിറക്കുമ്പോൾ കംപ്യൂട്ടറിനും ടാക്സ് കൊടുക്കേണ്ടിവരുന്നു. നെല്ല് കുത്തി അരിയാക്കുമ്പോഴുള്ള നികുതിയും, അതുപോലെ ഗോതമ്പും എല്ലാം പൊടിച്ച് പുറത്തിറക്കുമ്പോൾ ആദ്യം കൊടുത്ത നികുതി വകവച്ച് കണക്കാക്കാറുണ്ട്. ബോഡി ബിൽഡിംഗിനും ഇതുപോലെയുള്ള ചില സൗകര്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ടെന്ന് എനിക്ക് തോന്നുന്നു. കംപ്യൂട്ടർ പാർട്ട്സിന് നികുതിയുണ്ട്. വീണ്ടും അസംബിൾ ചെയ്തു വരുമ്പോൾ നികുതി കൊടുക്കേണ്ടുന്ന സ്ഥിതിയുണ്ട്. വളരെയേറെ ബുദ്ധിമുട്ടുകൾ ഈ മേഖലയിലുള്ളവർക്കുണ്ടെന്ന് മനസ്സിലാക്കുകയാണ്. അതുപോലെ പലിശ ചുമത്തുന്നതിനുള്ള നിയമം ഇന്ന് വളരെ അവ്യക്തമാണ്. അതുകൊണ്ട് ഉദ്യോഗസ്ഥൻമാർക്ക് വ്യാപാരികളുടെ നേരെ കുതിര കയറാനുള്ള അവസരം ഉണ്ടാകുന്നുണ്ട്. ഇവിടെ ചില സൗജന്യങ്ങൾ ചെയ്തതിനെക്കുറിച്ച് എനിക്ക് മുമ്പ് സംസാരിച്ചവർ ചൂണ്ടിക്കാണിക്കുകയുണ്ടായി. വിദേശ മലയാളികൾക്ക് ആശ്വാസം നൽകാൻ

LIBRARY ARCHIVES Kerala Legislative Assembly

വിമാനത്തിന്റെ എ.ടി.എഫ്. വിൽപ്പന നികുതി ഒഴിവാക്കി. മറ്റ് വിമാനങ്ങൾക്കുള്ള എ.ടി.എഫ് നികുതി 34 ശതമാനത്തിൽ നിന്നും 24 ശതമാനമാക്കി കുറച്ചു. ഇവിടെ ഒരു കാര്യം ചൂണ്ടിക്കാണിക്കാനുണ്ട്. വിദേശത്തു പോകുന്ന മലയാളികൾക്ക് കൂടുതൽ സൗജന്യങ്ങൾ ചെയ്യുന്നതിനുവേണ്ടിയാണ് നികുതിയിളവ് നൽകിയത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റിൽ വിദേശ ഇന്ത്യാക്കാരുടെ നിക്ഷേപത്തിന്റെ പലിശ കുറയ്ക്കുകയും നിക്ഷേപത്തിന് നികുതി ചുമത്തുകയും ചെയ്തിരിക്കുകയാണ്. നമ്മൾ ഒരു ഭാഗത്ത് വിദേശത്തേയ്ക്ക് പോകുന്നവരെ സഹായിക്കുന്നതിനുവേണ്ടി എ.ടി.എഫ്.-ന്റെ വിൽപന നികുതി ഒഴിവാക്കി ആശ്വാസം നൽകാൻ ശ്രമിക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ നികുതി ഏർപ്പെടുത്തുകയും അവരുടെ നിക്ഷേപത്തിന് പലിശ കുറയ്ക്കുകയും ചെയ്തിരിക്കുന്നു. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തി, ഇത് മാറ്റിയെടുക്കാൻ ശ്രമിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും ഇതിനെ വിലയിരുത്തിക്കൊണ്ട് പറഞ്ഞത് കേൾക്കാനിടവന്നു. ഈ സമ്മർദ്ദം ശക്തമായി തുടരണം. ഇത് കേരളത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്. അതുപോലെ തന്നെ കേന്ദ്ര ബഡ്ജറ്റിൽ ബീഹാർ പാക്കേജിനെക്കുറിച്ച് വായിക്കാൻ ഇടവന്നു. ബീഹാറിൽനിന്നും ജാർഖണ്ഡ് സംസ്ഥാനം ഉണ്ടായപ്പോഴുണ്ടായ നഷ്ടം നികത്തുന്നതിനു വേണ്ടി മൂവായിരത്തിലേറെ കോടി രൂപ കൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നു. അതുകൊണ്ട് കേരളത്തിനൊരു പാക്കേജ് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. ഇന്ന് രാവിലെ കൃഷിക്കാരുടെ പ്രശ്നം നിങ്ങൾ വളരെയേറെ ഒച്ചപ്പാടുണ്ടാക്കി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും കൃഷി വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു. എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, 18 എം.പി.-മാരാണ് കേരളത്തിൽ നിന്നും എൽ.ഡി.എഫ്.-ന് പാർലമെന്റിലുള്ളത്. ഈ എം.പി.-മാരല്ല കൃഷിക്കാരുടെ പ്രശ്നം, ആത്മഹത്യയുടെ പ്രശ്നം ആദ്യമായി പാർലമെന്റിൽ ഉന്നയിച്ചത്. അത് കേരളത്തിനു പുറത്തുള്ള എം.പി.-മാരാണ്. കേരളത്തിലെ ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് കൃഷിക്കാരുടെ പ്രശ്നത്തിൽ താൽപ്പര്യമെടുത്തില്ലെന്ന് വിമർശിക്കുമ്പോൾ തന്നെ 18 ഇടതുപക്ഷ എം.പി.മാർ പാർലമെന്റിൽ ഉണ്ടായിട്ടും കേരളത്തിലെ കൃഷിക്കാരുടെ ആത്മഹത്യ പ്രശ്നം പാർലമെന്റിൽ ആദ്യം ഉന്നയിച്ചത്, ബഹുമാനപ്പെട്ട കേന്ദ്ര കൃഷിമന്ത്രി മറുപടി പറഞ്ഞ ആ ചോദ്യത്തിനാണ്, ആദ്യം ഉന്നയിച്ചത് ആന്ധ്രയിലുള്ള എം.പി.മാരാണ്. നിങ്ങൾ മനസ്സിലാക്കണം. അവിടുത്തെ കോൺഗ്രസ് എം.പി.മാരാണ് അത് ചൂണ്ടിക്കാണിച്ചത്.

.....(ബഹളം).....

ഞങ്ങൾക്ക് ആളില്ല. സമ്മതിച്ചു. ഞങ്ങൾ തോൽവി അംഗീകരിക്കുന്നു. 18 എം.പി.മാർ ഉണ്ടായിട്ടും കൃഷിക്കാരുടെ പ്രശ്നങ്ങൾ നിങ്ങൾക്ക് അവിടെ ഉന്നയിക്കാൻ സാധിച്ചോ? ആദ്യം ആന്ധ്രയിലുള്ള ആളുകളാണ് ഉന്നയിച്ചത്. ആ ജാള്യത മറച്ചുവയ്ക്കാൻ വേണ്ടിയല്ലേ കൃഷിക്കാരുടെ പേരിൽ ഇത്ര വലിയ ഒച്ചപ്പാടുണ്ടാക്കുന്നത്. അതുകൊണ്ട് നിങ്ങളുടെ പാർലമെന്റ് അംഗങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ പ്രശ്നങ്ങൾ പാർലമെന്റിൽ അവതരിപ്പിക്കുന്ന കാര്യത്തിൽ വീഴ്ച വരുത്തരുതെന്ന് നിങ്ങളുടെ പാർട്ടി നിർദ്ദേശം കൊടുക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ശ്രീ. കോടിയേരി പ്രത്യേകം ശ്രദ്ധിക്കണം. അതിനാണ് ഇവിടെ കോലാഹലങ്ങൾ ഉണ്ടാക്കിയത്. ഇലക്ട്രിസിറ്റിയുടെ കാര്യത്തിൽ, മീറ്ററിന്റെ പ്രശ്നം, മീറ്റർ കൊണ്ടുവന്നത് എ.പി.ആർ.ഡി.പി. പദ്ധതി മുഖാന്തിരമാണ്. അത് പ്രസരണ നഷ്ടം ഒഴിവാക്കാൻ വേണ്ടിയാണ്. ഞാൻ ജനങ്ങൾക്കുള്ള ഉത്കണ്ഠയിൽ പങ്ക് ചേരുകയാണ്. അതോടൊപ്പം തന്നെ ഒരു കാര്യം ഞാൻ പറയാം, നിങ്ങൾ മീറ്റർ വയ്ക്കുന്നതിനെ എതിർക്കുന്നുണ്ട്. മീറ്റർ വയ്ക്കാനുള്ള തീരുമാനം ആരെടുത്തതാണ്? മീറ്റർ വയ്ക്കാനുള്ള തീരുമാനം ആദ്യം എടുത്തത് പിണറായി വിജയന്റെ കാലത്താണ്. ശ്രീ. കോടിയേരി മനസ്സിലാക്കണം. അന്ന് കോടിയേരി ബോർഡ് മെമ്പറാണ്. നിങ്ങളാണ് ഈ തീരുമാനമെടുത്തത്. അത് വിസ്മരിക്കരുത്. അതോടൊപ്പം കോടിയേരിയുടെ നിർബന്ധം കൊണ്ടാണെന്നാണ് ബഹുമാനപ്പെട്ട ആര്യാടൻ പറയുന്നത്. ഞാനത് കണക്കാക്കുന്നില്ല. നിങ്ങൾ മീറ്റർ വയ്ക്കാൻ എടുത്ത തീരുമാനത്തെ ഞാൻ ആക്ഷേപിക്കുന്നില്ല. തീർച്ചയായിട്ടും അതിനകത്ത് സദുദ്ദേശമുണ്ടായിരുന്നു. പക്ഷേ അത് കൊണ്ടുവന്നത് നിങ്ങളാണ്. മറ്റൊരു കാര്യം, നേരത്തെ ഇവിടെ ഒരു നിർദ്ദേശം വന്നു, ജനങ്ങൾക്ക് വളരെയേറെ ആശങ്കയുണ്ട്. ഗവൺമെന്റിനും ഇലക്ട്രിസിറ്റി ബോർഡിനും ഒന്നും മറച്ചുവയ്ക്കാനില്ല. അങ്ങനെയാണെങ്കിൽ വാട്ടർ അതോറിറ്റിയിൽ ചെയ്യുന്നതുപോലെ ഐ.എസ്.ഐ. മാർക്കുള്ള മീറ്റർ വാങ്ങി ഉപഭോക്താവിന്റെ ചെലവിൽ വയ്ക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് അനുവാദം നൽകണം. വാട്ടർ അതോറിറ്റി ചെയ്യുന്നത് എന്താണ്? വാട്ടർ അതോറിറ്റിയിൽ കൺസ്യൂമർ, മീറ്റർ കൊണ്ടുവന്ന് ടെസ്റ്റ് ചെയ്ത് വയ്ക്കും. അതുതന്നെ ഇലക്ട്രിസിറ്റി ബോർഡും ചെയ്താൽ മതി. മീറ്റർ വയ്ക്കണമെന്നുള്ള കാര്യത്തിൽ യാതൊരു വിധത്തിലുള്ള എതിർപ്പുമില്ല. എന്റെ അഭിപ്രായം മീറ്റർ വയ്ക്കണമെന്ന് തന്നെയാണ്. അത് ജനങ്ങൾക്ക് വിട്ടുകൊടുക്കണം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇതിൽ നേരത്തെ പറഞ്ഞ കാര്യം, പാർലമെന്റിൽ ഇടതുപക്ഷ എം.പി.മാർ ഈ പ്രശ്നം ഉന്നയിച്ചില്ല എന്നുപറഞ്ഞു. ഇവിടുത്തെപോല തന്നെ അവിടെ ചോദ്യം ചോദിക്കുന്നതും, സ്റ്റാർഡ് കസ്റ്റ്യൻ എന്നുവരുന്ന ചോദ്യത്തിനാണ് ഉപചോദ്യം ചോദിച്ചത്. ആ ഉപചോദ്യം ചോദിച്ച ആളുകളുടെ ലിസ്റ്റ് എന്റെ കയ്യിലുണ്ട്. സുരേഷ് കുറുപ്പ്, എം.പി. വീരേന്ദ്രകുമാർ, സി.കെ. ചന്ദ്രപ്പൻ. ഇവരൊക്കെ ഇടപെട്ടാണ് ഉപചോദ്യം ചോദിച്ചത്. സ്റ്റാർഡ് കസ്റ്റ്യൻ വന്നതാണ് ആന്ധ്രയിലെ രണ്ടാളുകളുടെ പേരിൽ. അത് മറച്ചുവച്ചുകൊണ്ട് വിവരമില്ലാത്തതുപോലെ പറയുന്നത് ശരിയാണോ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സ്റ്റാർഡ് കസ്റ്റ്യൻ ആന്ധ്രയുടെ മാത്രമാണെങ്കിൽ അത് ഇവിടുത്തെ ഗവൺമെന്റിൽ നിന്ന് ഇൻഫർമേഷൻ കളക്റ്റ് ചെയ്യാൻ സാധിക്കില്ല. ഞങ്ങൾക്ക് ആളില്ലാത്തതുകൊണ്ട് ആന്ധ്രയിലെ കോൺഗ്രസ് മെമ്പർമാർ പാർലമെന്റിൽ ആന്ധ്രയിലെയും കേരളത്തിലെയും കാര്യം ചോദിച്ചു. ഞങ്ങൾ ഇവിടെ ചോദിക്കുന്നതിന് നിങ്ങൾ ഉപചോദ്യം ചോദിക്കുന്നതുപോലെ.

LIBRARY ARCHIVES Kerala Legislative Assembly

അതുകൂടി ചോദിച്ചില്ലെങ്കിൽ കേരളത്തിൽ എന്തായിരിക്കും നിങ്ങളുടെ സ്ഥിതി? ഉപചോദ്യം ചോദിക്കാൻ പോലും നിങ്ങൾ തയ്യാറാകാതിരുന്നാൽ ജനങ്ങൾ വെറുതെ വിടുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ആന്ധ്രയിലെ രണ്ട് കോൺഗ്രസ് മെമ്പർമാരാണ് പാർലമെന്റിൽ ചോദിച്ചത്, ആത്മഹത്യ ചെയ്തവർ കേരളത്തിൽ എത്ര; ആന്ധ്രയിൽ എത്ര? അതിനുള്ള ഉത്തരമായി ഇവിടെ നിന്ന് ശ്രീമതി ഗൗരിയമ്മ അയച്ചുകൊടുത്തത് ഒറ്റയാളും ആത്മഹത്യ ചെയ്തിട്ടില്ലെന്നാണ്. അത് മറച്ചുവയ്ക്കാൻ വേണ്ടി നിങ്ങൾ കാണിക്കുന്ന വളഞ്ഞ വഴി എന്തിന് വേണ്ടിയാണെന്ന് നിങ്ങൾ പറയണം.

ശ്രീ. കെ. ബാബു: ബഹുമാനപ്പെട്ട കോടിയേരി, നിങ്ങൾക്ക് പറ്റിയ വീഴ്ച മറച്ചുവയ്ക്കാനല്ലേ ഇത്? നിങ്ങൾ പറഞ്ഞതിൽ തന്നെ ഉത്തരമുണ്ട്. സ്റ്റാർഡ് ക്വസ്റ്റ്യൻ ഞങ്ങളല്ല ചോദിച്ചത് എന്നുപറഞ്ഞു. ഞാനും അത് തന്നെയാണ് പറഞ്ഞത്.....(ബഹളം).....ആ ജാള്യത മറച്ചുവയ്ക്കാൻ വേണ്ടി ഇവിടെ ബഹളം കൂട്ടേണ്ട കാര്യമുണ്ടോ? ബാക്കിയുള്ളതിന് ബഹുമാനപ്പെട്ട ആര്യാടൻ മറുപടി പറഞ്ഞുകഴിഞ്ഞു. ഒരുകാര്യം ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം വളരെയേറെ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. ഇപ്പോൾ എൽ.എൻ.ജി ടെർമിനലിന്റെ കാര്യം, വളരെ വർഷങ്ങളായി കേരളത്തിന് വലിയ ആശ്വാസം കിട്ടുന്ന ഒരു പദ്ധതിയായി എൽ.എൻ.ജി ടെർമിനലിനെയാണ് ഉയർത്തികാണിക്കുന്നത്. 2200-ഓളം മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന എൽ.എൻ.ജി ടെർമിനൽ നേടിയെടുക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഗവൺമെന്റും വളരെയേറെ ശ്രമങ്ങൾ നടത്തി അനുകൂലമായ പ്രഖ്യാപനം വന്നുകഴിഞ്ഞിരിക്കുകയാണ്. എൽ.എൻ.ജി ടെർമിനൽ യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. ഇനിയും വളരെ ശക്തമായ നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. പഴയതുപോലെ ഹൈഡൽ വൈദ്യുതി മാത്രം ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമല്ല. കൂടിയ വിലയ്ക്ക് വൈദ്യുതി വാങ്ങി കുറഞ്ഞ വിലയ്ക്ക് വിൽക്കുന്ന ഒരു ബോർഡ് കൂടിയാണ് കേരളത്തിലുള്ളത്. കേരളത്തിൽ അത് ആവശ്യമാണ്. അതുകൊണ്ട് നമുക്ക് പരമാവധി ഹൈഡൽ പ്രോജക്റ്റുകളിലേയ്ക്ക് മടങ്ങിപോകാൻ സാധിക്കണം.

ഇവിടെ ശ്രീ. എം. എം. ഹസ്സന്റെ വകുപ്പിൽ വളരെയേറെ കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടക്കുന്നതിനെക്കുറിച്ച് എല്ലാവരും സൂചിപ്പിച്ചു. ഞാനത് ആവർത്തിക്കുന്നില്ല. അദ്ദേഹത്തിന്റെ വകുപ്പിന്റെ കീഴിലുള്ള പ്രസ്സ് അക്കാഡമി എന്റെ നിയോജകമണ്ഡലത്തിലാണ്. മികച്ച പത്രപ്രവർത്തകൻമാരെ വാർത്തെടുക്കുന്ന ആ സ്ഥാപനത്തിന്റെ സിൽവർ ജൂബിലി ആഘോഷമാണ്. ഒരുകോടി രൂപ ബഡ്ജറ്റിൽ പ്രഖ്യപിച്ചിട്ടുണ്ട്. ആ പ്രസ്സ് അക്കാഡമി ഒരു മികച്ച സ്ഥാപനമാക്കി മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം തന്നെ പ്രിന്റ് മീഡിയ മാത്രമല്ല വിഷ്വൽ മീഡിയ വളരെ സജീവമാണ്. അതുകൊണ്ട് വിഷ്വൽ മീഡിയയ്ക്ക് ഈ കാലഘട്ടത്തിന് അനുയോജ്യമായ വിധത്തിലുള്ള അംഗീകൃത കോഴ്സുകൾ പ്രസ്

LIBRARY ARCHIVES Kerala Legislative Assembly

അക്കാഡമിയിൽ ആരംഭിക്കാൻ അങ്ങ് മുൻകയ്യെടുക്കണം. ഈ നിയമസഭ ആരംഭിച്ചതിന് ശേഷം നമ്മുടെ സംസ്ഥാനത്ത് മോഷണം വർദ്ധിച്ചതിന്റെയും അതുപോലെ കൊലപാതകം നടക്കുന്നതിന്റെയും വാർത്തകൾ വരുന്നുണ്ട്. ചില സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. പോലീസ് കർക്കശമായി ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം. അതോടൊപ്പം തന്നെ അടുത്തകാലത്ത് പോലീസിൽ മാർക്സിസ്റ്റ് ഫ്രാക്ഷൻ വളരെ ശക്തമാണ്. കേരളത്തിൽ നടക്കുന്ന കൊലപാതകങ്ങൾക്കും അക്രമങ്ങൾക്കും പോലീസിലെ മാർക്സിസ്റ്റ് ഫ്രാക്ഷൻ നടത്തുന്ന ഗൂഢാലോചനയും കൂടിയുണ്ടോയെന്ന് ഗവൺമെന്റ് പരിശോധിക്കണമെന്ന് ഈ സന്ദർഭത്തിൽ ഞാൻ അഭ്യർത്ഥിക്കുന്നു. ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിൻതാങ്ങുന്നു.

[അദ്ധ്യക്ഷ വേദിയിൽ മി. ഡെ. സ്പീക്കർ]

ശ്രീ. എം. വി. ജയരാജൻ : സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആദ്യമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് എനിക്ക് ഒരു ചോദ്യം ചോദിക്കാനുള്ളത് ശ്രീ. കെ. കെ. നായർ നേരത്തെ ചില അഭിപ്രായങ്ങൾ ഈ നിയമസഭയിൽ പറയുകയുണ്ടായി. ആ അഭിപ്രായങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അഭിപ്രായം എന്താണ് എന്ന് ഞങ്ങൾക്ക് അറിയേണ്ടതുണ്ട് വൈദ്യുതി ബോർഡ് ലക്ഷക്കണക്കിന് വീട്ടുകാരുടെ ഉറക്കം കെടുത്തുന്ന ഒരു വെള്ളാനയാണ്. ജനങ്ങളെ ഷോക്കടിപ്പിക്കുന്ന ഒന്നാണ്. ശ്രീ. കടവൂരിന്റെ വകുപ്പിൽ ഭരണവികസനം ഒന്നും നടക്കുന്നില്ല. ഉല്പാദനം, പ്രസരണം, വിതരണം, എന്ന മൂന്നു മേഖലയേയും അവഗണിച്ചു. കേരളത്തെ ഇരുട്ടിലേയ്ക്ക് നയിക്കുന്ന ഒരു ഭരണമാണ്. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ അഞ്ചു വർഷം കൊണ്ട് 1086 മെഗാവാട്ട് വൈദ്യുതി അധികം ഉല്പാദിപ്പിച്ചു. 60 സബ്സ്റ്റേഷനുകൾ പണിതു. 17 ലക്ഷം കണക്ഷനുകൾ നൽകി. ഇങ്ങനെ എണ്ണമറ്റ നേട്ടങ്ങൾ ഉണ്ടാക്കി. 38 മാസത്തെ യു.ഡി.എഫ്. ഭരണത്തിൽ കേവലം 12 മെഗാവാട്ട് വൈദ്യുതി മാത്രമാണ് ഏക നേട്ടം. സാധാരണ കണക്ഷനുകൾക്ക് മൂന്നു വർഷം കാത്തിരിക്കണം. പോസ്റ്റ് ഇടേണ്ട കണക്ഷൻ ആണെങ്കിൽ അഞ്ച് വർഷം കാത്തിരിക്കണം. ഒ.വൈ.ഇ. സി-യിൽപോലും ഒരു വർഷം കഴിയണം. 2003-04 വർഷം വികസന പ്രവർത്തനങ്ങൾക്കുവേണ്ടി 1407 കോടി രൂപ വായ്പ എടുത്തു. ലക്ഷ്യമിട്ടത് 765 കോടി രൂപ. പൂർത്തീകരിച്ചത് 298 കോടി രൂപ. ഈ വർഷം ലക്ഷ്യമിട്ടത് 698 കോടി രൂപയും. യു.ഡി.എഫ്. ഭരണത്തിൽ വികസനമെന്നാൽ പടവലങ്ങ വളരുംപോലെ കീഴോട്ടാണ്. വികസനമെന്നാൽ മന്ത്രിയുടേയും കൂട്ടാളികളുടെയും സ്വന്തം വികസനമാണ്. 20 വർഷം മുമ്പ് ആരംഭിച്ച കുറ്റ്യാടി എക്സ്റ്റൻഷൻ പദ്ധതി ഇതുവരെ പൂർത്തിയായിട്ടില്ല. കരാറുകാരൻ ശ്രീ. കുര്യൻ കളത്തിലിന് കോടതി നിർദ്ദേശത്തിന്റെ മറവിൽ റേറ്റ് റിവൈസ് ചെയ്തു കൊടുത്തു. കോടതി അപ്പോൾ രണ്ട് കാര്യങ്ങൾ പറഞ്ഞിരുന്നു. ഒന്ന് 2004 മാർച്ചിൽ പണി പൂർത്തീകരിക്കണം. രണ്ട്, ബോർഡിന് ലഭിക്കേണ്ട കുടിശിക സംഖ്യ, കെ.എസ്.ഇ.ബി.-യുടെ തെഫ്റ്റ് റിക്കവറി ട്രൈബ്യൂണൽ പദ്ധതി പ്രവർത്തനത്തിലെ അപാകത കാരണം കരാറുകാരന് ചുമത്തിയ പിഴ, ആ സംഖ്യയായ മൂന്നര കോടി രൂപ വസൂലാക്കണം.

[2.00 p.m.]

LIBRARY ARCHIVES Kerala Legislative Assembly

കരാറുകാരൻ പണിനിർത്തി 21.61 കോടി രൂപ ബോർഡ് കരാറുകാരന് നൽകി. ബോർഡിന് ലഭിക്കേണ്ട മൂന്നര കോടി രൂപ ഈടാക്കിയില്ല. മന്ത്രിയുടെ നിർദ്ദേശമനുസരിച്ചാണ് ഇത് ചെയ്തത്. പ്രത്യുപകാരം എന്ന നിലയിൽ മന്ത്രിക്ക് കരാറുകാരൻ കൊടുത്തതോ 25 ലക്ഷം രൂപ. കാര്യം അരമന രഹസ്യമല്ല. അങ്ങാടിപ്പാട്ടാണ്. 22,000 ക്യൂബിക്ക് മീറ്റർ കോൺക്രീറ്റ് പണി ബാക്കിയുണ്ട്. കരാറുകാരൻ വീണ്ടും റേറ്റ് റിവിഷൻ ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതാണ് ഇവിടെ നടക്കുന്നത്. കെ.എസ്.ഇ.ബി.യുടെ 2004-05 ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പേജ് 12-ൽ പതിനാറ് പദ്ധതികൾ ഈ വർഷം പൂർത്തീകരിക്കുമെന്ന് പറയുന്നു. മലർപ്പൊടിക്കാരന്റെ സ്വപ്നമല്ലെ. കേന്ദ്രാനുമതി ലഭിക്കാത്ത അതിരപ്പിള്ളിയും ആ പട്ടികയിൽ ഉണ്ട്. പതിനാറാം പവ്വർ സർവ്വേ റിപ്പോർട്ട് പ്രകാരം 2006-07 ആകുമ്പോഴേക്കും 4304 മെഗാവാട്ട് വൈദ്യുതി നമുക്ക് വേണം. ഇപ്പോഴത്തെ സ്ഥാപിത ശേഷി 2431 മെഗാവാട്ടാണ്. 2000 മെഗാവാട്ട് കുറവ്. പവ്വർ കട്ടും ലോഡ് ഷെഡിംഗും കേരളീയരുടെ നിത്യജീവിതത്തിന്റെ ഭാഗമാകാൻ പോവുകയാണ് എന്നതാണ് ഭാവി. വൈദ്യുതി മേഖലയെ സ്വകാര്യവൽക്കരിക്കണമെന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ യു.ഡി.എഫ്. ഭരണം ഓരോ നടപടിയും സ്വീകരിക്കുന്നത്. 28 ലക്ഷം ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വാങ്ങിക്കൂട്ടിയതും ഈ ലക്ഷ്യത്തോടെയാണ്. ഡിസ്ട്രിബ്യൂഷൻ പ്രൈവറ്റ് ഏജൻസിയെ ഏല്പിക്കണമെന്നുള്ളതാണ് ഇവരുടെ നയം. പ്രതിവർഷം 900 കോടി രൂപ അധികവരുമാനം ജനങ്ങളെ പിഴിഞ്ഞുണ്ടാക്കുകയാണ് ഇവരുടെ ലക്ഷ്യം. കഴിഞ്ഞ മൂന്ന് വർഷത്തിനകം 1918.12 കോടി രൂപയുടെ ഭാരമാണ് ചാർജ് വർദ്ധനവിലൂടെ നിങ്ങൾ ജനങ്ങളുടെമേൽ കയറ്റിവച്ചത്. വൈദ്യുതി മന്ത്രി തന്നെ 29-1-2004-ന് ഒരു ചോദ്യത്തിനുള്ള മറുപടിയിൽ പറഞ്ഞ കാര്യമാണ്. ഇപ്പോൾ 900 കോടി രൂപയും എല്ലാം ചേർന്നാൽ ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം 2818.12 കോടി രൂപയുടെ ഭാരം ജനങ്ങളുടെ മേൽ ഉണ്ടാക്കി. 132 കോടി രൂപയ്ക്ക് 28 ലക്ഷം മീറ്റർ വാങ്ങി. കൊല്ലത്തെ പൊതുമേഖലാ സ്ഥാപനമായ യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന് 7 ലക്ഷത്തിന്റെ മീറ്റർ ഓർഡർ നൽകി. ബാക്കി 21 ലക്ഷവും കേരളത്തിന് വെളിയിലുള്ള സ്വകാര്യ കടലാസ് കമ്പനികളിൽ നിന്ന് ഗുണനിലവാരമില്ലാത്ത മീറ്ററുകളാണ് വാങ്ങിയത്. മീറ്ററുകൾ 2004 വരെ വാങ്ങിക്കൊള്ളാമെന്ന് കൊല്ലത്തെ മീറ്റർ കമ്പനിയുമായി ഉണ്ടാക്കിയ കരാർപോലും ഇവർ അവഗണിച്ചു. ഒരു പൊതു മേഖലാസ്ഥാപനത്തെ നശിപ്പിക്കുന്ന നിലപാട് സ്വീകരിച്ചു. ഒരു മീറ്റർ വകയിൽ സർക്കാർ ഖജനാവിലേയ്ക്ക് വിവിധ നികുതി ഇനത്തിൽ 39 രൂപയാണ് കൊല്ലത്തെ മീറ്റർ കമ്പനി അടയ്ക്കുന്നത്. ഈ 28 ലക്ഷം മീറ്ററും അവരെ ഏല്പിച്ചിരുന്നെങ്കിൽ സർക്കാരിന്റെ ഖജനാവിലേയ്ക്ക് ശ്രീ. കെ. ശങ്കരനാരായണന് 11 കോടി രൂപ വരുമാനം കിട്ടുമായിരുന്നു. അത് അവർ നഷ്ടപ്പെടുത്തി. ആർക്കാണ് കൊടുത്തത്? ഇവർ കൊടുത്ത കമ്പനി ഖജനാവിന് ഒന്നും തരുന്നില്ല. നിങ്ങൾ കമ്മീഷൻ നൽകുന്ന, സ്വകാര്യ കമ്പനികളിൽ നിന്ന് 21 ലക്ഷം മീറ്ററുകൾ വാങ്ങിക്കൂട്ടി. മീറ്റർ ഒന്നിന് എത്രയാണ് കമ്മീഷൻ 10 രൂപ. ആകെ ലഭിച്ചത് 210 ലക്ഷം രൂപ ഇത് കൈക്കൂലിയല്ല. പാരിതോഷികമാണ്. അതിൽ പകുതി സംഖ്യ മാസപ്പടി

LIBRARY ARCHIVES Kerala Legislative Assembly

എന്ന പോലെ കാരണവർക്ക് കൊണ്ടുപോയി കൊടുക്കണം. മന്ത്രിക്ക് കിട്ടിയത് നേർ പകുതി മാത്രമാണ്. കൃത്യം കണക്ക് 1 കോടി 5 ലക്ഷം രൂപയാണ്. എല്ലാവർക്കും അറിയാം ആ കാരണവർ ആരാണെന്ന്. എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമാണ് 2002 മുതൽ ഇലക്ട്രോണിക് മീറ്ററുകൾ മാറ്റി സ്ഥാപിക്കാൻ തുടങ്ങിയത്. ഒരു പത്രം എഴുതി തല്ലിക്കൂട്ടിയ മീറ്റർ തല്ലുകൊള്ളുന്ന ജനം. മാറ്റി സ്ഥാപിച്ച മീറ്റർ ഉപഭോഗം രേഖപ്പെടുത്തുമ്പോൾ സിംഗിൾ ഫെയിസ്-25 യൂണിറ്റ് അധികം, ത്രീഫെയ്സ് 35 യൂണീറ്റ് അധികം. വരുമാനം വർദ്ധിപ്പിക്കും, മന്ത്രി തന്നെ പറഞ്ഞതു പോലെ 900 കോടി രൂപ ജനങ്ങളെ പിഴിയുകയാണ്. മീറ്റർ ടെൻഡറിൽ പ്രശസ്ത സ്ഥാപനങ്ങൾ ആരും പങ്കെടുത്തില്ല. പങ്കെടുപ്പിച്ചില്ല എന്നു പറയുന്നതാണ് ശരി. എൽ.ഡി.എഫ്. ഭരിക്കുമ്പോൾ മീറ്ററുകൾ വാങ്ങിയത് ബി.എച്ച്.ഇ.എൽ. പോലുള്ള പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നാണ്. അന്ന് ആക്ഷേപമെന്നും വന്നില്ല. ഞങ്ങളാണ് അത് തുടങ്ങിവച്ചത്. ഞങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നാണ് വാങ്ങിയത്. ഒരാളെയും ഷോക്കടിപ്പിക്കുന്ന രീതിയിൽ ഒരു റിപ്പോർട്ടും വന്നില്ല. ഇപ്പോൾ വാങ്ങിയ മീറ്റർ ഇലക്ട്രോണിക് മീറ്ററല്ല. (ഒരു മീറ്റർ ഉയർത്തിക്കാണിച്ചു) ഇതാണ് മീറ്റർ. ഇതിന്റെ പേര് ഹൈബ്രിഡ് മീറ്ററെന്നാണ്. ഞാൻ വെല്ലുവിളിച്ച് മന്ത്രിയോട് ചോദിക്കട്ടെ. ഈ മീറ്റർ ഒന്ന് നോക്കു. ഇത് ഇലക്ട്രോണിക് മീറ്ററാണെങ്കിൽ ഡിസ്പ്ലേ വേണം. ഇവിടെ ഡിസ്പ്ലേയില്ല. ഇലക്ട്രോണിക് വാച്ചുപോലെയാണ് അത്. ഇവിടെ വരുന്നത് മെക്കാനിക്കൽ മീറ്റർ പോലെ റീഡിംഗാണ്. ഇങ്ങനെയാണ് ഗുണനിലവാരമില്ലാത്ത മീറ്ററുകൾ വാങ്ങിക്കൂട്ടിയത്. എ.പി.ഡി. ആർ.പി.-യുടെ ഭാഗമായി മീറ്ററുകൾ വാങ്ങുമ്പോൾ പാലിക്കേണ്ട വ്യവസ്ഥകളൊന്നും പാലിച്ചിട്ടില്ല. മീറ്റർ സ്പെസിഫിക്കേഷൻ ബാംഗ്ലൂരിലെ സെൻട്രൽ പവ്വർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് സമർപ്പിക്കുകയും അവരുടെ അംഗീകാരം വാങ്ങുകയും വേണം. അത് ചെയ്യണം. ഹൈബ്രിഡ് മീറ്ററുകൾക്ക് സി.പി.ആർ.ഐ. അംഗീകാരം നൽകില്ല. എന്നാൽ സബ്സ്റ്റേഷനുകൾക്കും ലൈനുകൾക്കും വേണ്ടിയുള്ള മീറ്ററുകൾക്ക് അംഗീകാരം വാങ്ങി അത് നാമമാത്രമാണ്. 21 ലക്ഷം മീറ്റർ വാങ്ങിയത് സ്പെസിഫിക്കേഷൻ പരിശോധിച്ച് ഉറപ്പ് വരുത്താതെയാണ്. ആയിരം മീറ്റർ വാങ്ങുമ്പോൾ 32 എണ്ണം പരിശോധിച്ചാൽ മതിയെന്നാണ് ഇലക്ട്രിസിറ്റി ബോർഡ് ഉത്തരവ് ഇറക്കിയത്. ഇത് ആരെ സഹായിക്കാനാണ്? സ്വകാര്യ മീറ്റർ കമ്പനിക്കാരുമായി കച്ചവടം നടക്കുമ്പോൾ ബോർഡ് പർച്ചേഴ്സിന്റെ ചുമതല ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ ശ്രീ. നീലകണ്ഠനാണ് നൽകിയത്. വർഷങ്ങളായി ഈ തസ്തികയിൽ ചീഫ് എഞ്ചിനിയർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ഇതുവരെ പ്രവർത്തിച്ചിട്ടില്ല. ശ്രീ. നീലകണ്ഠൻ വന്നപ്പോൾ റിട്ടയർ ചെയ്യുന്നതുവരെ ചീഫ് എഞ്ചിനിയർ തസ്തിക ഒഴിച്ചിട്ടു. ശ്രീ. നീലകണ്ഠൻ റിട്ടയർ ചെയ്തതിനുശേഷം മന്ത്രിയുടെ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറിയാക്കി. ഈ കച്ചവടത്തിന് കൂട്ടു നിന്നതിന് മന്ത്രിയുടെ ഒരു സമ്മാനം. ഏത് ഉല്പന്നവും വൻ തോതിൽ വാങ്ങുന്നതിനുമുമ്പ് പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥയ്ക്ക് വിധേയമാക്കാറുണ്ട്. കമ്പനികളുടെ വിശ്വാസ്യത

LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി.-യുടെ ഉദ്യോഗസ്ഥന്മാർ നേരിട്ട് പോയി ഉറപ്പ് വരുത്തും. അതും ഇവിടെ ഉപേക്ഷിച്ചു. കഴിവുള്ള എഞ്ചിനീയർമാർ അടങ്ങിയ ഒരു ക്വാളിറ്റി അഷ്വറൻസ് സെൽ ഉണ്ടായിരുന്നു. അത് മന്ത്രി പിരിച്ചു വിട്ടു. 56-ലെ ഇന്ത്യൻ ഇലക്ട്രിസിറ്റി റൂൾ 57 ക്വാട്ട് ചെയ്ത് കഴിഞ്ഞ ദിവസം ഈ സഭയെ മന്ത്രി ബോധപൂർവ്വം തെറ്റിദ്ധരിപ്പിക്കുകയും ചെയ്തു. മൂന്ന് ശതമാനം വരെ എറർ അനുവദനീയമാണ് എന്ന് റൂളിൽ പറയുന്നു എന്നാണ് മന്ത്രിസഭയിൽ വിശദീകരിച്ചത്. എന്താണ് റൂളിലുള്ളത്. റൂളിലെ ബ്രാക്കറ്റിൽ പറഞ്ഞ കാര്യം മന്ത്രി വായിച്ചില്ല. ഇന്ത്യൻ സ്റ്റാന്റേർഡ് സ്പെസിഫിക്കേഷൻ അംഗീകരിച്ച മൂന്ന് ശതമാനം എറർ അനുവദനീയമല്ല എന്ന് പറയുന്ന റൂളിലെ ഭാഗം മന്ത്രി വിട്ടുകളഞ്ഞു. സ്വകാര്യ മീറ്റർ കമ്പനികളുടെ വക്കാലത്തുകാരനായി മന്ത്രി അധ:പതിച്ചു. പ്രതിഫലം പറ്റാതെ ഇങ്ങനെ ഒരു വാദം ഈ വക്കീൽ നടത്തുമോ? റൂൾ 57-ൽ പറയുന്നത് എന്താണ്? ഞാൻ അത് ക്വാട്ട് ചെയ്യട്ടെ, ".....are within the limits specified in the relevant Indian standard specification and where no such specified specification exists the limits of error....." ഓർഡറിന്റെ ടെൻഡർ നോട്ടീസിൽ ഈ സ്പെസിഫിക്കേഷൻ പറയുന്നു. എല്ലാ രേഖകളും എന്റെ കൈയിലുണ്ട്. ഞാൻ അത് സമയമില്ലാത്തതുകൊണ്ട് വായിക്കുന്നില്ല. ഐ.എസ്. 13-779 ആക്യുറൻസി ക്ലാസ് - 1 ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ് എന്ന ആധികാരിക റഫറൻസ് ബുക്ക് അതിന്റെ പേജ് നമ്പർ 10-ൽ അതിൽ പറയുന്നു, വീടുകൾക്കും കച്ചവട സ്ഥാപനങ്ങൾക്കും സ്ഥാപിക്കുന്ന മീറ്ററുകൾക്ക് പരമാവധി എറർ ലിമിറ്റ് ഒരു ശതമാനം മാത്രമാണ്. ഇവിടെ "മനോരമ" ലാബുകളിൽകൊണ്ടുപോയി ഈ മീറ്ററുകൾ പരിശോധിപ്പിച്ചു, ആ റിപ്പോർട്ടിൽ പറയുന്നു 33 ശതമാനം മീറ്ററുകളും ഗുണനിലവാരമില്ലാത്തതാണെന്ന്. ഐ.എസ്. ഐ.-ൽ മീറ്റർ ഗുണനിലവാരം ഉറപ്പു വരുത്തേണ്ടുന്ന ടെസ്റ്റുകളെക്കുറിച്ച് പേജ് 12- ൽ പറയുന്നുണ്ട്. ആകെ ആറ് ഇനങ്ങളിലായി 29 ടെസ്റ്റുകൾ നടത്തി വേണം മീറ്ററുകൾ വാങ്ങാൻ. ടെൻഡർ നോട്ടീസ് പ്രകാരം ടൈപ്പ് ടെസ്റ്റ്, ആക്സപ്റ്റൻസ് ടെസ്റ്റ്, അങ്ങനെയുള്ള ഒരു ടെസ്റ്റും നടത്തിയില്ല. മന്ത്രിയുടെ ആഫീസിലേക്ക് ചീഫ് എഞ്ചിനീയർ ഒരു നോട്ട് അയച്ചു. അതിൽ ഇതൊക്കെ ചെയ്യണമെന്ന് ചീഫ് എഞ്ചിനിയർ പറഞ്ഞു. അതും വിട്ടുകളഞ്ഞു. എന്നിട്ട് ഈ ആക്യുറൻസി ടെസ്റ്റിൽ റൂട്ടീൻ ടെസ്റ്റിൽ എല്ലാം തന്നെ സ്വകാര്യ മീറ്റർ കമ്പനിക്കാരനെ സഹായിക്കുന്ന നിലപാട് സ്വീകരിച്ചു. ഇങ്ങനെ മീറ്ററുകൾ ചവറുകണക്കെ, നേരത്തെ ശ്രീ. പി. സി. ജോർജ് പറഞ്ഞതുപോലെ അവിടെയുള്ള തെരുവോരങ്ങളിൽ നിന്ന് കിട്ടുന്ന മീറ്ററുകൾ വാങ്ങി കൂട്ടി. ഞാൻ ഇത് ഇവിടെ ഉന്നയിക്കുന്നതിനുവേണ്ടി ഡൽഹിയിലെ എലിമർ കമ്പനിയെക്കുറിച്ച് അന്വേഷിച്ചു. ഇന്ന് എനിക്ക് ഫോട്ടോ കിട്ടുമെന്നാണ് ഞാൻ കരുതിയത്. അവിടെയുള്ള ആൾ പറഞ്ഞത് എലിമർ കമ്പനി ഒരു പെട്ടിക്കട നടത്തുന്നതുപോലുള്ള ഒരു കമ്പനിയാണെന്നാണ്. എന്താണ് സർ ഇത്? എലിമർ കമ്പനിയെ തമിഴ്നാട് കരിമ്പട്ടികയിൽപ്പെടുത്തി. അവരുടെ ഓർഡർ എല്ലാം റദ്ദാക്കി. ആ എലിമർ കമ്പനിക്കാണ് ഭൂരിപക്ഷം ഓർഡറും കൊടുത്തത്. 21 ലക്ഷത്തിൽ 8 ലക്ഷവും എലിമർ കമ്പനിക്കാണ് കിട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly

29-11-2001 ൽ യു.പി.യിലെ ഇലക്ട്രോൺ എനർജി എക്യുപ്മെന്റ് എന്ന സ്വകാര്യ കമ്പനിക്ക് ഒന്നേകാൽ ലക്ഷം മീറ്ററുകൾ 901.16 രൂപ നിരക്കിൽ ഓർഡർ നല്കി. അവർക്ക്തന്നെ യാതൊരു ടെൻഡറും ഇല്ലാതെ നേരത്തേ നല്കിയ അതേ നിരക്കിൽ റിപ്പീറ്റഡ് ഓർഡർ 24-7-2002-ൽ നല്കി. ബോർഡിന് അതുവഴി നഷ്ടം ഒരു കോടി. ശ്രീ.കടവൂരിന്റെ പോക്കറ്റിൽ അതുമൂലം കിട്ടിയത് എത്ര? ശ്രീ.കടവൂർ അതൊന്നു പറയ്. സി. ആന്റ് എ.ജി. ഈ ക്രമക്കേട് ചൂണ്ടിക്കാട്ടി. എന്നാൽ അതൊന്നും വകവയ്ക്കാതെ വീണ്ടും മീറ്ററുകൾ വാങ്ങിക്കൂട്ടി. 506 രൂപ നിരക്കിൽ മീറ്റർ തരാം എന്നുള്ള ഓഫർ ബോർഡിന്റെ കയ്യിൽ വച്ചിട്ടാണ് 901 രൂപയ്ക്ക് അന്ന് വാങ്ങിയത്. 9-9-2002-ന് എലിമർ കമ്പനിക്കും എലിമർ ഇന്റർനാഷണൽ കമ്പനിക്കും ഒരേ ദിവസം രണ്ട് ബ്രാന്റ് നെയിമിൽ അറിയപ്പെടുന്ന ഒരേ സ്ഥാപനത്തിന് ഒന്ന് 399 രൂപ നിരക്കിലും മറ്റൊന്ന് 506 രൂപ നിരക്കിലും ഓർഡർ നല്കി. 399 രൂപ നിരക്കിൽ ആറായിരം എണ്ണത്തിന് ഓർഡർ കൊടുത്തപ്പോൾ 506 രൂപ നിരക്കിൽ ഒരു ലക്ഷത്തിന് ഓർഡർ കൊടുക്കുകയാണ്. കൊല്ലത്തെ ഒരു പൊതുമേഖലാ സ്ഥാപനത്തിന് 901 രൂപ നിരക്കിൽ 1.23 ലക്ഷം മീറ്ററിന് ഓർഡർ നല്കി. അവർക്ക് നല്കിയ കാശ് 382 രൂപ നിരക്കിലാണ്. പൊതു മേഖലയെ തകർക്കുന്ന ഒരു സമീപനമാണ് ഈ ഗവൺമെന്റിനുള്ളത്. കെ.എസ്.ഇ.ബി.-ക്ക് നഷ്ടം ആറു കോടി. കൊല്ലത്തെ മീറ്റർ കമ്പനിക്ക് നഷ്ടം ആറു കോടി. മറ്റ് സംസ്ഥാനങ്ങളിലെ കടലാസ് കമ്പനികൾക്ക് കോടികളുടെ ലാഭം. പത്തു വർഷത്തെ ഗ്യാരന്റി ഈ സ്ഥാപനങ്ങൾക്ക് പറയുന്നുണ്ട്. പക്ഷേ പത്തു വർഷം ആ സ്ഥാപനങ്ങൾ ഉണ്ടാകുകയില്ല. ഐ.എൻ.ടി.യു.സി. ഉൾപ്പെടെ എല്ലാ ട്രേഡ് യൂണിയൻ സംഘടന നേതാക്കളും ജൂൺ 22-ന് മുഖ്യമന്ത്രിയെ കണ്ട് അഴിമതിയെ കുറിച്ച് ധരിപ്പിച്ചു. മുഖ്യമന്ത്രിയുടെ പ്രതികരണം എന്താണ്? ഐ.എൻ.ടി.യു.സി.-യുടെ നേതാവ് എന്നോട് പറഞ്ഞു. ഇത് എത്ര കണ്ണുപൊട്ടനും മനസ്സിലാക്കാവുന്ന കാര്യം തന്നെ, പക്ഷേ എനിക്ക് എന്തു ചെയ്യാൻ കഴിയും? ഈ നിസ്സംഗതയാണ് അദ്ദേഹത്തിന്റെ മന്ത്രിസഭയിലെ മറ്റ് മന്ത്രിമാർ, ശ്രീ.കടവൂർ ഉൾപ്പെടെയുള്ളവർ ഇങ്ങനെ കൈക്കൂലി വാങ്ങാൻ കാരണം. പത്തനംതിട്ട ജില്ലയിൽ, കടമ്പനാട് ഗ്രാമ പഞ്ചായത്ത് മെമ്പർ, കോൺഗ്രസ്സിന്റെ നേതാവ് മണ്ണടി പുഷ്കരൻ ഇവിടെ നടക്കുന്ന, വൈദ്യുതി ബോർഡിൽ നടക്കുന്ന അഴിമതിയെ കുറിച്ച് അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് എഴുതി. അതിനെ കുറിച്ചുപോലും അന്വേഷണം നടന്നില്ല. സ്ഥലം മാറ്റത്തിന് യാതൊരു മാനദണ്ഡവുമില്ല. 2004 മാർച്ചിൽ ഇരുപത്തിയൊന്നു പേരെ മാറ്റി. ഒരാൾ ഒഴികെ മറ്റെല്ലാവർക്കും അവർക്ക് ഇഷ്ടപ്പെട്ട ലാവണങ്ങളിലേക്ക് സ്ഥലം മാറ്റം നല്കി. അതിന്റെ ഫലമായിട്ട് ഏപ്രിൽ മാസം പള്ളിവാസൽ, പന്നിയാർ, ചെങ്കുളം, നേരിയമംഗലം, ആളില്ലാതെ അടച്ചിട്ടു. ഉല്പാദനം നിർത്തി. പള്ളിവാസലിൽ വെള്ളം ഒഴുകി പോയി. ഒരു ദിവസം മൂന്നു ലക്ഷം രൂപ ബോർഡിന് ട്രാൻസ്ഫറിലൂടെ നഷ്ടം. ശ്രീ.കടവൂരിനോ പൈസ. ശ്രീ.കടവൂരും സജിയും കുഞ്ഞിക്കണ്ണനു മൊക്കെ കാശുണ്ടാക്കി. മറ്റെ ഓർഡർ വീണ്ടും 2003 മെയ് മാസം 24 ന് ചീഫ് എഞ്ചിനീയർ ഇറക്കി. സബ് എഞ്ചിനീയറുടെ പ്രമോഷനും സ്ഥലം മാറ്റവുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

385 പേരുണ്ട്. 170 പേരെ പിന്നീട് വിവിധ ദിവസങ്ങളിൽ അവർക്ക് ഓരോരുത്തർക്കായി നിയമനം കൊടുത്തു. അന്നന്നത്തെ കളക്ഷൻ അനുസരിച്ച് അന്നന്ന് ഓർഡർ; 193 അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ സ്ഥലംമാറ്റ ഉത്തരവ് ബോർഡ് ഇറക്കി. അസിസ്റ്റന്റ് എഞ്ചിനീയർമാരും വിവിധ എഞ്ചിനീയർമാരും ഉൾപ്പെടെ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ സ്ഥലംമാറ്റമാണ്. മൂന്നു ദിവസം കഴിഞ്ഞ് ആ ഓർഡർ റിവൈസ് ചെയ്തു. ആറു തവണകളിലായി ഒരു ഉത്തരവിന്മേൽ സബ് ഉത്തരവുകൾ ഇറക്കുകയാണ്. ഇതിൽ കഴിഞ്ഞ ദിവസം രണ്ടു പരാതികൾ മുഖ്യമന്ത്രിക്ക് വന്നു. ഒന്ന് കാസർകോട് ജില്ലയിലെ ഗിരികുമാറിന്റേതാണ്. ട്രാൻസ്ഫർ വേണം. ബോർഡ് മെമ്പർ കെ.പി.കുഞ്ഞിക്കണ്ണൻ മുപ്പതിനായിരം രൂപ ആവശ്യപ്പെട്ടു. അതിൽ ഇരുപതിനായിരം രൂപയേ ആദ്യം കൊടുത്തുള്ളൂ. വീണ്ടും ഗിരികുമാർ കെ.പി.കുഞ്ഞിക്കണ്ണന്റെ അടുത്തു പോയി. ഓർഡർ ആയിട്ടുണ്ട്. ബാക്കി പതിനായിരം രൂപ കൂടി തന്നാൽ തരാം. മറ്റൊന്ന് എറണാകുളത്തെ ടൈപ്പിസ്റ്റാണ്. ഇരുപതിനായിരം രൂപ കൈക്കൂലി കൊടുത്തു. തിരുവനന്തപുരത്തേക്ക് ട്രാൻസ്ഫർ കിട്ടി. 21-7-2003-ൽ ഇന്റർനെറ്റിൽ തൊണ്ണൂറ്റിയഞ്ചു പേരുടെ ലിസ്റ്റു വന്നു. ലിസ്റ്റിലുള്ളവർ മന്ത്രിയുടെ ഓഫീസിൽ കാശുമായി പോയി ഇഷ്ടമുള്ള സ്ഥലത്ത് ട്രാൻസ്ഫർ നേടി. ഇത്തരത്തിൽ ഇന്റർനെറ്റിലൂടെ ട്രാൻസ്ഫർ നടത്തുകയാണ്. ചട്ടത്തിനു വിരുദ്ധമായി ആശ്രിത നിയമനം നടത്തുകയാണ്***.

.....ബഹളം.....

..... (മൈക്ക് ഓഫ്)

മി. ഡെപ്യൂട്ടി സ്പീക്കർ : ഇതൊന്നും രേഖയിൽ കാണുകയില്ല. Resume your seat.....Please.....Ministers' reply.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ.കെ.ശങ്കരനാരായണൻ): സർ, കാർഷിക ആദായ നികുതിയും വില്പന നികുതിയുമെന്ന അഞ്ചാം നമ്പർ ധനാഭ്യർത്ഥനയിൽ താഴെ പറയുന്ന മൂന്നു മേജർ ഹെഡുകൾ ഉൾപ്പെടുത്തി. 2020 വരവ് ചെലവ് കണക്കുകളിന്മേലുള്ള നികുതി പിരിവും 2040 വ്യാപാരം വില്പന തുടങ്ങിയ നികുതികൾ 2045 ക്രയ വസ്തുക്കളിലും സേവനങ്ങളിലും ചുമത്തുന്ന മറ്റ് നികുതികൾ ഉൾപ്പെടുന്നു. ചുങ്കവും നികുതിയും അതിന്റെ ചെലവും കാര്യങ്ങളെയുമൊക്കെക്കുറിച്ച് പ്രതിപക്ഷത്തുനിന്നും സംസാരിച്ച ആളുകൾ കുറച്ച് ഉപദേശങ്ങൾ നല്കി എന്നുള്ളതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഇതിൽ എന്തെങ്കിലും തെറ്റുകളുണ്ടെങ്കിൽ ആ തെറ്റുകൾ തിരുത്തി കുറെക്കൂടി ഊർജ്ജസ്വലമായി വരുമാനം വർദ്ധിപ്പിക്കുവാനുള്ള ഏർപ്പാടുകൾ സൽബുദ്ധിയോടുകൂടി ധനകാര്യ വകുപ്പും നികുതി വകുപ്പും തീർച്ചയായും സ്വീകരിക്കുന്നതാണ്. മുകളിൽ പറഞ്ഞ അഞ്ചാം നമ്പർ ധനാഭ്യർത്ഥന പ്രകാരം മൊത്തം 60,35,52,000 രൂപയ്ക്കുള്ള വോട്ടാണ് സഭ പാസ്സാക്കിയത്. ആദ്യത്തെ നാലു മാസത്തേയ്ക്കുള്ള 20,11,84,000 രൂപയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ട് സഭ പാസ്സാക്കിയിട്ടുണ്ട്. ബാക്കി 40,23,68,000

* ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കറുടെ നിർദ്ദേശപ്രകാരം രേഖയിൽനിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്കുള്ള സഭയുടെ വോട്ടാണ് ഇപ്പോൾ തേടുന്നത്. അഞ്ചാം നമ്പർ അക്കൗണ്ടിൽ പ്രധാനമായും വില്പന നികുതി വകുപ്പിലെ വിവിധപ്രവർത്തനങ്ങൾക്ക് ആവശ്യമായ ചെലവുകൾക്കാണ് കൂടുതൽ തുക വകയിരുത്തിയിട്ടുള്ളത്. ഞാൻ എന്റെ ബജറ്റ് പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളതുപോലെ പുതിയ നികുതി ഏർപ്പെടുത്താതെ നികുതി നിയമം കർശനമായി നടപ്പാക്കുകയും നികുതി വാങ്ങൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതാണ് ഈ സർക്കാരിന്റെ നയം. അതിനനുസരണമായി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതും വർദ്ധിച്ചുവരുന്ന ജോലിഭാരം കൈകാര്യം ചെയ്യുന്നതും വകുപ്പിന്റെ മനുഷ്യ വിഭവശേഷി, അടിസ്ഥാന സൗകര്യങ്ങളും ചെക്ക് പോസ്റ്റുകളിലുള്ള പ്രവർത്തനവും നികുതി പിരിവും എല്ലാം വ്യക്തവും സുതാര്യവുമായ പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. വകുപ്പിന്റെ ആധുനികവത്കരണത്തിനായി ഇരുപത്തിയഞ്ചു കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് നല്കുന്നതാണ്. രാജ്യത്തെ എല്ലാ സംസ്ഥാനങ്ങളിലും കടുത്ത സാമ്പത്തിക പ്രതിസന്ധിയാണ് ഇപ്പോൾ നേരിടുന്നത്. ഇന്ത്യാ രാജ്യത്തുള്ള എല്ലാ സംസ്ഥാനങ്ങളുടെയും വരവ് ചെലവ് കണക്ക് പ്രത്യേകിച്ച് റവന്യൂ റസീപ്റ്റ് പരിശോധിച്ചപ്പോൾ എല്ലാ സംസ്ഥാനങ്ങളെ സംബന്ധിച്ചിടത്തോളവും വരവിനേക്കാൾ കൂടുതൽ തുക ചെലവ് സംഭവിക്കുന്നു എന്നുള്ളതാണ് സത്യം. ഗവൺമെന്റ് ഓഫ് ഇന്ത്യയുടെയും സ്ഥിതി അതുതന്നെയാണ്. എന്നാൽ ഒഴിവാക്കാൻ കഴിയുന്ന ചെലവുകൾ ഒഴിവാക്കിക്കൊണ്ടും അതേ സമയം നികുതി പിരിവിന്റെ കാര്യക്ഷമത വർദ്ധിപ്പിച്ചുകൊണ്ടും സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ കഴിഞ്ഞു. വർദ്ധിച്ച തോതിൽ നികുതി ചുമത്തുവാൻ വേണ്ടി മൂന്നു വർഷക്കാലമായി ശ്രമിച്ചിട്ടില്ല. ആകെ ചെയ്തിട്ടുള്ളത് ടാക്സിന്റെ പതിനഞ്ചു ശതമാനം എ.എസ്.ടി., (അഡീഷണൽ സെയിൽസ് ടാക്സ്) കൊണ്ടു വന്നുവെന്നുള്ളതല്ലാതെ പുതുതായി നികുതി ചുമത്തുന്നില്ല. ഈ കഴിഞ്ഞ മൂന്നു വർഷക്കാലമായി ശ്രമിച്ചപ്പോൾ പൊതു ചെലവ് കുറഞ്ഞു. നികുതി പിരിവ് കാര്യക്ഷമമാക്കി. വരുമാനം വർദ്ധിപ്പിക്കുന്ന നടപടികൾക്കാണ് പ്രാമുഖ്യം നല്കുന്നത്.

നികുതി പിരിവിൽ, നീതിയുക്തവും സുതാര്യതയും ഉറപ്പാക്കി നടപടിക്രമങ്ങൾ ലഘൂകരിച്ച് അഴിമതി പരിപൂർണ്ണമായും തടയുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ബഹുമാനപ്പെട്ട ടി.കെ. ബാലൻ ദീർഘകാല എൻ.ജി.ഒ. യൂണിയന്റെ പ്രധാന നേതാവായിരുന്നയാളാണ്. അദ്ദേഹം ഇതിനെക്കുറിച്ച് ധാരാളം അറിയുന്ന ഒരാളാണ്. അതുതന്നെയാണ് അദ്ദേഹം, മറ്റു പല കാര്യങ്ങളും വിശദീകരിക്കുമ്പോൾ, സത്യം എന്താണെന്ന് അറിയാവുന്നതുകൊണ്ടായിരിക്കും കുറേക്കൂടി മെച്ചപ്പെടുത്തണമെന്ന് സാന്ത്വന വാക്കോടുകൂടി പറഞ്ഞത്. തീർച്ചയായിട്ടും അത് ഞാൻ സ്വീകരിക്കുന്നു. നികുതി നിരക്കിൽ മുൻ സർക്കാർ തുടക്കമിട്ട ഈ വിൽപ്പന നികുതി അഡ്വാൻസ് പിരിവ് നിർത്തലാക്കും. നികുതി പിരിവ് ഊർജ്ജിതമാക്കാൻ സ്വീകരിച്ച കർശന നടപടി മൂലം നികുതി വരുമാനത്തിൽ സർവ്വകാല റിക്കോർഡ്

LIBRARY ARCHIVES Kerala Legislative Assembly

നേടി. അതിനു മുൻപ് കഴിഞ്ഞ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ '.VAT' നടപ്പാക്കും എന്നുള്ള തീരുമാനം കേന്ദ്ര ഗവൺമെന്റിൽ ഉണ്ടായിരുന്നു. സംസ്ഥാന ധനകാര്യ മന്ത്രിമാർ അടങ്ങുന്ന എമ്പവേർഡ് കമ്മിറ്റി 2004 ഏപ്രിലിൽത്തന്നെ VAT നടപ്പാക്കാം എന്നുള്ള തീരുമാനമെടുത്തപ്പോൾ, അത് നടപ്പാക്കുന്നതിന് മുൻപാണ് പാർലമെന്റ് ഇലക്ഷൻ വന്നത്. അതിനുശേഷം VAT മാറ്റിവയ്ക്കുകയാണ് ചെയ്തിരിക്കുന്നത്. ഇപ്പോൾ കൂടിയ ധനകാര്യ മന്ത്രിമാരുടെ എമ്പവേർഡ് കമ്മിറ്റി, പ്രത്യേകിച്ച് അന്ന് അതിൽ പങ്കെടുത്ത കേന്ദ്ര ധനകാര്യമന്ത്രി ബഹുമാനപ്പെട്ട ശ്രീ. ചിദമ്പരം, എല്ലാ ധനകാര്യ മന്ത്രിമാരുടേയും അഭിപ്രായത്തോട് യോജിച്ചുകൊണ്ട്, ഗവൺമെന്റ് ഓഫ് ഇൻഡ്യയും അത് അംഗീകരിച്ചുകൊണ്ട്, 2005 ഏപ്രിലിൽ VAT നടപ്പാക്കുവാൻ വേണ്ടിയാണ് തീരുമാനിച്ചിട്ടുള്ളത്. VAT നടപ്പാക്കുന്ന അവസരത്തിൽ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ച, പ്രത്യേകിച്ച് വ്യാപാരി വ്യവസായികൾ സൂചിപ്പിച്ച കാര്യങ്ങളെക്കുറിച്ച് നമ്മുടെ സംസ്ഥാന ഗവൺമെന്റ് ഗവൺമെന്റ് ഓഫ് ഇൻഡ്യയേയും അവിടുത്തെ വകുപ്പുകളേയും ബോധ്യപ്പെടുത്തിയിട്ടുണ്ട്. VAT നടപ്പാക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന് ഏതെങ്കിലും വിധത്തിൽ നഷ്ടം ഉണ്ടാകുന്നുവെങ്കിൽ കോംപൻസേറ്റ് ചെയ്യണമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യ അത് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. സാധനങ്ങളുടെ വില കുറച്ചതുകൊണ്ടാണ്, അല്ലെങ്കിൽ ഡീസലിന്റെ വില കൂട്ടിയതുകൊണ്ടാണ് എന്നു പറയുന്നത് ശരിയല്ല. വില കൂട്ടിയതുകൊണ്ട് ടാക്സ് കുറച്ച് കൂടുതൽ കിട്ടും നമുക്ക് അതുകൊണ്ട് സന്തോഷമല്ലേ വേണ്ടത്? കാരണം നമ്മുടെ ചെലവ് വിചാരിച്ചതിനേക്കാളും കൂടിയിരിക്കുന്നു. അത് ഇവിടെയിരിക്കുന്ന എല്ലാവർക്കുമറിയാം. നമ്മുടെ റവന്യൂ റെസീപ്റ്റിന്റെ 92% ത്തോളം ഇപ്പോൾ ശമ്പളത്തിലും പലിശയിനത്തിലും പെൻഷൻ നൽകുന്നതിനും കൊടുക്കാൻ വേണ്ടിയാണ് വരുന്നത്. ആരുടേയും കുറ്റമല്ല. ഡി.എ. 17 ശതമാനം കൊടുക്കേണ്ടതായിട്ടു വന്നു. ശമ്പളം കുറേശ്ശെ കൂട്ടിക്കൊണ്ടിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ ചെലവ് കൂടുതൽ വരും. എനിക്ക് കൊടുക്കേണ്ട എന്നു പറയാൻ പറ്റുമോ? അവിടെയിരിക്കുന്നവർക്ക് കൊടുക്കേണ്ട എന്നു പറയാൻ പറ്റുമോ? മുഖ്യമന്ത്രിക്ക് കൊടുക്കേണ്ട എന്ന് പറയാൻ പറ്റുമോ? ചെലവ് വളരെ കൂടിയിരിക്കുന്നു. റവന്യൂ റെസീപ്റ്റും, റവന്യൂ എക്സ്പെന്റീച്ചറും തമ്മിലുള്ള ഗ്യാപ്പ് കൂടിവരികയണ്. ഗവൺമെന്റ് ഓഫ് ഇൻഡ്യയിൽപ്പോലും ബഡ്ജറ്റവതരിപ്പിച്ചപ്പോൾത്തന്നെ ഇതാണ് കാണാൻ സാധിച്ചത്. കാർഷികാദായ നികുതി പിരിവിൽ 27% വർദ്ധനവോടെ 4.3 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 8.5 കോടി രൂപ പിരിച്ചെടുത്തു. കാർഷികാദായ നികുതിയെ സംബന്ധിച്ചിടത്തോളം ഇപ്പോൾ കുറേ നികുതിയിളവ് കൊടുത്തിട്ടുണ്ട്. പക്ഷെ മുഴുവൻ വേണ്ടെന്ന് വയ്ക്കണമെന്നുള്ളത് ശരിയാകുമെന്നെനിക്ക് തോന്നുന്നില്ല. ഇപ്പോൾ റബ്ബറിന്റെ വില കൂടിയിട്ടുണ്ട്. പല സാധനങ്ങളുടേയും വില കുറച്ചിട്ടുണ്ട്. ഇഞ്ചിയുടെ നികുതി കുറച്ചിട്ടുണ്ട്. കുറേ വേണ്ടെന്നു വച്ചു. കാപ്പിയുടെ നികുതി 6% ത്തിൽ നിന്ന് 4% ആക്കി. കൃഷിക്കാരുടെ ആവശ്യത്തിനനുസരിച്ചിട്ട് നമ്മൾ മാറ്റങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇനിയും ഇതിൽ മാറ്റങ്ങൾ ഉണ്ടാക്കണമെങ്കിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ തയ്യാറാണ്. ചെക്ക് പോസ്റ്റുകളെക്കുറിച്ച് സംസാരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ചെക്ക് പോസ്റ്റുകൾ വളരെ ചിട്ടപ്പെടുത്തിയിട്ടുണ്ട്. പക്ഷെ എത്ര ചിട്ടപ്പെടുത്തിയാലും അവിടെയിരിക്കുന്നത് മനുഷ്യരല്ലേ; രണ്ടു കൊല്ലം, മൂന്നു കൊല്ലം ഉദ്യോഗസ്ഥൻമാർ ഇരിക്കുന്നതിനെ മൂന്നു മാസമാക്കി മാറ്റി. കുറേ ആളുകളെ സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്തുകഴിഞ്ഞപ്പോൾ പലരും പലരുടേയും ബന്ധുക്കളാണ്. എന്താ ചെയ്യാൻ പറ്റുക. എന്റടുത്ത് വന്ന് പറയും എന്റെ ബന്ധുവാണ്, എന്റെ മകളെ കല്യാണം കഴിക്കാൻ പോകുന്നയാളാണ്. എന്താ ചെയ്യാൻ പറ്റുക, കല്യാണം കഴിച്ചു പോയില്ലേ. സംസ്ഥാനത്തെ ചെക്കു പോസ്റ്റുകളിൽ നിന്ന് 1990-91-ൽ 2.43 കോടി രൂപ കളക്ഷനുണ്ടായിരുന്നത്, 2000-ൽ 13.34 കോടി രൂപ ഉണ്ടായിരുന്നത് 2002-ൽ 21.25-ഉം 2003-04-ൽ 89 കോടിയുമായി ഉയർത്തിയിട്ടുണ്ട്. എൻട്രി ടാക്സുണ്ട്. 31 ഐറ്റത്തിന് എൻട്രി ടാക്സ് വച്ചിട്ടുണ്ട്. അത് സെറ്റ് ഓഫ് ചെയ്യും എന്തെന്നു വച്ചാൽ റിവേർഷൻ വരാതിരിക്കാനാണ്. കേരളത്തിന്റെ വികസന പ്രവർത്തനത്തിനുവേണ്ടി പണമുണ്ടാക്കാൻ വേണ്ടി മാത്രമാണ് പല കാര്യങ്ങളിലും പലരും ടാക്സ് ഒഴിവാക്കണമെന്ന് പറയും. ടാക്സ് ഒഴിവാക്കണമെന്ന് പറയുമ്പോൾ സത്യം പറഞ്ഞാൽ ഞാൻ സ്റ്റേ കൊടുക്കാൻ ഒപ്പിട്ട് കൊടുത്തിട്ടില്ല സ്റ്റേ ഒപ്പിട്ട് കൊടുക്കാത്തതുകൊണ്ട് കുരുത്തംകെട്ടവൻ ഇവിടുന്ന് പോട്ടെ എന്ന് ശപിക്കുന്ന ആളുകളും ഉണ്ട്. 600 കോടി രൂപ പബ്ലിക് സെക്റ്റർ ഇൻസ്റ്റിറ്റ്യൂഷനുകളിൽ നിന്ന് കിട്ടാനുണ്ട്. സ്റ്റേ കൊടുത്തത് വളരെ കുറവാണ്. ഇപ്പോൾ കർഷകർക്കു മാത്രമേ സ്റ്റേ കൊടുക്കാറുള്ളു. കച്ചവടക്കാർക്ക് സ്റ്റേ കൊടുക്കാറില്ല. സ്റ്റേ കൊടുക്കാത്തതുകൊണ്ട് അതിനെക്കുറിച്ചൊക്കെ അവർ വളരെ മോശമായി സംസാരിക്കുന്നുണ്ട്. അതുകൊണ്ട് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നു മാത്രമല്ല ഇപ്പോൾ വില്പന നികുതിയിനത്തിൽ 1998-99-ൽ 3366 കോടി രൂപ ഉണ്ടായിരുന്നത് 2003-04-ൽ 6081.13 കോടി രൂപയായിട്ടുണ്ട്. ഇഫക്ടീവായിട്ട് കളക്ഷൻ നടത്തിയെന്നുള്ളതാണ്. ഇതിന്റെ മെച്ചം നമുക്കുണ്ടായിട്ടുണ്ട്. എസ്റ്റിമേറ്റിൽ പറഞ്ഞതിന്റെ കുറച്ചു കുറവ് വന്നു. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ ഇത് കുറച്ച് കൂട്ടി വയ്ക്കാനുള്ള കാരണം അറിഞ്ഞുകൊണ്ട് തന്നെയാണ്. ശ്രീ. ആര്യാടൻ മുഹമ്മദ് പിന്നീട് പറഞ്ഞു, കൂട്ടി വയ്ക്കുന്നത് ശരിയല്ല എന്ന്. എങ്കിലും ഒന്നു കൂട്ടിനോക്കാൻ വേണ്ടിയിട്ട് അങ്ങനെ ബഡ്ജറ്റിൽ പറഞ്ഞു എന്നുമാത്രമേയുള്ളു. നമ്മുടെ ഈ രംഗത്ത് വളരെയധികം മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചിട്ടുണ്ട്. കുറേക്കൂടി മാറ്റങ്ങളുണ്ടാകണം. കുറേക്കൂടി വരുമാനമുണ്ടാക്കിയാൽ മാത്രമേ ഒക്കുകയുള്ളു. പക്ഷെ ഡിപ്പാർട്ടുമെന്റ് മുഴുവൻ കംപ്യൂട്ടറൈസേഷൻ നടത്തി ചെക്ക് പോസ്റ്റ് കുറച്ചുകൂടി ഇഫക്ടീവാക്കാൻ കംപ്യൂട്ടറൈസ് ചെയ്യാം. റബ്ബറിന്റെ കള്ളക്കടത്തിനെക്കുറിച്ച് പറഞ്ഞു. റബ്ബർ കള്ളക്കടത്തിന് ഒന്നുകൂടി ഡബിൾ ചെക്കിംഗ് വച്ചിട്ടുണ്ട്. പക്ഷെ മുഴുവൻ നിർത്താൻ പറ്റും എന്നു വിചാരിക്കുമ്പോൾ അതിൽ വലിയ പ്രശ്നങ്ങളുണ്ട്. ഇതിന്റെ വരുമാനം വർദ്ധിച്ചിരിക്കുന്നു. കാർഷികാദായ നികുതി മുഴുവൻ പിൻവലിക്കണമോ എന്ന് ഇപ്പോൾ പറയാൻ പറ്റില്ല. ഖാദിയെക്കുറിച്ച് പറയുമ്പോൾ ഖാദിക്ക് ഇപ്പോൾ 25 ലക്ഷം രൂപ വരെ ഒഴിവാക്കിയിട്ടുണ്ട്. കുറച്ചുകൂടി മാറ്റങ്ങൾ വരുത്തണമോ വേണ്ടയോ എന്നുള്ളത് ആലോചിക്കാം. ഏലത്തിന്റെ കാര്യവും ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

വിദേശ നിക്ഷേപത്തിന്റെ പലിശയ്ക്ക് കേന്ദ്രഗവൺമെന്റ് ഇപ്പോൾ ടാക്സ് കൊണ്ടുവന്നതിനെതിരെ നിയമസഭതന്നെ ഇപ്പോൾ യുനാനിമസായിട്ട് പ്രമേയം പാസാക്കി. ഏതായാലും കേന്ദ്ര ഗവൺമെന്റിന്റെയും ധനകാര്യ മന്ത്രിയുടെയും ശ്രദ്ധയിൽ നമ്മൾ ഒന്നുകൂടി കൊണ്ടുവന്ന് ഇത് പിൻവലിക്കാൻ ആവശ്യപ്പെടാം. പിൻവലിക്കുമെന്നുള്ളതാണ് എന്റെ വിശ്വാസം. കെ.എഫ്.സി.-യെക്കുറിച്ച് പറഞ്ഞു. കെ.എഫ്.സി.-ക്ക് 1116 കോടി ഉറുപ്പിക ഔട്ട്സ്റ്റാന്റിംഗാണ്. കടം വാങ്ങിയവരൊക്കെ സമയത്ത് അടയ്ക്കില്ല. ഭയങ്കര പലിശയാണ്. അതിന് ഒരു മാറ്റം വരുത്താൻ ശ്രമിക്കുന്നുണ്ട്. എല്ലാവരുമായിട്ട് ആലോചിച്ചിട്ടുണ്ട്. ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റിന്, നമ്മുടെ ബഹുമാനപ്പെട്ട ഹസ്സന്റെ പോർട്ട് ഫോളിയോ നമുക്ക് എല്ലാവർക്കും വളരെ ആവശ്യമാണ്, ഇതിൽ കുറച്ചുകൂടി ബഡ്ജറ്റ് എസ്റ്റിമേറ്റ് കൂട്ടണം.

നമ്മുടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ ഇപ്പോൾ വേണ്ടത്ര പൈസയില്ല. എം.എൽ.എ.-മാർ, മറ്റുള്ളവർ, ക്യാൻസർ രോഗികൾ അങ്ങനെ വളരെയധികം ആളുകൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് പണം ആവശ്യപ്പെടുന്നുണ്ട്. പക്ഷേ വേണ്ടത്ര പണമില്ല. അന്നൊരു ലോട്ടറി നടത്തിയാണ് കുറച്ചു പണമുണ്ടാക്കി അതിൽ നിക്ഷേപിച്ചത്. നിങ്ങളെല്ലാവരുടേയും സമ്മതത്തോടുകൂടി അതിനു മാത്രമായി ഒരു സ്പെഷ്യൽ ലോട്ടറി നടത്തണമെന്നുള്ളത് തീരുമാനിക്കുകയാണ്. അതിന് എല്ലാവരുടേയും ഇൻവോൾവ്മെന്റ് ഉണ്ടാകണമെന്നുള്ളതാണ് എന്റെ വിനീതമായ അപേക്ഷ. അത് ഞാൻ വളരെ സുതാര്യമായി, സത്യസന്ധമായി നടത്തുമെന്ന് നിങ്ങളോട് ഉറപ്പു പറയാൻ ആഗ്രഹിക്കുന്നു. ഓൺ ലൈൻ ലോട്ടറിയെക്കുറിച്ച് പറഞ്ഞു. ഓൺ ലൈൻ ലോട്ടറിയുടെ കാര്യത്തിൽ ഇവിടെ കൊള്ള നടത്തുകയായിരുന്നു ചെയ്തിരുന്നത്. ഞാൻ അതിൽ വളരെ ശക്തമായി ഇടപെട്ടു. ഹൈക്കോടതിയിൽ പോയി. അവിടെ നിന്ന് സ്റ്റേ വാങ്ങിച്ചു. ഇതിപ്പോൾ സുപ്രീം കോടതിയിൽ പോയിരിക്കുകയാണ്. തീർച്ചയായും നമ്മളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് കിട്ടേണ്ട മുഴുവൻ പൈസയും കിട്ടേണ്ട ഒരു സ്ഥിതിവിശേഷത്തിൽ മാത്രമേ അതിൽ ഒരു തീരുമാനം എടുക്കുകയുള്ളു. ഏത് വലിയ ലോട്ടറിക്കാരനായാലും ശരി, ആ ലോട്ടറിക്കാരന്റെ മുമ്പിൽ മുട്ടുകുത്താൻ തീരുമാനിച്ചിട്ടില്ല. പുതിയ ബഡ്ജറ്റ് കേന്ദ്രത്തിൽ അവതരിപ്പിച്ച ഈ പശ്ചാത്തലത്തിൽ കേന്ദ്ര നികുതിയിൽ നിന്നും സംസ്ഥാനങ്ങൾക്കുള്ള വിഹിതം 63,752 കോടിയിൽ നിന്ന് 82,000 കോടിയായി ഉയർത്തിക്കൊണ്ട് കേരളത്തിന് ഈ ഇനത്തിൽ ഏതാണ്ട് 560 കോടിയുടെ അധിക വിഹിതം ലഭ്യമാകും. ഞാൻ വളരെ ദീർഘമായി സംസാരിക്കുന്നില്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ 21 ഐറ്റത്തിന് ഒരു ഡബിൾ ടാക്സ് കൊണ്ടു വന്നതിനെക്കുറിച്ച് പരാമർശിച്ചു. അത് എന്താണെന്ന് പരിശോധിച്ച് വേണ്ട തീരുമാനം എടുക്കുന്നതാണ്. ഇത് പാസാക്കി തരണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, മറ്റ് സംസ്ഥാനങ്ങളിലെല്ലാം പച്ചക്കറിയായാണ് ഇഞ്ചിയെ കാണുന്നത്. എന്നാൽ ഈ അടുത്ത കാലത്തായി ഇഞ്ചി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കൊണ്ടുപോകുമ്പോൾ സി.ഫോം വേണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly

നിർബന്ധമാക്കിയിരിക്കയാണ്. ഇഞ്ചിക്കൃഷിയെ പച്ചക്കറിയായി കാണുന്നതുകൊണ്ട് ആർക്കും സി.ഫോം കിട്ടാറില്ല. അങ്ങനെ വരുമ്പോൾ ഒരു ശതമാനം എന്നുള്ളത് പത്ത് ശതമാനം ഫൈൻ ആയി അടയ്ക്കേണ്ട ദു:സ്ഥിതി ഇന്ന് നിലവിലുണ്ട്. ഇത് പിൻവലിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. വയനാട് ജില്ലയിലെ സർവ്വ കക്ഷികളുടേയും ആവശ്യമാണ്. ഇത് പരിഗണിക്കണം.

ശ്രീ. കെ. ശങ്കരനാരായണൻ : അത് പരിശോധിച്ച് അനുകൂലമായ തീരുമാനം എടുക്കാം.

ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എം. ഹസ്സൻ) : സർ, ഇൻഫർമേഷൻ-പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന്റെ ധനാഭ്യർത്ഥന ചർച്ചയിൽ ഈ വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർമാർ സന്തുഷ്ടി പ്രകടിപ്പിച്ചതിൽ എനിക്ക് പ്രത്യേകമായി അവരോട് നന്ദിയുണ്ട്. മാത്രമല്ല, ഈ ചർച്ചയിൽ മെമ്പർമാരെല്ലാം പറഞ്ഞ ഒരു കാര്യം-സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും ജനക്ഷേമ പ്രവർത്തനങ്ങളും ജനങ്ങളെ അറിയിക്കാനും ജനങ്ങൾക്കുള്ള പല അഭിപ്രായങ്ങളും സർക്കാരിനെ അറിയിക്കാനുമുള്ള ശക്തമായ ബഹുജന സമ്പർക്ക വകുപ്പായി ഇത് പ്രവർത്തിക്കുന്നതിന് കൂടുതൽ ബഡ്ജറ്ററി സപ്പോർട്ട് നൽകണം എന്നുള്ള മെമ്പർമാരുടെ അഭിപ്രായത്തെ ധനകാര്യ മന്ത്രി അംഗീകരിച്ചുകൊണ്ട് അദ്ദേഹം ഈ കാര്യം പരിഗണിക്കാം എന്നു പറഞ്ഞതിൽ പ്രത്യേകിച്ച് നന്ദിയുണ്ട്. ഈ വകുപ്പിനെ സംബന്ധിച്ചിടത്തോളം ഇപ്പോൾ ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ ഒരു കാര്യം ചൂണ്ടിക്കാണിച്ചു. നമ്മുടെ ജനാധിപത്യ ഭരണ സമ്പ്രദായത്തിൽ വളരെയധികം വിപ്ളവാത്മകമായ പരിവർത്തനം ഉണ്ടാക്കാൻ ഉപകരിച്ചുകൊണ്ടുള്ള ഇൻഫർമേഷൻ ബിൽ ലോക് സഭ പാസ്സാക്കി കഴിഞ്ഞു. അറിയാനുള്ള സ്വാതന്ത്ര്യ നിയമം 2002 നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ രൂപീകരിച്ച് കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയച്ചു കൊടുത്തിരിക്കയാണ്. ഈ നിയമം നടപ്പിലാക്കുന്നതോടുകൂടി സാധാരണക്കാർക്ക് സർക്കാരിൽ നിന്ന് അറിയാനുള്ള കാര്യങ്ങൾ അവരുടെ അവകാശമായി മാറുകയാണ്. ഭരണം കൂടുതൽ സുതാര്യമാക്കാനുള്ള നടപടികൾ നമ്മുടെ സർക്കാരിന് സാധിക്കും. അതിനായി ഇപ്പോൾ സംസ്ഥാന സർക്കാരിന്റെ ഔദ്യോഗികമായ വെബ് പോർട്ടൽ ഇൻഫർമേഷൻ ഡിപ്പാർട്ടുമെന്റാണ് കൈകാര്യം ചെയ്യുന്നത്. 20,009 പേജുകളുള്ള ഈ വെബ് പോർട്ടലിൽ ആയിരത്തിലധികം ലിങ്കുകൾ വിവിധ സൈറ്റുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. 2003 ജൂലൈ മുതൽ 2004 മെയ് മാസം വരെ 171 ലക്ഷം ആളുകളാണ് ഈ വെബ്സൈറ്റ് സന്ദർശിച്ചത്. 2004 മെയ് മാസം ഏറ്റവും കൂടുതൽ ആളുകൾ സന്ദർശിച്ചതാണ്. 56.84 ലക്ഷം പേർ. കേരളത്തെ അറിയുവാൻ തയ്യാറാക്കിയ പി.ആർ.ഡി. വെബ്സൈറ്റിൽ മെയ് മാസം മാത്രം 19.42 ലക്ഷം പേർ സന്ദർശിച്ചിട്ടുണ്ട്. ഇതിൽ ഇൻഫർമേഷൻ ആക്ട് ഈ ചട്ടങ്ങൾ നടപ്പിലാക്കിയതോടുകൂടി നമ്മുടെ സംസ്ഥാനത്ത് ഏതൊരു പൗരനും ഭരണ രംഗത്ത് അറിയേണ്ട കാര്യങ്ങളെക്കുറിച്ച് സെക്രട്ടേറിയറ്റിൽ അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

തലസ്ഥാനത്ത് വന്ന് നേരിട്ടു കാര്യങ്ങൾ അറിയുന്നതിന് പകരം വിവിധ പഞ്ചായത്തുകളിൽ നമ്മൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന ഇൻഫർമേഷൻ കിയോസ്കുകൾ അതുപോലെ തന്നെ അക്ഷയയുടെ ഫലമായി നടപ്പിലാക്കാൻ പോകുന്ന സർവ്വീസുകളിലൂടെ എല്ലാ തരത്തിലുമുള്ള അപേക്ഷാ ഫോമുകളും പരാതികളും സർക്കാരിൽ നിന്ന് കിട്ടുന്നതിനും സർക്കാരിലേയ്ക്ക് അയയ്ക്കാനുമുള്ള സൗകര്യം ഉണ്ടാവുകയാണ്. അതുകൊണ്ട് നിയമത്തിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളൊഴിച്ച് മുഴുവൻ പൗരൻമാർക്ക് ലഭ്യമാക്കാനുള്ള നടപടികൾ ഈ വകുപ്പിന്റെ പ്രവർത്തനത്തിൽ സ്വീകരിക്കാൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. അച്ചടി മാധ്യമ രംഗത്തും അതുപോലെ തന്നെ ഇലക്ട്രോണിക് മാധ്യമ രംഗത്തും വളരെ സജീവമായിട്ടുള്ള ഈ കാലഘട്ടത്തിൽ സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും ക്ഷേമപരിപാടികളും ജനങ്ങളിൽ എത്തിക്കാൻ ഇലക്ട്രോണിക് മാധ്യമ രംഗത്ത് സർക്കാർ കൂടുതൽ പങ്കാളിത്തം വഹിക്കണമെന്ന് ചില മെമ്പർമാർ പറയുകയുണ്ടായി. അതിന് പണം ആവശ്യമാണ്. പണം ലഭിക്കും എന്നുള്ള പ്രതീക്ഷയുണ്ട്. അതിന് തുടക്കം കുറിച്ചുകൊണ്ട് ഗവൺമെന്റിന്റെ വികസന പ്രവർത്തനങ്ങൾ ദൂരദർശൻ വിശദീകരിക്കുന്ന പല തരത്തിലുള്ള പരിപാടികൾ ദൂരദർശനിൽ എല്ലാ വെള്ളിയാഴ്ചയും അര മണിക്കൂർ വീതം ഒരു സ്പോട്ട് പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിന് അനുവദിച്ചിട്ടുണ്ട്. ഈ മാസം മുതൽ പൊതുമരാമത്ത് വകുപ്പിന്റെ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. അതിനായി പബ്ളിക് റിലേഷൻസ് വകുപ്പിൽ ഒരു എഡിറ്റ് സ്യൂട്ട് തന്നെ ഞങ്ങൾ ഇതിനകം തയ്യാറാക്കി കഴിഞ്ഞു. ജില്ലകളിൽ നടക്കുന്ന സർക്കാർ പരിപാടികളുടെ ഫോട്ടോ കവറേജാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത് എങ്കിലും ഇനി മുതൽ വീഡിയോ കവറേജ് നടത്താനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ തിരുവനന്തപുരത്തു മാത്രം നിലവിലുള്ള ഈ വീഡിയോ കവറേജ് സംസ്ഥാനത്തെ 14 ജില്ലകളിലും വ്യാപിപ്പിക്കാൻ തീരുമാനിച്ചിരിക്കയാണ്. നമ്മുടെ 14 ജില്ലകളെ സംബന്ധിച്ച ഡോക്യുമെന്ററി തയ്യാറാക്കിയിട്ടുണ്ട്. ഒരു വീഡിയോ ആർക്കൈവ് ഉണ്ടാക്കുന്നതിന്റെ ഭാഗമായി ടൂറിസ്റ്റുകളെ ആകർഷിക്കാനും ഓരോ ജില്ലകളുടെ പ്രത്യേകത മറ്റുള്ളവരെ ബോധ്യപ്പെടുത്താനുമുള്ള ഒരു സംവിധാനം ആയിട്ടാണ് ഈ വീഡിയോ ചിത്രങ്ങൾ നിർമ്മിച്ചിട്ടുള്ളത്. അതോടൊപ്പം തന്നെ നേരത്തെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി, നവ കേരളം കെട്ടിപ്പടുക്കുന്നതിൽ വളരെ വിലപ്പെട്ട സംഭാവനകൾ നൽകിയ, ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള 17 മഹത് വ്യക്തികളെക്കുറിച്ചുള്ള ഒരു ഡോക്കുമെന്ററി ഞങ്ങൾ തയ്യാറാക്കിക്കഴിഞ്ഞു. ഇ.എം.എസ്. നമ്പൂതിരിപ്പാട്, പടിക്കാതുടി രാമുണ്ണിമേനോൻ, നിരണത്ത് രാമപൊതുവാൾ, കെ. കേളപ്പൻ, എസ്. കെ. പൊറ്റക്കാട്, ഗോദവർമ്മ രാജ, സഹോദരൻ അയ്യപ്പൻ, ജി. അരവിന്ദൻ, വക്കം അബ്ദുൾ ഖാദർ, കെ.സി.എസ്. പണിക്കർ, സി. ജെ. തോമസ്, അർണോസ് പാതിരി, പട്ടം താണുപിള്ള , വൈദ്യരത്നം പി. എസ്. വാര്യർ, അക്കാമ്മ ചെറിയാൻ, ശ്രീനാരായണഗുരു, അയ്യങ്കാളി തുടങ്ങിയവരുടെ ഡോക്കുമെന്ററികൾ ഞങ്ങൾ തയ്യാറാക്കി. ജൂലൈ 27 മുതൽ 29 വരെ തിരുവനന്തപുരം കലാഭവനിൽ ഈ

LIBRARY ARCHIVES Kerala Legislative Assembly

ഡോക്കുമെന്ററികളുടെ ഒരു ഫെസ്റ്റിവൽ.....അതിനു പുറമെ ഇപ്പോൾ നിർമ്മാണം പൂർത്തിയായിക്കൊണ്ടിരിക്കുന്നത് സുപ്രസിദ്ധ സിനിമാനടനായിരുന്ന സത്യൻ, മന്നത്തു പത്മനാഭൻ, വയലാർ രാമവർമ്മ, സി.എച്ച്. മുഹമ്മദ്കോയ, എ. കെ. ജി., അബ്ദു റഹിമാൻ സാഹിബ്, ചെമ്പൈ വൈദ്യനാഥ ഭാഗവതർ, തകഴി ശിവശങ്കരപിള്ള, ശൂരനാട് കുഞ്ഞൻപിള്ള, സി. അച്ചുതമേനോൻ— ഇവരുടെ ഡോക്കുമെന്ററികൾ പൂർത്തിയായിക്കൊണ്ടിരിക്കുകയാണ്. വരും വർഷങ്ങളിൽ ആർ. ശങ്കർ, സി. കേശവൻ, സി. വി. കുഞ്ഞിരാമൻ ഇങ്ങനെ നിരവധി ആളുകളുടെ ഡോക്കുമെന്ററികൾ എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ആര്യാടൻ മുഹമ്മദ് : ആ കൂട്ടത്തിൽ പരേതനായ സി. കെ. ഗോവിന്ദൻ നായരുടേതുകൂടി ഉൾപ്പെടുത്താൻ തയ്യാറാകുമോ?

ശ്രീ. എം. എം. ഹസ്സൻ : തീർച്ചയായും. സി. കെ. ഗോവിന്ദൻ നായരെക്കുറിച്ചും ഈ ഡോക്കുമെന്ററിയിൽ ഉൾപ്പെടുത്തുന്നതാണ്. അതുപോലെ പ്രേംനസീറിനേയും തീർച്ചയായും ഉൾപ്പെടുത്താം. ഓരോ വർഷവും പത്തും പതിനഞ്ചും ഡോക്കുമെന്ററികൾ എടുക്കും. അതുപോലെ പ്രസിദ്ധരായിട്ടുള്ള സാമൂഹ്യ നേതാക്കന്മാരെക്കുറിച്ച് ഡോക്കുമെന്ററി എടുത്തത് ഈ സഭയിലെ അംഗങ്ങൾക്ക്, ഇവിടെതന്നെ സ്പീക്കറുടെ അനുമതിയോടുകൂടി അര മണിക്കൂറുള്ള നാലുചിത്രങ്ങൾ ഈയാഴ്ചയോ, അടുത്ത ആഴ്ചയോ കാണിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സർക്കാർ വകുപ്പുകൾ പ്രസിദ്ധീകരിക്കുന്ന ദർഘാസ് പരസ്യങ്ങളുടെ വ്യാപ്തിയും അതുവഴിയുണ്ടാകുന്ന സാമ്പത്തിക അതിവ്യയവും കുറയ്ക്കണമെന്ന ലോകായുക്തയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദർഘാസ് പരസ്യങ്ങളുടെ ഘടന കഴിഞ്ഞ വർഷം മുതൽ സർക്കാർ പുതുക്കി നിശ്ചയിച്ച് ദർഘാസ് പരസ്യങ്ങളിൽ അടിസ്ഥാന വിവരങ്ങൾ മാത്രം നൽകുന്ന വിൻഡോ പരസ്യങ്ങളാണ് ഇപ്പോൾ പത്രങ്ങൾക്കു നൽകുന്നത്. പരസ്യത്തിന്റെ പൂർണ്ണരൂപം സർക്കാർ വെബ്സൈറ്റിൽ നൽകിക്കൊണ്ടിരിക്കുകയാണ്. സർക്കാർ പരസ്യത്തിന്റെ ചെലവ് പ്രതിവർഷം പദ്ധതിയേതര ഇനത്തിൽ 2.90 കോടിരൂപയും പദ്ധതി ഇനത്തിൽ 1 കോടി രൂപയും ആണ് കിട്ടിക്കൊണ്ടിരിക്കുന്നത്. അതിന്റെ അപര്യാപ്തതയാണ് മെമ്പർമാർ ഇവിടെ ചൂണ്ടിക്കാണിച്ചത്. പരസ്യം നൽകിയ ഇനത്തിൽ പത്രങ്ങൾക്ക് നാലരക്കോടി രൂപയോളം കൊടുത്തുതീർക്കാനുള്ളതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി കൂടുതൽ പണം അനുവദിക്കുമെന്ന് പറഞ്ഞത് വളരെ പ്രതീക്ഷയോടുകൂടി കേൾക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഒട്ടേറെ പരിഷ്കാരങ്ങൾ ഇവിടെ വിശദീകരിച്ചല്ലോ. സെക്രട്ടേറിയറ്റിൽ ഭരണ നവീകരണത്തിന്റെ ഭാഗമായി, എം.ജി.പി.യുടെ ഭാഗമായി അത്യാധുനിക സൗകര്യത്തോടുകൂടി ഒരു എയർ കണ്ടിഷൻഡ് കോൺഫറൻസ് ഹാൾ പത്രസമ്മേളനത്തിന് ഉണ്ടാക്കിയെന്നും

LIBRARY ARCHIVES Kerala Legislative Assembly

അതിൽ മുഖ്യമന്ത്രി പത്ര സമ്മേളനം നടത്താൻ കൂട്ടാക്കിയില്ല എന്നും ഒരു വാർത്ത കണ്ടു. അതിനെക്കുറിച്ച് എന്താണ് പറയാനുള്ളത്.

ശ്രീ. എം. എം. ഹസ്സൻ : അതിനെക്കുറിച്ച് പറയാം. ഇവിടെ സംസ്ഥാന സർക്കാരിന്റെ പ്രസിദ്ധീകരണങ്ങൾ, മുമ്പുള്ള ഏത് കാലത്തേക്കാളും കെട്ടിലും മട്ടിലും വളരെയധികം മാറ്റം വരുത്തി ജനപഥം, കേരള കാളിംഗ്, വികസന സമന്വയം തുടങ്ങിയ നല്ല പ്രസിദ്ധീകരണങ്ങൾ എല്ലാ മെമ്പർമാർക്കും അയച്ചുതരുന്നുണ്ട്. നല്ല രീതിയിലുള്ള പ്രസിദ്ധീകരണങ്ങൾ കൊണ്ടുവരുന്നതിന് പബ്ലിക് റിലേഷൻസ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഈ സർക്കാർ ഇപ്പോൾ മൊത്തം 435 പത്ര പ്രവർത്തകർക്ക് പെൻഷൻ നൽകുന്നുണ്ട്. ഇതിൽ അംശാദായം അടച്ച പത്രപ്രവർത്തകർ 157-ഉം, പ്രമുഖ പത്രപ്രവർത്തകർ 59-ഉം അവശ പത്രപ്രവർത്തകർ 219-ഉം പേരാണ്. അംശദായം അടച്ച പത്രപ്രവർത്തകർക്ക് 1400 രൂപയും, പ്രമുഖ പത്രപ്രവർത്തകർക്ക് ആയിരം രൂപയും അവശ പത്രപ്രവർത്തകർക്ക് 500 രൂപയുമാണ് പ്രതിമാസം പെൻഷൻ നൽകുന്നത്. അവശ പത്രപ്രവർത്തക പെൻഷൻ അവരുടെ അഭ്യർത്ഥന മാനിച്ചുകൊണ്ട് 500 രൂപയിൽ നിന്ന് 750 രൂപയായി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനു ശേഷമാണ് പത്ര പ്രവർത്തകേതര ജീവനക്കാർക്ക് പെൻഷൻ പദ്ധതി ഏർപ്പെടുത്തിയത്. പെൻഷൻ പദ്ധതിയിൽ ചേരാൻ 2112 അപേക്ഷകരെ തെരഞ്ഞെടുത്തിട്ടുണ്ട്. 1-1-2000 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി പെൻഷൻ നൽകുന്നതിന് 168 പേർ ഇതിനകം അർഹരായിട്ടുണ്ട്. ഇവർക്ക് പെൻഷൻ നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. ഇലക്ട്രോണിക് മീഡിയായിൽ പ്രവർത്തിക്കുന്നവർക്കും ആനുകാലികങ്ങളിൽ പ്രവർത്തിക്കുന്നവർക്കും പെൻഷൻ നൽകാനുള്ള പദ്ധതിക്ക് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇത്തവണത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരിക്കുന്നു. ഇത് നടപ്പിലാക്കാനുള്ള മാനദണ്ഡങ്ങൾ രൂപീകരിച്ചുവരികയാണ്. പത്ര പ്രവർത്തകർക്ക് കേരളത്തിൽ നിന്ന് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പഠനയാത്ര നടത്തുന്നതിനും യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിനുമായി ഈ വർഷം 20 ലക്ഷംരൂപ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടുണ്ട്. കഴിഞ്ഞവർഷം കോട്ടയം, ഇടുക്കി, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ നൂറോളം പത്ര പ്രവർത്തകർ ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ പര്യടനം നടത്തുകയുണ്ടായി. കഴിഞ്ഞ വർഷം നവംബറിൽ ഡൽഹിയിലെ പ്രകൃതി മൈതാനിയിൽ നടന്ന രാജ്യാന്തര വാണിജ്യ മേളയിൽ സംസ്ഥാനങ്ങളുടെ പവിലിയനിൽ കേരള പവിലിയന് സ്വർണ്ണ മെഡൽ ലഭിക്കുകയുണ്ടായി. തിരുവനന്തപുരം മുതൽ കാസർകോഡ് വരെ സഞ്ചരിക്കുന്ന ഒരു മൊബൈൽ എക്സിബിഷൻ യൂണിറ്റ് ആരംഭിക്കുകയാണ്. അതിനായി ഒരു സിറ്റി ബസ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൽ സിനിമാ പ്രദർശനം, മറ്റ് പല സാമൂഹിക പ്രശ്നങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള പ്രദർശന സംവിധാനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ് തുടങ്ങിയ നിരവധി വകുപ്പുകളുമായി ചേർന്ന് നിരവധി സാമൂഹ്യ പ്രശ്നങ്ങളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കാനുള്ള സെമിനാറുകളും പ്രചരണ പരിപാടികളും ഉണ്ടാക്കുന്നുണ്ട്. മതസൗഹാർദ്ദത്തെ പ്രകീർത്തിക്കുന്ന Light and Sound Show–

LIBRARY ARCHIVES Kerala Legislative Assembly

പറയിപെറ്റ പന്തിരുകുലം ഈ വർഷം എല്ലാ ജില്ലകളിലും നടത്താൻ പരിപാടി ഇട്ടിട്ടുണ്ട്. കേരള പിറവി, ഗാന്ധിജയന്തി, അംബേദ്കർ ജയന്തി, ലോക സംഗീതദിനം, ദേശീയ മാധ്യമദിനം തുടങ്ങിയവ ഈ വർഷവും സമുചിതമായി ആഘോഷിക്കാനുള്ള പരിപാടികളിട്ടിട്ടുണ്ട്. നല്ല സിനിമകൾ പ്രചരിപ്പിക്കാനും, ദേശീയ ഉദ്ഗ്രഥനത്തിനുമായി വരുന്ന സെപ്റ്റംബറിൽ മഹാരാഷ്ട്രയിലും, അടുത്ത ജനുവരിയിൽ ആസാമിലും മലയാള ചലച്ചിത്ര സാംസ്കാരിക മേള സംഘടിപ്പിക്കാനും മറാത്തി, ആസാമീസ് ചലച്ചിത്രമേള സാംസ്കാരിക പരിപാടി തിരുവനന്തപുരത്ത് നടത്താനും പരിപാടി ഇട്ടിട്ടുണ്ട്. ഇപ്പോൾ ഈ സാമ്പത്തിക വർഷം 14 ജില്ലാതല പ്രദർശനങ്ങൾ നടത്താൻ പരിപാടി ഇട്ടിട്ടുണ്ട്. പ്രസ് അക്കാഡമി 25 വർഷം അതിന്റെ പ്രവർത്തനം പൂർത്തീകരിക്കുകയാണ്. അതിന്റെ ജൂബിലി ആഘോഷം അന്താരാഷ്ട്ര പ്രശസ്ത മാധ്യമ പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് വിവിധ പരിപാടിയോടുകൂടെ നടത്താൻ പരിപാടികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. തിരുവനന്തപുരത്ത് ടാഗോർ സെന്റിനറി ഹാൾ, തിരുവനന്തപുരം തീരപഥ പ്രോജക്ടിൽ ഉൾപ്പെടുത്തിക്കൊണ്ട് അതിൽ നിന്ന് ഫണ്ട് കണ്ടെത്തി അതിന്റെ പുനർ നിർമ്മാണം നടത്താൻ ആലോചിക്കുകയാണ്. ബഹുമാനപ്പെട്ട ശ്രീ. കെ. പി. രാജേന്ദ്രൻ പറഞ്ഞ കാര്യത്തെക്കുറിച്ച് പറയട്ടെ. പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റിൽ കോൺഫറൻസുകൾ നടത്താനും, പത്ര സമ്മേളനം നടത്താനും 49 ലക്ഷംരൂപ മുടക്കി ഒരു പി. ആർ. ചേംബർ, 100 സീറ്റുകളുള്ള ആധുനിക ഓഡിയോ, വീഡിയോ സൗകര്യമുള്ള കോൺഫറൻസ് ഹാൾ പുതുതായി ഉത്ഘാടനം ചെയ്തിട്ടുണ്ട്. അത് മുഖ്യമന്ത്രി ഉത്ഘാടനം ചെയ്തപ്പോൾ, മുഖ്യമന്ത്രിയുടെ പതിവ് ക്യാബിനറ്റ് ബ്രീഫിംഗ് ക്യാബിനറ്റ് റൂമിനടുത്തുള്ള കോൺഫറൻസ് ഹാളിൽ നടത്തുമെന്നും, മറ്റ് കോൺഫറൻസുകളും അതുപോലെ മന്ത്രിമാരുടെ പത്രസമ്മേളനങ്ങളുമൊക്കെ ഇവിടെ വച്ച് നടത്തുമെന്നാണ് പറഞ്ഞത്. അതല്ലാതെ മുഖ്യമന്ത്രി അവിടെ പത്രസമ്മേളനം നടത്തുകയില്ല എന്നല്ല. ക്യാബിനറ്റ് കഴിഞ്ഞാൽ തൊട്ടടുത്താണ് ബ്രീഫിംഗ് ചെയ്യാനുള്ള സൗകര്യം. അതാണ് അതിന്റെ കാരണം. അവിടെ നിന്ന് മുഖ്യമന്ത്രിക്ക് ഇവിടെവരെ വരേണ്ട ആവശ്യമില്ലാത്തതുകൊണ്ടാണ് അങ്ങനെ പറഞ്ഞത്. മാധ്യമങ്ങൾ പല രൂപത്തിലും അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വളരെ മനോഹരമായിട്ടുള്ള കോൺഫറൻസ് ഹാളാണത്. ഭരണ നവീകരണ പരിപാടിയുടെ ഭാഗമായിട്ട് ഉണ്ടാക്കിയതാണ്. എ.കെ.ജി. സെന്ററിലുള്ളതിനേക്കാൾ കുറഞ്ഞ സൗകര്യമേ അതിലുള്ളൂ. മാധ്യമരംഗത്ത് പ്രവർത്തിക്കുന്നവർക്കായി General reporting, വികസനോന്മുഖ റിപ്പോർട്ടിംഗ്, ഫോട്ടോഗ്രാഫി, കാർട്ടൂൺ, ടി.വി. റിപ്പോർട്ടിംഗ് എന്നീ വിഭാഗങ്ങളിൽ എല്ലാ വർഷവും സർക്കാർ അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി.വി. റിപ്പോർട്ടിംഗിനും കാർട്ടൂണിനും ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നതിനു ശേഷമാണ് അവാർഡുകൾ ഏർപ്പെടുത്തിയത്. ഏതായാലും ഈ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ മെമ്പർമാർ സന്തുഷ്ടി പ്രകടിപ്പിച്ചതിൽ നന്ദി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ): സർ, ഈ ധനാഭ്യർത്ഥന ചർച്ചയിൽ പങ്കെടുത്ത് വളരെ നല്ല നിർദ്ദേശങ്ങളൊക്കെ നൽകിയ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാ മെമ്പർമാരോടും ഞാൻ നന്ദി പറയുകയാണ്. ചില ആരോപണങ്ങളുണ്ട് അതിന് ഞാൻ മറുപടി പറയാം. അതിനു മുമ്പ് ഇലക്ട്രിസിറ്റി ബോർഡിന് ജനങ്ങളോടുള്ള അപ്രോച്ച് എന്താണെന്നത് പറയാം. ബോർഡിനേയും ജനങ്ങളേയും രണ്ടുതട്ടിൽ 'കെട്ടാനാണ് ഇവർ എപ്പോഴും തുനിയുന്നത്. വർഗ്ഗ പരമായ ഒരു സമീപനം അവരുടെ തത്വശാസ്ത്രത്തിലുണ്ട്. ഞങ്ങൾ അങ്ങനെ യല്ല. ഗാന്ധിജിയുടെ ഒരു സമീപനമാണ്. Customer is the most important visitor in our premises..... എന്നുതുടങ്ങി അതു മുഴുവൻ ഞാൻ വായിക്കുന്നില്ല. അവന്റെ സേവനത്തിനുവേണ്ടി അങ്ങനെ ഒരു സമീപനം സ്വീകരിച്ചുകൊണ്ട് ഈ ഗവൺമെന്റ് ചെയ്യാൻ പോകുന്ന കാര്യങ്ങൾ ഞാൻ ആദ്യം പറയട്ടെ, ഈ ഗവൺമെന്റ് കറണ്ട് ചാർജ് വർദ്ധിപ്പിക്കില്ല. ഒരു ശതമാനത്തിലധികം വ്യത്യാസം കാണിക്കുന്ന എല്ലാ ഇലക്ട്രോണിക് മീറ്ററുകളും മാറ്റി സ്ഥാപിക്കും. പോസ്റ്റ് ആവശ്യമില്ലാത്ത വെതർ പ്രൂഫ് കണക്ഷനുകൾക്ക് 2004 മാർച്ച് മാസം വരെ അപേക്ഷിച്ചവർക്ക് 2004-05 സാമ്പത്തിക വർഷത്തിൽ നൽകും. വരുന്ന ഒരു വർഷത്തിനുള്ളിൽ നാല് ലക്ഷം പുതിയ കണക്ഷനുകൾ നൽകും. ഇവിടെയുള്ള ഏറ്റവും വലിയ പ്രശ്നം ബില്ലിംഗാണ്. ബില്ലിംഗിന് നീണ്ട ക്യൂവാണ്. അതിനു ള്ള ഒരേയൊരു പരിഹാരം ഒരുവർഷത്തിനുള്ളിൽ വൈദ്യുതി ബില്ലിംഗും റവന്യൂ കളക്ഷനും ഉൾപ്പെടുന്ന 550 ഇലക്ട്രോണിക് സെക്ഷനുകൾ കമ്പ്യൂട്ടറൈസ് ചെയ്യും. ഒരുമിനിട്ടിൽ രണ്ടുമൂന്നുപേർക്ക് ബില്ല് എടുത്തുകൊടുക്കാം. ..... (ബഹളം)..... സഹിക്കൂ. മൂന്നുവർഷത്തെ നേട്ടം ഇനി പറയാനിരിക്കുകയാണ്. അപ്പോൾ ഭ്രാന്തെടുത്ത് ഓടരുത്. അപ്പോൾ നിങ്ങൾ ബഹളമുണ്ടാക്കുമെന്നുള്ളതു കൊണ്ടാണ് ഇതൊക്കെ ഞാൻ ആദ്യം പറയുന്നത്. മറ്റു കാര്യങ്ങൾ പറയു മ്പോൾ നിങ്ങൾക്ക് പോകണമെങ്കിൽ പോകാം, അല്ലെങ്കിൽ ഇരിക്കാം. തിരുവനന്തപുരം, കൊല്ലം നഗരങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ളതുപോലെ എല്ലാ ജില്ലയിലും വൈദ്യുതി തകരാർ പരിഹരിക്കുന്നതിന് മൊബൈൽ സ്കാഡുകൾ സ്ഥാപിക്കും. എന്നുവച്ചാൽ ജനങ്ങൾക്ക് ആവശ്യമുള്ളത് affordable energy, ആണ്. ചാർജ് കൂട്ടാൻ മാർഗ്ഗമില്ലെന്നുപറയുന്നത് അതാണ്. Good quality അതു പോലെതന്നെ without interruption തിരുവനന്തപുരത്തും കൊല്ലത്തും ഞാൻ പരി ശോധിച്ചു. സാധാരണ പത്ത് മിനിട്ട് ഇന്റർപ്ഷൻ വന്നാൽ ഞങ്ങൾ പരിഹരി ക്കുന്നുണ്ട്. World Class-ലേയ്ക്കാണ് ഇതിന്റെ സ്റ്റാന്റേർഡ് ഉയർന്നിരിക്കുന്നത്. അത് ഇവിടെ മുഴുവൻ കൊണ്ടുവരും. ജില്ലകളിലൊക്കെ കൊണ്ടുവരും. ഇത് നട പ്പാക്കുവാൻ പോവുകയാണ്. കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളിലും വോൾട്ടേജ് കമ്മി പരിഹരിക്കുവാനുള്ള പദ്ധതികൾക്ക് രൂപംനൽകി നടപ്പാക്കിവരു കയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനുവേണ്ടി 42 സബ്സ്റ്റേഷനുകൾ പൂർത്തിയാക്കി. അത് 45 നിയോജകമണ്ഡലത്തിലെ വോൾട്ടേജ് കമ്മി പരിഹരിക്കാനാകും. ഈ വർഷം മുപ്പത് സബ്സ്റ്റേഷനു കൾകൂടി പൂർത്തിയാക്കും. അടുത്ത വർഷം 47 സബ്സ്റ്റേഷനുകൾകൂടി കൊണ്ടു വരും. അപ്പോഴേയ്ക്കും മിക്കവാറും എല്ലാമാകും. കേരളത്തിന്റെ ഒരുഭാഗത്തും വോൾട്ടേജ് കമ്മി ഒരിക്കലും അനുഭവപ്പെടാത്ത നിലയിൽ സംസ്ഥാനത്ത് പ്രസരണ ശൃംഖല ശക്തിപ്പെടുത്തും. അതാണ് ഞാൻ പറഞ്ഞത്, A World Class Organisation ആക്കി പൊതുമേഖലയെ ഉയർത്തും. ഇതൊക്കെ നിങ്ങൾക്കറിയാം.

LIBRARY ARCHIVES Kerala Legislative Assembly

അതിന്റെ ഒരു അസഹിഷ്ണുതയുണ്ടല്ലോ; ഞാൻ അതിലേയ്ക്ക് കടക്കുന്നതിനു മുമ്പ് എന്താണ് ഞങ്ങൾ ചെയ്തതെന്ന് പറയാം. .....(ബഹളം)..... നിങ്ങൾ കേൾക്കൂ, നിങ്ങൾ പറഞ്ഞത് ഞാൻ ശാന്തമായിരുന്നു കേട്ടില്ലേ. 4909 കോടി രൂപയുടെ കടത്തോടുകൂടിയാണ് ഈ വകുപ്പ് ഞങ്ങളെ ഏൽപ്പിക്കുന്നത്. അതിൽ 3219 കോടിരൂപയുടെ മൂലധന നിക്ഷേപം നടത്തി. കടക്കെണിയിലായ ഒരു ബോർഡിനെയാണ് ഈ ഗവൺമെന്റിനെ ഏൽപ്പിച്ചത്. അതിന്റെ ഫലമായിട്ട് ആദ്യം അസഹ്യമായ കമ്മി. 2000-01-ൽ 1286 കോടി രൂപയാണ് കമ്മി. 2002-03-ൽ 1015 കോടി രൂപയായി കുറഞ്ഞു. 2003-04-ൽ 921 കോടി രൂപയായി കുറഞ്ഞു. ഇവിടെ കാര്യങ്ങൾ നിൽക്കുന്നില്ല. നിങ്ങൾ ഭരിക്കുന്ന അവസരത്തിൽ 1286 കോടി രൂപയുടെ കമ്മി ഉണ്ടായിരുന്നപ്പോഴാണ് ഏറ്റവും കൂടുതൽ മഴ ഉണ്ടായിരുന്നതും കൂടുതൽ ഹൈഡൽ പവർ ജനറേറ്റുചെയ്തിരുന്നതും. എന്നാൽ കഴിഞ്ഞ കൊല്ലം ഇത് 6700 മില്യൺ ഉണ്ടായിരുന്നത് കഴിഞ്ഞ കൊല്ലത്തിനു മുമ്പ് 4819-ഉം 3951-ഉം ആയി ഹൈഡൽ എനർജി കുറഞ്ഞു. 2002-03-ൽ 414 കോടിയുടെയും 2003-04-ൽ 494 കോടി രൂപയുടെയും നഷ്ടം സംഭവിച്ചു. എന്നുവച്ചാൽ പുറത്തുനിന്നും എനർജി വാങ്ങേണ്ടിവന്നു. അങ്ങനെ 908 കോടി രൂപയുടെ നഷ്ടം വന്നില്ലായിരുന്നുവെങ്കിൽ 20 കോടി രൂപയുടെ കമ്മിയേ ഉണ്ടാകുമായിരുന്നുള്ളൂ. ഇത് സർവ്വകാല റിക്കാർഡാണ്. അഴിമതി ആരോപണം പറയുന്നവർ പറയട്ടെ. കേരളത്തിന്റെ ചരിത്രത്തിൽ ഇങ്ങനെയൊരു നേട്ടം ഉണ്ടാക്കിയോ? ഇതിനെക്കുറിച്ച് ദീർഘമായി എത്രവേണമെങ്കിലും നമുക്ക് സംസാരിക്കാം. നിങ്ങൾ അഞ്ചുകൊല്ലം ഭരിച്ചവരല്ലേ? അതിന്റെ കാര്യങ്ങൾ അറിയൂ. വികസന പ്രവർത്തനങ്ങൾ, ഇവിടെ പറഞ്ഞല്ലോ, അതില്ലാ ഇതില്ലായെന്നൊക്കെ. കടമറ്റത്തുകത്തനാർ അച്ഛന്റെ സ്ക്രിപ്റ്റ് എഴുതുന്നതുപോലെ, എന്തും സംഭവിക്കാം, കൈകൊണ്ട് എടുക്കാം. അങ്ങനെയുള്ള സ്ക്രിപ്റ്റാണ് ശ്രീ. ജയരാജൻ വായിച്ചത്. ഞാൻ പറയുന്ന നടന്ന കാര്യങ്ങൾ കേൾക്കൂ. എൽ.ഡി.എഫ്. സർക്കാരിന്റെ ആദ്യത്തെ മൂന്നുവർഷം 1996 മുതൽ 99-വരെ നൽകിയ കണക്ഷനുകൾ 886,029 ആണ്. ഞങ്ങൾ കൊടുത്തത് 1,113,523. .....(ബഹളം)..... നിങ്ങൾ എന്ത് ഉണ്ടാക്കി ? നാലായിരം കോടി രൂപയുടെ കടം ഉണ്ടാക്കിയതാണോ? 125 കോടി രൂപ പലിശ കൊടുക്കണമായിരുന്നു. അത് കൊടുത്തില്ലെങ്കിൽ ബോർഡ് നിലനിൽക്കുകയില്ല. ഈ സർക്കാർ പണം തന്നിട്ടാണ് ഇതൊക്കെ ചെയ്തത്. അന്ന് നിങ്ങൾ ഒരു പൈസയും കൊടുത്തില്ല. ഈ ഗവൺമെന്റ് ബോർഡിന് പണം കൊടുത്തു നിലനിർത്തിയതുകൊണ്ടാണ് കടക്കെണിയിൽനിന്നും ഉയരാൻ കഴിഞ്ഞത്. 11 കെ.വി. ലൈൻ വലിക്കണമെന്നതാണ്. ലൈൻ വലിക്കാതെ ഈ കാര്യങ്ങൾ നടക്കുമോ? നിങ്ങൾ 11 കെ.വി. 2221 കിലോമീറ്റർ ലൈൻ വലിച്ചു. ഞങ്ങൾ 2838 കിലോമീറ്റർ ലൈൻ വലിച്ചു. അതിനാണ് എന്നെ ക്രൂശിക്കുന്നത്. സബ്സ്റ്റേഷനുകൾ നിങ്ങൾ 26 എണ്ണം ചെയ്തു. ഞങ്ങൾ 42 എണ്ണം ഇതുവരെ ചെയ്തു. ഇതിനാണ് ഞങ്ങളെ ക്രൂശിക്കുന്നത്. .....(ബഹളം).....പണ്ടുകാലത്ത് ആണുങ്ങൾ ഉണ്ടാക്കിവച്ചു, നിങ്ങൾ വന്നതിന്റെ മൂന്നാമത്തെ ദിവസം ഉത്ഘാടനം ചെയ്തിട്ട് ബഷീറിന്റെ കഥാപാത്രം പറഞ്ഞതുപോലെ ഇതെല്ലാം ഞമ്മടേത് എന്നാണ് നിങ്ങൾ പറയുന്നത്. പത്തും പതിനഞ്ചും കൊല്ലങ്ങൾക്കുമുമ്പ് സ്റ്റാർട്ടു ചെയ്തതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു ദിവസംകൊണ്ട് ഉണ്ടായതല്ല. അടുത്ത ആഴ്ച ഉത്ഘാടനം ചെയ്തിട്ട് അത് എൽ. ഡി. എ ഫ്. ന്റെ അക്കൗണ്ടിൽ, അതൊക്കെ നമ്മുടേതാണ്, നൂറ് മെഗാവാട്ടെന്നൊക്കെ എഴുതി. അതിൽ തെറ്റില്ല. അതൊക്കെ ആ സ്പിരിറ്റിലെടുക്കണം. അത്രയേയുള്ളൂ. ഇവിടെ ഉൽപ്പാദിപ്പിച്ച കറണ്ടിനെക്കുറിച്ച് വായിക്കാം. നിങ്ങളുടെ ഭരണകാലത്ത് ഉൽപ്പാദിപ്പിച്ചതിനെക്കാളും കൂടുതലാണ്. ..... (ബഹളം)..... ഇതൊക്കെ കാര്യമായിട്ട് കേൾക്കണ്ടേ? മീറ്ററാണല്ലോ പ്രധാനപ്പെട്ട കാര്യം. അതിനെക്കുറിച്ച് പറഞ്ഞതിനുശേഷം അഴിമതി ആരോപണത്തിന്റെ മറുപടിയിലേയ്ക്ക് കടക്കാം. എത്ര മണിക്കൂറുകൊണ്ടാണ് ഇതൊക്കെ സ്ഥാപിച്ചതെന്നുപറയാം. നിങ്ങളുടെ ഭരണകാലത്ത് നിർമ്മിച്ച കായംകുളം താപനിലയത്തിന്റെ 300 കോടി രൂപ ഫിക്സഡ് കോസ്റ്റ് സംബന്ധിച്ച് ഞങ്ങൾ ഡെൽഹിയിൽപോയി ആളുകളെകണ്ടു തമിഴ്നാട് ഗവൺമെന്റിനെക്കൊണ്ട് 150 കോടി രൂപ കൊടുപ്പിച്ചു. എക്സൈസ് ഡ്യൂട്ടി കുറച്ചു. സെയിൽസ് ടാക്സ് കുറച്ചു. 30000 അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുള്ളത് 23000 ആയി കുറച്ചു. ശമ്പളം കുറച്ചു. അഡ്മിനിസ്ട്രേഷൻ എന്ന സംഗതിയുടെ ഫലമായി പത്തുനാന്നൂറ് കോടിയോളം രൂപ കുറഞ്ഞു. ഞാൻ സമയം ഇല്ലാത്തതുകൊണ്ട് വായിക്കുന്നില്ല. അല്ലെങ്കിൽ എങ്ങനെയാണ് കമ്മി കുറഞ്ഞത്? ഇപ്പോൾ ലാഭനഷ്ടമില്ലാത്ത ഒരു സ്റ്റേജിലെത്തി. അടുത്ത വർഷം മഴയുണ്ടെങ്കിൽ നിശ്ചയമായിട്ടും ഇത് ലാഭകരമാകും. ആയിരത്തിചിലാനം കോടിരൂപയുടെ കമ്മി. നിങ്ങൾ വെറുതേ പറഞ്ഞിട്ട് കാര്യമുണ്ടോ? ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞു മീറ്ററിനെപ്പറ്റി അവബോധം വേണമെന്ന്. എന്താണ് ഇവിടെ സംഭവിച്ചത്? ഞങ്ങൾ ഇതിലൊന്നും ചെയ്തില്ല. നിങ്ങൾ പറയുന്ന ആരോപണം ശരിയാണെങ്കിൽ ഞങ്ങൾ 35 മില്യൺ യൂണിറ്റാണ് വിൽക്കുന്നത്. ഞങ്ങൾക്ക് 65 ശതമാനത്തിന്റെ വിലയേ ലഭിക്കുമായിരുന്നുള്ളൂ. ഇപ്പോൾ ഇത് ഇവിടെ വച്ചതിനുശേഷം ആറ് ശതമാനം മെച്ചമാണ് കിട്ടുന്നത്. ഇപ്പോൾ ഇതെല്ലാം വച്ചശേഷവും 72 ശതമാനമേ കിട്ടുന്നുള്ളൂ. പൊതുമേഖലാസ്ഥാപനമെന്ന നിലയിൽ 2003-ലെ ആക്ടിന്റെ അടിസ്ഥാനത്തിൽ സ്വകാര്യമേഖല വരാൻ സാധ്യതയുള്ളിടത്ത് ഈ പൊതുമേഖലാസ്ഥാപനത്തെ കോമ്പറ്റീറ്റീവായിട്ട് നിർത്തണ്ടേ? 35 ദശലക്ഷം യൂണിറ്റ് വിൽക്കുമ്പോൾ എത്ര ലക്ഷത്തിന് വില വാങ്ങിക്കണം. 35 ദശലക്ഷത്തിനും വാങ്ങിക്കണ്ടേ? അല്ലെങ്കിൽ ആ പൊതുമേഖലാസ്ഥാപനത്തിലെ 23,000 എംപ്ലോയീസിനോടും പത്തുപതിനയ്യായിരം പെൻഷൻകാരോടും അവരുടെ കുടുംബത്തോടും സമൂഹത്തോടും ചെയ്യുന്ന തെറ്റായിരിക്കും ഇത് തകർത്തു കളയുന്നത്. വിറ്റാൽ കാശു വാങ്ങിക്കണ്ടേ? നിങ്ങളുടെ കാലത്തും അങ്ങനയെയായിരുന്നു. അതുകൊണ്ട് നിങ്ങൾ വളരെ കറക്റ്റായിട്ട് ഒരു കാര്യം ചെയ്തു. നിങ്ങളുടെ മന്ത്രിയെ ഞാൻ അനുമോദിക്കുന്നു. അദ്ദേഹം പറഞ്ഞത്, മെക്കാനിക്കൽ മീറ്റർ ഇരിക്കുന്നതുകൊണ്ട് ബോർഡിന് അപരിഹാര്യമായ നഷ്ടമുണ്ടാകുന്നു, അതുകൊണ്ട് ഇലക്ട്രോണിക് മീറ്റർ വച്ചേ പറ്റൂ എന്നാണ്. അദ്ദേഹം പറഞ്ഞതു മാത്രമല്ല ഓർഡറും എഴുതി വച്ചു. അതു തുടർന്നു എന്നുള്ളതല്ലാതെ ഇപ്പോഴും എന്താണ് പ്രശ്നം. ഇപ്പോൾ എന്തുകൊണ്ടാണ് ഈ നഷ്ടം? First you decide. വിൽക്കുന്നതിന്റെ വില വാങ്ങണമോ? വില കിട്ടുന്നില്ല. അതിനുള്ള നടപടികളാണ് ഞങ്ങൾ എടുത്തത്. അതു നിങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

പറയൂ. വൈദ്യുതി അളക്കുന്നതാണ് മീറ്റർ. 35 മില്ല്യൻ യൂണിറ്റ് ഇപ്പോഴും കിട്ടുന്നില്ല. അവബോധം എന്നു പറയുന്നത് ഇതാണ്. 35 മില്ല്യൻ എന്നു കിട്ടുന്നോ അന്ന് ഇത് പ്രോഫിറ്റബിളാകും. 35 മില്ല്യൻ വേണ്ടേ? 85 ശതമാനത്തിനെങ്കിലും വില കിട്ടുമെങ്കിൽ ഇലക്ട്രിസിറ്റിബോർഡ് ലാഭത്തിലാകും. ഇത് ആരോ അപഹരിച്ചുകൊണ്ടുപോകുന്നു എന്നാണ് പറയുന്നത്. മീറ്റർ മാറ്റി വച്ചപ്പോൾ 20 ശതമാനം മീറ്ററിലും അകത്ത് ഫിലിമും ടംഗ്ക്ളീനറും കയറ്റി വച്ചിട്ടുണ്ട്. അങ്ങനെയൊക്കെ അപഹരിക്കാൻ ഈ മീറ്ററിൽ കഴിയുന്നില്ല. അതുകൊണ്ട് ഒരു ചെറിയ ശതമാനം ആളുകൾക്ക് ഇതിൽ അസഹിഷ്ണുതയുണ്ട്. അതിനു നമ്മളെല്ലാം കൂട്ട് നിന്നുകൊടുക്കണോ? നിങ്ങൾക്ക് ഭൂരിപക്ഷമുള്ള നിങ്ങളുടെ ആളുകൾ അവിടെയുണ്ട്. അവർ ഭരിക്കുന്നതല്ലേ? മുകളിലുള്ള ഒരു ബോർഡിനും മന്ത്രിക്കുമാണോ കാര്യങ്ങൾ? ജീവനക്കാർ മുഴുവൻ നിങ്ങളുടെ യൂണിയനുകളിലല്ലേ? അവർ പറയട്ടെ ഇത് എവിടെ കൊണ്ടുപോകുന്നു എന്ന്. ഇരുട്ടുമുറിയിൽ ഇല്ലാത്ത കറുത്ത പൂച്ചയെ തപ്പുന്നതുപോലെ ഇലക്ട്രോണിക് മീറ്റർ വച്ചത് നിങ്ങളാണ്. നല്ല കാര്യത്തിനാണ്. ഞങ്ങൾ അത് ഫലപ്രദമാക്കി 6% കുറച്ചു. നിങ്ങൾ അനുകൂലിക്കുമെങ്കിൽ കുറേക്കൂടി കുറയ്ക്കാം. മുഴുവൻ കുറയ്ക്കാൻ പറ്റില്ല. 20 ശതമാനമെങ്കിലുമാക്കാൻ കഴിയും. അപ്പോൾ തന്നെ ബോർഡിന് 250 കോടി രൂപ കൂടി കിട്ടും. നിങ്ങളെല്ലാവരും കൂടി വേണ്ട എന്നു പറഞ്ഞാൽ, പ്രതിപക്ഷം മാത്രം ഏകകണ്ഠമായി ഈ മീറ്റർ വയ്ക്കേണ്ട എന്നു പറഞ്ഞാൽ എന്റെ വ്യക്തിപരമായ അഭിപ്രായം മീറ്റർ വേണ്ട, നശിക്കട്ടെ. ഇങ്ങനെയും കുറേ അടിസ്ഥാനരഹിതമായ ആരോപണത്തിന്റെ പരമ്പരകളുണ്ടോ? 35 മില്ല്യൻ യൂണിറ്റ് വരുമ്പോൾ അത്രയും വാങ്ങിക്കണ്ടേ എന്നു നിങ്ങൾ ഒരു കമ്മിറ്റിയെ വച്ച് പരിശോധിക്കുക. ഞാൻ മുഴുവൻ റിക്കാർഡുകളും തരാം. പ്രശ്നം അത്രയേയുള്ളൂ. 35 മില്ല്യൻ യൂണിറ്റ് വിൽക്കുമ്പോൾ അത് അത്രയും നമുക്ക് കിട്ടണം. അതാണ് നിങ്ങളും പറഞ്ഞത്, അതാണ് ഞങ്ങളും പറഞ്ഞത്. നിങ്ങൾ വാങ്ങിച്ച അതേ കമ്പനികളിൽ നിന്നാണ് ഞങ്ങൾ വാങ്ങിച്ചത്. നിങ്ങൾ നിഷ്കർഷിച്ച അതേ ഐ.എസ്.ഐ. മാർക്കുള്ളതാണ്. കാര്യമറിയാതെ നിങ്ങൾ പറയുകയാണ്. ഐ.എസ്.ഐ. മാർക്കുള്ളതാണ്. ഒരേ കമ്പനിയിൽ നിന്നാണ്. അതേ കമ്പനിയിൽ നിന്ന് ഞങ്ങൾ വാങ്ങുമ്പോൾ എങ്ങനെ തെറ്റാകും? ഐ.എസ്.ഐ. മാർക്കില്ലാത്ത ഇൻഡ്യയിൽ വേറെ എന്തെങ്കിലും ഒരു സംവിധാനമുണ്ടെങ്കിൽ പറയൂ, അതു വാങ്ങിക്കാം. കത്തനാരുടെ സ്ക്രിപ്റ്റ് എഴുതുമ്പോൾ എന്തുമാകാം. അതിൽ കാളവണ്ടി കഴിഞ്ഞ പ്രാവശ്യം മുകളിലൂടെ പോകുകയാണ്. ഈ പ്രാവശ്യം കാളവണ്ടി താഴോട്ടു പോകുകയാണ്. അങ്ങനെ മീറ്ററിന്റെ കാര്യത്തിൽ പറയാൻ പറ്റില്ല. ....(ബഹളം)... അവബോധം വേണമെന്ന് ഇവിടെ പലരും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ പറയുകയാണ്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിയും പുറമേ നിന്നു വാങ്ങുന്ന വൈദ്യുതിയും ചേർന്നുള്ള ശരാശരി നഷ്ടം യൂണിറ്റിന് നാലു രൂപയാണ്. പെർ യൂണിറ്റ് 3 രൂപയ്ക്കാണ് ഇപ്പോൾ വിൽക്കുന്നത്. നിങ്ങളുടെ ഓരോരുത്തരുടേയും വീട്ടിൽ കിട്ടുന്ന, ആദ്യത്തെ സ്ലാബ്, അതു വെറും 1.15 രൂപയ്ക്കാണ്. അതിനെക്കുറിച്ച് ആലോചിക്കണ്ടേ? അതു കഴിഞ്ഞ് 1.50 രൂപ. ഈ നാലു രൂപയുടെ സാധനം രണ്ടു രൂപയ്ക്കല്ലേ വാങ്ങിക്കുന്നത്? രണ്ടു

LIBRARY ARCHIVES Kerala Legislative Assembly

രൂപയ്ക്ക് വാങ്ങിയിട്ടാണ് ഇലക്ട്രിസിറ്റി ബോർഡിനെ ചീത്ത പറയുന്നത്. കഴിഞ്ഞ പ്രാവശ്യം കൊണ്ടുവന്ന പരിഷ്ക്കാരത്തിൽ ഇത്രയേയുള്ളൂ. 500 യൂണിറ്റ് വാങ്ങിക്കുന്നതിനും ആദ്യത്തെ 40 യൂണിറ്റിന് ഈ സൗജന്യം കിട്ടുന്നു ബോർഡിന്റെ സബ്സിഡി വാങ്ങിക്കാത്ത ഒരാൾപോലും ഈ രാജ്യത്തില്ല. എന്നിട്ട് തിരിഞ്ഞു നിന്ന് ബോർഡിനെ ചീത്ത വിളിക്കുന്നു. അവബോധത്തിന്റെ കുറവാണെന്ന് ഞാൻ പറയുന്നു. നമ്മൾ സഭയിലെങ്കിലും കാര്യം മനസ്സിലാക്കണം. നമ്മൾ മാറി മാറി ഭരിക്കുന്ന ആളുകളാണ്. ഒരു ദിവസം എത്രയാണ് നഷ്ടം? 35 മില്യൻ യൂണിറ്റിന് ഒരു രൂപാ വച്ച് ഒരു ദിവസം എത്രയാണ്? ഏതാണ്ട് പത്തു-മുപ്പത്തിയേഴു ലക്ഷം വരുമെന്ന് എനിക്കു തോന്നുന്നു. അത്രയും വലിയൊരു നഷ്ടത്തിലാണ്, ബോർഡ് അത്രയും വലിയൊരു നിർഭാഗ്യകരമായ അവസ്ഥയിലാണ് നിൽക്കുന്നത്. ...(ബഹളം).....

ശ്രീ. എം.വി. ജയരാജൻ: ആരോപണത്തിന് മറുപടി പറയണം.

ശ്രീ. കടവൂർ ശിവദാസൻ: എനിക്കു പറയാനുള്ളത് പറയട്ടെ. ആരോപണത്തിന് മറുപടി....(ബഹളം).... അങ്ങനെ ഒരു രൂപ കുറച്ചു വിൽക്കുന്നതുകൊണ്ടുണ്ടാകുന്ന നഷ്ടത്തിനു പുറമേയാണ് പ്രസരണ-വിതരണം.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്...പ്ളീസ്....

ശ്രീ. കടവൂർ ശിവദാസൻ: രാവിലെ മുതൽ വൈകിട്ട് വരെ ബഹളമുണ്ടാക്കുമ്പോൾ സമയത്തെപ്പറ്റി അറിയണം. അപ്രിയസത്യങ്ങൾ കേൾക്കുമ്പോൾ ദുഃഖമുണ്ടായിട്ട് കാര്യമില്ല. ഞങ്ങൾ കുറേ അപ്രിയ സത്യങ്ങൾ കേട്ടല്ലോ? നിങ്ങളുടെ മന്ത്രി ചെയ്തത് നല്ല കാര്യമാണെന്നുള്ള പ്രിയപ്പെട്ട സത്യം ഞാൻ പറഞ്ഞു. ഇനിയും പറയാം.....(ബഹളം)..... അഴിമതിയാരോപണത്തെക്കുറിച്ച് തുടങ്ങിയതുതന്നെ നിയമം ലംഘിച്ചാണ്. നിയമത്തിൽ എന്താണ് പറഞ്ഞിരിക്കുന്നതെന്ന് അറിയാമോ? ഒരു മെമ്പർ പ്രസംഗിക്കുമ്പോൾ എഴുതി വായിക്കാൻ പാടില്ല എന്നാണ്. നിങ്ങൾ എഴുതിയല്ലേ വായിച്ചത്. ഞാൻ ക്ഷമിച്ചല്ലോ? അദ്ദേഹത്തിനുപോലും ബോധ്യമില്ലാത്ത കാര്യങ്ങൾ പറഞ്ഞു. അതെല്ലാം ഓരോരുത്തരുടെ പ്രിവിലേജാണ്. അതു പറയുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മന്ത്രി കടലാസ് താഴ്ത്തിവയ്ക്ക്. അതു മാറ്റി വച്ചിട്ടു പറയൂ...(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്...പ്ളീസ്...

ശ്രീ. കടവൂർ ശിവദാസൻ: ചട്ടം വായിപ്പിച്ചു കേൾപ്പിക്കാം. ഒരു മന്ത്രി മന്ത്രിയും മെമ്പർ മെമ്പറുമാണ്.....(ബഹളം)...

പറയുമ്പോൾ അലറേണ്ട. ഇത് കേൾക്ക് No member should read out a set speech എന്നാണ്. I am a Minister. എനിക്ക് വായിക്കാം. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്...

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: മസിൽ പവർകൊണ്ട് കാര്യങ്ങൾ നടക്കുകയില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കടലാസ് വച്ചല്ലേ വായിക്കുന്നത്.

ശ്രീ. കടവൂർ ശിവദാസൻ: അതിൽ സംശയം വേണ്ട. പറഞ്ഞപ്പോൾ ആലോചിക്കണമായിരുന്നു തിരിച്ചും കിട്ടുമെന്ന്..(ബഹളം).. അങ്ങ് മെമ്പറും ഞാൻ മന്ത്രിയുമാണ്. എനിക്ക് ഒരുപാട് പ്രിവിലേജുണ്ട്. അതു നിയമത്തിൽ എഴുതിയിട്ടുണ്ട്....(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്...പ്ളീസ്... Please resume your seat.....

ശ്രീ. കടവൂർ ശിവദാസൻ: I have entitled under law, നിയമത്തിൽ ഞാനും നിങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. But you are not a Minister.(ബഹളം).. നിങ്ങൾക്ക് എന്റെ മന്ത്രിക്കസേരയിൽ വന്നിരിക്കാൻ പറ്റുമോ? പറ്റില്ലല്ലോ? .....(ബഹളം).... നിങ്ങൾ മന്ത്രിയല്ല. വലിയ ആളായിരിക്കാം. പക്ഷേ നിങ്ങൾ മന്ത്രിയല്ല. മന്ത്രിയല്ലാത്തതുകൊണ്ട് മന്ത്രിയുടെ പ്രിവിലേജ് നിങ്ങൾക്കില്ല.....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ളീസ്... Please resume your seat.....

ശ്രീ. കടവൂർ ശിവദാസൻ: പ്രതിദിനം 35 മില്ല്യൻ യൂണിറ്റാണ് കേരളത്തിൽ വിതരണം ചെയ്യുന്നത്. ഈ ഗവൺമെന്റ് വന്നപ്പോൾ പ്രസരണ വിതരണ നഷ്ടം 33 ശതമാനം ആയിരുന്നു. അതായത് 35 മില്യൻ യൂണിറ്റിന് 67 ശതമാനമായ 23.4 മില്ല്യൻ യൂണിറ്റിന്റെ വില ബോർഡിന് കിട്ടിയിരുന്നു. ഈ വൈദ്യുതിക്ക് ഇന്നത്തെ വിലയായ മൂന്നു രൂപ വച്ച് കണക്കാക്കിയാൽ പ്രതിദിനം 7.04 കോടി രൂപയാണ്. കഴിഞ്ഞ മൂന്നു വർഷം കൊണ്ട് പ്രസരണ വിതരണ നഷ്ടം 6 ശതമാനം കുറച്ചതുകൊണ്ട് 35 മില്യന്റെ 73 ശതമാനമായ 25.5. മില്യൻ യൂണിറ്റിന്റെ വില ലഭിക്കുന്നുണ്ട്. അതായത് 7.65 കോടി രൂപ. പ്രതിദിനം 61 ലക്ഷം രൂപയുടെ പ്രസരണവിതരണ നഷ്ടം കുറഞ്ഞു. ഇത്രയേയുള്ളൂ ഇവിടെ ആകെ സംഭവിച്ചത്. ഇതിന്റെ നാലിരട്ടി നടന്നാലേ കാര്യങ്ങൾ നടക്കുകയുള്ളൂ. .....(ബഹളം).....

ഇനി നിങ്ങളുടെ ആരോപണങ്ങൾക്ക് മറുപടി പറയാം. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏകദേശം 28 ലക്ഷം ഇലക്ട്രോണിക് മീറ്ററുകളാണ് വാങ്ങിയത്. .....(ബഹളം).....ഇതൊന്ന് കേൾക്കൂ, ഇത് അങ്ങുചെയ്ത കാര്യമാണ്, വേറെ മന്ത്രിമാരൊന്നുമല്ല.....(ബഹളം).....As a Member of the Board what did you do? അത് കേൾക്കാനുള്ള ധൈര്യമുണ്ടോ, ഉണ്ടെങ്കിൽ ഒരു മിനിട്ട് മിണ്ടാതിരിക്കൂ.....(ബഹളം)..... മി. കോടിയേരി ബാലകൃഷ്ണൻ ബോർഡിലുണ്ടായിരിക്കുമ്പോൾ ചെയ്ത കാര്യമാണ് ഞാൻ പറയാൻ പോകുന്നത്, അത് കേൾക്കാൻ ധൈര്യമുണ്ടെങ്കിൽ ശബ്ദമുണ്ടാക്കാതിരിക്കുക.....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങളുടെ കാലത്ത് ബോർഡ് ചെയ്ത കാര്യവും ഇപ്പോൾ ശ്രീ. എം.വി. ജയരാജൻ ഉന്നയിച്ച ആരോപണവും ഒരു നിയമസഭാ കമ്മിറ്റിയെ വച്ച് അന്വേഷിക്കാൻ അങ്ങ് തയ്യാറുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കടവൂർ ശിവദാസൻ: ആദ്യം ഈ മറുപടി കേൾക്കൂ, മറുപടി കേട്ടതിനുശേഷം പറയാം. ഇടതുപക്ഷ മുന്നണിയുടെ ഭരണകാലത്ത് മീറ്റർ നിരക്കുകൾ 834 രൂപ, 914 രൂപ, 904 രൂപ എന്നിങ്ങനെയായിരുന്നു. ഇന്ന് മീറ്ററിന്റെ വില 204 രൂപവരെ താഴെവന്നു. അതിനാണോ നിങ്ങളെന്നെ ക്രൂശിക്കുന്നത്? കാരണം അന്ന് കോൺട്രാക്ടിൽ നടത്തിയിരുന്ന കള്ളക്കളികൾകൊണ്ടാണിത്. ഇതിന്റെ വിശദവിവരം അങ്ങേയ്ക്കറിയാമല്ലോ അതുകൊണ്ട് പറയുന്നില്ല. 600 രൂപയാണ് ഒരു മീറ്ററിന് കുറവുവരുന്നത്, എന്നിട്ട് ഞാൻ മടയനും ഒച്ചവയ്ക്കുന്ന നിങ്ങൾ മിടുക്കന്മാരും.....(ബഹളം)..... 168 കോടി രൂപയുടെ ലാഭമുണ്ടായി....(ബഹളം)....ഇതൊക്കെ ഞാൻ പ്രതീക്ഷിച്ചതാണ്, അതാണ് ആദ്യം എനിക്ക് പറയാനുള്ളത് പറഞ്ഞത്. മീറ്റർ വാങ്ങിയതിൽ മാത്രമായി 168 കോടി രൂപയാണ് ബോർഡിന് ചെലവുകുറയ്ക്കാൻ സാധിച്ചിട്ടുള്ളത്. അതിന് എന്നെ ക്രൂശിക്കണ്ട, അത് ഭരണത്തിൽ നമ്മുടെ കടമയാണ്. മീറ്ററിന്റെ വിലയിൽ ഇത്ര അവിശ്വസനീയമായ കുറവുണ്ടായത് ടെണ്ടർ സമ്പ്രദായത്തിൽ നിലനിന്ന അഴിമതി അവസാനിപ്പിച്ചതിലൂടെയാണ്. ഏറ്റവും കുറഞ്ഞ തുകയ്ക്ക് നൽകാമെന്നുപറയുന്ന കമ്പനിക്ക് ഓർഡർ നൽകുന്നതിനുപകരം എല്ലാ കമ്പനികൾക്കുമായി വീതിച്ചു നൽകുന്ന നിയമവിരുദ്ധമായ നടപടികൾ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചുവന്നു. അന്വേഷണം നടത്തിയാൽ മതി, അത് റൂളിനു വിരുദ്ധമാണ്.....(ബഹളം)..... ഇത് തെളിവുള്ള അഴിമതിയാണ്, ഇത് അവസാനിപ്പിച്ചതിനാലാണ് വില കുറഞ്ഞത്. ....(ബഹളം)..... You are not a Minister. എനിക്കുള്ള പ്രിവിലേജ് നിങ്ങൾക്ക് എവിടെനിന്നും കിട്ടാനാണ്? മീറ്റർ വാങ്ങുന്നതിൽ അഴിമതിയുണ്ടെന്നുള്ള ആരോപണം അടിസ്ഥാനരഹിതമാണ്. ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് Single phase meter .....(ബഹളം)..... As a member you are not entitled എന്ന് പുസ്തകത്തിൽ പറഞ്ഞിരിക്കുന്നതാണ്, ഞാനെന്തുചെയ്യാനാണ്?.....(ബഹളം).....നിങ്ങൾ നിയമം പാലിക്കില്ല....(ബഹളം)..... ഞാൻ എല്ലാം മേശപ്പുറത്തു വയ്ക്കാം.....(ബഹളം)..... ഇനി ശ്രീ. സുപാലിന്റെയും അങ്ങയുടേയും ഏറ്റവും വലിയ ആരോപണം എ. ജി.യുടെ ഒരു കമന്റാണ്. അതിനെപ്പറ്റിയുള്ള മറുപടി നിങ്ങൾക്ക് കേൾക്കുന്നതിൽ വിരോധമില്ലല്ലോ. മീറ്റർ വാങ്ങുന്നതിനും പുതിയ കണക്ഷൻ നൽകുന്നതിനും— അതായത് ഒരു ടെണ്ടർ വന്നാൽ ആ ടെണ്ടറിന്റെ 25% അടുത്ത ടെണ്ടറിനുമുമ്പ് കൊടുക്കാമെന്നുള്ള നിയമവ്യവസ്ഥയാണ്. ആ വ്യവസ്ഥയനുസരിച്ചാണ് ഇതിങ്ങനെ ആവശ്യം വന്നതുകൊണ്ട് 25% അഡ്വീഷണലായി കൊടുത്തത്. ഇത് എഗ്രിമെന്റ് വ്യവസ്ഥകൾക്കനുസരിച്ചാണ്. ആവശ്യമായ മീറ്ററുകൾ സ്റ്റോക്കില്ലാതിരുന്നതുകൊണ്ടാണ് 25% മീറ്ററുകൾ അഡ്വീഷണലായി നൽകിയത്. 900 രൂപയ്ക്ക് വാങ്ങിയിരുന്ന മീറ്റർ ഞങ്ങൾ 500 രൂപയായി കുറച്ചപ്പോൾ അത് ഞങ്ങളുണ്ടാക്കിയ നഷ്ടമാണെന്നാണ് എ. ജി. പറയുന്നത്. എന്തൊരു വിചിത്രമായ കണക്കാണ്? അതിന് explanation കൊടുത്തിട്ടുണ്ട്. അങ്ങനെയാണെങ്കിൽ ഇപ്പോൾ 209 രൂപയ്ക്കു വാങ്ങിയതിനും ഞാൻ ഉത്തരം പറയണമല്ലോ, ഇതൊക്കെ ഒരു ഭ്രാന്തൻ നയമെന്നേ പറയാൻ പറ്റുകയുള്ളൂ.....(ബഹളം).....എ. ജി.ക്ക് തെറ്റുപറ്റിയെങ്കിൽ അദ്ദേഹത്തിന് ഞങ്ങൾ explanation കൊടുത്തിട്ടുണ്ട്....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, അപ്പോൾ സി. ആൻഡ്. എ.ജി.ക്ക് ഭ്രാന്താണോ? അങ്ങനെയൊരു മന്ത്രിക്ക് പറയാമോ?.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ഭ്രാന്തൻ നയമെന്നല്ലേ അദ്ദേഹം പറഞ്ഞുള്ളൂ....(ബഹളം)....

ശ്രീ. കടവൂർ ശിവദാസൻ: സി.ആൻഡ് എ.ജി.യുടെ ഭ്രാന്തൻ നയമെന്നേ ഞാൻ പറഞ്ഞുള്ളൂ, അതിൽ തെറ്റൊന്നുമില്ല....(ബഹളം)... അതല്ലെങ്കിൽ ഞാൻ withdraw ചെയ്യുന്നു., പക്ഷെ നിങ്ങളുടെ ആരോപണം കഴിഞ്ഞല്ലോ. 1000 രൂപയായിരുന്നത് അടുത്ത ടെണ്ടറിൽ 600 രൂപയാകുമെന്ന് ബോർഡ് ഉദ്യോഗസ്ഥന്മാർ സ്വപ്നം കാണുമോ? ഈ പറയുന്ന ആൾ എന്താണ് ചെയ്തത്? 18-4-2000-ൽ ഇതേ കമ്പനിക്ക് ഇതേ നിയമ വ്യവസ്ഥയിൽ അവരുടെ ഭരണകാലത്ത് അഞ്ചിരട്ടി അഡീഷണൽ ഓർഡർ നൽകി. അത് അന്വേഷിക്കണം, എന്നിട്ട് 25%-ന് ചെയ്ത ഞാൻ തെറ്റുകാരൻ ആവുകയാണ്. കുഷ്ഠരോഗി ചൊറിയനെ കുറ്റം പറയുന്നതുപോലെ നിങ്ങൾ എന്നെ കുറ്റം പറയുന്നു, അത്രയേയുള്ളൂ....(ബഹളം).....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, നിങ്ങൾ സാഹിത്യം പറഞ്ഞിട്ടു കാര്യമില്ല നമുക്ക് രണ്ടുംകൂടി അന്വേഷിക്കാം.

ശ്രീ. കടവൂർ ശിവദാസൻ: അന്വേഷിക്കാൻ ഇത് കണക്കിലുള്ളതല്ലേ? ഞാൻ ഈ പറയുന്ന വസ്തുത ശരിയാണോയെന്ന് ഒരു നിയമസഭാ കമ്മിറ്റിവച്ച് അന്വേഷിക്കാൻ ബഹുമാന്യനായ ശ്രീ. കോടിയേരി ബാലകൃഷ്ണനെ ചുമതലപ്പെടുത്തുന്നു.....(ബഹളം).... ഇനി നിങ്ങളുടെ ആരോപണത്തിനുമാത്രം മറുപടി പറയുകയാണ്, 1982-ൽ തുടങ്ങിയ കുറ്റിയാടി Augmentation പദ്ധതി .....(ബഹളം)..... Mr. You are not the Speaker. You are not the Minister.

മി. എം. വി. ജയരാജൻ: .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please.....Please....Please conclude...

ശ്രീ. കടവൂർ ശിവദാസൻ: Be within your limit. Why do you exceed the limit? മസിൽപവർ കാണിക്കുന്നോ, ഞങ്ങളും നിങ്ങളെപ്പോലെ വോട്ടുവാങ്ങി ജനപ്രതിനിധികളായിട്ടാണ് ഇങ്ങോട്ടുവന്നത്, അല്ലാതെ വെറുതെ വന്നതല്ല. .....(ബഹളം).....വോട്ടുവാങ്ങി ജയിച്ചുതന്നെയാണ് ഞങ്ങളും വന്നത്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Minister you please conclude. Please.....

ശ്രീ. കടവൂർ ശിവദാസൻ: ഹൈക്കോടതിയുടേയും .....(ബഹളം)..... ഇങ്ങനെയാണെങ്കിൽ എന്തുചെയ്യാനാണ്? .....(ബഹളം).....ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിക്ക് അങ്ങനെ 24 കൊല്ലമാണ് നീണ്ടുപോയത്. വിധി വന്നതിനുശേഷം നിങ്ങളിവിടെ 5 കൊല്ലമിരുന്നു, 225-230 മില്യൺ യൂണിറ്റ് ഉണ്ടാക്കുന്ന കേരളത്തിൽ ഏറ്റവും വലിയ പദ്ധതി, വെള്ളം

LIBRARY ARCHIVES Kerala Legislative Assembly

ഒഴുകിപോയിക്കൊണ്ടിരിക്കുന്നു, മാസം 50-ഉം 100-ഉം കോടി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു, നിങ്ങൾ ഒന്നും ചെയ്തില്ല, സുപ്രീംകോടതി കേസിൽ കെട്ടുപോലും അഴിച്ചില്ല, 24 വർഷമെന്നു പറയുന്നത് നിങ്ങളേയും കൂടി കവർ ചെയ്യുന്ന വർഷമാണ്. ഞാനിവിടെ വന്നപ്പോൾ ആ കേസെടുത്ത് എന്താണെന്ന് നോക്കി, അതിൽ ഇത്രയും നാൾ ഭരിച്ച ഗവൺമെന്റുകൾ നടത്തിയതൊക്കെ തെറ്റാണ്, കോൺട്രാക്ടറുടെ ഭാഗമാണ് ശരി, അയാൾക്ക് 9 കോടി രൂപ നഷ്ടപരിഹാരവും പലിശയും പിന്നെ വളരെയധികം പീനൽ വ്യവസ്ഥകളുണ്ട്, അതെല്ലാം ഗവൺമെന്റ് ചെയ്യണം, അതാണ് സുപ്രീംകോടതിയുടെ വിധി. എന്തായാലും നമ്മുടെ plant അയാളെ കൊണ്ടുതന്നെ ചെയ്യിക്കുകയും വേണം, വേറൊരു നിവൃത്തിയുമില്ല. അതിന് വളരെ ശ്രമിച്ചു, അതിന് ഒരിക്കൽ ഓഫീസർമാരെ വിളിച്ചുകൂട്ടി പരുഷമായി വർത്തമാനം പറഞ്ഞത് ഞാനറിയാതെ നിങ്ങൾ കൈരളി ടി.വി.യുടെ ടേപ്പ് എടുത്തിട്ട് മൂന്നുമാസം മുഴുവൻ അവരെ ഇതിനു കൊള്ളില്ല എന്നുപറഞ്ഞു. ഇത് എന്റെ കുടുംബത്തിനുവേണ്ടിയല്ല, ഒരു സ്ഥാപനം നടക്കട്ടെയെന്നു വിചാരിച്ചിട്ടാണ്, അത്രയും ഒരു തെറ്റുമാത്രമേ ഞാൻ ചെയ്തിട്ടുള്ളൂ. ഞാൻ ഒരു തെറ്റും ചെയ്തിട്ടില്ല. എന്റെ ഭരണപരമായ എല്ലാ കഴിവുകളും ഉപയോഗിച്ച് ഈ മാസം അതിന്റെ ഡൈവർഷൻ നടത്തി. 50 മില്യൻ യൂണിറ്റ് നമുക്കു കിട്ടുമായിരുന്നു. രണ്ടു മീറ്റർ വെള്ളം കൂടി നിൽക്കുകയാണ്. രണ്ടു മീറ്റർ കുറഞ്ഞാൽ ഉടൻതന്നെ അവിടെ പാർഷ്യൽ ഡൈവർഷൻ നടത്താം. ഒരു വർഷത്തിനകം പതിനഞ്ചു ഇരുപതു കോടി രൂപയുടെ ലാഭമുണ്ടാകും. 225 മില്യൻ യൂണിറ്റ്, 25 പൈസക്ക് വീതം ഇവിടെ ലഭിക്കും. അതിനും അഴിമതിയുണ്ടോ? ചീഞ്ഞ മുട്ടയുടെ പുറത്തു കോഴി അടയിരിക്കുന്നതുപോലെ ഇത്രയും നാൾ ഇരുന്നിട്ട്, ഇപ്പോൾ ആരെങ്കിലും അതു കൊത്തി വിരിച്ചപ്പോൾ അതിനു കുറ്റം. ഗുണനിലവാരം ഉറപ്പു വരുത്തിയതാണ് മീറ്ററുകൾ. നിയമപ്രകാരമുള്ള എല്ലാ ടെസ്റ്റുകളും നടത്തി. നിങ്ങൾ പറഞ്ഞ ആരോപണം മുഴുവൻ അടിസ്ഥാനരഹിതമാണെന്നു ഞാൻ ഇവിടെ പറയുന്നു. ഐ.എസ്.ഐ. മാർക്കുള്ള മീററുകൾ മാത്രമേ വാങ്ങിയിട്ടുള്ളൂ. ഏറ്റവും കൂടുതൽ മീറ്ററുകൾ വാങ്ങിയിട്ടുള്ളത് കൊല്ലത്തുള്ള മീറർ കമ്പനിയിൽ നിന്നാണ്. അവർക്കു തരാൻ കഴിയാത്തതു മാത്രമേ പുറത്തു നിന്നു വാങ്ങിയിട്ടുള്ളൂ. സ്ഥലം മാറ്റം നൽകുന്നതു സംബന്ധിച്ച്, നിയമസഭയിൽ ഞാൻ ആദ്യമായിട്ടാണ് ഇങ്ങനെയൊരു പരാതി കേൾക്കുന്നത്. ഞാൻ വെല്ലുവിളിക്കുന്നു, നിങ്ങളുടെ ഉദ്യോഗസ്ഥന്മാരല്ലേ? ഒരാൾ പോലും ഒരു പരാതിയും ഇതുവരെ എഴുതി തന്നിട്ടില്ല. സബ്മിഷനിലൂടെ എന്തും പറയാമെന്നു വിചാരിച്ചാൽ അതു നല്ലതല്ല. അതു പ്രതിപക്ഷ ബഹുമാനമുണ്ടാക്കുന്ന കാര്യമല്ല. അതുപോലെ ആശ്രിത നിയമനങ്ങളെക്കുറിച്ചു പറഞ്ഞു, അത് അവർക്കു കൊടുക്കേണ്ടതല്ലേ? നിങ്ങളുടെയും ഞാനുൾപ്പെടുന്ന യൂണിയനുകളുടെയും അവകാശമല്ലേ അത്? ആശ്രിത നിയമനത്തിന്റെ മാനദണ്ഡവും യോഗ്യതയും അനുസരിച്ചു മാത്രമേ നിയമനം നടത്തിയിട്ടുള്ളൂ. നിത്യാഗോപിനാഥ്. ഇവിടെ ജോലിയിൽ വച്ചു മരിച്ച ഒരു എൻജിനീയറുടെ മകളാണ്. യോഗ്യത നേടിയിട്ടുള്ള ആളാണ്. സബ് എൻജിനീയറുടെ തസ്തികയിലാണ് നിയമനം നൽകിയത്. Anti power theft

LIBRARY ARCHIVES Kerala Legislative Assembly

squad പിടി കൂടിയോ?.....(ബഹളം).....അവർ കമ്പ്യൂട്ടർ എൻജിനീയറിംഗിൽ എഫിഷ്യന്റായി ഹൈടെക് പാസ്സായിട്ടുള്ളവരാണ്. അവരെ സബ് എൻജിനീയറായിട്ടാണ് നിയമിച്ചത്. അതവർക്ക് അവകാശപ്പെട്ടതാണ്. എന്നാൽ നിങ്ങളുടെ കാലത്ത് ഇങ്ങനെയുള്ള ഒരാളെ അസിസ്റ്റന്റ് എൻജിനീയറായി നിങ്ങൾ നിയമിച്ചു.....(ബഹളം).....നിങ്ങൾക്കു നിയമിക്കാം എനിക്കു നിയമിക്കാൻ പാടില്ല അല്ലേ? നിങ്ങൾ നടത്തിയ സ്ഥലത്താണ് അഴിമതി. അടുത്ത ആരോപണം കേൾക്കുക. ഇ.എം.സി.-യിൽ ഉണ്ണിത്താനെ ഡയറക്ടറായി നിയമിച്ചിട്ടില്ല. അയാൾ ഡയറക്ടറല്ല. അയാളെ നിങ്ങൾ നിയമിച്ചതാണ്. ഞങ്ങൾ നിയമിച്ചതല്ല. ജോയിന്റ് ഡയറക്ടറായിട്ടാണ് അദ്ദേഹത്തെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇ.എം.സി.യിൽ നിയമിച്ചത്. ഡയറക്ടർ ഇല്ലാതിരുന്ന കാലയളവിൽ അധിക ചാർജ്ജ് നൽകിയിരുന്നു. പുതിയ ഡയറക്ടറെ നിയമിച്ചപ്പോൾ മുതൽ അധിക ചുമതലയിൽ നിന്നും അദ്ദേഹത്തെ ഒഴിവാക്കി. നിത്യാഗോപിനാഥിന് 8-3-1974-ലെ ഉത്തരവു പ്രകാരം നിയമാനുസൃതമായിട്ടുള്ള നിയമനം മാത്രമേ നൽകിയിട്ടുള്ളൂ. B.Tech. (Computer Science and Engineering) പാസ്സായിട്ടുണ്ട്.....(ബഹളം).....1997 ജൂലൈ 29-ാം തീയതി ശ്രീമതി സബീതാ സലാമിനെ അസിസ്റ്റന്റ് എൻജിനീയറായി പ്രത്യേക കേസ്സായി നിങ്ങളുടെ മന്ത്രി നിയമിച്ചില്ലേ? ആരോപണങ്ങളെല്ലാം ഒരു ബൂമറാങ്ങുപോലെ നിങ്ങളിൽ തന്നെവന്നു പതിച്ചിരിക്കുന്നു എന്നാണ് എനിക്കു പറയാനുള്ളത്. വെള്ളത്തിന്റെ കാര്യത്തിൽ, എനർജിയുടെ കാര്യത്തിൽ, വളരെ എഫിഷ്യന്റായി, ദൈവം അനുഗ്രഹിക്കുകയാണെങ്കിൽ വെള്ളമുണ്ടെങ്കിൽ ഇതു ലാഭകരമായി, മാതൃകാപരമായി വേൾഡിന്റെ ഒരു High Class പൊതുമേഖലാ സ്ഥാപനമായി, കോമ്പീറ്റേറ്റീവായി, അതായത് working surplus ഉള്ള ഒരു സ്ഥാപനമായി നിലനിർത്തും. ഇതു പാസ്സാക്കിത്തരണമെന്നു ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനാഭ്യർത്ഥന നമ്പർ V—കാർഷികാദായ നികുതിയും വില്പന നികുതിയും

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി. കെ. ബാലൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, എം. വി. ഗോവിന്ദൻ മാസ്റ്റർ, കെ. കെ. ജയചന്ദ്രൻ, പി. ജയരാജൻ, എം. വി. ജയരാജൻ, മത്തായി ചാക്കോ, കെ. രാധാകൃഷ്ണൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ്ചന്ദ്രൻ, എ. സി. മൊയ്തീൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, എൻ. രാജൻ, പി. എസ്. സുപാൽ, എ. സി. ഷൺമുഖദാസ്, സാജുപോൾ, ഡോ. തോമസ് ഐസക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, ശ്രീമതി ഗിരിജാ സുരേന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ V-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

കാർഷികാദായ നികുതിയും വില്പന നികുതിയും എന്ന V-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-2005 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി.രാജേന്ദ്രൻ: ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ കാണുംപ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—67

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, പി. കെ. കെ. ബാവ
11. ,, കെ. എ. ചന്ദ്രൻ
12. ,, എം. എ. ചന്ദ്രശേഖരൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, പ്രയാർ ഗോപാലകൃഷ്ണൻ
15. ശ്രീമതി കെ. ആർ. ഗൗരിയമ്മ
16. ശ്രീ. എം. എം. ഹസ്സൻ
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
20. ,, ടി. എം. ജേക്കബ്
21. ,, ജോണി നെല്ലൂർ
22. ,, കെ. സി. ജോസഫ്
23. ,, ജോസഫ് എം. പുതുശ്ശേരി
24. ,, പി. ജെ. ജോയി

LIBRARY ARCHIVES Kerala Legislative Assembly

25. ശ്രീ. കെ. കെ. നായർ
26. ,, പി. കെ. കുഞ്ഞാലിക്കുട്ടി
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ,, സി. മമ്മൂട്ടി
30. ,, കെ. എം. മാണി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻകുമാർ
33. ,, സി. മോയിൻകുട്ടി
34. ,, ആര്യാടൻ മുഹമ്മദ്
35. ,, എം. കെ. മുനീർ
36. ,, എം. മുരളി
37. പ്രൊഫ. എ. ഡി. മുസ്തഫ
38. ശ്രീ. എഴുകോൺ നാരായണൻ
39. ,, എം. കെ. പോൾസൺ മാസ്റ്റർ
40. ,, വി. ജെ. പൗലോസ്
41. ,, ടി. എൻ. പ്രതാപൻ
42. ,, ജി. പ്രതാപവർമ്മ തമ്പാൻ
43. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
44. ,, ടി. യു. രാധാകൃഷ്ണൻ
45. ശ്രീമതി രാധാ രാഘവൻ
46. ശ്രീ. എം. വി. രാഘവൻ
47. ,, യു. സി. രാമൻ
48. ,, തമ്പാനൂർ രവി
48. ,, ടി. പി. എം. സാഹിർ
50. ,, എൻ. ശക്തൻ
51. ,, പി. ശങ്കരൻ

LIBRARY ARCHIVES Kerala Legislative Assembly

52. ശ്രീ. കെ. ശങ്കരനാരായണൻ

53. ശ്രീമതി മാലേത്ത് സരളാദേവി

54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

55. ശ്രീ. കെ. കെ. ഷാജു

56. ,, കടവൂർ ശിവദാസൻ

57. ,, നാലകത്ത് സൂപ്പി

58. ,, സ്റ്റീഫൻ ജോർജ്

59. ,, കെ. സുധാകരൻ

60. ,, ഡി. സുഗതൻ

61. ,, എ. സുജനപാൽ

62. ,, സി. എഫ്. തോമസ്

63. പ്രൊഫ. കെ. വി. തോമസ്

64. ശ്രീ. പി. ടി. തോമസ്

65. ,, തോമസ് ഉണ്ണിയാടൻ

66. ,, എം. എ. വാഹീദ്

67. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—32

1. ശ്രീ. മഞ്ഞളാംകുഴി അലി

2. ,, കോടിയേരി ബാലകൃഷ്ണൻ

3. ,, എ. കെ. ബാലൻ

4. ,, ടി. കെ. ബാലൻ

5. ,, വി. കെ. ചന്ദ്രൻ

6. ,, വി. ചെന്താമരാക്ഷൻ

7. ,, ടി. കെ. ദേവകുമാർ

8. ,, പി. സി. ജോർജ്

LIBRARY ARCHIVES Kerala Legislative Assembly

9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, മത്തായി ചാക്കോ
18. ,, എ. സി. മൊയ്തീൻ
19. ,, പിരപ്പൻകോട് മുരളി
20. ,, പി. നാരായണൻ
21. ,, കെ. രാധാകൃഷ്ണൻ
22. ,, മാങ്കോട് രാധാകൃഷ്ണൻ
23. ,, എൻ. രാജൻ
24. ,, കെ. പി. രാജേന്ദ്രൻ
25. ,, രാജു എബ്രഹാം
26. ,, ടി. പി. രാമകൃഷ്ണൻ
27. ,, സാജു പോൾ
28. ,, കെ. പി. സതീശ്ചന്ദ്രൻ
29. ,, എ. സി. ഷൺമുഖദാസ്
30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
31. ശ്രീ. പി. എസ്. സുപാൽ
32. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ—67

പ്രതികൂലിക്കുന്നവർ—32

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXIII—വാർത്താവിതരണവും പ്രചരണവും

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ മഞ്ഞളാംകുഴി അലി, ടി.കെ. ബാലൻ, സാജുപോൾ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി.കെ. ദേവകുമാർ, ഗിരിജാ സുരേന്ദ്രൻ, എം.വി. ഗോവിന്ദൻ മാസ്റ്റർ, കെ.കെ. ജയചന്ദ്രൻ, പി. ജയരാജൻ, എം. വി. ജയരാജൻ, മത്തായി ചാക്കോ, കെ. രാധാകൃഷ്ണൻ, ടി. പി. രാമകൃഷ്ണൻ, കെ. പി. സതീഷ്ചന്ദ്രൻ, എ. സി. മൊയ്തീൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, എൻ. രാജൻ, പി എസ്. സുപാൽ, എ. സി. ഷൺമുഖദാസ്, ഡോ. തോമസ് ഐസക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വാർത്താവിതരണവും പ്രചരണവും എന്ന XXIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. കെ. പി. രാജേന്ദ്രൻ: ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ കാണുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ—67

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി

LIBRARY ARCHIVES Kerala Legislative Assembly

8. ശ്രീ. കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, പി. കെ. കെ. ബാവ
11. ,, കെ. എ. ചന്ദ്രൻ
12. ,, എം. എ. ചന്ദ്രശേഖരൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, പ്രയാർ ഗോപാലകൃഷ്ണൻ
15. ശ്രീമതി കെ. ആർ. ഗൗരിയമ്മ
16. ശ്രീ. എം. എം. ഹസ്സൻ
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ
20. ,, ടി. എം. ജേക്കബ്
21. ,, ജോണി നെല്ലൂർ
22. ,, കെ. സി. ജോസഫ്
23. ,, ജോസഫ് എം. പുതുശ്ശേരി
24. ,, പി. ജെ. ജോയി
25. ,, കെ .കെ. നായർ
26. ,, പി. കെ. കുഞ്ഞാലിക്കുട്ടി
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ,, സി. മമ്മൂട്ടി
30. ,, കെ. എം. മാണി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻകുമാർ
33. ,, സി. മോയിൻകുട്ടി
34. ,, ആര്യാടൻ മുഹമ്മദ്
35. ,, എം. കെ. മുനീർ

LIBRARY ARCHIVES Kerala Legislative Assembly

36. ശ്രീ. എം. മുരളി

37. പ്രൊഫ. എ. ഡി. മുസ്തഫ

38. ശ്രീ. എഴുകോൺ നാരായണൻ

39. ,, എം. കെ. പോൾസൺ മാസ്റ്റർ

40. ,, വി. ജെ. പൗലോസ്

41. ,, ടി. എൻ. പ്രതാപൻ

42. ,, ജി. പ്രതാപവർമ്മ തമ്പാൻ

43. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ

44. ,, ടി. യു. രാധാകൃഷ്ണൻ

45. ശ്രീമതി രാധാ രാഘവൻ

46. ശ്രീ. എം. വി. രാഘവൻ

47. ,, യു. സി. രാമൻ

48. ,, തമ്പാനൂർ രവി

49. ,, ടി. പി. എം. സാഹിർ

50. ,, എൻ. ശക്തൻ

51. ,, പി. ശങ്കരൻ

52. ,, കെ. ശങ്കരനാരായണൻ

53. ശ്രീമതി മാലേത്ത് സരളാദേവി

54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ

55. ശ്രീ. കെ. കെ. ഷാജു

56. ,, കടവൂർ ശിവദാസൻ

57. ,, നാലകത്ത് സൂപ്പി

58. ,, സ്റ്റീഫൻ ജോർജ്

59. ,, കെ. സുധാകരൻ

LIBRARY ARCHIVES Kerala Legislative Assembly

60. ശ്രീ. ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ഉണ്ണിയാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—32

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ,, എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ
12. ,, എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ

LIBRARY ARCHIVES Kerala Legislative Assembly

17. ശ്രീ. മത്തായി ചാക്കോ

18. ,, എ. സി. മൊയ്തീൻ

19. ,, പിരപ്പൻകോട് മുരളി

20. ,, പി. നാരായണൻ

21. ,, കെ. രാധാകൃഷ്ണൻ

22. ,, മാങ്കോട് രാധാകൃഷ്ണൻ

23. ,, എൻ. രാജൻ

24. ,, കെ. പി. രാജേന്ദ്രൻ

25. ,, രാജു എബ്രഹാം

26. ,, ടി. പി. രാമകൃഷ്ണൻ

27. ,, സാജു പോൾ

28. ,, കെ. പി. സതീശ്ചന്ദ്രൻ

29. ,, എ. സി. ഷൺമുഖദാസ്

30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ

31. ശ്രീ. പി. എസ്. സുപാൽ

32. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ—67

പ്രതികൂലിക്കുന്നവർ—32

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XXXIX—വൈദ്യുത പദ്ധതികൾ

മി. ഡെപ്യൂട്ടി സ്പീക്കർ: സർവ്വശ്രീ. മഞ്ഞളാംകുഴി അലി, ടി. കെ. ബാലൻ, വി. കെ. ചന്ദ്രൻ, വി. ചെന്താമരാക്ഷൻ, ടി. കെ. ദേവകുമാർ, ഗിരിജാ സുരേന്ദ്രൻ, എം. വി. ഗോവിന്ദൻ മാസ്റ്റർ, കെ. കെ. ജയചന്ദ്രൻ, പി. ജയരാജൻ, എം. വി. ജയരാജൻ, മത്തായി ചാക്കോ, കെ. രാധാകൃഷ്ണൻ,

LIBRARY ARCHIVES Kerala Legislative Assembly

ടി. പി. രാമകൃഷ്ണൻ, കെ. പി. സതീശ്ചന്ദ്രൻ, എ.സി. മൊയ്തീൻ, കോവൂർ കുഞ്ഞുമോൻ, കെ. പി. രാജേന്ദ്രൻ, മാങ്കോട് രാധാകൃഷ്ണൻ, പി. നാരായണൻ, എൻ. രാജൻ, പി എസ്. സുപാൽ, സാജുപോൾ, എ. സി. ഷൺമുഖദാസ്, ഡോ. എ. നീലലോഹിതദാസൻ നാടാർ, ഡോ. തോമസ് ഐസക്, ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XXXIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

വൈദ്യുത പദ്ധതികൾ എന്ന XXXIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2004-05 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ.....

ശ്രീ. എം. വി. ജയരാജൻ: ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ കാണുംപ്രകാരം വോട്ടു രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ—67

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ,, കളത്തിൽ അബ്ദുള്ള
3. ,, പി. കെ. അബ്ദുറബ്ബ്
4. ,, കെ. അച്ചുതൻ
5. ,, സി. ടി. അഹമ്മദ് അലി
6. ,, എ. പി. അനിൽകുമാർ
7. ,, എ. കെ. ആന്റണി
8. ,, കെ. ബാബു
9. ,, ബാബു ദിവാകരൻ
10. ,, പി. കെ. കെ. ബാവ
11. ,, കെ. എ. ചന്ദ്രൻ
12. ,, എം. എ. ചന്ദ്രശേഖരൻ
13. ,, ഡൊമിനിക് പ്രസന്റേഷൻ
14. ,, പ്രയാർ ഗോപാലകൃഷ്ണൻ
15. ശ്രീമതി കെ. ആർ. ഗൗരിയമ്മ
16. ശ്രീ. എം. എം. ഹസ്സൻ
17. ,, വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി
19. ശ്രീ. ഇസ്ഹാക്ക് കുരിക്കൾ

LIBRARY ARCHIVES Kerala Legislative Assembly

20. ശ്രീ. ടി. എം. ജേക്കബ്
21. ,, ജോണി നെല്ലൂർ
22. ,, കെ. സി. ജോസഫ്
23. ,, ജോസഫ് എം. പുതുശ്ശേരി
24. ,, പി. ജെ. ജോയി
25. ,, കെ .കെ. നായർ
26. ,, പി. കെ. കുഞ്ഞാലിക്കുട്ടി
27. ഡോ. എം. എ. കുട്ടപ്പൻ
28. ശ്രീ. ലൂഡി ലൂയിസ്
29. ,, സി. മമ്മൂട്ടി
30. ,, കെ. എം. മാണി
31. ,, ഇ. ടി. മുഹമ്മദ് ബഷീർ
32. ,, കെ. മോഹൻകുമാർ
33. ,, സി. മോയിൻകുട്ടി
34. ,, ആര്യാടൻ മുഹമ്മദ്
35. ,, എം. കെ. മുനീർ
36. ,, എം. മുരളി
37. പ്രൊഫ. എ. ഡി. മുസ്തഫ
38. ശ്രീ. എഴുകോൺ നാരായണൻ
39. ,, എം. കെ. പോൾസൺ മാസ്റ്റർ
40. ,, വി. ജെ. പൗലോസ്
41. ,, ടി. എൻ. പ്രതാപൻ
42. ,, ജി. പ്രതാപവർമ്മ തമ്പാൻ
43. ,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
44. ,, ടി. യു. രാധാകൃഷ്ണൻ
45. ശ്രീമതി രാധാ രാഘവൻ
46. ശ്രീ. എം. വി. രാഘവൻ
47. ,, യു. സി. രാമൻ
48. ,, തന്നാനൂർ രവി
49. ,, ടി. പി. എം. സാഹിർ

LIBRARY ARCHIVES Kerala Legislative Assembly

50. ശ്രീ. എൻ. ശക്തൻ
51. ,, പി. ശങ്കരൻ
52. ,, കെ. ശങ്കരനാരായണൻ
53. ശ്രീമതി മാലേത്ത് സരളാദേവി
54. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
55. ശ്രീ. കെ. കെ. ഷാജു
56. ,, കടവൂർ ശിവദാസൻ
57. ,, നാലകത്ത് സൂപ്പി
58. ,, സ്റ്റീഫൻ ജോർജ്
59. ,, കെ. സുധാകരൻ
60. ,, ഡി. സുഗതൻ
61. ,, എ. സുജനപാൽ
62. ,, സി. എഫ്. തോമസ്
63. പ്രൊഫ. കെ. വി. തോമസ്
64. ശ്രീ. പി. ടി. തോമസ്
65. ,, തോമസ് ഉണ്ണിയാടൻ
66. ,, എം. എ. വാഹീദ്
67. ,, കെ. സി. വേണുഗോപാൽ

പ്രതികൂലിക്കുന്നവർ—32

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ,, കോടിയേരി ബാലകൃഷ്ണൻ
3. ,, എ. കെ. ബാലൻ
4. ,, ടി. കെ. ബാലൻ
5. ,, വി. കെ. ചന്ദ്രൻ
6. ,, വി. ചെന്താമരാക്ഷൻ
7. ,, ടി. കെ. ദേവകുമാർ
8. ,, പി. സി. ജോർജ്ജ്
9. ശ്രീമതി ഗിരിജാ സുരേന്ദ്രൻ
10. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
11. ,, കെ. കെ. ജയചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

12. ശ്രീ. എം. വി. ജയരാജൻ
13. ,, പി. ജയരാജൻ
14. ,, വി. സി. കബീർ
15. ,, എം. കുമാരൻ
16. ,, കെ. വി. കുഞ്ഞിരാമൻ
17. ,, മത്തായി ചാക്കോ
18. ,, എ. സി. മൊയ്തീൻ
19. ,, പിരപ്പൻകോട് മുരളി
20. ,, പി. നാരായണൻ
21. ,, കെ. രാധാകൃഷ്ണൻ
22. ,, മാങ്കോട് രാധാകൃഷ്ണൻ
23. ,, എൻ. രാജൻ
24. ,, കെ. പി. രാജേന്ദ്രൻ
25. ,, രാജു എബ്രഹാം
26. ,, ടി. പി. രാമകൃഷ്ണൻ
27. ,, സാജു പോൾ
28. ,, കെ. പി. സതീശ്ചന്ദ്രൻ
29. ,, എ. സി. ഷൺമുഖദാസ്
30. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
31. ശ്രീ. പി. എസ്. സുപാൽ
32. ഡോ. തോമസ് ഐസക്ക്

നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല

മി. ഡെപ്യൂട്ടി സ്പീക്കർ:

അനുകൂലിക്കുന്നവർ—67

പ്രതികൂലിക്കുന്നവർ—32

നിഷ്പക്ഷതപാലിക്കുന്നവർ—ആരുമില്ല

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

2004 ജൂലൈ മാസം 15-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-നു വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ ഉച്ചയ്ക്കുശേഷം 3.30-നു പിരിഞ്ഞു.

LIBRARY ARCHIVES Kerala Legislative Assembly